GOVERNMENT OF TAMILNADU

ഹയർ സെക്കൻഡറി
ഒന്നാംവർഷ
മലയാള
പാഠപുസ്തകം

HIGHER SECONDARY FIRST YEAR

MALAYALAM READER

Bcn_prkclr md Qafmmj Cbsa_rgml

Slrmsaf_`gjgrw gq Glfsk_l _lb _Apgkc

9th Malayalam_Combine.indb 1 25-03-2019 12:03:36

Government of Tamil Nadu

First Edition - 2018

Revised Edition - 2019

Reprint - 2020, 2021, 2022, 2023, 2024

(Published under new syllabus)

Content Creation

State Council of Educational Research and Training

© SCERT 2018

Printing & Publishing

Tamil Nadu Textbook and Educational Services Corporation

www.textbooksonline.tn.nic.in

EE_Malayalam_FM.indd 2 02-01-2024 11:42:14

ആമുഖം

അറിവ് നേടുന്നതിനൊപ്പം ഭാവികാല ജീവിത സ്വപ്നങ്ങൾക്ക് അടിത്തറ പാകൽകൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണ് പാഠപുസ്തകങ്ങളുടെ ലക്ഷ്യമെന്ന് ഞങ്ങൾ കരുതുന്നു. ഒപ്പം വിദ്യാർത്ഥികളുടെ ചിന്താശേഷിക്ക് ഊർജ്ജം നൽകാനും പാഠപുസ്തകങ്ങൾ സഹായകമാകണം. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സ്വപ്നങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ശിൽപം പോലെയാണ് പാഠപുസ്തകങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളും അതിന്റെ ഭാഗമാണ്.

- സർഗ്ഗാത്മക വഴിയിലേക്ക് പഠനത്തെ നയിക്കുക
- നമ്മുടെ ചരിത്രം,സംസ്കാരം,സാഹിത്യം, പൈതൃകം എന്നിവയിൽ അവഗാഹമുണ്ടാക്കുക
- വിദ്യാർത്ഥികൾ ശാസ്ത്രസാങ്കേതിക മേഖലയിലുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ ആധുനിക ലോകത്തിൽ വിജയിക്കാനുള്ള ശേഷി നേടുകയും ചെയ്യുക
- ജീവിതാവബോധത്തിനുള്ള ഉപാധിയാണ് പാഠപുസ്തകം എന്നുള്ള ധാരണ ഉണ്ടാക്കുക
- ശുഭാപ്തി വിശ്വാസം വളർത്തുക

വിഷയവൈവിധ്യവും പുതുമയുള്ള ശീർഷകങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകം നിങ്ങളിലേക്ക് എത്തുകയാണ്. പുതിയലോകത്തേയ്ക്ക് സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ ഈ പാഠപുസ്തകം ഉതകുമെന്ന് കരുതുന്നു.

9th Malayalam_Combine.indb 3 25-03-2019 12:03:37

ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ,
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ!പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠ,ദ്രാവിഡം,വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

-മാനോന്മണിയം.പി.സുന്ദരം പിള്ള



തമിഴ് മാതൃവന്ദനം - ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു.കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

9th Malayalam_Combine.indb 5 25-03-2019 12:03:37



ദേശീയോദ്ഗ്രഥന പ്രതിജ്ഞ

അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഐക്യം നിലനിർത്തി കൊണ്ടും എന്റെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ആത്മാർത്ഥതയോടെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിലും ഞാൻ ഇട പെടില്ലെന്നും മതം,ഭാഷ,ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തി ലുള്ള വിവേചനങ്ങളുണ്ടാവില്ലെന്നും അവയുടെ പേരിലുണ്ടാകുന്ന സംഘർഷങ്ങൾക്ക് സമാധാനപരമായ രീതിയിലും ഭരണഘടന അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെയും പരിഹാരം കാണുന്നതിനായി എന്നാലാവുംവിധം പരിശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്,എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്,ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർ ന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



9th Malayalam_Combine.indb 6 25-03-2019 12:03:37

ഉള്ളടക്കം

		പുറം നമ്പർ
	ഭാഗം 1	
	എന്റെ ജീവൻ എന്റെ മലയാളം	1
പദ്യം	സീതാസ്വയംവരം -എഴുത്തച്ഛൻ	2
ഗദ്യം	എഴുത്തിനിരുത്തിന്റെ ചരിത്രവും ശാസ്ത്രവും -ഡോ.ഇ.ശ്രീജിത്ത്	6
ഉപപാഠം	വിഷുക്കണി - കാരൂർ നീലകണ്ഠപ്പിള്ള	13
	ഭാഗം 2	
	പരിസ്ഥിതിയും ഹരിതജീവിതവും	19
പദ്യം	കദളീവനം -കുഞ്ചൻ നമ്പ്യാർ	20
ഗദ്യം	പരിസ്ഥിതിയും വികസനവും - ഡോ. ആർ. വി. ജി. മേനോൻ	23
ഉപപാഠം	തലമുറകൾ -ലളിതാംബിക അന്തർജ്ജനം	27
	ഭാഗം 3	
	സംസ്കാരം അതാണ് ജീവിതം	31
പദ്യം	സുഖം സുഖം - ഉള്ളൂർ എസ് പരമേശ്വരയ്യർ	32
ഗദ്യം	പരിഷ്കാരവും സംസ്കാരവും - എൻ. വി. കൃഷ്ണവാര്യർ	37
ഉപപാഠം	അജ്ഞൻ -എം.മുകുന്ദൻ	41
	ഭാഗം 4	
	പ്രകൃതി പ്രതിഭാസങ്ങളുടെ സൗന്ദര്യ തലങ്ങളിലേക്ക്	47
കവിത	കാറ്റ് - ഒ.എൻ.വി കുറുപ്പ്	48
ഗദ്യം	കാലം എന്ന കടങ്കഥ - പ്രൊഫ. ജി. കെ ശശിധരൻ	52
ഉപപാഠം	ദേവിഗ്രാമം -പി. ചന്ദ്രമതി	57
	ഭാഗം 5	
	ഭാഷയുടെ സർഗചാരുതയിലേക്ക്	66
കവിത	പുതിയ കാഴ്ചപ്പാട് -വൈലോപ്പിള്ളി ശ്രീധരമേനോൻ	67
ഗദ്യം	ഭാഷയും ഭാഷാഭേദവും -ഡോ. പി.സോമശേഖരൻ നായർ	72
ഉപപാഠം	ഭഗീരഥപ്രയത്നം (ശൈലിക്കപ്പിന്നിലെ കഥ) -വി.പി. മരയ്ക്കാർ	76

9th Malayalam_Combine.indb 7 25-03-2019 12:03:37

		പുറം നമ്പർ
	ഭാഗം 6	
	കാവ്യലാവണ്യവും സംസ്കാരശേഷിപ്പുകളും	**79**
കവിത	കാരണം വിനാകാര്യം -പ്രഭാവർമ്മ	**80**
ഗദ്യം	കോന്തല - കൽപ്പറ്റ നാരായണൻ	**83**
ഉപപാഠം	മണ്ണ് - മലയാറ്റൂർ രാമകൃഷ്ണൻ	**87**
	ഭാഗം 7	
	നാട്ടുജീവിതത്തിന്റെ സാസ്കാരിക മുദ്രകൾ	**90**
കവിത	മലനാട്ടിന്റെ പൊന്നോണം -കടത്തനാട്ട് മാധവിയമ്മ	**91**
ഗദ്യം	നാടൻ കലകളിലെ കേരളീയത -എം.വി.വിഷ്ണുനമ്പൂതിരി	**94**
ഉപപാഠം	പുഴ -സി. രാധാകൃഷ്ണൻ	**99**
	ഭാഗം 8	
	പുതിയ എഴുത്തുകാർ പുതിയ ലോകം	**105**
കവിത	യന്ത്രബന്ധനം -റഫീക്ക് അഹമ്മദ്	**106**
ഗദ്യം	ഭരണസിരാകേന്ദ്രങ്ങൾ -എം. പി. വീരേന്ദ്രകുമാർ	**109**
ഉപപാഠം	ആതിഥേയൻ -അക്ബർ കക്കട്ടിൽ	**115**
	ഭാഗം 9	
	മാനവജീവിതത്തിന്റെ സവിശേഷതകളിലൂടെ	**122**
കവിത	പ്രായം - പി.ഭാസകരൻ	**123**
ഗദ്യം	നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു - കെ.പി. കേശവമേനോൻ	**126**
ഉപപാഠം	ഒരു ചെറുപുഞ്ചിരി - എം.ടി. വാസുദേവൻ നായർ	**132**
	ഭാഗം 10	
	ആധുനിക മലയാളത്തിൽ സ്ത്രീസർഗ്ഗാത്മകത	**141**
കവിത	ആർദ്രത - വിജയലക്ഷ്മി	**142**
ഗദ്യം	സാഹിത്യത്തിലെ സ്ത്രീ - ജോസഫ് മുണ്ടശ്ശേരി	**146**
ഉപപാഠം	ഉണ്ണി എന്ന കുട്ടി - സക്കറിയ	**151**

9th Malayalam_Combine.indb 8 25-03-2019 12:03:37

ഭാഗം 1

എന്റെ ജീവൻ എന്റെ മലയാളം





പഠനലക്ഷ്യങ്ങൾ

- തുഞ്ചത്തെഴുത്തച്ഛന്റെ ഭാഷപ്രായോഗരീതി മനസ്സിലാക്കൽ
- വിദ്യാരംഭത്തിന്റെ ചരിത്രവും ശാസ്ത്രവും മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

പദ്യം:	- സീതാസ്വയംവരം	- തുഞ്ചത്തെഴുത്തച്ഛൻ
ഗദ്യം:	എഴുത്തിനിരുത്ത്, ചരിത്രവും ശാസ്ത്രവും	- ഇ. ശ്രീജിത്ത്
ഉപപാഠം:	വിഷുക്കണി	- കാരൂർ നീലകണ്ഠപിള്ള

9th Malayalam_Combine.indb 1 25-03-2019 12:03:38

പദ്യം:

സീതാസ്വയംവരം

തുഞ്ചത്തെഴുത്തച്ഛൻ



തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ ജീവിതകാലഘട്ടം പതിനാറാം നൂറ്റാണ്ടാണെന്ന് കരുതപ്പെടുന്നു. മലയാളസാഹിത്യത്തിൽ തുഞ്ചത്ത് എഴുത്തച്ഛന്റെസ്ഥാനംഅദ്വിതീയമാണ്.ആധുനികമലയാളഭാഷയുടെ പിതാവ്, കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്, ഭക്തിപ്രസ്ഥാനത്തിന്റെ അവതാരകൻ എന്നീ നിലകളിൽ പ്രസിദ്ധനാണദ്ദേഹം. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, എന്നിവയാണ് പ്രധാനകൃതികൾ. ഹരിനാമകീർത്തനം, ചിന്താരത്നം തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളാണെന്ന് വിശ്വസിക്കപ്പെടുന്നു. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ബാലകാണ്ഡത്തിൽനിന്നും എടുത്തതാണ് സീതാസ്വയംവരം എന്ന പഠ്യഭാഗം.

സീതാസ്വയംവരത്തിൽ പങ്കെടുക്കുവാൻ വിശ്വാമിത്രമഹർഷിയോടൊപ്പം രാമലക്ഷ്മണന്മാർ മിഥിലയിലെത്തുന്നു. അവിടെവെച്ച് വിശ്വാമിത്രന്റെ നിർദേശപ്രകാരം രാമൻ ത്രൈയംബകം എന്ന ശൈവചാപം ഖണ്ഡിക്കുന്നതും സീതയെ വരണമാല്യം അണിയിക്കുന്നതുമാണ് സന്ദർഭം.

ചന്ദ്രശേഖരനുടെ പള്ളിവിൽകണ്ടു രാമ —
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ.
'വില്ലെടുക്കാമോ? കുലച്ചീടാമോ? വലിക്കാമോ?
ചൊല്ലുകെ'ന്നതു കേട്ടു ചൊല്ലിനാൻ വിശ്വാമിത്രൻ:
'എല്ലാമാ,മാകുന്നതു ചെയ്താലും മടിക്കേണ്ട
കല്യാണമിതുമൂലം വന്നു കൂടീടുമല്ലോ'.
മന്ദഹാസവും പൂണ്ടു രാഘവനതുകേട്ടു
മന്ദംമന്ദം പോയ് ചെന്നു നിന്നു കണ്ടിതു ചാപം
ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ
കുലച്ചു വലിച്ചുടൻ മുറിച്ചു ജിതശ്രമം.
നിന്നരുളുന്ന നേരമീരേഴുലോകങ്ങളു -
മൊന്നു മാറ്റൊലിക്കൊണ്ടു വിസ്മയപ്പെട്ടു ജനം
പാട്ടുമാട്ടവും കൂത്തും പുഷ്പവൃഷ്ടിയുമോരോ -
കൂട്ടമേ വാദ്യങ്ങളും മംഗലസ്തുതികളും
ദേവകളൊക്കെ പരമാനന്ദം പൂണ്ടു ദേവ -

9th Malayalam_Combine.indb 2 25-03-2019 12:03:38



ദേവനെ സ്തുതിക്കയുമപ്സരസ്ത്രീകളെല്ലാം
ഉത്സാഹം കൈക്കൊണ്ടു വിശ്വേശ്വരനുടെ വിവാ –
ഹോത്സവാരംഭഘോഷം കണ്ടു കൗതുകം പൂണ്ടാർ.
ജനകൻ ജഗത്സ്വാമിയാകിയ ഭഗവാനെ
ജനസംസദി ഗാഢാശ്ലേഷവും ചെയ്താനല്ലോ.
ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ.
മൈഥിലി മയിൽപേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ് വന്നു ചേതസി കൗശികനും.
മൈഥിലിതന്നെപ്പരിചാരികമാരും നിജ
മാതാക്കന്മാരുംകൂടി നന്നായിച്ചമയിച്ചാർ.
സ്വർണ്ണവർണ്ണത്തെപ്പുണ്ട മൈഥിലി മനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണമാലയും ധരിച്ചാദരാൽ മന്ദംമന്ദ –
മർണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോൽപലമാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർത്ഥമാലയുമിട്ടീടിനാൾ.
മാലയും ധരിച്ചു നീലോല്പലകാന്തി തേടും
ബാലകൻ ശ്രീരാമനുമേറ്റവും വിളങ്ങിനാൻ.

9th Malayalam_Combine.indb 3 25-03-2019 12:03:39

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ആധുനിക മലയാളഭാഷയുടെ പിതാവ് ആര്?

   അ) എഴുത്തച്ഛൻ ആ) ചെറുശ്ശേരി

   ഇ) കുഞ്ചൻ നമ്പ്യാർ ഈ) രാമപുരത്തു വാര്യർ

2. സീതാസ്വയംവരം രാമായണത്തിലെ ഏത് കാണ്ഡത്തിൽ ഉൾപ്പെട്ടിരിക്കുന്നു?

   അ) ബാലകാണ്ഡം ആ) അയോദ്ധ്യാകാണ്ഡം

   ഇ) സുന്ദരകാണ്ഡം ഈ) കിഷ്കിന്ധാകാണ്ഡം

3. രാമലക്ഷ്മണന്മാരെ മിഥിലയിലേക്ക് കൂട്ടിക്കൊണ്ടുവന്നതാര്?

   അ) വസിഷ്ഠൻ ആ) വിശ്വാമിത്രൻ

   ഇ) ദുർവ്വാസാവ് ഈ) നാരദൻ

4. ജനകമഹാരാജാവിന്റെ കൊട്ടാരത്തിലെ വില്ലിന്റെ പേരെന്ത്?

   അ) ത്രൈയംബകം ആ) വൈഷ്ണവം

   ഇ) കാളപൃഷ്ഠം ഈ) ഗാണ്ഡീവം

II. ഉത്തരമെഴുതുക

1. മന്ദഹാസവുംപൂണ്ടു രാഘവനതുകേട്ടു
   മന്ദംമന്ദംപോയ് ചെന്നുനിന്നു കണ്ടിതു ചാപം.

   അ) ഏത് പദ്യത്തിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

2. ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
   നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ

   അ) ഏത് പദ്യത്തിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

III. ഉത്തരം ചുരുക്കിയെഴുതുക

1. ത്രൈയംബകചാപം കണ്ടിട്ട് രാമൻ വിശ്വാമിത്രനോട് പറഞ്ഞതെന്ത്?

2. അപ്സരസ്ത്രീകൾ കൗതുകം പൂണ്ടതെപ്പോൾ?

9th Malayalam_Combine.indb 4 25-03-2019 12:03:39

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. സീതാസ്വയംവരം എന്ന പദ്യഭാഗത്തെ ആസ്പദമാക്കി എഴുത്തച്ഛന്റെ വർണ്ണനാപാടവം വിവരിക്കുക.

V. മന:പാഠമാക്കേണ്ട വരികൾ

ഇടിവെട്ടീടും വണ്ണം ..... വരണാർത്ഥമാലയുമിട്ടീടിനാൾ.

9th Malayalam_Combine.indb 5 25-03-2019 12:03:39

ഗദ്യം

എഴുത്തിനിരുത്ത്: ചരിത്രവും ശാസ്ത്രവും

ഇ. ശ്രീജിത്ത്



ഇ. ശ്രീജിത്ത് 1974 –ൽ കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിൽ ജനിച്ചു. പ്രാചീന ലിപിവിജ്ഞാനീയത്തിൽ; ഡോ. എം. ആർ. രാഘവവാര്യരുടെ കീഴിലും മിഷേൽ ഡെനിനോയുടെ നേതൃത്വത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് സെൻറർ ന്യൂഡൽഹിയിലും പരിശീലനം നേടി. കേരള ചരിത്ര കോൺഗ്രസ് പ്രബന്ധങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ജനറൽ എഡിറ്ററാണ്. ഇപ്പോൾ കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ചരിത്രവിഭാഗത്തിൽ അധ്യാപകനാണ്.

കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ ചരിത്രവും വർത്തമാനവും പഠനവിധേയമാക്കുന്ന പ്രബന്ധങ്ങളുടെ സമാഹാരമായ 'കേരളത്തിലെ വിദ്യാഭ്യാസം: ചരിത്രം-വർത്തമാനം.' എന്ന ഗ്രന്ഥത്തിൽനിന്നെടുത്ത ലേഖനമാണിത്.

'അഞ്ചുവയസ്സിൽ എഴുത്തിനിരുത്തുക എന്നത് നാന്മറവിധിയോ, നാട്ടാചാരമുറയോ എന്ന് എനിക്കു നിശ്ചയമില്ല. എന്നെയും അഞ്ചുവയസ്സിൽത്തന്നെയാണ് എഴുത്തിനിരുത്തിയത്. ആശാൻ വന്ന വിവരമറിഞ്ഞ് ഗണപതിക്കോപ്പൊരുക്കിവയ്ക്കാൻ അച്ഛൻ അമ്മയോടാജ്ഞാപിച്ചു. സ്വർണ്ണം പോലെ തേച്ചുമിനുക്കിയ തളിക, തുമ്പപ്പൂ മുതലായവ കൊണ്ട് അലങ്കരിച്ച വൈകുണ്ഠത്തിലെ മണിയറയെ മനോഹരമാക്കുന്ന ഏഴു തിരിയിട്ട നിലവിളക്ക്, തൂശനിലപ്പുറത്ത് നിറനാഴി, ഗണപതിഭഗവാൻ കണ്ടാലുടൻ വയറു നിറയുമാറ് കുന്നുകുന്നായി കൂട്ടിയ അപ്പം, അട, മലർ, കദളിപ്പഴം, ഗൗളിപാത്രകരിക്കുകളുടെ കദംബം, ആശാനും എനിക്കും ഇരിക്കാൻ മഞ്ഞുകട്ടപോലെ വെൺമയേറിയ മടക്കു പുടവ വിരിച്ച ആമക്കുരണ്ടികൾ. ആശാൻ തളികയിലിരുന്ന പച്ചരിപ്പുറത്ത് 'ഹരി' എന്ന അക്ഷരമെഴുതി, എന്റെ വിരൽ പിടിച്ച് അതിന്മേൽ എഴുതിച്ചു. ഞാൻ എഴുത്തു തുടങ്ങിയ ഉടനെ കുഞ്ഞമ്മാവി നാത്തുനേ, കുരവ' എന്ന് കുരവയിടാൻ തുടങ്ങി. 'ഞാൻ എന്ന ആത്മകഥയിൽ സമുദായപരിഷ്കർത്താവും പത്രാധിപരുമായ സി.വി.കുഞ്ഞുരാമൻ ആദ്യാക്ഷരാനുഭവങ്ങളെ എത്ര മധുരമായാണ് ചികഞ്ഞെടുക്കുന്നത്!

ആറു ചക്രത്തിന്റെ ചെമന്ന കാക്കാലൻ ഉടുപ്പിട്ട്, ഒരു കരയൻമുണ്ടുടുത്ത് പള്ളിക്കൂടത്തിന്റെ വടക്കെ ഭിത്തിക്കടുത്ത് അച്ഛനോടു ചേർന്നിരുന്ന്. പൂജാദ്രവ്യങ്ങളായ മലരും പഴവും വായ് നിറയെ തിന്നതും, തോമസ്സാർ വാർന്നുമുറിച്ച ഓലയിൽ ഹരിശ്രീ ഗണപതയെ നമഃ എന്നെഴുതിയതിനെ ആദ്യം അരിയിലും പിറ്റേന്നുമുതൽ മണലിലും എഴുതിപ്പിച്ചതിനെ ഓർക്കുന്നുണ്ട്, ഇ. വി. കൃഷ്ണപിള്ള. എന്നെയും പതിവു പോലെ എഴുത്തിന് വെച്ചു.തുടർന്ന് അമ്പത്തൊന്നക്ഷരങ്ങളും കൂട്ടക്ഷരങ്ങളും ചില പ്രാഥമികപാഠങ്ങളും പഠിപ്പിക്കുകയുംചെയ്തു. എന്നാൽ എഴുത്തും വായനയും കണക്കും എന്ന ക്രമത്തിൽ സ്കൂൾരീതിയിലുള്ള പഠിപ്പ് തുടരുന്നതിനു പകരം സംസ്കൃതംപഠിപ്പിലേക്കാണ് എന്നെ തിരിച്ചുവിട്ടത്. ഇക്കാര്യത്തിൽ എന്റെ ഗുരുനാഥസ്ഥാനം ഏറ്റെടുത്ത മാന്യൻ എന്റെ ബുദ്ധിപരമായ വളർച്ചയിലും സ്വഭാവരൂപീകരണത്തിലും

9th Malayalam_Combine.indb 6 25-03-2019 12:03:39



അമ്മയെക്കാളും ഒട്ടും കുറയാത്ത പങ്ക് വഹിച്ചിട്ടുണ്ടെന്ന് ഇ.എം.എസ് നമ്പൂതിരിപ്പാട്. കുഞ്ഞുമനസ്സുകളുടെ സ്മൃതിപഥങ്ങളിൽ ഒന്നും അന്വേഷിക്കാതെ ഒരെഴുത്തിനിരുത്തും കടന്നു പോയിട്ടുണ്ടാവില്ല എന്നാണ് മുകളിലെ ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നത്. എങ്ങനെ മറക്കും?ഏതൊരാളെയും സവർണ്ണനാക്കുന്നത് ഉദാത്തസങ്കല്പമാണല്ലോ. അതെ, അക്ഷരത്തിന് വർണ്ണം എന്നും പറയാറുണ്ടല്ലോ. നാശമില്ലാത്ത അറിവിനെയാണ് സംസ്കൃതത്തിൽ അക്ഷരം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

എഴുത്തിനിരുത്ത് എന്ന ചടങ്ങിന് ഏതായാലും വൈദികകാലത്തോളം പഴക്കമില്ല. അന്ന് അക്ഷരം പ്രചാരത്തിലുണ്ടായിരുന്നില്ല എന്നതുകൊണ്ടുതന്നെ പിന്നേയും പിറകിലേക്കു പോയാൽ നമുക്ക് സൈന്ധവലിപിയുണ്ട്. ഒരു നൂറ്റാണ്ടിനടുത്ത് കൊണ്ടു പിടിച്ച ശ്രമമുണ്ടായിട്ടും ആ ലിപി നമുക്ക് ഇന്നും വഴങ്ങിത്തന്നിട്ടില്ല. ഋഗ്വേദകാലത്തും പിന്നീടും ചൗളകർമ്മത്തോടുകൂടി (തല മുണ്ഡനം ചെയ്യുന്ന ചടങ്ങ്) പ്രാഥമികപാഠങ്ങൾ പഠിക്കുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്. ഉത്തരരാമചരിതത്തിൽ ലവകുശന്മാരും രഘുവംശത്തിലെ രഘുവും അങ്ങനെ ചൗളത്തോടുകൂടി വിദ്യാഭ്യാസം തുടങ്ങിയവരാണ്. പിന്നീട് ഉപനയനം. വേദാഭ്യസനം ആരംഭിക്കാനുള്ള സമയമാണത്. ശ്രവണം, മനനം, നിദിധ്യാസനം എന്നിങ്ങനെ അത് പുരോഗമിക്കുന്നു. ശൈശവകാലത്തെ ചടങ്ങുകളായ അന്നപ്രാശവും (ചോറൂണ്) ഗൃഹനിഷ്ക്രമണവും (ആദ്യമായി പുറത്ത് കൊണ്ടുപോകൽ) വിവരിക്കുന്ന ഗൃഹ്യധർമ്മസൂത്രങ്ങളൊന്നും വിദ്യാരംഭം അഥവാ അക്ഷരവികിരണമെന്ന ഈ സംസ്കാരത്തെ പരാമർശിക്കുന്നേയില്ല. ആയതിനാൽ അക്ഷരവിദ്യ ഉറയ്ക്കുകയും അത് വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായി മാറുകയുംചെയ്ത കാലത്തായിരിക്കണം എഴുത്തിനിരുത്ത് ഒരു പ്രത്യേക ആചാരമായി മാറിയിട്ടുണ്ടാകുക. അർത്ഥശാസ്ത്രം ക്രോഡീകരിക്കപ്പെടുന്ന കാലത്ത് അക്ഷരമാലയിൽ അറുപത്തിമൂന്ന് ലിപി കളുണ്ടായിരുന്നതായി പരാമർശമുണ്ട്. പക്ഷേ, അന്നും ചൗളംതന്നെ വിദ്യാരംഭസമയം,

മാതൃലിപി

അശോക ചക്രവർത്തിയുടെ കാലത്തോടെ പൂർണ്ണവളർച്ചയെത്തിയ ബ്രാഹ്മി ലിപി യിൽനിന്നാണ് എല്ലാ ഭാരതീയലിപികളും ഉടലെടുക്കുന്നത്. ഏറെക്കാലം പിടിതരാതെ നിന്ന ആ അമ്മലിപിയുടെ കുരുക്കഴിച്ചെടുക്കുന്നത് ജെയിംസ് പ്രിൻസെപ്പ് എന്ന, അകാലത്തിൽ അന്തരിച്ച ബീട്ടീഷ് ഉദ്യോഗസ്ഥനായിരുന്നു. 1837-ൽ. ഖരോഷ്ഠി ലിപിയുടെ വായനയ്ക്കും നാം കടപ്പെട്ടിരിക്കുന്നത് അദ്ദേഹത്തോടുതന്നെ.

ബ്രാഹ്മിക്ക് രണ്ടു വകഭേദങ്ങൾ-വടക്കനെന്നും, തെക്കനെന്നും. ഇൻഡോ-യുറോപ്യൻ ഭാഷാഗോത്രങ്ങളുടെ ശബ്ദവ്യവസ്ഥയ്ക്കനുരൂപമായ വിധത്തിൽ വടക്കൻ ബ്രാ ഹ്മിയും, ദ്രാവിഡവ്യവസ്ഥയ്ക്ക് സഹായമായവിധം തെക്കൻ ബ്രാഹ്മിയും പ്രത്യേകം വികസിച്ചുവന്നു. ക്രിസ്തുവർഷാരംഭത്തിനു മുൻപേ തന്നെ തെക്കൻ ബ്രാഹ്മി അഥവാ

9th Malayalam_Combine.indb 7 25-03-2019 12:03:40

തമിഴ് ബ്രാഹ്മി കേരളത്തിൽ മുഖം കാണിച്ചിരുന്നു. എടക്കൽ ഗുഹാലിഖിതങ്ങൾ മൂർത്ത സാക്ഷി.സംഘകാലത്തുണ്ടായ കൃതികളധികവും പ്രത്യേകിച്ച് തിരുക്കുറൾ, വിദ്യയുടെ സവിശേഷ പ്രാധാന്യം ഇടക്കിടെ ഓർമ്മിപ്പിച്ചു.എൺ എന്നതും എഴുത്തെന്നതും രണ്ടു കണ്ണുകളത്രേ വാഴുന്നോർക്കെല്ലാം. അക്ഷരമറിയാത്തവന്റെ മുഖത്ത് കണ്ണല്ല, പുണ്ണാണ് എന്നൊക്കെ ഒരു പാട്ടുകൃതി. കണക്കരായരെ(വാദ്ധ്യാരെ) കൂടാതെയുള്ള ഗ്രാമം നശിക്കുന്നതാണ് നല്ലതെന്ന് മറ്റൊരു പാട്ടുകൃതി.

തെക്കൻബ്രാഹ്മിയിൽനിന്ന് പരിണമിച്ച്, എതാണ്ട് 8-9 നൂറ്റാണ്ടുകളോടെ വട്ടെഴുത്ത് കേരളത്തിൽ പ്രചുരപ്രചാരമായി, വട്ടെഴുത്തിൽ അക്ഷരം പഠിക്കുന്നവർ എഴുതിത്തുടങ്ങിയത് 'ന 'നമോത്തു ചിനതം'എന്നായിരുന്നു. ജീന ദേവന്, മഹാവീരന് സ്തുതി എന്ന് അർത്ഥം. ആദ്യാക്ഷരങ്ങളായ 'ന'യോടും 'മോ' യോടും 'നം'എന്നു കൂട്ടിച്ചേർത്ത് നാനം മോനം എന്നു വട്ടെഴുത്തിന് പേര് വരാൻ ഇതിടയാക്കി. എഴുത്താചാരത്തിന്റെ ശ്രമണപാരമ്പര്യമാണിത് സൂചിപ്പിക്കുന്നത്. വട്ടെഴുത്തിന് ചേര പാണ്ഡ്യ എന്നും പേരുണ്ട്.

ഉത്തരാപഥത്തിൽനിന്ന് ആര്യബ്രാഹ്മണരോടൊപ്പം ഇങ്ങോട്ട് പ്രവഹിച്ച പുരാണങ്ങളിലെയും, വൈദ്യം, ജ്യോതിഷം, ഗണിതം, കാവ്യങ്ങൾ മുതലായവയിലെയും സംസ്കൃതശബ്ദങ്ങളെ രേഖപ്പെടുത്താനുള്ള ലിപിവ്യവസ്ഥ വട്ടെഴുത്തിൽ ഉണ്ടായിരുന്നില്ല. പല്ലവകാലത്ത് രൂപം പ്രാപിച്ച ഗ്രന്ഥം എന്ന ലിപി ഉപയോഗിച്ചാണ് അന്നത്തെ ജനത ഈ പരിമിതി മറികടന്നത്. ചേരഭരണകാലത്തുണ്ടായ ശിലാ-താമ്രലിഖിതങ്ങളിൽ നമുക്കിത് കാണാം; വട്ടെഴുത്തിൽ ഭൂരിഭാഗം ഗ്രന്ഥവും, മിക്ക ലിഖിതങ്ങളും ആരംഭിക്കുന്നത് 'സ്വസ്തിശ്രീ' എന്ന മംഗളവചനത്തോടുകൂടിയാണ്, ഹരിശ്രീ ഗണപതയെ നമഃ എന്നല്ല.

ഗ്രന്ഥാക്ഷരം

കേരളീയരിൽ അനിയന്ത്രിതമാംവിധം സംസ്കൃതഭ്രമമുണ്ടായപ്പോൾ വട്ടെഴുത്ത് ക്രമേണ അരങ്ങൊഴിയുകയും ഗ്രന്ഥലിപി പരക്കെ ഉപയോഗത്തിലാവുകയും ചെയ്തു. ഈ ഗ്രന്ഥലിപിയുടെ അഥവാ ആര്യഎഴുത്തിന്റെ (ഗ്രന്ഥങ്ങൾ എഴുതാൻ വേണ്ടി ഉപയോഗിച്ച ലിപി എന്നതുകൊണ്ടാണ് ഗ്രന്ഥം എന്ന പേർ വന്നത്) പരിഷ്കരിച്ച രൂപമാണ് ഇന്നത്തെ മലയാളലിപി. വട്ടെഴുത്തുകൊണ്ട് ഹരിശ്രീ ഗണപതയേ നമഃ എന്നൊന്നും പൂർണമായി എഴുതാനാവില്ല. ഹ, ശ്രീ, ഗ മുതലായ ലിപികളൊന്നും അതിലില്ല. ആയതിനാൽ ഗ്രന്ഥലിപി വ്യാപകമാവാൻ തുടങ്ങിയ മദ്ധ്യകാലത്തിന്റെ അവസാനത്തോടെയാണ് ഇന്നത്തെ രീതിയിൽ ഹരിശ്രി ഗണപതയേ നമഃ എന്ന് എഴുത്താരംഭിക്കാൻ തുടങ്ങിയത്.

16-ാം നൂറ്റാണ്ട് കേരള വിദ്യാഭ്യാസചരിത്രത്തിൽ സുവർണ്ണമായ കാലഘട്ടമാണ്. അതുവരെ അക്ഷരലോകത്ത് അനാസക്തതരായിരുന്ന നായന്മാരടക്കമുള്ള ശൂദ്രവിഭാഗങ്ങൾ 'വിദ്യതന്നെ സർവ്വധനാൽ പ്രധാനം' എന്ന് മനസ്സിലാക്കി.ഓരോ ഗ്രാമങ്ങളിലും ഒന്നോ രണ്ടോ എഴുത്തുപള്ളികൾ പ്രത്യക്ഷപ്പെട്ടു. ഒരു ഭരണകൂടസംവിധാനത്തിന്റെയും സഹായമില്ലാതെതന്നെ സ്ഥലത്തെ ധനാഢ്യരായ തറവാട്ടുകാരോ രക്ഷിതാക്കൾ തന്നെയോ എഴുത്തച്ഛന്റെ/ആശാന്റെ ഗാർഹികമായ ആവശ്യങ്ങൾ നിവൃത്തിച്ചു. ദാരിദ്ര്യംകൊണ്ട് ഒരാൾക്കും വിദ്യ നിഷേധിക്കപ്പെട്ടില്ല. തങ്ങളുടെ കാര്യസ്ഥന്മാർക്കും കാമുകി മാർക്കും വിദ്യാഭ്യാസമുണ്ടാകുന്നതിൽ ആര്യബ്രാഹ്മണർക്ക് വലിയ വിരോധമൊന്നുമുണ്ടായില്ല; തങ്ങൾ അവരെ നേരിട്ട് പഠിപ്പിക്കുന്ന പതിവുണ്ടായില്ലെങ്കിലും. ഇക്കാലയളവിലായിരിക്കണം എഴുത്തിനിരുത്ത് വ്യാപകമായിത്തീർന്നിട്ടുണ്ടാവുക. ജാതിബദ്ധമായ സമൂഹത്തിൽ ചില സൂക്ഷ്മന്യൂനപക്ഷങ്ങൾ പൂർണ്ണമായും മാറ്റിനിർത്തപ്പെട്ടിരുന്നു എന്നത് മറന്നുകൊണ്ടല്ല ഇതു പറയുന്നത്.

9th Malayalam_Combine.indb 8 25-03-2019 12:03:40

എഴുത്തച്ഛന്റെ കാലത്തോടെ 'രണ്ടക്ഷരം പഠിക്കണം' എന്നുള്ളത് കേരളത്തിന്റെ മണ്ണിലും വിണ്ണിലും കൂടിക്കലർന്ന പ്രവണതയായി. ശ്രീരാമോദന്തവും അമരകോശവും ഗണിതവും കാവ്യങ്ങളുമെല്ലാം നിഷ്കർഷയോടെ പഠിച്ചത് സർവ്വകലാശാലകളിലും ശാസ്ത്രസാങ്കേതികസ്ഥാപനങ്ങളിലും ജോലി മോഹിച്ചായിരുന്നില്ല. വയലിൽ പണിക്കിറങ്ങുന്നതിന് മുന്നോടിയായുള്ള ആത്മസംസ്കരണപ്രവർത്തനമായിരുന്നു. കുട്ടി ജനിച്ച ഉടൻ ഉത്സാഹപൂർവ്വം, എന്നാൽ ഉത്കണ്ഠയോടെ അതിന്റെ ഉടമസ്ഥൻ ജ്യോതിഷിയോടാരാഞ്ഞിരുന്നത് മൂന്നു കാര്യങ്ങളായിരുന്നു. ആയുസ്സിന്റെ ബലം, ഭാഗ്യം എവിടെ നില്ക്കുന്നു, ബുധന് മൗഢ്യമുണ്ടോ എന്നിങ്ങനെ. ബുധനെക്കുറിച്ചുള്ള ചിന്ത പഠിപ്പിനെ-നൈപുണ്യത്തെ-നിപുണയോഗത്തെക്കുറിച്ചുള്ളതാണ്.

അങ്ങനെ മൂന്നാം വയസ്സിലെത്തിയ കുട്ടി ഗ്രാമത്തിലെ ആദരിക്കപ്പെടുന്ന വ്യക്തിയുടെ അടുത്തേക്ക് എഴുത്തിനായി ആനയിക്കപ്പെടുന്നു. മൂന്നിൽ കഴിഞ്ഞില്ലെങ്കിൽ അഞ്ചിൽ തീർച്ചയായും നടക്കണം. നാലിലും ആറിലും അത് പാടില്ലെന്ന് മുഹൂർത്തപദവിപോലുള്ള പ്രമാണഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്നു. ആദ്യം എഴുതുവാനുപയോഗിച്ച 'ഉണക്കലരി' സൂക്ഷിച്ചുവെച്ച് കുറഞ്ഞത് ഏഴു ദിവസം പ്രഭാതശുദ്ധിക്കുശേഷം മാതാവോ പിതാവോ അമ്മാവനോ അക്ഷരം പറഞ്ഞു കൊടുത്ത് എഴുതിക്കുന്ന പതിവുണ്ടായിരുന്നു. ക്രൈസ്തവ വിശ്വാസികളും' ഹരിശ്രീ'തന്നെയാണ് എഴുതിയിരുന്നതെങ്കിലും പ്രായേണ 'സർവ്വേശ്വരായ നമഃ' തമ്പുരാൻ തുണയ്ക്ക, ഗുരുവേ ശരണം' എന്നിങ്ങനെ എഴുതിച്ചുവന്നുവെന്ന് ഡോക്ടർ പി. ജെ. തോമസ്.

എഴുത്താരംഭിച്ച കുട്ടി ഉടനടി വിദ്യാലയത്തിലേക്കില്ല. അതിന് കണ്ണും കാതുമുറയ്ക്കണം. നങ്ങേലിയുടെ തങ്കക്കുടത്തിനെ ഇടശ്ശേരി പള്ളിക്കുടത്തിലേക്കയയ്ക്കുന്നത് ഏഴുവയസ്സിനുശേഷം ഉള്ളിൽ കൗതുകമേറിക്കഴിഞ്ഞിട്ട് മാത്രമാണല്ലോ. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പിയാഷെയും ബ്രൂണറും മറ്റുമൊക്കെ പറയുന്നതങ്ങനെ തന്നെയാണ്; നമുക്കത് ഉൾക്കൊള്ളാൻ പ്രയാസമാണെങ്കിലും.

അവൻ പഠിക്കാൻ പുറപ്പെടുന്നതോ ഒരു മുഴുവൻ തേങ്ങയുടെ ഉൾഭാഗം കളഞ്ഞ്കണ്ണുകളിൽ ഒന്നു മാത്രംതുളച്ചുള്ള ഒരുകുടുക്ക, നല്ലപഞ്ചാരമണൽ നിറച്ചതും ഒരു കൊച്ചോലക്കഷണവുമായി മിക്കപ്പോഴും ഒരു പട്ടുകോണകവുമുടുത്ത് അവന്റെ എഴുത്തുപള്ളീയാത്ര ആരും കൗതുകത്തോടുകൂടി നോക്കിനില്ക്കുമെന്ന് അനുഭവിച്ച പൂത്തേഴത്ത് രാമൻമേനോൻ എഴുതിയിട്ടുണ്ട്

എഴുത്തുപള്ളിയിൽ പ്രായപൂർത്തിയാകുന്നതുവരെ പെൺകുട്ടികൾക്ക് വിലക്കില്ല. ഒരു മിക്സഡ് സ്കൂൾ സംവിധാനം. വിവിധ വിഷയങ്ങൾ പഠിക്കുന്ന വ്യത്യസ്തപ്രായക്കാരെ ഒരേ അധ്യാപകൻ തന്നെ മുതിർന്ന വിദ്യാർത്ഥികളുടെ സഹായത്താൽ സമർത്ഥമായി കൈകാര്യം ചെയ്തിരുന്ന നമ്മുടെ എഴുത്തുപള്ളിമാതൃക ഉപയോഗിച്ചുകൊണ്ടാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇംഗ്ലണ്ടിലെ പ്രാഥമികവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തിയത് എന്ന വസ്തുത വിദ്യാഭ്യാസമേഖലയിലെ ഇംഗ്ലീഷുകാരുടെ സംഭാവനകളെക്കുറിച്ച് വാചാലമാകുമ്പോൾ മറക്കാൻ പാടുള്ളതല്ല.

മലയാളിയുടെ ഏതു ക്രിയയും വളരെ സ്പഷ്ടവും സുന്ദരവും ലഘുവുമാണ്. എഴുത്തിനിരുത്തും അങ്ങനെതന്നെ. എന്നാൽ അഗാധമായ ദാർശനിക, മനശാസ്ത്ര, പ്രായോഗികമാനംകൂടി അതിനുണ്ടെന്നതു വിശദീകരിച്ചത് ഗുരു നിത്യചൈതന്യ യതിയാണ്. കാണുക: കുഞ്ഞിന്റെ കൈപിടിച്ച് അരിയിൽ എഴുതുമ്പോൾ അവന്റെ കണ്ണ് അരിയിലുണ്ടാകുന്ന പാടിലേക്ക് ഉറ്റുനോക്കുന്നു. കണ്ണുകൊണ്ട് കാണുന്ന രൂപത്തെ ഗുരുനാഥൻ ഉച്ചരിക്കുമ്പോൾ വാഗിന്ദ്രിയംകൊണ്ട് ആ വാക്ക് പറയാനുള്ള പ്രേരണ അവനിലുണ്ടാകുന്നു. അവൻ കാതുകൊണ്ട് കേൾക്കുന്നു. കണ്ണും കാതും ഒന്നിച്ച്

9th Malayalam_Combine.indb 9 25-03-2019 12:03:40

പ്രവർത്തിക്കുന്നു. ശബ്ദം എഴുതിക്കൊണ്ട് ഏറ്റുപറയുമ്പോൾ കർമ്മേന്ദ്രിയമായ കയ്യും വാഗിന്ദ്രിയമായ നാവും ഒന്നിച്ച് പ്രവർത്തിക്കുന്നു. അങ്ങനെ ഗുരുനാഥൻ വിദ്യാദാനം നല്കുന്ന നിമിഷത്തിൽത്തന്നെ രണ്ടു കർമ്മേന്ദ്രിയങ്ങളും രണ്ടു ജ്ഞാനേന്ദ്രിയങ്ങളും അക്ഷരാഭ്യാസമെന്ന പ്രക്രിയയിലേക്ക് വരുന്നു. ഇത് അത്യന്തം രഹസ്യമായ ഒരു മാർഗ്ഗമായതുകൊണ്ടുതന്നെ തങ്ങൾ ചെയ്യുന്നതെന്താണെന്ന് കുഞ്ഞുങ്ങൾ അറിയുന്നില്ല. ചിലപ്പോൾ ബന്ധുജനങ്ങളും. ഒരു ഭിഷഗ്വരൻ രോഗിക്ക് പ്രിയമല്ലാത്തതാണെങ്കിലും ഹിതകരമായ മരുന്ന് എപ്രകാരമാണോ ബോധപൂർവ്വം കൊടുക്കുന്നത്, അതുപോലെയാണ് ഒരു ഉപാദ്ധ്യായൻ കുഞ്ഞുങ്ങളെ അക്ഷരാഭ്യാസത്തിൽക്കൂടി വിദ്യയുടെ പ്രകാശക്ഷേത്രത്തിലേക്ക് ആനയിച്ചുകൊണ്ടു വരുന്നത്,

ഇറ്റാലിയൻ വിദ്യാഭ്യാസവിചക്ഷണ മരിയ മോണ്ടിസോറിക്ക് ഇത് വ്യക്തമായും മനസ്സിലായിരുന്നു. കടലാസിൽ അക്ഷരരൂപങ്ങൾ വെട്ടിയെടുത്ത് പശ തേച്ച് മണൽ പിടിപ്പിച്ച് അതിൽ വിരലോടിപ്പിച്ച് അക്ഷരബോധമുറപ്പിക്കുന്ന രീതി പ്രചുരപ്രചാരമാക്കിയത് അവരാണ്. അവർക്കൊരു മദിരാശി വാസക്കാലമുണ്ടായിരുന്നു എന്ന് നമ്മളെത്രപേർ ഓർക്കുന്നുണ്ട്?

9th Malayalam_Combine.indb 10 25-03-2019 12:03:40

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. എഴുത്തിനിരുത്ത് ചരിത്രവും ശാസ്ത്രവും എന്ന ലേഖനം എഴുതിയത് ആര്?

   അ) ഇ. ശ്രീജിത്ത് ആ) ഡോ. ആർ. വി. ജി. മേനോൻ

   ഇ) രാഘവവാര്യർ ഈ) എൻ. വി. കൃഷ്ണവാര്യർ

2. 'നാന്മറ' എന്ന പദത്തിന്റെ അർത്ഥം-

   അ) നാലുമറ ആ) നാലുവേദം

   ഇ) തിരശ്ശീല ഈ) ദൈവവിധി

3. മുൻകാലത്ത് കേരളത്തിൽ എത്രാമത്തെ വയസ്സിലാണ് എഴുത്തിനിരുത്ത്-ചടങ്ങ് നടത്തിയിരുന്നത്?

   അ) നാലാം വയസ്സിൽ ആ) അഞ്ചാം വയസ്സിൽ

   ഇ) ആറാം വയസ്സിൽ ഈ) ഏഴാം വയസ്സിൽ

4. അശോകചക്രവർത്തിയുടെ കാലത്തോടെ പൂർണവളർച്ചയെത്തിയ ലിപി ഏതാണ്?

   അ) ഭാരതീയ ലിപി ആ) ഗ്രന്ഥ ലിപി

   ഇ) ബ്രാഹ്മി ലിപി ഈ) വട്ടെഴുത്ത്

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക

1. എന്താണ് ജെയിംസ് പ്രിൻസെപ്പ് എന്ന ബ്രിട്ടീഷുകാരന്റെ സംഭാവന?

2. ബ്രാഹ്മി ലിപിയുടെ രണ്ടു വകഭേദങ്ങൾഏതെല്ലാം?

3. കേരളത്തിൽ ഗ്രന്ഥലിപി എപ്പോഴാണ് പരക്കെ പ്രചാരത്തിലായത്?

III. ഉത്തരം ചുരുക്കിയെഴുതുക

1. എഴുത്തിനിരുത്ത് അനുഭവത്തെക്കുറിച്ച് ഇ.എം.എസ് നമ്പൂതിരിപ്പാട് പറയുന്നതെന്ത്?

2. കുട്ടിയുടെ എഴുത്തു പള്ളിയിലേക്കുള്ള യാത്രയെക്കുറിച്ച് പുത്തേഴത്ത് രാമൻമേനോൻ പറയുന്നത് എങ്ങനെ?

9th Malayalam_Combine.indb 11 25-03-2019 12:03:40

IV. **ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. എഴുത്തച്ഛന്റെ കാലത്തോടെ ഉണ്ടായ എഴുത്തിനിരുത്ത് പ്രവണതയെ കുറിച്ചെഴുതുക?

2. എഴുത്തിനിരുത്തിന്റെ ദാർശനിക, മനശ്ശാസ്ത്ര,പ്രായോഗിക മാനത്തെക്കുറിച്ചുള്ള ഗുരു നിത്യചൈതന്യയതിയുടെ വിശദീകരണം എഴുതുക?



9th Malayalam_Combine.indb 12 25-03-2019 12:03:40

ഉപപാഠം

വിഷുക്കണി

കാരൂർ



കാരൂർ നീലകണ്ഠപ്പിള്ള ഏറ്റുമാനൂരിൽ ജനിച്ചു [1898 – 1995] : അധ്യാപകൻ, ചെറുകഥാകൃത്ത് പുരോഗമനവാദി, സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ സ്ഥാപക സെക്രട്ടറി, എന്നീ നിലകളിൽ പ്രഗത്ഭൻ. ചെറുകഥയ്ക്ക് മദിരാശി ഗവൺമെന്റിൽനിന്നും കേരള സാഹിത്യഅക്കാദമിയിൽനിന്നും പുരസ്കാരങ്ങൾ നേടി. കേന്ദ്രസാഹിത്യ അക്കാദമിയുടെ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. സംസാരഭാഷക്ക് സാഹിത്യത്തിൽ സ്ഥാനം നൽകിയ എഴുത്തുകാരിൽ ശ്രദ്ധേയനാണ് കാരൂർ. മിതത്വവും ഒതുക്കവുമാണ് കാരൂർകഥകളുടെ പ്രത്യേകത. ദാരിദ്ര്യംകൊണ്ട് വീർപ്പുമുട്ടിയ സാധാരണക്കാരുടെ ധർമ്മസങ്കടങ്ങളാണ് അദ്ദേഹത്തിന്റെ പല കഥകളിലുമുള്ളത്. കാരൂരിന്റെ ബാലകഥകൾ, മേൽവിലാസം, കൊച്ചനുജത്തി, ഗൃഹനായിക, പൂവൻപഴം, ഒരുപിടിമണ്ണ്, മരപ്പാവകൾ തുടങ്ങിയവയാണ് പ്രധാനകൃതികൾ.

തെരഞ്ഞെടുത്ത കഥകൾ രണ്ടാം ഭാഗത്തു നിന്ന് എടുത്തതാണ് വിഷുക്കണി എന്ന കഥ.

ആ ഗ്രാമത്തിൽ രണ്ടു പൊതു സ്ഥാപനങ്ങൾ ഉണ്ട്. ഒരു പ്രൈമറി സ്കൂളും ഒരു ശിവക്ഷേത്രവും. ക്ഷേത്രം ചെറുതാണ്. പുറനാടുകളിൽ പ്രസിദ്ധിയുള്ളതല്ല. എന്നാലും നാട്ടുകാർക്ക് അവിടത്തെ ദേവനെ വലിയ ഭക്തിയാണ്. വിഷുക്കണി കണ്ടു തൊഴാൻ അമ്പലത്തിൽ കിടന്നുറങ്ങും പലരും. കണ്ണു തുറന്നാൽ ആദ്യം ഭഗവാനെ കാണുന്നത് ശ്രേയസ്കരമാണ്. ഭഗവാന്റെ മുൻപിൽ കണി വെച്ചിരിക്കും പള്ളിയുണർന്നാലുടനെ ഭഗവാനെ കണി കാണാമല്ലോ. അതുകഴിഞ്ഞാൽ ഭക്തന്മാർ കണികാണും അമ്പലമുറ്റത്ത് കിടന്നുറങ്ങുന്നവരെ സമയമാകുമ്പോൾ വിളിച്ചുണർത്തുന്നതും ഉണർന്നിട്ടും കണ്ണടച്ചു പിടിച്ചിരിക്കുന്ന അവരുടെ കൈപിടിച്ചു നടയ്ക്കുനേരെ കൊണ്ടുചെന്നു നിറുത്തുന്നതും അമ്പലം വാച്ചർ കുട്ടപ്പനാണ്. അവരൊക്കെ അവന് വിഷുക്കൈനീട്ടം കൊടുക്കുകയും ചെയ്യും അന്നുരാത്രി അമ്പലമുറ്റത്തു പത്തു മുപ്പത് പേർ കൂടി. വെള്ളമണൽ വിരിച്ച മുറ്റം. അടുത്തു നിൽക്കുന്ന പന്തലിച്ച ആൽ ചൂടിനെ മയപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ആളുകൾ അവിടെ കൂടിയിരുന്നു സ്വൈരസല്ലാപം നടത്തുന്നു. ചിലർ കീർത്തനം ചൊല്ലുന്നു. സന്ധ്യവരെ ശാന്തമുകമായിരുന്ന അമ്പലമുറ്റം ഇപ്പോൾ സജീവമാണ് വസ്തുതർക്കം, അടിപിടി, മോഷണം, കള്ളസാക്ഷി, കൃഷിപ്പിഴ, ജലക്ഷാമം ഇങ്ങനെ അനവധി വിഷയങ്ങളുണ്ട് അവർക്കു പറയാൻ. അല്പം മോശക്കാരാണെന്നു കരുതപ്പെടുന്നവരെ കളിയാക്കാനാണ് ചിലർക്ക് ഉത്സാഹം. അക്കൂട്ടത്തിൽ കുഞ്ഞങ്കരൻ ചെന്ന് പെട്ടിട്ടുണ്ട്.

ഒരുത്തൻ പറഞ്ഞു: "കുഞ്ഞങ്കരന്റെ ഓട്ടൻതുള്ളൽ കാണെണ്ടവർ വരിൻ. കുഞ്ഞങ്കരനൊന്ന് തുള്ളടാ"

മറ്റൊരുത്തൻ പാടിത്തുടങ്ങി: പാണ്ടൻ നായുടെ പല്ലിനു ശൗര്യം.....

കുഞ്ഞങ്കരൻ തുള്ളിത്തുടങ്ങി. പാട്ടുകാരന്റെ സ്റ്റോക്ക് തീർന്നപ്പോൾ മറ്റൊരുത്തൻ പാടി. അതു കഴിഞ്ഞു വേറൊരുത്തൻ. വേറൊരാൾ, പിന്നെയൊരാൾ.

9th Malayalam_Combine.indb 13 25-03-2019 12:03:41

ഒരു നാഴിക നീണ്ടുനിന്നു കുഞ്ഞങ്കരന്റെ കോപ്രാട്ടികളി.

“ഇനി കുഞ്ഞങ്കരൻ ചേട്ടന്റെ കോലംതുള്ളലാണ് ഒരാൾ കുറെ തൂപ്പ് ഒടിച്ചു കൊണ്ടുവന്ന്, കുഞ്ഞങ്കരനെ വേഷം കെട്ടിച്ചു. ചിലരൊക്കെ ഉത്സാഹിപ്പിച്ചു. കുഞ്ഞങ്കരന്റെ കോലം തുള്ളൽ കുറേ നേരം നടന്നു.

“ആ പാവത്തിനെ ഇട്ടു പിടിക്കാതെടാ പിള്ളേരെ” എന്ന് ഒരാൾ വിലക്കി.

“ഇന്ന് തുള്ളാവുന്ന ദിവസമാ. ആ കൊട്ടാരത്തിലെ പുറന്നാളു സദ്യയുണ്ട ദിവസമാ” എന്ന് ഒരാൾ.

“ഇന്നു വിശേഷിച്ചൊന്നുമില്ല. എവിടെയെങ്കിലും നാഴി അരി കൂടുതൽ വെച്ചാൽ അതിന്റെ പങ്ക് കുഞ്ഞങ്കരന് കിട്ടും”.

‘അതിനും വേണം ഭാഗ്യം. ഇയാൾക്കു ദഹനക്കേടെന്നൊരു ദീനം വന്നിട്ടുണ്ടോ?’.

അതിനു കുഞ്ഞങ്കരൻ തന്നെ മറുപടി പറഞ്ഞു “കൊതിച്ചാപ്പോരാ മെയ്യനങ്ങി അധ്വാനിച്ചാൽ ആർക്കും വരുകേല്ല വിശപ്പില്ലായ്ക. ഞാൻ നാലു പേരു ചെയ്യുന്ന വേലയെടുക്കും. അതുപോലെ വല്ലതും കഴിക്കുകേം ചെയ്യും”.

ചിലർ പൊട്ടിച്ചിരിച്ചു.

നാട്ടുകാർക്കൊക്കെ ഒരു കളിപ്പാട്ടമാണ് കുഞ്ഞങ്കരൻ. വീടും വീട്ടുകാരും ഒക്കെയുണ്ട്. അങ്ങോട്ടൊന്നും പോകാറില്ല. കൂലിവേലക്കു പോകും. കിട്ടുന്ന കാശു വയറുനിറക്കാനെ ഉള്ളൂ. എന്നും വേല കിട്ടും. സദ്യയുണ്ടെന്ന് കേട്ടാൽ പണി സ്ഥലത്തു നിന്ന് ഓടും. അതുകൊണ്ടൊരു ദോഷവും വരികയില്ല, പണിയിക്കുന്ന ആളിനു പകരം കുറേനേരം കൂടുതൽ പണിയും. അയാൾക്കു പിന്നെയൊരു നിർബന്ധശീലമുണ്ട്. നേരം വെളുക്കുംമുൻപു കുളിയും തൊഴലും കഴിയും. അമ്പലക്കുളത്തിലെ പായലു വാരലും കടവ് വൃത്തിയാക്കലും പ്രതിഫലംകൂടാതെ ആരും ആവശ്യപ്പെടാതെ ചെയ്യും.

ഒരു ദിവസം വെളുപ്പാൻകാലത്ത് അമ്പലക്കുളത്തിൽ കുളിക്കാൻ ചെന്ന ഒരാൾ കണ്ടു, ഒരു ശവം പൊങ്ങിക്കിടക്കുന്നത്. അയാൾ പേടിച്ചോടി ആളുകളോട് പറഞ്ഞു. ആൾ കൂടി. കുഞ്ഞങ്കരൻ അപ്പോഴേക്കു നീന്തിക്കേറി പോകയും ചെയ്തു. അയാൾക്കു വെള്ളത്തിന്റെ മുകളിൽ കിടക്കാൻ കഴിയുമെന്നു ചിലർ ഊഹിച്ചു. കുഞ്ഞങ്കരൻ സമ്മതിച്ചില്ല പിന്നെയാരും അതു കണ്ടിട്ടുമില്ല.

കണി കാണാൻ വന്നവർക്ക് ഉറക്കം വരാൻ തുടങ്ങി. എല്ലാവരും വാച്ചറെ ഏർപ്പാടുചെയ്തു, നടതുറക്കുമ്പോൾ വിളിച്ചുണർത്തി കണി കാണിക്കണമെന്ന്.

വാച്ചർ കുട്ടപ്പൻ കൊള്ളാവുന്ന വീട്ടിലെ ഒരു പിഴച്ചുപോയ ചെറുപ്പക്കാരനാണ്. മറ്റൊരു തൊഴിലിനും തന്നെ കൊള്ളുകില്ലെന്ന് ബോദ്ധ്യമായപ്പോൾ കൈക്കൂലികൊടുത്തു നേടിയതാണ് ഈ ഉദ്യോഗം. അവൻ വാച്ചറായപ്പോൾ ശിവൻ പേടിച്ചു ക്ഷേത്രത്തിൽ നിന്ന് പോയെന്നു ചിലർ പറയാറുണ്ട്. എന്നാലും എന്തെങ്കിലും കുഴപ്പം അവന്റെ പേരിൽ അവിടെ ഉണ്ടായിട്ടില്ല. ശിവന്റെ സാമിപ്യം കൊണ്ടു കുട്ടപ്പൻ നന്നായിപ്പോയി എന്ന് ചിലർ പറയാറുണ്ട്.

9th Malayalam_Combine.indb 14 25-03-2019 12:03:41

പള്ളിയുണർത്തുന്ന ശംഖനാദം മുഴങ്ങി. ഭഗവാനെ കണികാണാൻ കാത്തുകെട്ടി ക്കിടന്നിരുന്നവർ എല്ലാം തന്നെ ഭഗവാനെയുണർത്തിയ ശംഖിന്റെ നാദം കേട്ടുണർന്നു. എന്നാലും കണ്ണു തുറക്കരുതല്ലോ കുട്ടപ്പൻ എല്ലാവരോടുമായിപ്പറഞ്ഞു ഞാൻ വരുന്നു. എല്ലാവരും അവിടെ ഇരുന്നു കൊള്ളിൻ ഒരറ്റം മുതൽ തുടങ്ങിക്കളയാം." അയാൾ പ്രധാനപ്പെട്ട ഒരാളുടെ കയ്യിൽ പിടിച്ച് നടയ്ക്കുനേരെ നിറുത്തി. "കണ്ണുതുറന്ന് തൊഴുതോളു" എന്നു പറഞ്ഞു. ധാരാളം വിളക്കുകളുടെ മുമ്പിൽ ശിവലിംഗം. അതിന്റെ മുമ്പിൽ ഒരു ഉരുളിയിൽ തേങ്ങ, വെള്ളരിക്കാ മാങ്ങ, മുതലായ സസ്യങ്ങൾ അലക്കിയ വസ്ത്രം, കണ്ണാടി, ചെപ്പ് മുതലായ മംഗലവസ്തുക്കൾ സ്വർണ്ണാഭരണങ്ങൾ ആകെക്കൂടി കാണുന്നവരുടെ കണ്ണും കരളും ആനന്ദത്തിൽ ആറാടുന്ന കാഴ്ച. കണി കണ്ടവർ തൊഴുതു പ്രാർത്ഥിച്ചു. കാണിക്കയിട്ടു. കുട്ടപ്പനും വിഷുക്കൈനീട്ടം കൊടുത്തു.

"കുഞ്ഞങ്കരൻച്ചേട്ടാ, ഇയാളെവിടെയാ കൂവേ കണി കാണണ്ടേ?" എന്നു കുട്ടപ്പൻ വിളിച്ചുചോദിച്ചു.

"ഞാനിവിടെയാ എന്നെക്കൂടെ."

"എന്നാൽ വന്നോ" എന്നു പറഞ്ഞു കുട്ടപ്പൻ അയാളുടെ കൈ പിടിച്ചു തുടർന്നു പറഞ്ഞു "കഴിഞ്ഞയാണ്ട് തന്നെ കണി കാണിച്ചിട്ട് താൻ ഒന്നും തന്നില്ല അതും കൂട്ടി ഇന്നു തന്നേക്കണം കേട്ടോ."

"ഞാൻ തന്നില്ലെങ്കിൽ നെനക്കു ദൈവം തരും," എന്ന് കുഞ്ഞങ്കരൻ പറഞ്ഞു

"എന്നാൽ ദൈവം തരട്ടെ."

കുട്ടപ്പൻ അയാളെ നടത്തി ഒരിടത്തു കൊണ്ടുചെന്നു നിർത്തി. കണ്ണുതുറന്നു നോക്കിക്കൊള്ളൂ എന്നു പറഞ്ഞു. "നമശ്ശിവായ, നമശ്ശിവായ" എന്ന് പറഞ്ഞു കുഞ്ഞങ്കരൻ കണ്ണുതുറന്നു നോക്കി. പടിഞ്ഞാട്ടു ദർശനമുള്ള ശ്രീകോവിലിന്റെ വടക്കുവശത്ത് അപ്പോഴും അല്പാല്പം വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്ന ഓവു വായ് ആയിട്ടുള്ള ഒരു ശിലാരൂപം. ഓവിങ്കൽ ഭൂതമെന്നു നാട്ടുകാർ പറയുന്ന കൽപ്രതിമ. അടുത്തൊരു കല്ലു വിളക്കിൽ ഒരു തിരിയും കത്തുന്നുണ്ട്. കണി കണ്ടിട്ടു കുഞ്ഞങ്കര നിൽ ഉണ്ടാകുന്ന പ്രതികരണം സൂക്ഷിച്ചു നോക്കുകയാണുകുട്ടപ്പൻ. യാതൊരു വിശേഷവുമു ണ്ടായില്ല "നമശ്ശിവായ" എന്ന മന്ത്രം ആവർത്തിച്ചുകൊണ്ട് ദൃഷ്ടികൾ ഓവിങ്കൽ ഭൂതത്തിന്റെ മുഖത്തുറപ്പിച്ചു നിൽക്കുകയാണയാൾ. കുട്ടപ്പൻ പിന്നെയും ഓരോരുത്തരെ വേണ്ടവിധത്തിൽ കണി കാണിച്ചുകൊണ്ടിരുന്നു. എല്ലാവരും പിരിഞ്ഞിട്ടും കുഞ്ഞങ്കരൻ പിന്മാറുന്നില്ല. കുട്ടപ്പൻ ചെന്ന് നോക്കി ഈ ഉറച്ച നിൽപ്പു കണ്ട് ആ വ്യക്തിയുടെ മനസ്സിൽ അല്പം ചാഞ്ചല്യം ഉണ്ടായി. പിന്നെ അവിടെ വന്നു ഓവിങ്കൽഭൂത"ത്തിനെ ഭജിക്കുന്ന കുഞ്ഞങ്കരനെക്കണ്ടു ഇയാൾക്കെന്നുതുടങ്ങി ഭ്രാന്ത്" എന്ന് പിറുപിറുത്തു. നേരം നല്ലതുപോലെ വെളുത്തു. എന്നിട്ടുമില്ല കുഞ്ഞങ്കരനു മാറ്റം. അയാളുടെ ശബ്ദം പുറത്തു കേൾക്കാതെയായി. ചുണ്ടുകൾ കുറേശ്ശെ അനങ്ങുന്നുണ്ട്. കുട്ടപ്പന് ഭയമായി. ഞാൻ മുടിയണമെന്ന് പ്രാർത്ഥിക്ക യായിരിക്കും ഇയാള്." കുറച്ചുകഴിഞ്ഞ് കുട്ടപ്പൻ വിളിച്ചു. കുഞ്ഞങ്കരൻച്ചേട്ടാ!" അതു കേട്ടില്ലെന്നു തോന്നി. ക്ഷേത്രത്തിൽ വരുന്നവരൊക്കെ ഉത്കണ്ഠയോടെ കുഞ്ഞങ്കരനെ നോക്കിത്തുടങ്ങി. നേരം പുലരുന്നതോടുകൂടി അവിടെ മണിയടിയും കൊട്ടും പാട്ടും പൂജയുമൊക്കെ പതിവുപോലെ നടക്കുന്നുണ്ടെങ്കിലും ഒരു ഭീകരത വർധിച്ചുവരുന്നതു പോലെ ആളുകൾക്കു തോന്നിത്തുടങ്ങി. ഇതിനകം കുട്ടപ്പൻ

9th Malayalam_Combine.indb 15 25-03-2019 12:03:41



കാണിച്ച വഷളത്തരം നാടാകെ പരന്നു. ചിലർ അവനെ ശാസിച്ചു. ഒരാൾ അവന്റെ പിടലിക്കുപിടിച്ചു. ആരോ ഒരടിയും കൊടുത്തു. അവന്റെ ഉദ്യോഗം അന്നത്തെകൊണ്ട് അവസാനിപ്പിക്കണമെന്ന് ചിലർ വാശിയോടെ പറഞ്ഞു. കുഞ്ഞങ്കരൻ നിശ്ചലം നിൽക്കുന്നത് കാണാൻ ആളുകൾ കൂടി. കുട്ടപ്പൻ ചെയ്തിട്ടുള്ളതും ചെയ്യാത്തതുമായ നിരവധി തെറ്റുകൾ അവിടെ ഉന്നയിക്കപ്പെട്ടു. കുഞ്ഞങ്കരന്റെ സാധുപ്രകൃതവും നിരുപദ്രവശീലവും പരോപകാരതൽപരതയും അവിടെ വർണ്ണിക്കപ്പെട്ടു.

കുട്ടപ്പൻ ഭയപ്പെട്ടു, പശ്ചാത്തപിക്കുകയും ചെയ്തു. തന്റെ തെറ്റു പൊറുക്കാൻ അവൻ നടയ്ക്കുനേരെ ചെന്നുനിന്നു പ്രാർത്ഥിക്കുകയും അവനു കിട്ടിയ കാശെല്ലാം കാണിക്കക്കുടത്തിലിടുകയും ചെയ്തു

ഉച്ചപൂജയ്ക്കു മുമ്പ് ശിവലിംഗത്തിൽ മേശാന്തി കളഭം ചാർത്താൻ തുടങ്ങി. ശിവലിംഗത്തിൽ കളഭം പിടിക്കുന്നില്ല. ശ്രീകോവിലിനകത്തെ വിളക്കുകൾ താനേ അണഞ്ഞുതുടങ്ങി.

പത്തിരുപതു നാഴികയായി ഒരേ നിലയിൽ നിൽക്കുന്ന കുഞ്ഞങ്കരൻ ഇപ്പോൾ നിർന്നിമേഷനായിത്തീർന്നിരിക്കുന്നു. ചിലർ പറഞ്ഞു "ഇയാളെ ഇവിടെ നിന്ന് എടുത്ത് പുറത്തുകൊണ്ടുപോയി കിടത്തണം. അല്ലെങ്കിൽ താഴെ വീണു തലപൊട്ടിയെന്നുവരും" വേറെ ചിലരുടെ അഭിപ്രായം അയാളെ ആരും തൊടരുതെന്നാണ്.

ശിവലിംഗത്തിൽ കളഭം പിടിക്കുന്നില്ലെന്നും വിളക്കുകളണഞ്ഞെന്നുമുള്ള വാർത്ത കൊടുങ്കാറ്റിന്റെ വേഗത്തിൽ നാട്ടിൽ പരന്നു. ആളുകൾ ഭയഭക്തികളോടെ അമ്പലപരിസരത്ത് തടിച്ചുകൂടി. അതിനുമുമ്പേതന്നെ കുട്ടപ്പൻ സ്ഥലംവിട്ടിരുന്നു.

ഉച്ചപൂജയ്ക്ക് നിവേദ്യം എഴുന്നെള്ളിക്കാൻ തിടപ്പള്ളിയിൽ ചെന്ന കീശാന്തി കണ്ടത് നിവേദ്യത്തിൽ ഒരു പാറ്റാ ചത്തു കിടക്കുന്നതാണ്.

9th Malayalam_Combine.indb 16 25-03-2019 12:03:52

ഈ ദുർനിമിത്തങ്ങൾ എല്ലാരെയും ഭീതരാക്കി. ഭയപ്പെട്ട ശാന്തിക്കാരൻ ശ്രീകോവിലിനു പുറത്തിറങ്ങി നിന്നു. സമയം ഉച്ചയായി. അവിടമൊക്കെ തീജ്വാലയിൽ വേകുന്നതുപോലെ തോന്നിച്ചു.

ക്ഷേത്രഭരണക്കാർ ഓടിയെത്തി. കരക്കാരുടെ ക്ഷേത്രമാണത്. കരനാഥന്മാർ വന്നുചേർന്നു. ദൈവകോപത്തിനു ഹേതുവെന്തെന്ന് ഗണിച്ചു നോക്കാൻ ജ്യോതിഷക്കാരനെ കൂട്ടിക്കൊണ്ടുവന്നു. ശിവപ്രീതിക്കു പലരും നേർച്ചകൾ നേർന്നു കാണിക്കക്കുടത്തിൽ ധാരാളം പണം വീണു ജനക്കൂട്ടം ദേവപ്രീതിക്കായി സ്തോത്രം മുഴക്കി കുഞ്ഞങ്കരന്റെ കാര്യം ഇപ്പോൾ തീരെ അവഗണിക്കപ്പെട്ടു.

ആലിന്റെ ഒരു കൊമ്പൊടിഞ്ഞ് ഭീകര ശബ്ദത്തോടെ നിലംപതിച്ചു. പ്രശ്നം വെക്കാൻ കൊളുത്തിവെച്ച വിളക്കിലെ ദീപം ഇടം തിരിഞ്ഞ് അണഞ്ഞു. ആകെ ദുർനിമിത്തങ്ങൾ.

കുഞ്ഞങ്കരൻ മാത്രം ഇതൊന്നും കാണുന്നില്ല. ശിലാപ്രതിമ പോലെ തൊഴുകൈയും പിടിച്ചു കണ്ണടച്ചു നിൽക്കയാണയാൾ.

സൂര്യനെ ഒരു കനത്ത മേഘക്കീറു വന്നു മറച്ചു. അതിഭയങ്കരമായ ഒരു കൊള്ളിയാൻമിന്നൽ. ഒപ്പം ദിഗന്തങ്ങൾ ഭേദിക്കുമാറ് ഒരു മേഘ ഗർജ്ജനവും. ജനക്കൂട്ടം അന്തംവിട്ടുപോയി. "നമശ്ശിവായ" എന്നുച്ചരിച്ച്, കുഞ്ഞങ്കരൻ കണ്ണുതുറന്നു. അയാൾക്കു സ്പഷ്ടമായി ശിവലിംഗം കാണത്തക്കവിധം ശ്രീകോവിലിന്റെ ഏതാനും ഭാഗം തകർന്നു താഴെ കിടക്കുന്നു. ശ്രീകോവിലിനകത്തുള്ള വിളക്കുകൾ പ്രകാശിക്കുന്നു. ആ പാവം കണികണ്ടു. "നമശ്ശിവായ, നമശ്ശിവായ" ജപിച്ചുകൊണ്ട് കുഞ്ഞങ്കരൻ അയാളുടെ പാട്ടിനു പോയി.



9th Malayalam_Combine.indb 17 25-03-2019 12:03:54

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. വിഷുക്കണി എന്ന കഥ എഴുതിയതാരാണ്?

   അ) ലളിതാംബിക അന്തർജ്ജനം

   ആ) എം.മുകുന്ദൻ

   ഇ) കാരൂർ നീലകണ്ഠപിള്ള

   ഈ) പി.ചന്ദ്രമതി

2. വിഷുക്കണി എന്ന കഥയിലെ കഥാപാത്രമാണ്

   അ) കുട്ടപ്പൻ

   ആ) നാണപ്പൻ

   ഇ) എസ്തപ്പൻ

   ഈ) വാമദേവൻ

3. കുഞ്ഞങ്കരനു മുമ്പിൽ സ്പഷ്ടമായി തെളിഞ്ഞത് എന്താണ്?

   അ) ശിവലിംഗം

   ആ) വിളക്ക്

   ഇ) വിഷ്ണുരൂപം

   ഈ) ക്ഷേത്രം

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

വിഷുക്കണി എന്ന കഥയ്ക്ക് ആസ്വാദനമെഴുതുക.

9th Malayalam_Combine.indb 18 25-03-2019 12:03:54

ഭാഗം 2

പരിസ്ഥിതിയും ഹരിതജീവിതവും





പഠനലക്ഷ്യങ്ങൾ

- കൃഷി, ജലസംരക്ഷണം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കൽ. ഒപ്പം പ്രകൃതിയുടെ സന്തുലിതാവസ്ഥ മാറുമ്പോൾ വന്നുചേരുന്ന കാലാവസ്ഥാവ്യതിയാനവും പരിസ്ഥിതി വിനാശവും മനസ്സിലാക്കൽ. പരിഹാരം കണ്ടെത്തൽ.
- സംവാദങ്ങൾ, ചർച്ചകൾ, എന്നിവയിലൂടെ പ്രശ്നങ്ങൾക്കു പരിഹാരം തേടൽ.
- ഭാഷാനൈപുണി നേടൽ.

പാഠഭാഗങ്ങൾ

പദ്യം: കദളീവനം	- കുഞ്ചൻ നമ്പ്യാർ
ഗദ്യം: പരിസ്ഥിതിയും വികസനവും	- ആർ. വി. ജി. മേനോൻ
ഉപപാഠം: കഥ - തലമുറകൾ	- ലളിതാംബിക അന്തർജ്ജനം

9th Malayalam_Combine.indb 19 25-03-2019 12:03:54

പദ്യം: കദളീവനം

കുഞ്ചൻനമ്പ്യാർ



കുഞ്ചൻനമ്പ്യാർ : പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാകവിയാണ് കലക്കത്തു കുഞ്ചൻനമ്പ്യാർ. സാമൂഹിക ജീർണതകളെ നിശിതപരിഹാസത്തിനു ശരവ്യമാക്കുവാൻ നമ്പ്യാർ തുള്ളൽ എന്ന കലാരൂപത്തെ പ്രയോജനപ്പെടുത്തി. ഫലിതപരിഹാസങ്ങളിലൂടെ സാമൂഹ്യവിമർശനം നടത്തിയ കവിയാണ് നമ്പ്യാർ. കവിതയുടെ സാമൂഹികപ്രസക്തി മലയാളികൾക്കു വ്യക്തമാക്കിക്കൊടുത്ത ആദ്യത്തെ ജനകീയ മഹാകവികൂടിയാണ് നമ്പ്യാർ.

സ്യമന്തകം, ഘോഷയാത്ര, കിരാതംതുള്ളൽ, നളചരിതം ഓട്ടൻതുള്ളൽ, കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളൽ, സഭാപ്രവേശം, കീചകവധം എന്നിവയാണ് പ്രധാന കൃതികൾ. കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളലിൽനിന്ന് എടുത്തതാണ് കദളീവനം.

ഭീമസേനൻ ഗന്ധമാദനാധിത്യകാ
ഭൂമിതന്നിൽത്തദാ നോക്കും ദശാന്തരേ.
ശ്യാമളം നല്ല കദളീമഹാവനം
കോമളശ്രീപൂർണ്ണമാശുകണ്ടീടിനാൻ.
രാമദാസൻ മഹാവീരൻ കപീശ്വരൻ
ശ്രീമഹാദേവന്റെ ബീജേന ജാതനാം
ശ്രീഹനുമാൻ മുദാ വാണരുളീടുന്ന
ശ്രീമഹാപുണ്യപ്രദേശം മനോഹരം
പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള

9th Malayalam_Combine.indb 20 25-03-2019 12:03:55



ലീലാവിലാസേന നിൽക്കുന്നു വാഴകൾ
നാലു ഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ-
ബാലാനിലൻ വന്നു തട്ടുന്ന നേരത്തു
കോലാഹലം നൃത്തമാടും ദലങ്ങളും
ആലോകനം ചെയ്തു വിസ്മയിച്ചീടിനാൻ
കാലാത്മജാനുജൻ വീരൻ വൃകോദരൻ.
താഴത്തുഭാഗത്തു വീണു കിടക്കുന്ന
വാഴപ്പഴംകൊണ്ടു മൂടീ മഹീതലം.
പാഴറ്റ പട്ടുവിരിച്ച കണക്കിനെ
വാഴയ്ക്കു ചുറ്റും പ്രകാശമുണ്ടെപ്പോഴും
വാവലും കാക്കയും പച്ചക്കിളികളും
പ്രാവും പരുന്തും പറന്നുനടക്കുന്ന
പക്ഷികൾ വന്നിപ്പഴുത്ത പഴങ്ങളെ
ഭക്ഷിക്കുമാറില്ല പേടികൊണ്ടാരുമേ,
രക്ഷിച്ചു പോരുന്നതാരീ വനമെന്നു
സൂക്ഷിച്ചുനോക്കിത്തുടങ്ങീ വൃകോദരൻ.

9th Malayalam_Combine.indb 21 25-03-2019 12:03:55

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കദളീവന വർണന ഏത് കൃതിയിൽ നിന്നെടുത്തതാണ്?

   അ) കല്യാണസൗഗന്ധികം തുള്ളൽ ആ) നളചരിതം തുള്ളൽ

   ഇ) സ്യമന്തകം തുള്ളൽ ഈ) കിരാതം തുള്ളൽ

2. ഭീമസേനൻ ഏതു പർവ്വതത്തിനടുത്തുള്ള ഭൂമിയിലേക്കാണ് നോക്കിയത്?

   അ) ഹിമാലയം ആ) സഹ്യപർവ്വതം

   ഇ) ഗന്ധമാദനം ഈ) വിന്ധ്യൻ

3. കാലാത്മജാനുജൻ എന്നു വിശേഷിപ്പിക്കുന്നതാരെ?

   അ) അർജുനൻ ആ) ഹനുമാൻ

   ഇ) ദുര്യോധനൻ ഈ) വൃകോദരൻ

II. ഉത്തരമെഴുതുക

1. കോമള ശ്രീ പൂർണ്ണമാശു കണ്ടീടിനാൻ

   രാമദാസൻ മഹാവീരൻ കപീശ്വരൻ

   അ) ഏത് പദ്യത്തിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

2. മാലോകരൊക്കെയും ശങ്കിക്കുമാറുള്ള

   ലീലാവിലാസേന നിൽക്കുന്നു വാഴകൾ

   അ) ഏത് പദ്യത്തിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

III. ഉത്തരം ചുരുക്കിയെഴുതുക

1. കദളീവനത്തിലെ വാഴകളുടെ നിൽപ് കവി വർണിക്കുന്നത് എങ്ങനെ?
2. കദളീവനത്തിൽ പഴങ്ങൾ ഭക്ഷിക്കാൻ കഴിയാതെ പറന്നുനടക്കുന്ന പക്ഷികൾ ഏവ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. കദളീവനവർണന സ്വന്തം വാക്യത്തിൽ എഴുതുക.

9th Malayalam_Combine.indb 22 25-03-2019 12:03:55

ഗദ്യം

പരിസ്ഥിതിയും വികസനവും

ഡോ.ആർ.വി.ജി.മേനോൻ



ഡോ.ആർ.വി.ജി.മേനോൻ 1943-ൽ എറണാകുളം ജില്ലയിൽ പറവൂരിൽ ജനിച്ചു ശാസ്ത്രസാങ്കേതിക മേഖലയെ ജനകീയമാക്കുന്നതിൽ മുഖ്യപങ്കു വഹിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് ഡോ. ആർ. വി. ജി. മേനോൻ. അധ്യാപകൻ, ഗവേഷകൻ, പരിസ്ഥിതിപ്രവർത്തകൻ, ശാസ്ത്രജ്ഞൻ എന്നീനിലകളിൽ വളരെ പ്രശസ്തനാണദ്ദേഹം. ശാസ്ത്രഗതി മാസികയുടെ പത്രാധിപർ, പരിഷത്തിന്റെ ഗവേഷണസ്ഥാപനമായ ഐ. ആർ. ടി. സി. യുടെ ഡയറക്ടർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലുമായി പത്തോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

കേരള ശാസ്ത്ര സാഹിത്യപരിഷത്ത് പ്രസിദ്ധീകരിച്ച "ഭൂമി ഒരു പൊതുസ്വത്ത്" എന്ന ശാസ്ത്രസാഹിത്യ ഗ്രന്ഥത്തിൽ ഡോ. ആർ. വി. ജി. മേനോൻ എഴുതിയ ഒരു ലേഖനമാണ് പാഠഭാഗം. സാമൂഹ്യവികസനത്തിനും സമ്പദ്ഘടനയുടെ സന്തുലിതാവസ്ഥയ്ക്കും ഭൗതിക വികസനത്തിനും പരിസ്ഥിതി മുഖ്യപങ്കുവഹിക്കുന്നു. പരിസ്ഥിതി വികസനത്തിലൂടെ മാത്രമേ ഭൂമിയുടെ നിലനിൽപ്പ് സാധ്യമാവുകയുള്ളൂ എന്ന് വിലയിരുത്തുന്ന ഒരു ലേഖനമാണിത്.

മനുഷ്യരെ മറ്റു ജീവികളിൽ നിന്നും വ്യത്യസ്തരാക്കുന്നത് ബോധപൂർവ്വം വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയുടെ പ്രയോഗമാണ്. അതാണ് മാനവരാശിയുടെ സമസ്തപുരോഗതിയുടെയും അടിസ്ഥാനം. ടെക്നോളജി കാരണം വന്നുഭവിച്ച പ്രശ്നങ്ങളെ കൂടുതൽമെച്ചപ്പെട്ട ടെക്നോളജിയിലൂടെ പരിഹരിക്കാം എന്ന വിശ്വാസമാണ് മനുഷ്യരെ നയിക്കുന്നത്. ഫോസിൽ ഇന്ധനം തീർന്നാൽ അണുശക്തി, ഹരിതഗൃഹ വാതകപെരുപ്പം തടയാൻ ക്ലീൻകോൾ ടെക്നോളജിയും കാർബൺ സെക്വസ്ട്രേഷനും, ആണവ യുദ്ധത്തിൽനിന്നു രക്ഷനേടാൻ ഭൂഗർഭ അറകൾ, മണ്ണുനശിച്ചു കൃഷിയോഗ്യമല്ലാതായാൽ ഹൈഡ്രോപോണിക്സ്, സാമ്പത്തിക അസമത്വങ്ങളും നീതി നിഷേധവും ഉയർത്തുന്ന ക്രമസമാധാനത്തകർച്ചയും സാമൂഹ്യ പ്രതിസന്ധികളും മറികടക്കാൻ ഹൈടെക് സുരക്ഷാ സംവിധാനങ്ങളും ഇലക്ട്രോണിക് സർവെയ്ലൻസും, അറ്റകൈയ്ക്ക് ഗോളാന്തര കോളനികൾ സ്ഥാപിച്ച് മറ്റൊരു താവളത്തിലേക്ക് ഒളിച്ചോടൽ! ഇതിനെല്ലാം നമ്മുടെ ടെക്നോളജി നമ്മെ തുണയ്ക്കും എന്ന യാന്ത്രിക ശുഭപ്രതീക്ഷ! ഇതാണ് നമ്മുടെ ഇന്നത്തെ അവസ്ഥ.

ഈ മായിക ചിന്തയിൽ നാം മറന്നുപോകുന്ന ചില അടിസ്ഥാന സത്യങ്ങൾ ഉണ്ട്.

- മനുഷ്യർ പ്രകൃതിയുടെ ഭാഗമാണ്. പ്രകൃതിയിൽനിന്നും വേറിട്ട ഒരു നിലനിൽപ്പില്ല.
- മനുഷ്യർ ഇല്ലെങ്കിലും പ്രകൃതി ഉണ്ടാവും; ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ. അതുകൊണ്ട് പ്രകൃതി സംരക്ഷണം എന്നത് വാസ്തവത്തിൽ

9th Malayalam_Combine.indb 23 25-03-2019 12:03:55

മനുഷ്യവാസത്തിന് അനുയോജ്യമായ രീതിയിൽ പ്രകൃതിയിലെ സന്തുലിതാവസ്ഥ പരിരക്ഷിക്കലാണ്. അത് ധാർമികതയോ സൗജന്യമോ ഒന്നുമല്ല; തികച്ചും സ്വാർത്ഥ പ്രേരിതമായ ഒരു ആവശ്യം മാത്രമാണ്.

പ്രകൃതിയിൽ എന്തെങ്കിലുമൊക്കെ ആഘാതം ഏല്പിച്ചുകൊണ്ടേ മനുഷ്യ സംസ്കൃതി സാധ്യമാകൂ. ആദ്യകാലത്തൊക്കെ ഈ ആഘാതങ്ങൾ പ്രകൃതിക്ക് താങ്ങാവുന്ന പരിധിക്കുള്ളിലായിരുന്നു. എന്നാൽ സാങ്കേതിക പുരോഗതി മനുഷ്യന്റെ ശേഷി വർധിപ്പിച്ചു; ആ പരിധി ഇന്ന് ഉല്ലംഘിക്കപ്പെട്ടിരിക്കുന്നു. ബോധപൂർവ്വമായ സ്വയം നിയന്ത്രണത്തിലൂടെ ഈ പരിധിക്കുള്ളിലേക്ക് വികസന പ്രവർത്തനങ്ങൾ ചുരുക്കിയില്ലെങ്കിൽ മാനവരാശിയുടെ ഭാവി ദുരിതപൂർണമാകും. ഇതാണ് സ്ഥായിത്വമുള്ള വികസനം (Sustainable developement) എന്ന സങ്കൽപ്പത്തിനാധാരം.

മനുഷ്യനും പ്രകൃതിയുമായുള്ള സന്തുലനം പലതലങ്ങളിലും സാധ്യമാണ്. പ്രാചീന ശിലായുഗത്തിൽ, കൃഷിക്കുമുമ്പ്, അങ്ങനെയൊരു സന്തുലനം ഉണ്ടായിരുന്നു. വ്യവസായ വിപ്ലവത്തിനു മുമ്പും പല സമൂഹങ്ങളും അത്തരം സന്തുലനത്തിലാണ് ജീവിച്ചിരുന്നത്. പക്ഷേ ഉയർന്ന ശിശുമരണ നിരക്ക്, കുറഞ്ഞ പ്രതീക്ഷിത ആയുസ്സ്, പ്രത്യക്ഷവും പരോക്ഷവും ആയ അടിമത്തം, ബഹുഭൂരിപക്ഷം ജനങ്ങളുടെയും നിരക്ഷരതയും മൃഗസമാനമായ ജീവിതവും, മഹാമാരികൾ തുടങ്ങിയവ അന്നത്തെ ജീവിതവ്യവസ്ഥയുടെ അനിവാര്യ ഭാഗങ്ങളായിരുന്നു. ശാസ്ത്ര സാങ്കേതിക പുരോഗതിയും ഉത്പാദന ശക്തികളുടെ വികാസവുമാണ് അവയിൽ നിന്നുള്ള മോചനം സാധ്യമാക്കിയത്. അതിനാൽ മനുഷ്യവംശത്തിന്റെ നിയോഗം പ്രകൃതിയോടുള്ള സന്തുലനം പാലിച്ചുകൊണ്ട് ആകാവുന്നത്ര ഉയർന്ന ജീവിത ഗുണത കൈവരിക്കുക എന്നതാണ് എന്നു പറയാം. ശാസ്ത്ര സാങ്കേതിക വിദ്യകൾ അതിനാണ് ഉതകേണ്ടത്. അതിനുപകരം അവയെ സ്വകാര്യ ലാഭത്തിനും ഒരു ന്യൂനപക്ഷത്തിന്റെ കാമപൂർത്തിക്കും വേണ്ടി ദുരുപയോഗപ്പെടുത്തിയതാണ് ഇന്നത്തെ പ്രതിസന്ധിക്ക് കാരണം.

ഇതു മറികടക്കണമെങ്കിൽ "ആകാവുന്നത്ര ഉയർന്ന ജീവിതഗുണത" എന്ന സങ്കൽപ്പത്തെ കൂടുതൽ ആഴത്തിൽ പരിശോധിക്കേണ്ടിയിരിക്കുന്നു. തീർച്ചയായും അത് പ്രതിശീർഷ ജി. ഡി. പി. (Gross Domestic Production) പരമാവധിയാക്കലല്ല. പി.ക്യൂ. എൽ.ഐ. എന്ന സൂചകത്തിൽ അടങ്ങിയിരിക്കുന്ന സാക്ഷരത, പ്രതീക്ഷിത ആയുസ്സ്, ശിശുമരണനിരക്ക് തുടങ്ങിയ ഏതാനും ഘടകങ്ങളിൽ ഒതുങ്ങുന്നതുമല്ല. സാമൂഹ്യ നീതി, അവസരസമത്വം, സ്വന്തം ജീവിത സാഹചര്യങ്ങൾ സ്വയം തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം, അധികാരത്തിലുള്ള ജനാധിപത്യപരമായ പങ്കാളിത്തം, സ്ത്രീകളോടും ദുർബലവിഭാഗങ്ങളോടുമുള്ള പെരുമാറ്റം, സമൂഹത്തിലെ മദ്യാസക്തി, ഹിംസാത്മകതയും കുറ്റകൃത്യങ്ങളും തുടങ്ങിയ മറ്റനേകം വശങ്ങളും പരിഗണിക്കപ്പെടേണ്ടതുണ്ട്. ഇവയെ എല്ലാം അളക്കാനോ പട്ടികപ്പെടുത്താനോ സാധ്യമല്ല. എന്നാൽ, അതുകൊണ്ടുമാത്രം അവയെ അവഗണിക്കാനും കഴിയില്ല. അവയെ പ്രതിഫലിപ്പിക്കുന്ന ചില സൂചകങ്ങൾകൂടി ഉൾപ്പെടുത്തി ജീവിതഗുണതാസങ്കൽപ്പത്തെ കൂടുതൽ സമഗ്രമാക്കുന്നത് പ്രയോജനപ്രദമായിരിക്കും.

അതായത് വികസനത്തിന്റെ സാമ്പത്തിക(ഭൗതിക)ഘടകത്തിനു പുറമേ സാമൂഹ്യം, സാംസ്കാരികം എന്നീ ഘടകങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഭൗതികവികസനത്തിന് ഉത്പാദനവർധന അനിവാര്യമാണ്. എല്ലാവർക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യ സേവനം, വൃദ്ധർക്കും വികലാംഗർക്കും അഗതികൾക്കുമുള്ള പരിരക്ഷ തുടങ്ങിയവ ഉറപ്പാക്കാൻ സമ്പത്തുത്പാദനം ആവശ്യത്തിനുണ്ടായേ തീരൂ. എന്നാൽ ജീവിതഗുണതയുടെ സാമൂഹ്യ-സാംസ്കാരിക മാനങ്ങൾ

9th Malayalam_Combine.indb 24 25-03-2019 12:03:55

നിറവേറാൻ മൊത്തം ഉത്പാദന വർദ്ധനവിനേക്കാൾ, ഉള്ളതിന്റെ നീതിയുക്തമായ വിതരണമാണ് കൂടുതൽ പ്രധാനം.

'ഉള്ളവന്റെ' സമ്പത്ത് ഇനിയും വർദ്ധിപ്പിക്കാൻ ഉതവി ചെയ്തു കൊടുക്കുന്നതിലൂടെ ജി.ഡി.പി. പരമാവധി വർധിപ്പിക്കുക, അത് 'കിനിഞ്ഞിറങ്ങി' മറ്റുള്ളവർക്കും ഗുണമുണ്ടാവുക. എന്നതാണ് മുതലാളിത്തത്തിന്റെ സിദ്ധാന്തം (Trickle down theory). എന്നാൽ ഏറ്റവും സമ്പന്നരാജ്യമായ അമേരിക്കയിൽ പോലും ഈ സമീപനം സാമൂഹ്യ നീതിയോടുകൂടിയുള്ള വികസനമോ, നാം നേരത്തെ സൂചിപ്പിച്ചതുപോലുള്ള സമഗ്രമായ ജീവിതഗുണതയോ സൃഷ്ടിച്ചിട്ടില്ല എന്നാണനുഭവം. അതേസമയം, വിതരണനീതിയിൽ കുറേയൊക്കെ ശ്രദ്ധ വച്ച യൂറോപ്പിലെ 'സോഷ്യൽ ഡെമോക്രാറ്റിക്' രാജ്യങ്ങളിലെ അവസ്ഥ താരതമ്യേന മെച്ചമാണ്. പക്ഷേ അവിടങ്ങളിലെ ഉപഭോഗസമൃദ്ധി നില നിർത്തപ്പെടുന്നത് ലോക വിഭവങ്ങളുടെ സിംഹഭാഗവും അവരുൾപ്പെടെയുള്ള വികസിത രാജ്യങ്ങൾ കൈയടക്കുന്നതുകൊണ്ടാണ്. ആഗോളതാപനത്തിന്റെ മുഖ്യകാരണമായ ഹരിതഗൃഹവാതകങ്ങളുടെ പാതിയും അവരുടെ സംഭാവന'യാണ്. അതുകൊണ്ടുതന്നെ അവരുടേത് നിലനിർത്താവുന്ന മാതൃകയല്ല.

മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വ്യത്യസ്തമായ ഉത്പാദനവിതരണ ക്രമങ്ങൾ പരീക്ഷിക്കപ്പെടുകയുണ്ടായി. തത്ഫലമായി അവിടെ വിതരണ നീതിയും സാമൂഹ്യ നീതിയും സാമാന്യം തൃപ്തികരമായ അളവിൽ കൈവരിക്കാൻ കഴിഞ്ഞു. എന്നാൽ അവിടങ്ങളിലും പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമായ അളവിൽ അനുഭവപ്പെടുകയുണ്ടായി. മാത്രവുമല്ല എന്തുകൊണ്ട് അവ നിലനിർത്താൻ കഴിഞ്ഞില്ല, എന്തുകൊണ്ട് ചൈന ഇന്ന് ലോകത്തിലെ ഏറ്റവും ഉയർന്ന കാർബൺ മലിനീകാരിയായി, തുടങ്ങിയ ചോദ്യങ്ങൾക്കും ഉത്തരം കാണേണ്ടതുണ്ട്. ചൈനയിലെ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനേക്കാൾ, പടിഞ്ഞാറൻ സമൂഹത്തിന്റെ ഉപഭോഗത്വരയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി അനുവർത്തിച്ച ഉത്പാദനശൈലി ചൈനയെ ഈ നിലയിൽ എത്തിച്ചിരിക്കുന്നു എന്നത് ഉത്കണ്ഠ ഉണർത്തുന്നു.

അതിന്റെയർത്ഥം ഇതുവരെ പരീക്ഷിച്ച മാതൃകകളൊന്നും തൃപ്തികരമല്ല എന്നാണ്. എന്ത്, എങ്ങനെ, ഏതളവിൽ ഉത്പാദിപ്പിക്കണം എന്ന തീരുമാനം വിപണിക്കു വിടാൻ പറ്റില്ല. ആവശ്യങ്ങളും ആർത്തിയും തമ്മിൽ വേർതിരിച്ചേ മതിയാകൂ. ആവശ്യങ്ങളെ വേർതിരിക്കുന്ന രേഖയ്ക്ക് കാലദേശവസ്ഥകളും സാങ്കേതിക വിദ്യകളുടെ വികാസവും അനുസരിച്ച് മാറ്റം വരുത്തേണ്ടി വന്നേക്കാം. പക്ഷേ ആ വേർതിരിവ് പ്രധാനം തന്നെയാണ്. അത് ഉറപ്പാക്കാൻ കഴിവുള്ള, ഇച്ഛാശക്തിയുള്ള, ഭരണകൂടവും ഉണ്ടാവണം. ഒരു ജനാധിപത്യ സംവിധാനത്തിൽ ജനകീയ ഇച്ഛയാകണമല്ലോ ഭരണകൂടത്തിലൂടെ പ്രകാശിതമാവുക. അതിനാൽ ഇതിനനുകൂലമായ ശക്തമായ ജനവികാരമാണ് ആദ്യം ഉണ്ടാകേണ്ടത്. അല്ലാതുള്ള നിയമനിർമ്മാണവും അടിച്ചേൽപ്പിക്കലും നിലനിൽക്കില്ല എന്നതാണനുഭവം.

ഇത്തരമൊരു വികസനസംസ്കാരം വ്യാപകമായ സാമൂഹ്യ വിദ്യാഭ്യാസത്തിലൂടെയേ വളർത്തിയെടുക്കാൻ കഴിയൂ. ആവശ്യങ്ങളെ പരിമിതപ്പെടുത്തൽ, ആർത്തി പെരുപ്പിക്കുന്ന പരസ്യങ്ങളും പ്രചരണങ്ങളും നിരുത്സാഹപ്പെടുത്തൽ, പൊങ്ങച്ചമൂല്യത്തേക്കാൾ ഉപയോഗമൂല്യത്തിന് പ്രാധാന്യം കൊടുക്കൽ, ഇതെല്ലാം ആ സംസ്കാരത്തിന്റെ ഭാഗമാകണം.

9th Malayalam_Combine.indb 25 25-03-2019 12:03:55

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുഞ്ഞെഴുതുക

1. പരിസ്ഥിതിയും വികസനവും എന്ന ലേഖനം എഴുതിയത് ആര്?

   അ) ഡോ. ആർ. വി. ജി. മേനോൻ ആ) എം. ആർ. ചന്ദ്രശേഖരൻ

   ഇ) കെ. രമ ഈ) ആർ. നീലകണ്ഠൻ

2. ആണവയുദ്ധത്തിൽ നിന്നും രക്ഷപ്പെടാനുള്ള മനുഷ്യന്റെ കണ്ടുപിടിത്തം ഏത്?

   അ) അന്തർവാഹിനി ആ) ഭൂഗർഭ അറകൾ

   ഇ) റോക്കറ്റുകൾ ഈ) ഗുഹകൾ

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക

1. മാനവരാശിയുടെ ഭൗതിക പുരോഗതിയുടെ അടിസ്ഥാനമെന്ത്?
2. മനുഷ്യരെ മറ്റു ജീവികളിൽനിന്നു വ്യത്യസ്തരാക്കുന്ന ഘടകം ഏത്?

III. ഉത്തരം ചുരുക്കിയെഴുതുക

1. മായിക ചിന്തയിൽ മനുഷ്യർ മറന്നുപോകുന്ന അടിസ്ഥാന സത്യങ്ങൾ എന്തെല്ലാം?
2. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വ്യത്യസ്തമായ ഉത്പാദന വിതരണ ക്രമങ്ങൾ പരീക്ഷിച്ചതിന്റെ അനന്തരഫലമെന്ത്?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. ഉയർന്ന ജീവിതഗുണത എന്ന സങ്കൽപ്പത്തെക്കുറിച്ച് വിവരിക്കുക.
2. 'വികസന സംസ്കാരത്തെ സാമൂഹിക വിദ്യാഭ്യാസത്തിലൂടെ മാത്രമേ വളർത്തിയെടുക്കാൻ സാധിക്കൂ'- സമർത്ഥിക്കുക.

9th Malayalam_Combine.indb 26 25-03-2019 12:03:55



ലളിതാംബിക അന്തർജ്ജനം [1909-1987] കൊല്ലം ജില്ലയിലെ കോട്ടവട്ടത്ത് ജനിച്ചു. നമ്പൂതിരിസ്ത്രീകൾ അനുഭവിച്ചിരുന്ന ദുരിതങ്ങളെക്കുറിച്ച് കഥകളും നോവലും രചിച്ചിട്ടുള്ള കഥാകാരിയാണ്. അന്തർജ്ജനത്തിന്റെ പ്രസിദ്ധ നോവലായ അഗ്നിസാക്ഷിക്ക് കേരള സാഹിത്യഅക്കാദമി പുരസ്കാരം, വയലാർ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. മാണിക്കൻ, കുഞ്ഞോമന, ഗോസായി പറഞ്ഞ കഥ, അഗ്നിപുഷ്പങ്ങൾ തുടങ്ങിയവയാണ് പ്രധാന കഥാസമാഹാരങ്ങൾ. ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ എന്ന സമാഹാരത്തിലെ ഒരു കഥയാണ് തലമുറകൾ.

അത്താഴമുണ്ടുകൊണ്ടിരിക്കുമ്പോഴാണ്, അപ്രതീക്ഷിതമായി ഫോൺ ബെല്ലടിച്ചത്. എച്ചിൽകൈ ചുരുട്ടിപ്പിടിച്ച് ഇടതുകൈകൊണ്ട് ഫോണെടുത്തു. വാർത്ത കേട്ടപ്പോൾ ആകെ വിറയൽ-സംഭ്രമം വാക്കിടറി.

"...ങേ! എന്താണവന് സുഖക്കേട്? മിനിഞ്ഞാന്ന് ഇവിടെനിന്നും പോകുമ്പോൾ പ്രത്യേകിച്ച് അസുഖമൊന്നുമില്ലായിരുന്നല്ലോ. തലകറക്കമെന്നോ. ഛർദ്ദിയും മയക്കവുമെന്നോ... അവനെ ശരിക്കും സൂക്ഷിക്കണേ... ഞാനിതാ ഉടൻ പുറപ്പെടുകയായി. രണ്ടു മണിക്കൂറിനകം അവിടെയെത്തും... നിങ്ങൾക്ക് അറിയാമല്ലൊ, എന്റെ എല്ലാമാണവൻ... ഞാനെത്തുന്നതുവരെ നിങ്ങൾതന്നെ എല്ലാം നോക്കിക്കൊള്ളണേ."

അയാൾ ഊണു പൂർത്തിയാക്കാതെ എഴുന്നേറ്റു കൈകഴുകി. ഭാര്യയോടു പറഞ്ഞു: "ഞാൻ ഇപ്പോൾത്തന്നെ നഗരത്തിലേക്ക് പോവുകയാണ് മോന് നല്ല സുഖമില്ലത്രെ. ആസ്പത്രിയിലാണ്. തലചുറ്റലോ ഛർദ്ദിയോ. സാരമില്ല. നീ പേടിക്കരുത് വാതിലടച്ചോളൂ. അവിടെച്ചെന്നാലുടൻ ഞാൻ ഫോൺ ചെയ്യാം. പരിഭ്രമിക്കാനൊന്നുമില്ല."

മറുപടി കേൾക്കാൻ കാത്തുനില്ക്കാതെ അയാൾ തിടുക്കത്തിൽ ഡ്രൈവറെ വിളിച്ചുണർത്തി. വണ്ടി പുറപ്പെടുന്നതും നോക്കിക്കൊണ്ട് പോർട്ടിക്കോയിൽ നില്ക്കുമ്പോൾ മാലതിയമ്മ പൊട്ടിക്കരഞ്ഞുപോയി. ഒരേ ഒരു ശബ്ദം മാത്രമേ അവർ കേൾക്കുന്നുണ്ടായിരുന്നുള്ളൂ. ഒരേ ഒരു രൂപം തന്റെ മകൻ. തന്റെ ഒരേ ഒരു മകൻ. ഓമനയായ ഏക മകൻ. അവനെന്തു പറ്റിയാവോ? കാറിന്റെ ഇരമ്പൽ കേൾക്കാനാവുന്നതുവരെ അവർ വാതിൽപടിയിൽ പിടിച്ച് ശൂന്യതയിലേക്ക് നോക്കിനിന്നു. അദ്ദേഹം വിളിച്ചില്ലെങ്കിലും താൻ എന്തുകൊണ്ട് ഓടിച്ചെന്ന് കാറിൽ കയറിയില്ല? അച്ഛനും മകനും തമ്മിലുള്ള സമാഗമം എങ്ങനെയിരിക്കും? മാലതിയമ്മ ഭയപ്പെട്ടിരുന്ന ദുരന്തമാണിത്. പിതാവും പുത്രനും തമ്മിൽ കുറേ നാളായി സംസാരിക്കാറില്ല. അച്ഛന്റെ ജീവിതരീതി മകൻ ഇഷ്ടപ്പെട്ടിരുന്നില്ല. അവൻ വല്ലപ്പോഴുമേ അവധിയിൽ വരൂ. അതും ഒരു വീർപ്പുമുട്ട് പോലെ. അച്ഛൻ വലിയ നേതാവായി മാറിയതിനുശേഷമാകട്ടെ, ധാരാളംപേർ വീട്ടിൽ വരും. അധികവും രാത്രിയിൽ. അച്ഛന്റെ ഓഫീസായ ഔട്ട് ഹൗസിലേക്ക് ആരും കടന്നുചെല്ലുന്നത് അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല. അവിടെയാണെങ്കിലോ? എപ്പോഴും വലിയ ആൾത്തിരക്കും പൊട്ടിച്ചിരിയും ബഹളവുമാണ്. അപൂർവം ചിലപ്പോൾ കരച്ചിലുകൾ കേൾക്കാം. സുന്ദരികളായ യുവതികളെ കാണാം. ഇവരെല്ലാം ആവലാതിക്കാരാണത്രെ. വരവും പോക്കും ഏറെ സംശയങ്ങളുണർത്തി. ആൾക്കാർ പലതും പറഞ്ഞു മകന് ഇതൊക്കെ വലിയ കുറച്ചിലായാണ് തോന്നിയത്. വീട്ടിലെ

9th Malayalam_Combine.indb 27 25-03-2019 12:03:56

ജീവിതരീതികളും അന്തേവാസികളെയും അവൻ വെറുത്തു. ഔട്ട്ഹൗസിന്റെ അടച്ചിട്ട വാതിലുകൾക്ക് അകത്ത് എന്തായിരിക്കാം നടക്കുന്നത് എന്നറിയണമല്ലോ. ഒരു ഗുരുനാഥന്റെ ഗൗരവത്തിൽ-പോലീസുകാരന്റെ ഗമയോടെ-ഒരു ദിവസം അവൻ ധൈര്യമായി കടന്നുചെന്നു. അച്ഛൻ മകനു കാണാവുന്ന പരുവത്തിലായിരുന്നില്ല, അപ്പോൾ. അയാൾ ദേഷ്യപ്പെട്ട് അലറി 'ഉം ആരാണ് നിന്നെ ഇങ്ങോട്ട് പറഞ്ഞയച്ചത്? ഇവിടെ കടക്കരുതെന്ന് പറഞ്ഞിട്ടില്ലേ...'

മകൻ മടങ്ങി വന്ന് തന്നോട് ആവലാതി പറഞ്ഞു: ...എന്താണമ്മേ നമ്മുടെ വീട്ടിൽ എന്നും നടക്കുന്നത്? ഇതിപ്പോൾ ഒരു വീടല്ലെന്നും തോന്നുന്നല്ലോ. ബാറും കാബറേയുമുള്ള ഒരു ഹോട്ടൽ. അമ്മേ, അച്ഛനു ഭ്രാന്താണെന്നു തോന്നുന്നു. കണ്ണുകൾ ചുവന്നിരിക്കുന്നു. തല ആടുന്നു. ശബ്ദം കുഴയുന്നു. എനിക്ക് സത്യത്തിൽ പേടിയാവുന്നു....'

മകനെ സമാശ്വസിപ്പിച്ചുകൊണ്ട് അന്ന് താൻ പറഞ്ഞു: 'സാരമില്ല മോനേ. കുറെക്കഴിയുമ്പോൾ എല്ലാം ശരിയായിക്കോളും. ഈശ്വരനോട് പ്രാർത്ഥിക്ക്. അച്ഛനിപ്പോൾ വലിയ നേതാവല്ലേ. അതിനൊത്ത പ്രൗഢിയും ഗമയും വേണ്ടേ. ഞാൻ ക്ഷമിക്കുന്നു നീയും ക്ഷമിച്ച് കാത്തിരിക്കൂ....'

അവനാകെ ദുഃഖിതനും പരിഭ്രാന്തനുമായിരുന്നു. കണ്ണുനീർ വാർത്തുകൊണ്ട് അവൻ പറഞ്ഞു: 'ഇങ്ങനത്തെ ജീവിതരീതി അച്ഛൻ തുടരുകയാണെങ്കിൽ ഞാനിനി ഇങ്ങോട്ടില്ലമ്മേ. ഞങ്ങൾ രണ്ടുപേരും ചേരില്ല എന്നെനിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു.'

താൻ വളരെയേറെ കരഞ്ഞു. അന്നു രാത്രി ഈ സംഭവം അറിഞ്ഞപ്പോൾ അച്ഛൻ കോപിച്ചു. 'അവൻ വരണ്ടാ. നീയും പൊയ്ക്കൊ... എനിക്കിതൊക്കെ ഒരു രസം. ഞാനിങ്ങനെതന്നെ കഴിയും. ആർക്കും നഷ്ടമില്ലല്ലോ.'

അന്നദ്ദേഹം സൂചിപ്പിച്ച ലാഭനഷ്ടങ്ങളുടെ കണക്ക് ഇന്നാവുമോ കൂട്ടി നോക്കുന്നത്? മാലതിയമ്മയ്ക്ക് ശരീരമാകെ വിറക്കുന്നതുപോലെ തോന്നി.

വേറൊരു കാർ എടുത്ത് പിറകെ പോയാലോ എന്നു പോലും അവർ സംശയിച്ചു. പക്ഷേ, വീട്... പിറന്ന നാട്... എല്ലാ സ്ഥലത്തും ഇതൊക്കെ പാട്ടായാലോ? മാനം രക്ഷിക്കണ്ടേ? ദൈവം വരുത്തുംപോലെയൊക്കെ വരട്ടെ... മാലതിയമ്മ പോർട്ടിക്കോയിലെ തൂണിൽ ചാരി തലകുനിച്ചുനിന്നു. ഹൃദയത്തെ ഏകാഗ്രമാക്കി പ്രാർത്ഥനാപൂർവ്വം മകനെ സങ്കല്പത്തിലുറപ്പിച്ചു... ദീർഘായുസ്സായി ഇരിക്കൂ കുട്ടി. നല്ലവരായിരിക്കു. അമ്മയ്ക്ക് നീ മാത്രമേയുള്ളൂ.

പട്ടണത്തിൽ മകനെ അഡ്മിറ്റ് ചെയ്ത ആസ്പത്രിയിൽ എത്തിയപ്പോഴേക്കും അച്ഛൻ വല്ലാതെ തളർന്നിരുന്നു. കാർ അതിവേഗത്തിലാണോടിച്ചിരുന്നത് അദ്ദേഹത്തിന് വല്ലാത്ത ഭയവും ഉത്കണ്ഠയും തോന്നി. ദുഖത്താൽ കണ്ണുകൾ നനയുന്നുവെന്നു തോന്നി. ഛേ, സഹപ്രവർത്തകരുടെയിടയിൽ വളരെ കരുത്തനായറിയപ്പെടുന്ന താൻ കരയുകയോ? അയാൾ കാറിന്റെ ബാക്ക് സീറ്റിൽ തളർന്നിരുന്നു.

ആശുപത്രിയിൽ എത്തിയ ഉടനെ ഡോക്ടറുടെ അനുവാദത്തോടെ അയാൾ തിടുക്കത്തിൽ അകത്തുകടന്നു. ഇന്റൻസീവ് കെയർ യൂണിറ്റിലെ വെളുത്ത കിടക്കയിൽ തളർന്നു കിടക്കുകയാണവൻ. കണ്ണടച്ചിരിക്കുന്നു. ചലനമില്ല. കണ്ടാൽ ജീവനുണ്ടോ എന്നുപോലും സംശയം തോന്നും. നെറ്റിയിൽ കൈ വച്ചു നോക്കി. നല്ല തണുപ്പ്. മുടി തലോടി. നെറ്റിയിലേക്ക് വീണു കിടക്കുന്ന മുടി മാടി ഒതുക്കി. അയാൾക്ക് കുറേ കാലത്തിനിടയ്ക്ക് ആദ്യമായി വാത്സല്യം തോന്നി. തന്റെ മകൻ. തന്റെ മകനിതാ

9th Malayalam_Combine.indb 28 25-03-2019 12:03:56

തളർന്ന് പരവശനായി മുമ്പിൽ കിടക്കുന്നു. വാത്സല്യത്തോടെ, അപാരമായ സ്നേഹത്തോടെ, അയാൾ മകന്റെ നെറ്റിയിൽ മൃദുവായി ഉമ്മവച്ചു. അവൻ സ്പർശനമേറ്റ് കണ്ണു തുറന്നു നോക്കി.

സമീപത്ത് നിന്നിരുന്ന ഡോക്ടർ തടഞ്ഞു. 'ഉണർത്തരുത് സാർ. എന്തോ മാനസികാഘാതത്തിൽപ്പെട്ട് അളവിൽ കൂടുതൽ മയക്കുമരുന്നു കഴിച്ചിരിക്കുകയാണ്. ഉറങ്ങുകയാവും ഉചിതം.'

മകൻ അമ്പരന്ന് അച്ഛന്റെ മുഖത്ത് ഉറ്റുനോക്കി.... അച്ഛൻ....! അയാൾക്ക് വിങ്ങിപ്പൊട്ടുന്നതുപോലെ തോന്നി. 'മോനേ... നിനക്കെന്തു പറ്റി.. നീ മയക്കു മരുന്ന് കഴിച്ചെന്നോ...'

മകൻ ചുണ്ടനക്കി. വാക്കുകൾ തളർന്നു പോകുന്നു. ...സാരമില്ലച്ഛാ.... ജീവിതത്തിൽ ആകെ രസം തോന്നുന്നില്ല... ആശിക്കാൻ, പ്രവർത്തിക്കാൻ ഒന്നുമില്ലാത്തതു പോലെ...'

'പിന്നെ... പിന്നെ... നമ്മൾ രണ്ടും ചേരില്ലച്ഛാ നമുക്കൊരുമിച്ചു പോകാൻ വഴിയില്ല. രണ്ടു തലമുറയാണ്... ഒന്നു വഴിമാറണം ആർക്കും ഉപദ്രവമില്ലല്ലോ. മാപ്പു തരൂ...

അയാൾക്ക് ഒരു നടുക്കം അനുഭവപ്പെട്ടു. എന്തൊരു ചീത്തപ്പേരാണ് ഇതുമൂലം ഉണ്ടാകാൻ പോകുന്നത്. കുറച്ചിലായല്ലോ മോനെ. എന്റെ പേരു കൂടി നീ ചീത്തയാക്കി. നാളെ പത്രക്കാർക്കെഴുതാൻ വകയായി. എന്നെ ചീത്ത പറയാൻ കാത്തിരിക്കുകയാണവർ. നീ എന്തിനിതു ചെയ്തു? എന്തിനീ അപകടത്തിൽ ചെന്നു ചാടി?

തളരുന്ന ചുണ്ടുകൾ അനക്കി അവൻ സ്വല്പം ആലോചിച്ചു പറഞ്ഞു: "ആർക്കും നഷ്ടമില്ലല്ലോ അച്ഛാ. സ്വല്പം രസത്തിന് ശീലിച്ചതാണ് ഞാനിത്. അപകടം വരുന്നെങ്കിൽ വരട്ടെ. സാരമില്ല എന്റെ അച്ഛനെക്കുറിച്ചുള്ള അപവാദങ്ങൾ നാടുനീളെ കേൾക്കുന്നതിലും ഭേദമാണിത്... ഇതൊക്കെയൊരു പാരമ്പര്യമാണെന്ന് ചിലപ്പോൾ തോന്നും. ഞാൻ ജീവിച്ചിരുന്നാൽ എന്റെ മകനും...'

അച്ഛൻ മകന്റെ വായ് പൊത്തി. കണ്ണിൽ ഇരുട്ടു മൂടുന്നതുപോലെ അയാൾക്കുതോന്നി. തന്റെ കഴിഞ്ഞകാല പ്രവൃത്തികൾ. മകനുമായുള്ള ഏറ്റുമുട്ടൽ. അകൽച്ച. ഇതെല്ലാം ഒരു ചലച്ചിത്രത്തിലെന്നപോലെ അയാളുടെ മനസ്സിൽ തെളിഞ്ഞുവന്നു എന്തൊരു ജീവിതമായിരുന്നു തന്റേത്! ഒരു വീടായിരുന്നോ? അച്ഛൻ, മകൻ. ഭർത്താവ്, ഭാര്യ. ഈ ബന്ധങ്ങളെല്ലാം താൻ തകർത്തില്ലേ? പരിക്ഷീണനായതുപോലെ അയാൾ മകന്റെ കിടക്കയിലിരുന്നു. മകന്റെ തണുത്ത കൈ ഗ്രഹിച്ചുകൊണ്ട് ഒരു ധ്യാനത്തിലെന്നവണ്ണം അയാൾ പറഞ്ഞു: "അങ്ങനെ പറയാതെ മോനെ. നീ അച്ഛനു മാപ്പുതരൂ. അച്ഛന്റെ ഒരു ജന്മം ഇന്ന് തീരുകയാണ്. ഇന്നുമുതൽ നിന്റെ അച്ഛൻ മറ്റൊരാളായിരിക്കും. നീ പറഞ്ഞ അടുത്ത തലമുറയെങ്കിലും നന്നായി വരട്ടെ. അതുകാണാൻ, അതു കണ്ട് കൃതാർത്ഥരാകാൻ നീയും ഞാനും ജീവിച്ചിരിക്കണം... നിന്റെ കരം ഗ്രഹിച്ചുകൊണ്ട് ഈ അച്ഛൻ സത്യം ചെയ്യുന്നു. ഇന്നുമുതൽ ഞാൻ എല്ലാ ദുശ്ശീലങ്ങളും ഉപേക്ഷിക്കുന്നു. നമുക്ക് ഒരൊറ്റ തലമുറയാകാം. തെറ്റുകളില്ലാത്ത പുതിയൊരു തലമുറയുടെ പിറവി നമുക്ക് കാത്തിരിക്കാം. അതിനായി നീ വേഗം സുഖമായി വരൂ.....

9th Malayalam_Combine.indb 29 25-03-2019 12:03:56

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞടുത്തെഴുതുക

1. തലമുറകൾ എന്ന കഥയിലെ

   അമ്മ എന്ന കഥാപാത്രത്തിന്റെ പേരെന്താണ്?

   അ) ഭാർഗ്ഗവിയമ്മ

   ആ) മാലതിയമ്മ

   ഇ) മാധവിയമ്മ

   ഈ) ഭാരതിയമ്മ

2. നേതാവ് ആരെ കാണാനാണ് ആശുപത്രിയിലേക്കു തിരിച്ചത്?

   അ) മകനെ

   ആ) ഭാര്യയെ

   ഇ) മന്ത്രിയെ

   ഈ) സ്നേഹിതനെ

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

തലമുറകൾ എന്ന കഥ നൽകുന്ന സന്ദേശമെന്ത്?

9th Malayalam_Combine.indb 30 25-03-2019 12:03:56

ഭാഗം 3

സംസ്കാരം - അതാണ് ജീവിതം





പഠനലക്ഷ്യങ്ങൾ

- മാനവികതയിലൂന്നിയുള്ള പരിഷ്കാരവും സംസ്കാരവും മനസ്സിലാക്കി ജീവിതശൈലി രൂപപ്പെടുത്തൽ.
- നാം പാലിക്കേണ്ട ആചാരമര്യാദകൾ മനസ്സിലാക്കൽ.

പാഠഭാഗങ്ങൾ

പദ്യം: സുഖം സുഖം	- ഉള്ളൂർ എസ് പരമേശ്വരയ്യർ
ഗദ്യം: പരിഷ്കാരവും സംസ്കാരവും	- എൻ. വി. കൃഷ്ണവാരിയർ
ഉപപാഠം: അജ്ഞൻ (ചെറുകഥ)	- എം മുകുന്ദൻ

9th Malayalam_Combine.indb 31 25-03-2019 12:03:59

പദ്യം

സുഖം സുഖം

ഉള്ളൂർ എസ് പരമേശ്വരയ്യർ



ഉള്ളൂർ എസ് പരമേശ്വരയ്യർ [1877 - 1949] : ആധുനിക കവിത്രയത്തിൽപ്പെട്ട മഹാകവിയാണ് ഉള്ളൂർ. ഉജ്ജ്വല ശബ്ദാഡ്യനും ഉല്ലേഖനിപുണനുമായ കവി എന്ന് ഉള്ളൂരിനെ നിരൂപകർ വിശേഷിപ്പിച്ചിട്ടുണ്ട്.

ശബ്ദസൗന്ദര്യത്തോടൊപ്പം അർത്ഥഗാംഭീര്യവും ഒത്തിണങ്ങിയതാണ് അദ്ദേഹത്തിന്റെ കവിതകൾ. കവിതയ്ക്ക് പുറമേ ഗവേഷണരംഗത്തും സാഹിത്യചരിത്ര നിർമ്മാണരംഗത്തും മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഉമാകേരളം (മഹാകാവ്യം), കർണ്ണഭൂഷണം, ചിത്രശാല, ഭക്തിദീപിക (ഖണ്ഡകാവ്യങ്ങൾ), താരഹാരം, കിരണാവലി, മണിമഞ്ജൂഷ, അമൃതധാര, തരംഗിണി (കവിതാസമാഹാരങ്ങൾ) അംബ (നാടകം), കേരളസാഹിത്യചരിത്രം (ഭാഷാചരിത്ര ഗവേഷണഗ്രന്ഥം) എന്നിവയാണ് ഉള്ളൂരിന്റെ പ്രധാന കൃതികൾ.

തരംഗിണി എന്ന സമാഹാരത്തിലെ ഒരു പദ്യമാണ് 'സുഖം സുഖം'. പരോപകാരമാണ് യഥാർത്ഥ സുഖത്തിന് അടിസ്ഥാനം. ഈ പ്രപഞ്ചം പരോപകാര പ്രദമാണ്. മനുഷ്യജീവിതവും പരോപകാരത്തിൽ അധിഷ്ഠിതമാണെന്ന് ഈ പദ്യം വ്യക്തമാക്കുന്നു.

സുഖം സുഖം - ക്ഷോണിയെ നാകമാക്കാൻ
വേധസ്സുനിർമിച്ചവിശിഷ്ടവസ്തു
അതെങ്ങതെങ്ങെന്നു തിരഞ്ഞുതന്നെ-
യായുസ്സുപോക്കുന്നു ഹതാശർ നമ്മൾ.

പാരായ പാരൊക്കെയടക്കിയൊറ്റ-
ക്കൊറ്റക്കുടയ്ക്കുള്ളിലൊതുക്കിടുന്നോൻ ;
നമുക്കുപക്ഷേ, സുഖിയെന്നുതോന്നാം
രാജാധിരാജൻ വിഭുരത്നഹാരി.

9th Malayalam_Combine.indb 32 25-03-2019 12:03:59







ഭാരംപെറും പൊൻമകുടംവഹിച്ചു
മാറാത്തലക്കുത്തിൽ വലഞ്ഞ മന്നൻ
പതിഞ്ഞിരിപ്പീല പരക്കെ മുള്ളാം
ഭദ്രാസനത്തിൽ പരമാനുകമ്പ്യൻ

തന്നാൽകരേറേണ്ടവരെത്രപേരോ
താഴത്തു പാഴ്ച്ചേറിലമർന്നിരിക്കേ
താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിക്കെന്തൊരു ചാരിതാർത്ഥ്യം ?

പ്രപഞ്ചമാം പാൽക്കടലാവതും നാം
പഠിച്ചമട്ടൊക്കെ മഥിച്ചുനോക്കാം
സ്വഭോഗമാത്രോചിതമായ് ലഭിക്കും
സുഖാമൃതം ദുഃഖവിഷാംബുമിശ്രം.

9th Malayalam_Combine.indb 33 25-03-2019 12:04:00

ഒരച്ഛനമ്മയ്ക്കു പിറന്ന മക്കൾ
ഓർത്താലൊരൊറ്റത്തറവാട്ടുകാർനാം ;
നാഥന്റെ മുറ്റത്തു വിളഞ്ഞിടുന്ന
നന്മുന്തിരിക്കൊത്തു മനുഷ്യവർഗ്ഗം.

ആർത്തസ്വരം കേട്ടൊരു കാതു കാതു ;
കാരുണ്യമാർന്നീടിന ദൃഷ്ടി ദൃഷ്ടി ;
സാന്ത്വോക്തിയോതീടിന ജിഹ്വ ജിഹ്വ ;
സാധുക്കളെത്താങ്ങിന ബാഹു ബാഹു.

ഇനന്റെ ചെന്തീക്കതിർമാരി നിത്യ-
മിടംപെടും തൻ തലകൊണ്ടു താങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേൻമാവതാ ദീനദയാലു നില്പൂ.

ഉല്ലാസമുൾക്കൊണ്ടുയരെപ്പറക്കു-
മൊരോമനപ്പൈങ്കിളി നമ്മെ നോക്കി
ചെവിക്കുരുന്നിൽത്തെളിതേൻ തളിക്കും
സ്വാതന്ത്ര്യസംഗീതമുയർത്തിടുന്നു.

ഇറുപ്പവന്നും മലർ ഗന്ധമേകും ;
വെട്ടുന്നവന്നും തരു ചൂടകറ്റും ;
ഹനിപ്പവന്നും കിളി പാട്ടുപാടും ;
പരോപകാരപ്രവണം പ്രപഞ്ചം.

ഉദിച്ചു രണ്ടക്ഷരമാദിയിങ്കൽ
ഓങ്കാരബീജം പ്രഥമപ്രരോഹം-
സ്നേഹം - പ്രകൃത്യംബ കരത്തിലേന്തും
ദീപം പ്രകാശിപ്പതതിൻപ്രഭാവം.

യാതൊന്നു ദൈവത്തിനു മൂർത്തിപോലും ;
യാതൊന്നു വിശ്വത്തിനു തൂണുപോലും ;
യാതൊന്നു മോക്ഷത്തിനു കോണിപോലും ;
ആ സ്നേഹം - ആ സ്നേഹം - അഹോ! ജയിപ്പു.

9th Malayalam_Combine.indb 34 25-03-2019 12:04:00

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. സുഖം സുഖം എന്ന പദ്യം ഏതു സമാഹാരത്തിൽ ഉൾപ്പെട്ടതാണ്?

   അ) തരംഗിണി ആ) താരഹാരം

   ഇ) കിരണാവലി ഈ) മണിമഞ്ജുഷ

2. ഉജ്ജ്വലശബ്ദാഢ്യൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന കവി ആര്?

   അ) വള്ളത്തോൾ ആ) കുഞ്ചൻ നമ്പ്യാർ

   ഇ) ഉള്ളൂർ ഈ) കുമാരനാശാൻ

3. സുഖം ഏതിനെ നാകമാക്കുന്നു?

   അ) ആകാശം ആ) സമുദ്രം

   ഇ) പർവ്വതം ഈ) ഭൂമി

II. ഉത്തരമെഴുതുക

1. പാരായപാരൊക്കെയടക്കിയൊറ്റ-

   ക്കൊറ്റക്കുടയ്ക്കുള്ളിലൊതുക്കിടുന്നോൻ

   അ) ഏത് പദ്യത്തിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

2. തന്നാൽകരേറേണ്ടവരെത്രപേരോ

   താഴത്തുപാഴ്ച്ചേറിലമർന്നിരിക്കേ

   അ) ഏത് പദ്യത്തിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

III. ഉത്തരം ചുരുക്കിയെഴുതുക

1. രാജാധിരാജൻ ദയാർഹനായിത്തീരുന്നതെങ്ങനെ?
2. സ്നേഹമാഹാത്മ്യത്തെക്കുറിച്ച് കവി പ്രകീർത്തിക്കുന്നതെങ്ങനെ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. മനുഷ്യജീവിതം പരോപകാരപ്രദം ആണെന്ന് 'സുഖം സുഖം' എന്ന പദ്യം നമ്മോട് പറയുന്നു - വിശദീകരിക്കുക.

9th Malayalam_Combine.indb 35 25-03-2019 12:04:00

V. മനപ്പാഠമാക്കേണ്ട വരികൾ

ഇറുപ്പവന്നും മലർഗന്ധമേകും.....

..... അഹോ! ജയിപ്പൂ.

9th Malayalam_Combine.indb 36 25-03-2019 12:04:00

ഗദ്യം

പരിഷ്കാരവും സംസ്കാരവും

– എൻ. വി. കൃഷ്ണവാര്യർ



എൻ. വി. കൃഷ്ണവാര്യർ [1916 – 1989] തൃശ്ശൂർ ജില്ലയിലെ ആറാട്ടുപുഴയിൽ ജനിച്ചു മാതൃഭൂമി വാരികയുടെ പത്രാധിപരും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക സെക്രട്ടറിയുമായിരുന്നു. കവി, പത്രാധിപർ, വിവിധവൈജ്ഞാനികമേഖലകൾ കൈകാര്യം ചെയ്യാൻ കഴിവുള്ള പണ്ഡിതൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പ്രകൃതി, മനുഷ്യൻ, ഭാഷ, കല, സംസ്കാരം, സാഹിത്യം, പരിസ്ഥിതി, രാഷ്ട്രവ്യവഹാരം, വിദ്യാഭ്യാസം, അണുവൈദ്യുതി തുടങ്ങിയ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ലേഖനങ്ങളും, എൻ. വി രചിച്ചിട്ടുണ്ട്. നീണ്ടകവിതകൾ, കുറെക്കൂടി നീണ്ട കവിതകൾ, കൊച്ചുതൊമ്മൻ, ഗാന്ധിയും ഗോഡ്സേയും, കാളിദാസന്റെ സിംഹാസനം, എൻ. വി. യുടെ കൃതികൾ, ചാട്ടവാർ തുടങ്ങിയ കവിതാസമാഹാരങ്ങളും വീരരവിവർമ്മ ചക്രവർത്തി, വാസ്കോഡഗാമ തുടങ്ങിയ റേഡിയോനാടകങ്ങളും ബുദ്ധചരിതം, ചിത്രാംഗദ മുതലായ ആട്ടക്കഥകളും, ഉണരുന്ന ഉത്തരേന്ത്യ, അമേരിക്കയിലൂടെ എന്നീ യാത്രാ വിവരണങ്ങളുമായി ഒട്ടനേകം കൃതികൾ അദ്ദേഹത്തിന്റേതായുണ്ട്.

പരിഷ്ക്കാരം എന്ന പദംകൊണ്ടു നാം ഉദ്ദേശിക്കുന്നതു ജീവിതസൗകര്യങ്ങളുടെ ആകെത്തുകയാണ്. ഇംഗ്ലീഷിൽ 'സിവിലിസേഷൻ' എന്ന വാക്കാണു് ഈ അർത്ഥത്തിൽ ഉപയോഗിക്കുന്നത്. സഭ്യത എന്ന വാക്കു പരിഷ്കാരം എന്നതിന്റെ പര്യായമായി പ്രയോഗിക്കാറുണ്ട്. ഒരു നാട്ടിൽ ജീവിതസൗകര്യങ്ങൾ വർദ്ധിച്ചുവരും തോറും ആ നാട്ടിൽ പരിഷ്കാരം വർദ്ധിച്ചുവരുന്നതായി നാം പറയുന്നു. വയർ നിറച്ചുണ്ണുന്നവൻ പട്ടിണിക്കാരനേക്കാൾ പരിഷ്കാരിയാണ്. നല്ല കെട്ടിടങ്ങളിൽ വസിക്കുന്നവൻ ഗുഹാവാസിയെ അപേക്ഷിച്ചു കൂടുതൽ പരിഷ്കൃതനാകുന്നു. വസ്ത്രം ധരിക്കുന്നവന് വസ്ത്രമുടുക്കാത്തവനേക്കാൾ പരിഷ്കാരം ഏറും. പരുപരുത്ത മരത്തൊലി ഉടുക്കുന്നവനെ മിനുമിനുത്ത പട്ടാംബരം ചാർത്തുന്നവൻ പരിഷ്കാരത്തിൽ തുലോം അധഃകരിച്ചിരിക്കുന്നു. കാളവണ്ടിയിൽ സഞ്ചരിക്കുന്നവനേക്കാൾ മോട്ടോർ കാറിൽ സഞ്ചരിക്കുന്നവനും, മോട്ടോർ കാറിൽ സഞ്ചരിക്കുന്നവനേക്കാൾ വിമാനവാഹനനും അധികം സഭ്യനത്രേ.

ഈ തോതിൽ ഇന്നത്തെ ഇന്ത്യ പുരാതനാര്യാവർത്തത്തേക്കാൾ കൂടുതൽ പരിഷ്കൃതമാണ്. ഇന്നത്തെ ഇന്ത്യയെ പരിഷ്കാരത്തിൽ ഇന്നത്തെ അമേരിക്ക എത്രയോ പിന്നിട്ടിരിക്കുന്നു. യേശുക്രിസ്തുവിനേക്കാൾ പരിഷ്കൃതനാണ് ഐസൻഹോവർ. ശ്രീകൃഷ്ണനേക്കാൾ പരിഷ്കൃതരാണു നിങ്ങൾ. കാരണം, യേശു കഴുതപ്പുറത്തു സവാരി ചെയ്തിരുന്നുവെങ്കിൽ ഐസൻഹോവർ വിമാനത്തിലാണു സഞ്ചരിക്കുന്നതു; ശ്രീകൃഷ്ണൻ രഥത്തിൽ സഞ്ചരിച്ചിരുന്നെങ്കിൽ നിങ്ങൾ കാറിലാണു സുഖയാത്ര ചെയ്യുന്നത്.

9th Malayalam_Combine.indb 37 25-03-2019 12:04:00

നമുക്കു കൈവന്നുകഴിഞ്ഞിട്ടുള്ള പരിഷ്കാരം എല്ലാ മനുഷ്യർക്കും കൈവരുത്തുക എന്നതാണു പരിഷ്കാരത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പ്രധാനപ്രശ്നം. ഇന്നത്തെ ഒരു കോടീശ്വരന്നു ലഭിക്കുന്ന ജീവിതസൗകര്യങ്ങൾ മില്ലിൽ പണിയെടുക്കുന്ന തൊഴിലാളിക്കും ലഭിയ്ക്കുമാറാവണം, ഇതു അസാധ്യമല്ല. ഭൂമി ഇന്നും രത്നഗർഭയാണ്. അവളുടെ ഉല്പാദനശക്തി അളവില്ല, ഉല്പാദനത്തിനുമേൽ ഇന്നുള്ള ചങ്ങലക്കെട്ടുകൾ അഴിച്ചുകളയുകയേ വേണ്ട. സർവ്വസമൃദ്ധിയുടെ വഴിയിൽ ഇന്നു വിലങ്ങടിച്ചുകിടക്കുന്നതു മുതലാളിത്ത ജന്മിത്ത സമ്പ്രദായങ്ങളാകുന്നു. യന്ത്രം കണ്ടുപിടിക്കാതിരുന്ന കാലത്തിനു ജന്മിത്തവും, യന്ത്രയുഗത്തിന്റെ ആരംഭകാലത്തിനു മുതലാളിത്തവും പറ്റിയ ഏർപ്പാടുകളായിരുന്നു. പക്ഷേ, ഇന്നു് അവ മനുഷ്യസമുദായത്തെ വീർപ്പുമുട്ടിക്കുന്ന ഇടുക്കക്കുപ്പായങ്ങളായി മാറിക്കഴിഞ്ഞു. ഉല്പാദനോപകരണങ്ങളിൽ സമുദായത്തിന്റെ കൂട്ടുടമ ഏർപ്പെടുത്തുന്നതുകൊണ്ട് മാത്രമേ, കെട്ടികിടക്കുന്ന സാമൂഹ്യോല്പാദനശക്തികളെ അഴിച്ചുവിടാനാവൂ. അങ്ങനെ മാത്രമേ പരിഷ്കാരം സാർവത്രികമാക്കാൻ കഴിയൂ. അതുകൊണ്ടാണു ഇന്നത്തെ ചിന്തകന്മാരിൽ ഭൂരിപക്ഷവും സാമ്പത്തികമായി സോഷ്യലിസത്തിനും രാഷ്ട്രീയമായി കലർപ്പുജനാധിപത്യത്തിനും വേണ്ടി വാദിക്കുന്നതും നിലകൊള്ളുന്നതും.

അപ്പോൾ, പരിഷ്കാരത്തിന്റെ ഇന്നത്തെ പ്രശ്നം ഉയരുകയല്ല, പരക്കുകയാണ്; കുറച്ചാളുകൾക്കു കൂടുതൽ സുഖസാമഗ്രികൾ നേടിക്കൊടുക്കുകയല്ല, ഇന്നുള്ള സുഖസാമഗ്രികൾ എല്ലാവർക്കും കിട്ടാറാക്കുകയാണ് വേണ്ടത്. എല്ലാ രാഷ്ട്രങ്ങളേയും സാമ്യവാദപ്രജാതന്ത്രങ്ങളാക്കി മാറ്റുകയും, അവയെ ഒരു ലോകരാഷ്ട്രത്തിൽ 'എകീകരിക്കുകയുമാണു ഇരുപതാം നൂറ്റാണ്ടിന്റെ മഹനീയ ഭാഗധേയം.

സംസ്കാരം എന്ന പദം കൊണ്ടു നാം ഉദ്ദേശിക്കുന്നതു പരിഷ്കൃത ജീവിതം മനുഷ്യാത്മാവിൽ അല്ലെങ്കിൽ മനുഷ്യമനസ്സിൽ വരുത്തുന്ന പ്രവണതകളെയാണ്. ഇംഗ്ലീഷിൽ 'കൾചർ' എന്ന വാക്കാണ് ഈ അർത്ഥത്തിൽ ഉപയോഗിക്കുന്നത്. എന്നാൽ എല്ലാത്തരം പ്രവണതകളെയും നാം സംസ്കാരമെന്നു പറയാറില്ല. പരിതഃസ്ഥിതിയുടെയും ഭക്ഷണം നേടുന്ന സമ്പ്രദായത്തിന്റെയും ഫലമായി മനുഷ്യമനസ്സിൽ നല്ലതും ചീത്തയുമായ പല ചായ്വുകളും ജീവിതനിരീക്ഷണവിധങ്ങളും ഏർപ്പെടുന്നു. ഇവയിൽ നല്ലതെന്നു കരുതപ്പെടുന്നവയെ മാത്രമേ സംസ്കാരമെന്നു വ്യവഹരിക്കാറുള്ളൂ. മനസ്സിലെ വെളിച്ചവും മാധുര്യവുമാണു് സംസ്കാരമെന്നും ഒരു ആംഗ്ലേയ വിമർശകൻ അഭിപ്രായപ്പെട്ടത് ഈ അർത്ഥത്തിലാണ്. വസ്തുക്കളെപ്പറ്റിയുള്ള യഥാർത്ഥജ്ഞാനമാണു മനസ്സിലെ വെളിച്ചം. യഥാർതഥ്ജ്ഞാനം ശാസ്ത്രീയാഭ്യാസനത്തിന്റെ ഫലമാകുന്നു. ജ്ഞാനം ഭയത്തെ നിവാരണം ചെയ്യുന്നു. മനസ്സ് പ്രസന്നമാക്കുന്നു. മിക്കവാറും നിരന്തരശ്രമം കൊണ്ട് ആർക്കും നേടാവുന്ന ഒന്നാണു മനസ്സിലെ വെളിച്ചം.

കലാബോധവും സദാചാരബോധവുമാണ് മനസ്സിന്റെ മാധുര്യം. വസ്തുക്കൾക്കു നീളം, വീതി, കനം എന്നീ മൂന്നളവുകൾ ഉള്ളതായി നമുക്കു കണ്ടറിയാൻ കഴിയുന്നുണ്ട്. ചില ജന്തുക്കളുടെ (പശുവിന്റെയും മറ്റും) കണ്ണുകൾക്കു ഘനം കണ്ടറിയാനുള്ള കഴിവില്ലത്രെ. അവയെ സംബന്ധിച്ചിടത്തോളം വസ്തുക്കൾക്ക് നീളം, വീതി എന്നീ രണ്ട് അളവുകൾ നീളം, വീതി, ഘനം എന്നീ അളവുകൾക്കു പുറമെ കാലം എന്ന ഒരു അളവുകൂടി വസ്തുക്കൾക്കുള്ളതായി അസ്പൃഷ്ടമായ ഒരു ബോധം നമുക്കുണ്ട്. വസ്തുക്കളുടെ കാലികമായ പൗർവ്വാപര്യത്തെപ്പറ്റി നമുക്ക് അനുഭവമുണ്ടല്ലോ? ആധുനി

9th Malayalam_Combine.indb 38 25-03-2019 12:04:00



കമായ ഉന്നതോർജ്ജതന്ത്രം ഇതു ശരിവെയ്ക്കുകയും ചെയ്യുന്നു. എന്നാൽ ഈ നാലു അളവുകൾക്കും പുറമെ വേറെയും അളവുകൾ വസ്തുക്കൾക്കുണ്ട്. ഉൺമ (സത്യം), നന്മ (ശിവത്വം), അഴക് (സുന്ദരതലം)എന്നിവ അത്തരം അളവുകളാണ്. ഇവയെ പറ്റിയുള്ള ബോധം നമുക്കു നൽകുവാൻ ഒരു ശാസ്ത്രത്തിനും സാധ്യമല്ല.

മനുഷ്യന് മനസ്സിന്റെ അഗാധതയിൽ ചില പ്രത്യേകസമയങ്ങളിൽ അനുഭവിച്ചറിയുന്ന ചില ആത്യന്തികസത്യങ്ങളാണിവ. ഈ അളവുകളെ, അളവുകൾക്കപ്പുറത്തുള്ള- ഈ സനാതന മൂല്യങ്ങളെ അനുഭവിച്ചറിയുവാനുള്ള കഴിവാണ് മനസ്സിന്റെ മാധുര്യം. മാത്സര്യനിർമുക്തവും അന്തർമുഖവുമായ ജീവിതമാണ് ഇതു നേടുന്നതിനുള്ള മാർഗ്ഗം. പരിഷ്ക്കാരം എല്ലാവർക്കും കൈവരുകയും, പരസ്പരമത്സരത്തിന്റെ സ്ഥാനത്തു, സഹകരണം പ്രതിഷ്ഠിതമാവുകയും ചെയ്യുന്നതോടെ ഈ സംസ്കാരവും, മനുഷ്യരിൽ ഭൂരിഭാഗത്തിന്നും പ്രത്യേകപ്രയത്നമൊന്നും കൂടാതെതന്നെ ഒട്ടൊക്കെ കൈവരുന്നതായിരിക്കും.

9th Malayalam_Combine.indb 39 25-03-2019 12:04:00

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുഞ്ഞെഴുതുക

1. ഗാന്ധിയും ഗോഡ്സെയും എന്ന കൃതി എഴുതിയതാര്?

   അ) എസ് ഗുപ്തൻ നായർ

   ആ) ഡോ.എം ലീലാവതി

   ഇ) എൻ വി കൃഷ്ണവാര്യർ

   ഈ) കെ എം ജോർജ്ജ്

2. "ഇംഗ്ലീഷിൽ 'സിവിലിസേഷൻ' എന്ന വാക്കാണ്? ഈ അർത്ഥത്തിൽ ഉപയോഗിക്കുന്നത്." - ഏത് അർത്ഥത്തിൽ ?

   അ) പൈതൃകം

   ആ) പാരമ്പര്യം

   ഇ) പരിഷ്കാരം

   ഈ) സംസ്കാരം

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക

1. സംസ്കാരം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

2. ശാസ്ത്ര ബോധത്തിന് നൽകുവാൻ കഴിയാത്ത അളവുകൾ ഏവ?

III. ഉത്തരം ചുരുക്കിയെഴുതുക

1. പ്രത്യേകപ്രയത്നം കൂടാതെ മനുഷ്യരിൽ ഭൂരിഭാഗത്തിനും സംസ്കാരം കൈവരും എന്ന് പറയാൻ കാരണമെന്ത്?

2. പരിഷ്കാരവും സംസ്കാരവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക?

9th Malayalam_Combine.indb 40 25-03-2019 12:04:00

ഉപപാഠം

അജ്ഞൻ

എം മുകുന്ദൻ



എം. മുകുന്ദൻ 1942 –ൽ മയ്യഴിയിൽ ജനിച്ചു: മലയാള കഥയുടെ സൗന്ദര്യസങ്കല്പങ്ങളെ നവീകരിച്ച ആധുനിക എഴുത്തുകാരിൽ ശ്രദ്ധേയനാണ് എം മുകുന്ദൻ. കഥയുടെ സാമ്പ്രദായിക രചനാസങ്കേതങ്ങളെ നിരാകരിച്ച് വൈകാരികമായ തിളക്കമുള്ള ഒരു ശൈലി അദ്ദേഹം അവതരിപ്പിച്ചു. പരാജയപ്പെട്ട ജീവിതവും ഒറ്റപ്പെട്ട മനുഷ്യനും അദ്ദേഹത്തിന്റെ ചേതനയെ പിടികൂടിയ ആധിയാണ്. കേരള സാഹിത്യ അക്കാദമി അവാർഡ്കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്,വയലാർ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ഹരിദ്വാറിൽ മണി മുഴങ്ങുന്നു, ഡൽഹി, ദൈവത്തിന്റെ വികൃതികൾ, കേശവന്റെ വിലാപങ്ങൾ, നൃത്തം ചെയ്യുന്ന കുടകൾ കുട നന്നാക്കുന്ന ചോയി തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. മുകുന്ദന്റെ കഥകൾ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് അജ്ഞൻ എന്ന കഥ.

ഇളവെയിലിന്റെ ഗന്ധം ശ്വസിച്ചുകൊണ്ടു നടന്നു. ഇരുവശങ്ങളിലും വയലുകളാണ്, ഉഴുകുന്ന കാളകളുടേയും ചെറുമരുടേയും മണം പൊങ്ങുന്നു. പാതയില് വെള്ളാരം കല്ലുകൾ ചിതറിക്കിടപ്പുണ്ട്. പ്രഭാതത്തിന്റെ ഗന്ധങ്ങൾ ശ്വസിച്ചുകൊണ്ട് ചെമ്മണ്ണും വെള്ളാരങ്കല്ലുകളും നിറഞ്ഞ പാതയിലൂടെ കുനിഞ്ഞ തലയുമായി നടന്നു. പല്ലുതേച്ചിട്ടില്ല. കുളിച്ചിട്ടില്ല. പീളകെട്ടിയ കണ്ണുകളില് ഉറക്കച്ചടവുണ്ട്.

കീലിന്റെ മണം പരത്തുന്ന മരംകൊണ്ടു പണിത വിളക്കുകാലുകൾ ഒന്നൊന്നായി പിന്നിട്ടു. നിരത്തു വിജനമാണ്. ലോക്കലിന് വന്നിറങ്ങിയ കുഞ്ഞുരാമന്നായർ മുണ്ടു മടക്കിക്കുത്തി ചുരുട്ടുവലിച്ചു കൊണ്ട് എതിരെ നടന്നുവരുന്നതു കണ്ടപ്പോൾ ആശ്വാസമായി. ഒരാളെയെങ്കിലും കണ്ടുമുട്ടിയല്ലോ.? കുഞ്ഞുരാമന്നായർ അടുത്തെത്തിയപ്പോൾ ചോദിച്ചു: 'വല്യേടത്ത് ശങ്കരൻകുട്ടി എവിടെയാ താമസിക്കുന്നത്?

കുഞ്ഞുരാമൻ നായർ നിന്നു. ചുരുട്ടു വായിൽനിന്നെടുക്കാതെ ആലോചിച്ചു. നെറ്റിചുളിഞ്ഞു. കണ്ണിറുക്കി. പിടികിട്ടിയില്ല.

'നിക്കറീല്ലല്ലോ മോനേ, ദാ ആ നാരാണന്റെ ചായപ്പീട്യേല് കുറുപ്പിന് അറ്യായിരിക്കും.'

ചുരുട്ടിന്റെ പുക ഊതിവിട്ടുകൊണ്ട് അയാൾ പറഞ്ഞു.

കലുങ്കിനെ ലക്ഷ്യമാക്കി നടന്നു. ഓലമേഞ്ഞ ഒരു പീടിക കണ്ടു.

പിട്ടിന്റെയും വെന്ത ചെറുപയറിന്റെയും ഗന്ധം സമാവറിൽ വെള്ളം തിളക്കുന്ന ആരവം കേൾക്കാം. ബഞ്ചിലും കസാരയിലും ഇരുന്നു ചായ കുടിക്കുകയും പത്രം വായിക്കുകയും ചെയ്യുന്നു. ചായയടിക്കുന്ന നാരായണനോട് ചോദിച്ചു:

'ശങ്കരൻകുട്ട്യേ അറ്യോ നിങ്ങള്?'

'ഏത് ശങ്കരൻകുട്ട്യാ?'

9th Malayalam_Combine.indb 41 25-03-2019 12:04:00

'വല്യേടത്ത്.'

നാരായണൻ പിട്ട് വെട്ടിവിഴുങ്ങുന്ന, ചെന്നിയിന്മേൽ വെറ്റിലനാക്ക് ഒട്ടിച്ചുവെച്ച കുറുപ്പിന്റെ നേരെ തിരിഞ്ഞു ചോദിച്ചു. അയ്യോ വല്യേടത്ത് ശങ്കരൻകുട്ടീന്നു പറേണ ആളെ?'

കുറുപ്പ് പിട്ടു ചവച്ചുകൊണ്ട് ആലോചിച്ചു.

'പുന്നപ്പാനിലെ ശങ്കരന്നായരാണോ? ച്ചാല് ദാ നേരെ അങ്ങട്ട് നടന്നാ. തീവണ്ടിയാപ്പീസീന്റടുത്തൂന്ന് എടത്തോട്ട് തിര്യാ. വടക്കോട്ടുള്ള എടവഴീക്കൂടെ നടക്വാ. വലതുഭാഗത്തെ നാലാമത്തെ വീട്ടിലോട്ടങ്ങട്ട് കേറ്, പുന്നപ്പറമ്പിലെ ശങ്കരന്നായരെ കാണാം.

'മണ്യെട്ടായില്ലേ? ശങ്കരന്നായരു പീട്യേ പോയിട്ടുണ്ടാകില്ലേ?'

"കിട്ടാ പീട്യ തുറക്ക്, കൊഴമ്പ് തേച്ചു വിസ്തരിച്ചൊരു കുളീം കഴിഞ്ഞ് കഞ്ഞീം കുടിച്ച് പത്രോം വായിച്ചിട്ടേ ശങ്കരന്നായര് പീട്യേ പോകൂ.'

പുന്നപ്പറമ്പിലെ ശങ്കരന്നായരെ അല്ല കാണേണ്ടത്. വല്യേടത്തു ശങ്കരൻകുട്ടിയേയാണ്. വീണ്ടും നടന്നു. ചെമ്മണ്ണു പാറുന്ന പാത നീണ്ടുപോകുന്നു. പാടങ്ങൾ ഇരുവശങ്ങളിലും പരന്നു കിടക്കുന്നു. തവളകൾ കൂവുന്നു. മണ്ണിനടിയില് കിടന്നു ചീവീടുകള് നിലവിളിക്കുന്നു. വലതുവശം പാടത്തിന്നപ്പുറം വാഴക്കൂട്ടത്തിനിടയില് മറഞ്ഞ് ഓടുമേഞ്ഞ ഒരു മാളിക കണ്ടു. വയലിലിറങ്ങി വഴുക്കുന്ന വരമ്പുകളിലൂടെ നടന്ന് പാടം പിന്നിട്ടു. വാഴക്കൂട്ടത്തിലൂടെ നടന്നു മാളികയുടെ മുമ്പിലെത്തി.

പടിപ്പുരയുടെ വാതില് ചാരിവെച്ചിട്ടേയുള്ളൂ. വാതില് തട്ടി ഒച്ചയുണ്ടാക്കി വിളിച്ചു.

'ആരാ ഇത്? ഇങ്ങട്ട് കേറിക്കോളിൻ.'

ഞരങ്ങുന്ന വാതിൽ തുറന്ന് അകത്തേക്കു കയറി. കൂട്ടിയിട്ട നാളികേരത്തിന്റെയും വൈക്കോൽ കൂനകളുടേയും ഇടയിലൂടെ നടന്നു.

തുളസിപ്പൂക്കളൂടെ ഗന്ധം.കോലായിൽ ശീലക്കസാരയിൽ കിടന്നു പത്രം നോക്കുന്ന കേശവപ്പണിക്കർ കണ്ണട എടുത്തുമാറ്റി സൂക്ഷിച്ചു നോക്കി;

'എവിടുന്നാ? ആരാണ്. മനസ്സിലായില്ലല്ലോ നിക്ക്?'

'ശങ്കരൻകുട്ടി ഇവിട്യാണോ താമസം?'

'ശങ്കരൻകുട്ട്യോ? ഏത് ശങ്കരൻകുട്ട്യാ?'

'വല്യേടത്ത്.'

'ഇത് മാളികേലാണ്, മാളികേലേ കേശവപ്പണിക്കര്യാ കാണണ്ടത് ച്ചാല് ദാ, ഈ ഞാനാ കേശവപ്പണിക്കർ. '

'ശങ്കരൻകുട്ട്യേ അറിയില്ലേ?'

'വല്യേടം ന്നൊരു വീട് ഇവിടൊന്നൂല്യാ കുട്ടീ...'

9th Malayalam_Combine.indb 42 25-03-2019 12:04:00

'എന്നാല് ഞാനിറങ്ങട്ടെ.'

'ഇരുന്നാട്ടെ, ഇച്ചിരി വെള്ളം കുടിച്ചിട്ടു പോകാം.'

പണിക്കർ കസാല നീക്കിയിട്ടു കൊടുത്തു.

'ഏയ് രാമുണ്ണീ, കരിക്ക് ഇട്. താഴത്തെ കണ്ടെത്തീന്നായിക്കോട്ടെ.'

നാളികേരം പൊതിച്ചുകൂട്ടുന്ന രാമുണ്ണി കണ്ടത്തിലേക്ക് ഇറങ്ങിപ്പോയി. ചെത്തിയ ഇളനീരുമായി തിരികെ വന്നു. പണിക്കർ പറഞ്ഞു:

'അങ്ങട്ട് കുടിക്ക്യാ.'

ഇളനീർ വാങ്ങി കൈയിൽ വെച്ച് കുറച്ചു കുടിച്ചു. ഇറങ്ങുമ്പോൾ

പണിക്കർ പറഞ്ഞു.

'ഒരുപക്ഷേ, ടൗണിലായിരിക്കും. ഇച്ചിരി അങ്ങട്ട് ചെന്നിട്ട് ആരോടെങ്കിലും ചോദിക്ക്യാ.'

നന്ദി പറഞ്ഞു മുറ്റത്തിറങ്ങി. പടിപ്പുര കടന്ന് വാഴക്കൂട്ടത്തിലിറങ്ങി വയലിലിറങ്ങി നടന്നു. പാതയിൽ കയറി, മണ്ണിനു ചൂടുപിടിച്ചു തുടങ്ങിയിരിക്കുന്നു. തലമുടി ചുടായിരിക്കുന്നു. നെറ്റിയിൽ വിയർപ്പ് കിനിഞ്ഞിറങ്ങി.

ഇരുവശത്തുനിന്നും പാടത്തിന്റെ ഗന്ധം പൊങ്ങുന്നു. ചളിയിൽ കിടന്നു കാളകൾ മദിക്കുന്നു. പൊന്മാനുകൾ ചിറകടിച്ച് പറക്കുന്നു. ഒന്നും കേൾക്കാതെ, കാണാതെ, നേരെ നടന്നു.

നനഞ്ഞ തുണിയുടേയും വാരസ്സോപ്പിന്റെയും മണം. ഇടിഞ്ഞ മതിലുകൾ കണ്ടു. മതിലിനു പൂപ്പ് പടർന്നുപിടിച്ചിരിക്കുന്നു. പായൽ മൂടിയ പച്ചജലം നിറഞ്ഞകുളം. പൂണൂലും കോണകവും മാത്രം ധരിച്ചു ലക്ഷ്മണൻ നമ്പീശൻ കടവിൽ കുളിക്കുന്നു. മതിലുകളുടെ നിഴലുകളിലൂടെ, സോപ്പഴുകിപ്പിടിച്ചു പടവുകൾക്ക് മുകളിലൂടെ നമ്പീശന്റെ നേരെ നടന്നു. കടവിലിറങ്ങാതെ ദൂരെ മാറി നിന്നുകൊണ്ട് ചോദിച്ചു:

"വല്യേടത്ത് ശങ്കരൻകുട്ടി എവിട്യാ താമസം എന്നറ്യോ ? '

'വല്യേടത്തോ?'

'അതെ.'

'മേൽവിലാസോണ്ടോ?'

'ഇല്ല.'

'ന്നാല് നിക്കറീല്യ.'

നമ്പീശൻ വെള്ളത്തിൽ താണു. പൊന്തിവരുന്നതുവരെ കാത്തുനിന്നില്ല. തിരിച്ചു നടന്നു. മതിലുകൾ പിന്നിട്ടു നിരത്തിലിറങ്ങി. പാത വീണ്ടും നീണ്ടുപോകുന്നു. അതവസാനിക്കുന്നത് തീവണ്ടിയാപ്പീസിനു മുമ്പിലാണ്, തീവണ്ടിയാപ്പീസ് ലക്ഷ്യമാക്കി നടന്നു. വെയിലേറ്റ് തലയ്ക്കു ചൂടുപിടിച്ചു. കക്ഷങ്ങളിലൂടെ വിയർപ്പ് ഒലിച്ചുതാണു. ഷർട്ട് നനഞ്ഞ ചുമലിൽ ഒട്ടിപ്പിടിച്ചു. തീവണ്ടിയാപ്പീസിനു മുമ്പിൽ പീടികകൾ ഉരുമ്മിക്കിടക്കുന്നു. ചായക്കടയും മുറുക്കാൻകടയുമുണ്ട്. ക്ഷൗരക്കടയും

9th Malayalam_Combine.indb 43 25-03-2019 12:04:00

തുണിക്കടയുമുണ്ട്. മുറുക്കാൻകടയുടെ മുമ്പിൽ ആഴ്ചപ്പതിപ്പുകൾ തൂങ്ങിക്കിടക്കുന്നു. വെളിയിലിട്ട ബഞ്ചിൽ ഇരുന്ന് ചെറുപ്പക്കാർ വെടി പറയുന്നു.

'സിഗരറ്റോ മുറുക്കാനോ? '

'വല്യേടത്ത് എവിട്യാന്ന് അറ്യോ?'

'വല്യേടത്ത് ആര്യാ കാണണ്ടത്?'

'ശങ്കരൻകുട്ടിയെ'

'ദാ ഇരിക്കുന്നാളിനോട് ചോദിക്ക്. പത്രോസിനറിയാത്ത ആളില്യ ഇന്നാട്ടില്.'

ക്ഷൗരക്കടയുടെ കോലായിലാണ് പത്രോസ് ഇരിക്കുന്നത്. അങ്ങോട്ടു ചെന്നു.

'വല്യേടത്ത് ശങ്കരൻകുട്ടിയെ ഒന്നു കാണണമായിരുന്നു.'

ഏതു വല്യേടം? ഏത് ശങ്കരൻകുട്ടി! ഇവിട്യൊന്നും വല്യേടന്നൊരു വീടില്ലെടോ.

'ഇല്യേ?'

ദയനീയം ചോദിച്ചു.

'ഇല്ലെടോ. ഇന്നാട്ടില് മൂന്നു ശങ്കരന്മാരെ ഉള്ളു. പുന്നപ്പറമ്പിലെ ശങ്കരൻനായർ. ദാ ആ ചായപ്പീടികക്കാരൻ ശങ്കരൻ. ഒറ്റചെവിയൻ ശങ്കു.'യാത്രപറഞ്ഞു വെളിയിലിറങ്ങി ഷർട്ടിന്റെ കീഴ്ഭാഗം കൊണ്ടു കഴുത്തിലെയും മുഖത്തെയും വിയർപ്പുതുടച്ചു നടന്നു. ഇരുവശങ്ങളിലും കെട്ടിടങ്ങൾ ഉരുമ്മികിടക്കുന്നു. ജീർണ്ണിച്ച ഓടും ഓലയുംമേഞ്ഞ കെട്ടിടങ്ങൾ..... കന്നുകാലികൾ മേയുന്നു, റിക്ഷകൾ ഇഴയുന്നു.,വിയർത്തൊലിച്ച മനുഷ്യർ,. ഇടകലർന്നൊഴുകുന്ന വാഹനങ്ങൾ., പൊടി ശ്വസിച്ചുകൊണ്ടു ധാന്യ മില്ലിന്റെ മുമ്പിലൂടെ നടന്നു. ബസ്സ്സ്റ്റാൻറ് മുമ്പിൽ പരന്നുകിടക്കുന്നു.അപ്പോഴേക്കും കാലുകൾ കുഴഞ്ഞു. കണ്ണുകൾ പുകഞ്ഞു.

പത്രക്കാരനോടു ചോദിച്ചു: 'വല്യേടത്തെ ശങ്കരൻകുട്ടിയെ അറിയോ?'

മുറുക്കുകാരനോടു ചോദിച്ചു: 'വല്യേടത്തെ ശങ്കരൻകുട്ടിയെ അറിയോ'?

ജമന്തിപ്പൂക്കൾ വിൽക്കുന്ന ചെട്ടിച്ചിയോടു ചോദിച്ചു: 'വല്യേടത്തെ ശങ്കരൻകുട്ടിയെ അറിയോ'?

പത്രക്കാരനും മുറുക്കുകാരനും ചെട്ടിച്ചിയും കൈമലർത്തി. ഇനി വയ്യ. നടക്കാൻ കാലിനു കരുത്തില്ലിനി. ചോദിക്കുവാൻ നാവിനു ബലമില്ലിനി. കാലും നാവും കുഴഞ്ഞു. മുഖം വെയിലേറ്റു പൊള്ളി. ശരീരത്തിൽ വിയർപ്പൊഴുകിപ്പിടിച്ചു.

വയ്യ. ഇനി വയ്യ.

ആൽത്തറയുടെ ചുവട്ടിൽ കിടന്ന് അയവിറക്കുന്ന ബസ്സിൽ ചെന്നുകയറി ആദ്യം കണ്ട ഇരിപ്പിടത്തിലിരുന്നു... കിതച്ചു അപ്പോൾ.

ബസ്സ് ആൽത്തറയുടെ അരികിൽനിന്നെഴുന്നേറ്റു മുരടനക്കി മുക്രയിട്ട് ഓടാൻ തുടങ്ങി. വെയിലിന്റെ തീനാളങ്ങൾ പരന്ന നിരത്തിലൂടെ കുതിച്ചു പാഞ്ഞു. കുലുങ്ങിയപ്പോൾ ഛർദ്ദിക്കുവാൻതോന്നി. തൊണ്ട വരണ്ടുണങ്ങി. കണ്ണു തുറക്കുവാൻ വയ്യ. ഉസ്മാൻ മെമ്മോറിയൽ വായനശാലയുടെ മുമ്പിൽ ബസ്സ് മുട്ടുമടക്കിയിരുന്നു. അഴിഞ്ഞ മുണ്ടു കൈകൊണ്ടു താങ്ങിക്കൊണ്ട് ബസ്സിൽനിന്നിറങ്ങി. താറിട്ട നിരത്തു

9th Malayalam_Combine.indb 44 25-03-2019 12:04:00



പൊട്ടിയൊലിക്കുന്നു. കറുത്ത ചോര അഴുകിപ്പിടിച്ച നിരത്തിലൂടെ നടക്കുമ്പോൾ കാലടികളിലും ഇഴയുന്ന മുണ്ടിലും ഉരുകിയ താർ പുരണ്ടു.

വെള്ളംവറ്റി വിണ്ടുകീറിയ ധോബിക്കുളംപിന്നിട്ടു. ശിവക്ഷേത്രത്തിനപ്പുറം വൈക്കോൽ മേഞ്ഞ പഴയ മാളിക കണ്ടു. ഉമ്മറത്തു തൂണിന്മേൽ പിടിച്ചുകൊണ്ട് അമ്മ നിൽക്കുന്നു.

വാർണീഷിന്റെ മണമുള്ള ഗെയ്റ്റു തുറന്ന് മുറ്റത്തു കയറി.

'ഇങ്ങനെ രാവും പകലുമെന്നില്ലാതെ തെണ്ടി നടന്നാലോ നീയ്യ്? നിനക്ക് തിന്നേം കുടിക്കേം ഒന്നും വേണ്ടേ? വിശപ്പും ദാഹവും ഒന്നൂല്ലേ ശങ്കരൻകുട്ടീ നിനക്ക്?'

'ശങ്കരൻകുട്ട്യോ? എവിടെ ശങ്കരൻകുട്ടി?'

അമ്മ മകന്റെ മുഖത്ത് സൂക്ഷിച്ചുനോക്കി.

'നിയ്യല്യേ ശങ്കരൻകുട്ടി?

'വല്യേടത്ത് ശങ്കരൻകുട്ടി?'

'അതേടാ മോനേ അതെ.'

അമ്മ തോർത്തുകൊണ്ടു നനഞ്ഞ കണ്ണുകളൊപ്പി. അവർ തേങ്ങിക്കരഞ്ഞു.

9th Malayalam_Combine.indb 45 25-03-2019 12:04:01

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞടുത്തെഴുതുക

1. ദൈവത്തിന്റെ വികൃതികൾ ആരെഴുതിയ കൃതിയാണ്

   അ) ഒ.വി.വിജയൻ

   ആ) സി.രാധാകൃഷ്ണൻ

   ഇ) എം.മുകുന്ദൻ

   ഈ) ആനന്ദ്

2. അജ്ഞൻ എന്ന കഥയിലെ കഥാപാത്രമാണ്?

   അ) മാധവൻകുട്ടി

   ആ) കേശവൻകുട്ടി

   ഇ) ശങ്കരൻ കുട്ടി

   ഈ ശ്രീധരൻ കുട്ടി

3. മയ്യഴിയുടെ കഥാകാരൻ എന്നറിയപ്പെടുന്ന എഴുത്തുകാരൻ ആരാണ്?

   അ) എം.മുകുന്ദൻ

   ആ) മലയാറ്റൂർ

   ഇ) സേതുമാധവൻ

   ഈ) എം.ടി വാസുദേവൻ നായർ

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

അജ്ഞൻ എന്ന കഥയ്ക്ക് ആസ്വാദനമെഴുതുക.

9th Malayalam_Combine.indb 46 25-03-2019 12:04:01

ഭാഗം 4

പ്രകൃതി പ്രതിഭാസങ്ങളുടെ സൗന്ദര്യതലങ്ങളിലേക്ക്





പഠനലക്ഷ്യങ്ങൾ

- പ്രകൃതി പ്രതിഭാസങ്ങൾ മാനുഷികഭാവങ്ങളോടെ കാവ്യാത്മകമായി ഇണങ്ങിച്ചേരുന്നത് പരിചയപ്പെടൽ.
- ശൈലീപ്രയോഗങ്ങൾ തിരിച്ചറിയൽ.
- പ്രായോഗിക ഗദ്യ രചനയ്ക്ക് പ്രാപ്തി നേടൽ.



പാഠഭാഗങ്ങൾ

കവിത:	കാറ്റ്	- ഒ.എൻ.വി. കുറുപ്പ്
ഗദ്യം:	കാലം എന്ന കടങ്കഥ	- പ്രൊഫ. ജി. കെ. ശശിധരൻ
ഉപപാഠം:	ദേവിഗ്രാമം (കഥ)	- പി. ചന്ദ്രമതി

9th Malayalam_Combine.indb 47 25-03-2019 12:04:02

കവിത

കാറ്റ്

– ഒ. എൻ. വി കുറുപ്പ്



ഒ. എൻ. വി കുറുപ്പ് [1931 – 2016]: കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു കേരളത്തിലെ നിരവധി കോളേജുകളിൽ മലയാളം പ്രൊഫസറായിരുന്നു. സമ്പന്നവും വൈവിധ്യപൂർണവുമായിരുന്നു ആ കാവ്യജീവിതം. ലളിതപദമേളനം, കേരളീയമായ ഈണങ്ങൾ, സംഗീതാത്മകത, വിപ്ലവാശയങ്ങളോടുള്ള ആഭിമുഖ്യം തുടങ്ങിയവ ഒ.എൻ.വി കവിതകളുടെ സവിശേഷതകളാണ്? കേരളകലാമണ്ഡലം ചെയർമാനായിരുന്നു. മികച്ച ചലച്ചിത്രഗാനരചയിതാവിനുള്ള ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നിരവധി തവണ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

2007-ലെ ജ്ഞാനപീഠപുരസ്കാരം, കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, സോവിയറ്റ്ലാൻഡ് നെഹ്റു അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, എന്നിങ്ങനെ ധാരാളം ബഹുമതികൾ നേടിയിട്ടുണ്ട്. അഗ്നിശലഭങ്ങൾ, അക്ഷരം, കറുത്ത പക്ഷിയുടെ പാട്ട്, ഭൂമിക്കൊരു ചരമഗീതം, ഉപ്പ്, ഉജ്ജയിനി എന്നിവ പ്രധാന കൃതികളാണ്.

ഭൂമിക്കൊരു ചരമഗീതം എന്ന സമാഹാരത്തിലെ ഒരു കവിതയാണ് 'കാറ്റ്'. രൂപം കൊണ്ട് തിരിച്ചറിയാൻ കഴിയാത്ത കാറ്റിനെ മനോഹരമായ അനുഭവ ചിത്രീകരണത്തിലൂടെ ആവിഷ്കരിക്കുന്നതാണ് സന്ദർഭം.



9th Malayalam_Combine.indb 48 25-03-2019 12:04:03

കാറ്റിനെ കാണാൻ കൊതിച്ചൊരു കുട്ടിയ-
ന്നാറ്റിറമ്പിൽ കാറ്റു കൊണ്ടിരുന്നു!
ആരോടു ചോദിച്ചറിയുവാൻ: കാറ്റിനെ-
ന്താകൃതി? കാറ്റൊരശരീരി? യെങ്കിലും,
പാട്ടൊന്നു മൂളിയും പാത്തും പതുങ്ങിയും
നാട്ടിലെങ്ങെങ്ങും കറങ്ങിത്തിരിയുന്ന
കാറ്റിനെക്കാണാൻ കൊതിച്ചൊരു കുട്ടിയ-
ന്നാറ്റിറമ്പിൽ കാത്തുകാത്തിരുന്നു!
കാറ്റുകൊണ്ടങ്ങനെ കാത്തിരുന്നു!
കാറ്റിനും മക്കളുണ്ടമ്മൂമ്മ ചൊല്ലുന്നു.
കൂറ്റൻ മലയും പിഴുതെടുക്കും, പിന്നെ-
യൊറ്റക്കുതിപ്പിൽ കടലു താണ്ടും, രാമ-
ലക്ഷ്മണന്മാരെയും പൂപോലെടുത്തു തോ-
ളേറ്റി നടക്കുമതിലൊരുത്തൻ!
മറ്റൊരു പുത്രൻ ഗദയെടുത്തേതൊരു
ശത്രുവിനേയും വകവരുത്താൻ കരു-
ത്തുറ്റവ,നെങ്കിലും സ്നേഹിച്ച തൻവധു
മോഹിച്ച പൂവിനായ് കാടുകേറി!
മക്കളുണ്ടത്രയ്ക്കു പോന്നവരെങ്കിലും
വെട്ടപ്പെടാതെയൊളിച്ചു നടക്കുന്ന
കാറ്റിനെക്കാണുവാൻ മോഹിച്ചൊരു കുട്ടി
ആറ്റിറമ്പത്തെമണൽപ്പുറത്തെത്രയോ
കാത്തിരുന്നു, കാറ്റു കൊണ്ടിരുന്നു!
ഒരുപിടി നീർക്കണം കോരിയെറിഞ്ഞുകൊ-
ണ്ടിതുവഴി പോയിട്ടും കണ്ടീല!
ഒരു കുമ്പിൾ പൂമണം കോരിയെടുത്തു
മുഖത്തു കുടഞ്ഞിട്ടും കണ്ടീല!
മദയാനയെപ്പോലീ കദളീവനം തകർ-

9th Malayalam_Combine.indb 49 25-03-2019 12:04:03

ത്തലറി വിളിച്ചിട്ടും കണ്ടീല!

കാട്ടിലിരുന്നൊന്നു മൂളി-മുളം -

കാട്ടിൽ കുറുംകുഴലൂതീ - വള്ളി -

യൂഞ്ഞാലിന്മേലിരുന്നാടീ-കന്നി -

മാമ്പൂവൊടിച്ചു കൊണ്ടോടീ - തൊട്ടു

കൺമുന്നിലായിരുന്നൊക്കെയുമെങ്കിലും

കണ്ടില്ല, കാറ്റിനെക്കണ്ടില്ല!

****

അതിരുകളില്ലാത്ത, മതിലുകളില്ലാത്ത

കതിരണിപ്പാടമാമാകാശവും നോക്കി

ഇവിടെ മലർന്നു ശയിക്കവേ, സ്വാതന്ത്ര്യ-

മിതുപോലെ-യീ വിശാലത പോലെ- എന്നെന്റെ

നിനവുകൾ പാടുന്നു: വാഴ്വിന്റെ സ്വാദിഷ്ഠ-

ലവണവും മധുരവും സത്തയും സാരവും

പരമപ്രകാശവും സ്വാതന്ത്ര്യമാ;ണതിൻ

ഒരു തുള്ളി നുകരാത്തൊരായിരമായിരം

നരരൂപമോലുന്ന നിഴലുകൾ തങ്ങൾതൻ

തുടലുകൾ പൊട്ടിച്ചെറിയുന്ന ഭീകര-

മധുരമഹാരവമായ് വരും കാറ്റിനെ

ത്തിരയുന്ന പാന്ഥനീ ഞാനും!.....

കണ്ടില്ല കാറ്റിനെയെന്നു വിഷാദിക്കെ,

നെഞ്ചിലിരുന്നതു പൊൻതുടികൊട്ടുന്നു !

“നീ തന്നെയാണത്... നീ തന്നെയാണത്...

നീ തന്നെയാണത്... നീ തന്നെ.....”

9th Malayalam_Combine.indb 50 25-03-2019 12:04:03

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കാറ്റ് എന്ന കവിത ഏത് സമാഹാരത്തിൽ ഉൾപ്പെട്ടതാണ്?

   അ) ഉപ്പ് ആ) ഭൂമിക്കൊരു ചരമഗീതം

   ഇ) മയിൽപ്പീലി ഈ) ഉജ്ജയിനി

2. ആരെ കാണാനാണ് കുട്ടി ആറ്റിറമ്പിൽ കൊതിച്ചിരുന്നത്?

   അ) മഴ ആ) കാറ്റ്

   ഇ) പൂമ്പാറ്റ ഈ) മത്സ്യങ്ങൾ

3. കാറ്റിനും മക്കളുണ്ടെന്ന് ചൊല്ലിയത് ആര്?

   അ) അമ്മ ആ) അമ്മൂമ്മ

   ഇ) അച്ഛൻ ഈ) മുത്തച്ഛൻ

II. ഉത്തരമെഴുതുക

കാറ്റിനെ കാണാൻ കൊതിച്ചൊരു കുട്ടിയ-

ന്നാറ്റിറമ്പിൽ കാറ്റു കൊണ്ടിരുന്നു!

1. ഏത് കവിതയിലെ വരികളാണിത്?
2. ഇതെഴുതിയ കവി ആര്?

III. ഉത്തരം ചുരുക്കിയെഴുതുക

1. കാറ്റിന്റെ മക്കൾ ആരൊക്കെയാണെന്നാണ് കവി സൂചിപ്പിക്കുന്നത്?
2. സ്വാതന്ത്ര്യം വിശാലത പോലെയാണെന്ന് തോന്നിയതെപ്പോൾ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. കാറ്റിന്റെ പുത്രരുടെ വീരഗുണങ്ങളെക്കുറിച്ച് കവി പറയുന്നതെന്തെല്ലാം?
2. 'കൺമുന്നിലായിരുന്നൊക്കെയുമെങ്കിലും

   കണ്ടില്ല, കാറ്റിനെക്കണ്ടില്ല!'

   കൺമുന്നിൽ ആയിരുന്ന കാഴ്ചകൾ എന്തെല്ലാം?

9th Malayalam_Combine.indb 51 25-03-2019 12:04:03

ഗദ്യം

കാലം എന്ന കടംകഥ

– പ്രൊഫ. ജി.കെ. ശശിധരൻ



പ്രൊഫ. ജി.കെ. ശശിധരൻ 1939 –ൽ :കൊല്ലത്ത് ജനിച്ചു. അധ്യാപകൻ, കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ, കാലിക്കറ്റ് സർവകലാശാലയിലെ വാനനിരീക്ഷണകേന്ദ്രത്തിന്റെ ശില്പി എന്നീ നിലകളിൽ പ്രശസ്തനാണ്. മഹാപ്രപഞ്ചം, മഹാപ്രപഞ്ചവും കണികാപ്രപഞ്ചവും, കണികാപ്രപഞ്ചം എന്നിവയാണ് പ്രധാന കൃതികൾ. കണികാപ്രപഞ്ചം എന്ന കൃതിയിലെ ഒരു ശാസ്ത്ര ലേഖനമാണ് കാലം എന്ന കടങ്കഥ.

കൊച്ചുമകൻ അക്ഷയ് വലിയ ശാഠ്യക്കാരനാണ്. കഴിഞ്ഞ രാത്രി' മുഴുവൻ കരച്ചിലായിരുന്നു. അവന്റെ അപ്പച്ചിയുടെ വീട്ടിൽവച്ച് കതകിന്റെ സാക്ഷ കിടുക്കി ശബ്ദമുണ്ടാക്കിയതിന് അവനെ അവന്റെ അച്ഛൻ തല്ലിയതാണ് കാരണം. രാവിലെയും കരച്ചിൽ തുടർന്നു. സാക്ഷ കിടുക്കിയത് തന്നെ പ്രശ്നം. എപ്പോഴുമെന്നപോലെ പ്രശ്നത്തിൽ ഞാൻ ഇടപെട്ടു. ഒരു ഒത്തുതീർപ്പെന്നവണ്ണം ഞങ്ങളുടെ വീട്ടിലെ സാക്ഷ കിടുക്കിക്കൊള്ളാൻ അവനോട് പറഞ്ഞു. അപ്പോൾ അവനു നിർബന്ധം അപ്പച്ചിയുടെ വീട്ടിലെ സാക്ഷ തന്നെ അവന് കിടുക്കണം. നിർബന്ധത്തിന് വഴങ്ങി അവനെ അവന്റെ അപ്പച്ചിയുടെ വീട്ടിലെത്തിച്ചു. നേരത്തേ കിടുക്കിയ സാക്ഷ തന്നെ പോയി കിടുക്കിക്കൊള്ളാൻ പറഞ്ഞു. അപ്പോൾ മറ്റൊരു പ്രശ്നം; അവന് സാക്ഷ ഇന്നലെത്തന്നെ കിടുക്കണം. അതായത്, അവന്റെ അച്ഛൻ തല്ലിയ ഇന്നലത്തെ അതേ സമയത്തുതന്നെ സാക്ഷ കിടുക്കണം. എന്താ ചെയ്ക! ബദ്ധപ്പെട്ട് അതേ സ്ഥലത്തുള്ള അതേ സാക്ഷതന്നെ കിടുക്കാൻ കൊടുത്തപ്പോഴാണ് കീറാമുട്ടി – 'ഇന്നലെ കിടുക്കുന്ന കാര്യം'. ഇന്നലത്തെ സ്ഥലത്തേക്ക് മടങ്ങാനായെങ്കിലും ഇന്നലത്തെ കാലത്തേക്ക് മടങ്ങാനാവില്ലെന്നത് എങ്ങനെയാണ് ഈ കുഞ്ഞിനെ പറഞ്ഞു മനസ്സിലാക്കുക. കുഞ്ഞിനെയെന്നല്ല, ആർക്കും ആരെയും പറഞ്ഞു മനസ്സിലാക്കിക്കുവാൻ പ്രയാസമുള്ള ഒരു വല്ലാത്ത ഊരാക്കുടുക്കാണത്.

ഇന്നലെ സാക്ഷ കിടുക്കൽ ഒരു കുട്ടിക്കളിയുടെ കഥയാണെങ്കിലും സ്ഥലകാലങ്ങളുടെ മാറ്റങ്ങളെക്കുറിച്ച് ഗഹനമായൊരു പാഠം അത് ഉൾക്കൊള്ളുന്നു. ഇന്നലത്തെ സാക്ഷ കിടുക്കൽ എന്ന സംഭവത്തിന് രണ്ട് പരിമാണങ്ങളുണ്ട്. അത് ന ടന്ന സ്ഥലവും(space) കാലവും(time). ഇന്നലെ സംഭവം നടന്ന സ്ഥലത്തേക്ക് ഇന്ന് ചെല്ലാൻ കഴിയും എന്ന് വിശ്വസിക്കുന്നുവെങ്കിലും നമുക്ക് അതിന് കഴിയുന്നില്ലെന്നതാണ് വാസ്തവം. തന്നെയല്ല, മുൻകാലങ്ങളിൽ സന്ദർശിച്ച ഒരു സ്ഥലത്തേക്കും മടങ്ങിച്ചെല്ലാൻ നമുക്ക് കഴിയുകയില്ല. സ്ഥലം സ്ഥിരമാണെന്ന നമ്മുടെ സങ്കല്പം വെറും മിഥ്യയാണ്. ഒരു ഉദാഹരണത്തിലൂടെ അത് മനസ്സിലാക്കാം. തീവണ്ടിയിൽ ദീർഘദൂരയാത്ര

9th Malayalam_Combine.indb 52 25-03-2019 12:04:03

ചെയ്യുന്ന ഒരാൾ യാത്രാദിവസങ്ങളിൽ ഒരിടത്തുതന്നെ (ഒരേ മുറിയിൽ അതേ സീറ്റിൽ) ഇരിക്കുന്നതായി സങ്കൽപിക്കുന്നു. അയാൾ ഡൽഹിയിലേക്കാണ് യാത്രയെങ്കിൽ വൈകിട്ട് 8 മണിക്ക് കൊല്ലത്തും അടുത്ത ദിവസം വൈകിട്ട് 8 മണിക്ക് ഗോവയിലും അതിനടുത്ത ദിവസം ഉച്ചയ്ക്ക് ന്യൂഡൽഹിയിലും ആണ്. അയാൾ ഒരേ മുറിയിൽ ഒരേ സീറ്റിൽ ആണ് ഇരുന്നതെങ്കിലും തീവണ്ടി ഓടിക്കൊണ്ടിരിക്കുന്നത്കൊണ്ട് അയാൾ ഇരുന്ന മുറിയുടെ സ്ഥലം മാറിക്കൊണ്ടിരുന്നു. അതായത്, അയാൾ ഇരുന്ന സ്ഥലകാല ചട്ടക്കൂടു മാറിക്കൊണ്ടിരുന്നു.

ഇതുപോലെയാണ് ഭൂതകാലത്ത് കണ്ട ഏതൊരു സംഭവത്തിലെയും സ്ഥലത്തിന്റെ സ്ഥിതി. ഭൂമി ഭ്രമണം ചെയ്യുന്ന ഒരു ഗോളമാണ്. തന്മൂലം ഭൂമിയിലെ ഓരോ ബിന്ദുവിന്റെയും സ്ഥാനം സമയബന്ധിതമായി മാറിക്കൊണ്ടിരിക്കുന്നു. ഭൂമി സൂര്യനെ ഒരു വർഷംകൊണ്ട് ഒരു പ്രദക്ഷിണം വയ്ക്കുന്നതിനാൽ അങ്ങനെയും സ്ഥലത്തിന് മാറ്റം വരുന്നു. തീർന്നില്ല, സൂര്യൻ ഉൾപ്പെടുന്ന സൗരയൂഥം നമ്മുടെ ക്ഷീരപഥകേന്ദ്രത്തിനു ചുറ്റും 200 ലക്ഷം വർഷംകൊണ്ട് ഒരു പ്രദക്ഷിണം വയ്ക്കുന്നു. നമ്മുടെ ക്ഷീരപഥമാകട്ടെ ചിങ്ങം രാശിയുടെ ദിശയിലേക്ക് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ചലനങ്ങൾക്കുമേൽ ചലനം. ഈ ചലനങ്ങളെല്ലാം അതിവേഗത്തിലായതുകൊണ്ട് സ്ഥാനങ്ങൾക്കു വരുന്ന മാറ്റവും വലുതാണ്. ചുരുക്കത്തിൽ അക്ഷയ് ഇന്നലെ സാക്ഷ കിടുക്കിയ എന്റെ മകളുടെ വീട്ടിലേക്ക് ഇന്ന് മടങ്ങുമ്പോൾ വീടും സാക്ഷയും ഇന്നലെ നിന്നിടത്തുനിന്ന് എത്രയോ ദൂരം മാറിപ്പോയിരിക്കും. പ്രാപഞ്ചികാടിസ്ഥാനത്തിൽ സ്ഥലത്തിന് വലിയ സ്ഥാനാന്തരമാണ് സെക്കൻഡ് തോറും ഉണ്ടാകുന്നത്. ഭൂമധ്യരേഖാപ്രദേശത്തെ ഇതാ ഇവിടെ എന്ന് ചൂണ്ടിപ്പറയുന്ന ഒരു ബിന്ദു ഒരു സെക്കൻറ് കഴിയുമ്പോൾ അര കിലോമീറ്റർ ഭൂമിയുടെ ഭ്രമണംകൊണ്ടും, 29.6 കി.മീ ഭൂമി സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നതുകൊണ്ടും, 220 കി.മീ. സൗരയൂഥമാകെ ഹെർക്കുലീസ് രാശിയുടെ(constellation Hercules) ദിക്കിൽ നീങ്ങുന്നതുകൊണ്ടും, 600 കി.മീ. സൗരയൂഥം ഉൾപ്പെടെയുള്ള നമ്മുടെ ക്ഷീരപഥം ചിങ്ങംരാശി (constellation Leo)യുടെ ദിശയിലേക്ക് നീങ്ങുന്നതു കൊണ്ടും മാറും. ഇക്കണക്കിൽ കഴിഞ്ഞ ഒരു ദിവസംകൊണ്ടു ചുരുങ്ങിയപക്ഷം അഞ്ചുകോടി (51698400)



9th Malayalam_Combine.indb 53 25-03-2019 12:04:03

കിലോമീറ്റർ ദൂരമെങ്കിലും പ്രാപഞ്ചികാടിസ്ഥാനത്തിൽ സാക്ഷ കിടുക്കിയ സ്ഥലം മാറിയിരിക്കും. യഥാർത്ഥത്തിൽ മാറ്റമുണ്ടാകാത്തത് സംഭവസ്ഥലത്തിന് നമ്മൾ നല്കിയ ആപേക്ഷിക സ്ഥാനത്തിനും പേരിനും മാത്രമാണ്. കാലവും മാറി സ്ഥലവും മാറി എന്നതാണ്? യാഥാർത്ഥ്യം. സ്ഥലഘടകങ്ങൾക്ക് സ്ഥാനംകൊണ്ട് മാത്രമല്ല, ഭൗതിക ചുറ്റു പാടുകളുടെയും ദൃശ്യമല്ലാത്ത അനവധി ഘടകങ്ങളുടെയും അടിസ്ഥാനത്തിലും മാറ്റം വരും. യഥാർത്ഥ ഭൗതികമാറ്റത്തിൽ 'ഇവിടെ' എന്ന് നാം പറയുന്ന സ്ഥലം നിമിഷങ്ങൾക്കുള്ളിൽ 'അവിടെ' എന്ന സ്ഥലമാകും. അതു പോലെ 'ഇപ്പോൾ' എന്ന നിമിഷം 'അപ്പോൾ' എന്ന നിമിഷമാകും.

കാലത്തിലൂടെയുള്ള മടക്കയാത്ര അസാധ്യമാണ്. അങ്ങനെയൊരു മടക്കയാത്ര സാധ്യമായിരുന്നെങ്കിൽ ചരിത്രത്തിന്റെ താളുകൾ പുറകോട്ട് മറിച്ച് പ്രപ ഞ്ചോത്പത്തിയിലേക്കു നടന്നടുക്കാമായിരുന്നു. ഇന്നലെ എന്ന പദം അതിന്റെ അർത്ഥംകൊണ്ട് അപൂർണ്ണമാണ്. അഞ്ചു മിനിട്ട് മുമ്പ് എന്നു മാത്രം പറയുന്നതുപോലുള്ള അപൂർണ്ണത 'ഇന്നലെ' എന്നതിനോട് നടന്ന ഏതെങ്കിലും സംഭവം ചേർക്കുമ്പോൾ മാത്രമേ അതിനു പൂർണ്ണത ഉണ്ടാകുന്നുള്ളു. ഉദാഹരണത്തിന് ഇന്നലെ മഴ പെയ്തു, ഇന്നലെ പോയി മുതലായവ. ഏത് സംഭവമായാലും അതിലേക്ക് സ്ഥലത്തിലൂടെയും കാലത്തിലൂടെയും തിരിച്ചെത്താനാവുകയില്ല. സ്ഥലകാലങ്ങളുടെ ഈ അവിഭാജ്യസ്വഭാവമാണ് യഥാർത്ഥലോകത്തിന്റെ ചതുർമാനസ്വഭാവം വ്യക്തമാക്കുന്നത്.



9th Malayalam_Combine.indb 54 25-03-2019 12:04:04



എന്താണെന്നറിയാമെങ്കിലും വിശദീകരിക്കാനാവാത്ത ഒരു പ്രതിഭാസമാണ് സമയം. സംഭവങ്ങളുടെ ചട്ടക്കൂടിൽ സമയം ഒരു സൂചക അക്ഷമാണ്.സംഭവങ്ങൾ അതിൽ മുമ്പും പുറകുമായി വരുന്നു. സമയം ഒരു കാലശര (arrow of time) ത്തെയാണ് സൂചിപ്പിക്കുന്നതെങ്കിലും അത് ഭൂതകാലത്തിൽ നിന്ന് ഒഴുകി വർത്തമാന കാലത്തിലൂടെ ഭാവിയിലേക്ക് പോകുന്നതായി ഭ?തികശാസ്ത്രനിയമങ്ങളിൽ ഒരിടത്തും പറയുന്നില്ല.ഭൂതകാലത്തിനും വർത്തമാനകാലത്തിനും ഭാവികാലത്തിനും സമയത്തിൽ ഒരേ പദവിതന്നെ.

9th Malayalam_Combine.indb 55 25-03-2019 12:04:06

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കാലം എന്ന കടംങ്കഥ ഏത് കൃതിയിൽ ഉൾപ്പെട്ട ലേഖനമാണ്?

   അ) കണികാപ്രപഞ്ചം

   ആ) വാനനിരീക്ഷണം

   ഇ) കാലാവസ്ഥാനിരീക്ഷണം

   ഈ) ശാസ്ത്രകൗതുകം

2. കുട്ടി ഏന്തു കിടുക്കിയാണ് ശബ്ദമുണ്ടാക്കിയത്?

   അ) മണി

   ആ) സാക്ഷ

   ഇ) ഉടുക്ക്

   ഈ) ചിരട്ട

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക

1. ആരെയും പറഞ്ഞു മനസ്സിലാക്കുവാൻ പ്രയാസമുള്ള കാര്യമെന്ത്?

2. ഇന്നലത്തെ സാക്ഷ കിടുക്കൽ എന്ന സംഭവത്തിന് ഉണ്ടായിരുന്ന രണ്ട് പരിമാണങ്ങൾ എന്ത്?

III. ഉത്തരം ചുരുക്കിയെഴുതുക

1. "സ്ഥലം സ്ഥിരമാണെന്ന നമ്മുടെ സങ്കല്പം വെറും മിഥ്യയാണ്." സമർത്ഥിക്കുക

2. കാലത്തിലൂടെയുള്ള മടക്കയാത്ര സാധ്യമായിരുന്നെങ്കിൽ എന്താണു സാധിക്കുമായിരുന്നത്?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. വിശദീകരിക്കാൻ പ്രയാസമുള്ള ഒരു പ്രതിഭാസമാണ് സ്ഥലവും കാലവും വിവരിക്കുക?

2. വിശദീകരിക്കാനാവാത്ത പ്രതിഭാസമാണ് സമയം എന്ന് ലേഖകൻ പറഞ്ഞത് എന്തുകൊണ്ട്?

9th Malayalam_Combine.indb 56 25-03-2019 12:04:06

ദേവിഗ്രാമം

ചന്ദ്രമതി



ചന്ദ്രമതി 1954 -ൽ തിരുവനന്തപുരത്ത് ജനിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും കഥകൾ, വിമർശനങ്ങൾ, വിവർത്തനങ്ങൾ എന്നീ വിഭാഗങ്ങളിലായി മുപ്പത്തിമൂന്നോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. 1999-ൽ ചെറുകഥക്കുള്ള കേരളസാഹിത്യ അക്കാദമി അവാർഡ് ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. റെയിൻഡിയർ. ദേവീഗ്രാമം, ദൈവം സർഗ്ഗത്തിൽ, തട്ടാരക്കുടിയിലെ വിഗ്രഹങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ ദേവീഗ്രാമം എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് ഈ കഥ.

ഞാൻ, ദേവിഗ്രാമത്തിലെപെണ്ണ്. പോയകാലത്തിന്റെ സ്മൃതിഗാഥയിലെവിടെയോ നീ എന്റെ ഈണം കേട്ടുകാണും. ആ വഴിത്താരയിലെങ്ങോ എന്റെ നിഴലിന്റെ മിന്നലാട്ടം കണ്ടുകാണും. നിന്റെ മനസ്സിന്നിടനാഴികളിലെ പതിയിരിക്കുന്ന തണുപ്പിൽ എന്റെ പാദസരത്തിന്റെ വെള്ളിമണികൾ മുഴങ്ങിക്കാണും. നിന്റെ ചേതനയുടെ ഞരമ്പുകളിലൊന്നിലെങ്കിലും ഞാൻ പ്രസവിച്ച ഏതെങ്കിലുമൊരു കുഞ്ഞിന്റെ കരച്ചിൽ കുരുങ്ങിക്കിടക്കുന്നുണ്ടാവില്ലേ?

സൂര്യന്റെ ചുംബനത്തിൽ സപ്തവർണ്ണത്തിന്റെ വില്ലഴിയുന്നതുപോലെ എല്ലാം മറഞ്ഞുപോയ നിന്റെ മനസ്സിൽ, കഴുകിയുണങ്ങിയ മണൽത്തരി മേൽ, വെള്ളിപ്പാദസരം കിലുക്കി വീണ്ടും ഞാൻ വരട്ടെ?

ഒന്ന്

നോക്കൂ, ഇതെന്റെ ഗ്രാമം. ഇവിടെ അമ്മയുണ്ട്. എന്റെ, ഞങ്ങളുടെ, ഗ്രാമത്തിന്റെ അമ്മ. തലയിൽ സർപ്പജടയുള്ള, ജ്വലിക്കുന്ന തീക്കണ്ണുകളുള്ള, പിളർന്നവായും ചോരനാക്കുമുള്ള ഉഗ്രരൂപിണിയായ അമ്മ. അമ്മയുടെ തണലിൽ എന്റെ ഗ്രാമം ത്രസിക്കുന്നു. പെറ്റുവീഴുന്ന പെൺകുട്ടികൾ അമ്മയുടെ പേരിന്റെ വകഭേദങ്ങൾ. ഒരു കാലത്ത് ഗ്രാമത്തിന്റെ ഓരോ ചലനവും അമ്മയുടെ നാമമുരുവിട്ടുകൊണ്ടായിരുന്നു. അമ്മയുടെ പ്രതികരണങ്ങൾ എന്നും പ്രവചനാതീതമായിരുന്നു. ആ കൈകളിൽ ആശിസ്സുകൾക്കൊപ്പം രോഗവിത്തുകൾ. ആ നാവിൽ അനുഗ്രഹത്തിനൊപ്പം ശാപ വചസ്സുകൾ. ആ കണ്ണുകളിൽ സ്നേഹത്തിന്റെ തിളക്കത്തിനൊപ്പം ക്രോധത്തിന്റെ ജ്വാലകൾ.

എന്റെ കുട്ടികളുടെ ഇളംതൊലിമേൽ പൊന്തിനിൽക്കുന്നത് അമ്മയുടെ പ്രസാദക്കുരുക്കളാകുന്നു. തൊലിയിന്മേൽ ഇളംചുവപ്പുരാശി പടർന്ന് ചുണ്ടുകൾ പൊള്ളിയടർന്ന്, കണ്ണുകൾ ചുവന്നുതുറിച്ച് എന്റെ കുട്ടികൾ കിടക്കുമ്പോൾ ഗ്രാമമുത്തശ്ശി അവരുടെ പാദംതൊട്ടു കണ്ണിലണച്ചു പറയുന്നു.

അമ്മേ, ദേവീ, രക്ഷിക്കണേ!

9th Malayalam_Combine.indb 57 25-03-2019 12:04:06

രണ്ട്

ഗ്രാമമുത്തശ്ശിക്ക് എത്ര വയസ്സായെന്ന് ഇന്നും ആർക്കുമറിഞ്ഞുകൂടാ. ഗ്രാമാതിർത്തിയിലെ ചെറിയ കെട്ടിടത്തിൽ തിളങ്ങുന്ന കറുത്ത സിമിൻറിട്ട വരാന്തയിൽ കാലുനീട്ടിയിരുന്നു വെറ്റില മുറുക്കി നീട്ടിത്തുപ്പുന്ന അവർക്ക് കരിവീട്ടിയുടെ ഉറപ്പുള്ള ശരീരമുണ്ട്. നേരേ എതിരേ ഡംഭു കാട്ടിയുയർന്നു നിൽക്കുന്ന കോൺക്രീറ്റ് സൗധത്തിൽ ഇലക്ട്രിക് ഫാനിൻെറ ചൂടുകാറ്റിൽ ശരീരം വെന്ത് ആൾക്കാർ നീറുമ്പോൾ മുത്തശ്ശി തൻെറ മേൽവസ്ത്രം മാറ്റി വരാന്തയിൽ വിരിച്ച പുൽപ്പായയിൽ നിവർന്നുകിടന്ന് ശാന്തയായുറങ്ങും. അവരുടെ സ്വപ്നങ്ങൾക്ക് ദാരുകവധത്തിനിറങ്ങുന്ന ദേവിയുടെ കങ്കണങ്ങളുടെ കാന്തി യുണ്ടാകും.

ഗ്രാമമുത്തശ്ശിയുടെ മാറിടങ്ങളുടെ ദൃഢത ചൂണ്ടിക്കാണിച്ചുതന്നത് ന്നു അജയ നായിരുന്നു. ഞങ്ങളൊരുമിച്ചു പുറത്തേക്കിറങ്ങുമ്പോഴാണ് ഈറൻനേര്യതു പുതച്ച് മുത്തശ്ശി കയറിവന്നത്. അവരുടെ മുടിയിൽ കായലലകൾ ഓളമിളക്കി തുളുമ്പിനിന്നു.

കണ്ടില്ലേ... ബ്ളാക്സ്റ്റോൺപോലെ! ഇൻസൈപറ്റോഫ് ഹെർ എയ്ജ്...

അതു ശരിയാണെന്നു ഞാനും കണ്ടു. തെല്ലിടിഞ്ഞു ചാഞ്ഞ അപകർഷബോധം എൻെറ കണ്ണുകളെ മാറ്റിക്കളഞ്ഞു.

നാലുദിവസമായി പനിച്ചുകിടക്കുന്ന എൻെറ മകനെ നോക്കി മുത്തശ്ശി പറഞ്ഞു: അമ്മ വിളയാടിയതാ!

അപ്പോഴവൻെറമേൽ കുരുക്കൾ പൊന്തിയിട്ടില്ലായിരുന്നു. പട്ടണത്തിലെ ഡോക്ടർമാർ അവനു വൈറൽ ഫീവറാണെന്നു വിധിയെഴുതിയിരുന്നു.

വെറും പനിയല്ല, മുത്തശ്ശി പറഞ്ഞു. പരിഷ്ക്കാരി ഡോക്ടർമാർക്ക് എന്തറിയാം! അഞ്ചാം ദിവസം പൊന്തും. നോയ്ക്കോളൂ. - എൻെറ മനസ്സിൽ ഭീതിയുടെ വേരോടി.

വാതിൽപ്പടിമേലൊക്കെ വേപ്പില കെട്ടിത്തൂക്കിക്കോളൂ. സന്ധ്യക്ക് കുന്തിരിക്കം പുകയ്ക്കുക. എല്ലാവരും രണ്ടുനേരം കുളിച്ച് ദേവീനാമം ജപിക്കുക. അടുക്കളേല് മൊട്ടേം മത്സ്യോമൊന്നും കൊറച്ചുനാളത്തേക്കു വേണ്ട. എല്ലാം നേര്യാവും. അമ്മ പരീക്ഷിക്ക്യാണ്. വളയ്ക്കും, പക്ഷേ ഒടിക്കില്ല.

മുത്തശ്ശിയെ ചീഫ് മെഡിക്കൽ ഓഫീസറാക്കിയാലോ? അജയൻ എന്നോടു രഹസ്യമായി ചോദിച്ചു.

വയ്യാത്ത കുട്ട്യെ വിട്ടിട്ട് രണ്ടാളും എങ്ങട്ടാ? - ഒന്നു നടക്കാൻ. കായൽക്കര വരെ, ഞാനറിയിച്ചു. ഒരൽപം ശുദ്ധ വായു...

നല്ലതന്നെ. ആയ്ക്കോളൂ. ഞാനും ഇറങ്ങുകായി. കുട്ടിക്ക് പനിയാന്നുകേട്ട് കണ്ടിട്ടു പോകാംന്നു വച്ചുന്നേയുള്ളൂ.

അപ്പോൾ മുറ്റത്ത് എൻെറ മകൾ ഓടിക്കിതച്ചെത്തി. പറമ്പിൽ ഓടിച്ചാടി യുള്ള കളികഴിഞ്ഞ് വിയർപ്പുകണങ്ങളോടെ നിന്നു ചിരിച്ചു അവളെ നോക്കി മുത്തശ്ശി പറഞ്ഞു:

9th Malayalam_Combine.indb 58 25-03-2019 12:04:06

അമ്മ കൈവച്ചുകഴിഞ്ഞുലോ. ഇന്നോ നാളെയോ പനി തുടങ്ങും.

അസുഖത്തിന്റെ ഒരു ലാഞ്ഛനയുമില്ലാത്ത മകളെ നോക്കി. അജയനുറക്കെ പരിഹസിച്ചു ചിരിച്ചു. അനുഭവത്തിന്റെ തെളിവുകൾ ഏറെയുള്ളതു കൊണ്ട് ഞാൻ ചിരിച്ചില്ല.

രാത്രിയുടെ ഏതോ യാമത്തിൽ എന്റെ മകളുടെ കോശങ്ങൾ ചുട്ടു പഴുത്തു. മകന്റെമേൽ അരുണാഭ പകർന്നു.

മൂന്ന്

മുത്തശ്ശിയെ കളിയാക്കരുത്. ഞാൻ അജയനോടു പറഞ്ഞു, ദോഷമുണ്ടാകും. കുട്ടിക്കാലത്തെ വയൽവരമ്പിൽ അതിനു തെളിവായ അനവധി വാദങ്ങൾ ഒഴിഞ്ഞ നത്തത്തോടുകൾ പോലെ ചിതറിക്കിടന്നിരുന്നു.

നിനക്കു വിദ്യാഭ്യാസമുണ്ടായിട്ടെന്താ ഗുണം? ഏ മങ്കീസ് ബയ്ൻ ഫുള്ളോഫ് സൂപ്പർസ്റ്റീഷൻസ്.

കുരങ്ങന്മാർക്കാണ് അന്ധവിശ്വാസങ്ങളില്ലാത്തത് എന്നു പറഞ്ഞുകൊണ്ട് ഞാൻ അജയന്റെ പ്ലേറ്റിൽ രണ്ടിഡ്ഡലികൂടി എടുത്തുവച്ച് സാമ്പാറൊഴിച്ചുകൊടുത്തു. എനിക്കു വല്ലാത്ത ക്ഷീണം തോന്നി. രാത്രി മുഴുവൻ ഞാനുറങ്ങിയിരുന്നില്ല. കുഞ്ഞുങ്ങളുടെ തിളയ്ക്കുന്ന നെറ്റിമേൽ തണുത്ത വെള്ളത്തിൽ കുതിർന്ന തുണിക്കഷണങ്ങളിടുകയും മാറ്റുകയും ചെയ്ത് ഉണർന്നിരുന്നു. എപ്പോഴോ ഇടയ്ക്കുണർന്ന അജയൻ കുട്ടികളുടെ മുറിയിൽ വന്ന് അവരുടെ ദേഹം തൊട്ടു നോക്കി. അപ്പോൾ മകൾ പിറുപിറുത്തു:

മുത്തശ്ശി. മുത്തശ്ശീടെ കയ്യിൽ ശൂലം. അമ്മേ പേടിയാവണു. - ആ സ്റ്റുപ്പിഡ് കിളവിയാണ് ഇതിനൊക്കെ കാരണം, അജയൻ ദേഷ്യപ്പെട്ടു. കുട്ടീടെ മുഖത്തുനോക്കി ഓരോന്നൊക്കെ സജസ്റ്റു ചെയ്തുകൊടുക്കും. ഈ പനി വെറും സൈക്കളോജിക്കലാണ്.

അപ്പോഴും ഞാൻ തർക്കിക്കാനൊരുമ്പെട്ടില്ല.

ഇടയ്ക്കൊന്നു മയങ്ങിയപ്പോൾ ഞാൻ ദേവീരൂപം കണ്ടു. തിരുമുടി തല യിലേന്തി പൂജാരി ഒരു ചെറുകുന്ന് ഓടിക്കയറുന്നു. സ്വർണ്ണമുടി ഉരുകിയൊരു സ്വർണ്ണനദിയാകുന്നു. സ്വർണ്ണനദി ഒന്നു പിടഞ്ഞുനിവരുന്നു. ചെമ്പട്ടുധരിച്ച ശ്രീദുർഗ്ഗയാകുന്നു. കെട്ട് തുറന്ന് കൈയിലെ വിത്തുകൾ താഴേക്ക് കുടയുന്നു. അപ്പോഴും ചുണ്ടുകളിൽ കരുണാർദ്രമായ മന്ദസ്മിതം.

എന്റെ മകൾ പിടഞ്ഞു.

മയക്കം വിട്ടുണർന്ന് ഞാനവളെ ചുറ്റിപ്പിടിച്ചു. എന്തേ അമ്മേ? ആരോ എന്റെ മേത്ത് ആസിഡൊഴിച്ചു.

അവൾ ആ പനിച്ചൂടിലും വിയർത്തുവിറച്ചു. അതൊക്കെപ്പറഞ്ഞാൽ അജയന് ഏശുമോ? കുരങ്ങുതലമണ്ടയുടെ മറവിലെറിയില്ലേ? അതു കൊണ്ടു ഞാൻ പറഞ്ഞില്ല. ഞാനധികമൊന്നും പറയാറില്ല.

9th Malayalam_Combine.indb 59 25-03-2019 12:04:06

നാല്

എന്റെ ഗ്രാമം എന്റെ ഞരമ്പുകളിലുണ്ട്. അതൊരു യഥാർത്ഥ വസ്തുതയായി എന്നോടൊപ്പം തന്നെയുണ്ട്. അവധിക്കാലം കഴിഞ്ഞ് നഗരമധ്യത്തിലെ കോൺക്രീറ്റ് ഹർമ്യത്തിലേക്കു മടങ്ങിയാലും കൈനീട്ടിയാൽ തൊടാവുന്നത്ര അടുത്ത് ഗ്രാമമുണ്ട്. ഭ്രാന്തുപിടിച്ച പെണ്ണിന്റെ മുടി പോലെ തെങ്ങോലകൾ കലമ്പിച്ചു. തെങ്ങുകൾ ചിരിക്കുന്ന എന്റെ ഗ്രാമം.

പുതുമഴയിലുണരുന്ന മണലിന്റെ ഗന്ധം എനിക്കേറെ പ്രിയമായിരുന്നു. മേഘങ്ങളിൽനിന്നുതിർന്ന ആദ്യമഴത്തുള്ളി തന്റെ വെള്ളിച്ചുരുളുകൾ മെല്ലെയഴിച്ച് പടർന്നുകയറുമ്പോൾ മണൽത്തരികൾ ഉതിർക്കുന്ന നിർവൃതിയുടെ നിശ്വാസം. 'നിന്നെപ്പോലെ ആ മണം പാമ്പുകൾക്കും ഇഷ്ടാ,..' അമ്മൂമ്മ പറയും. 'സർപ്പങ്ങളൊക്കെ മാളത്തീന്നു പുറത്തുവരണ സമയമാ പുതുമഴ. ചിത്രകൂടക്കല്ലിനരികിൽ പോയി നിൽക്കണ്ട.'

ഇന്ന് ചിത്രകൂടക്കല്ലിന്റെ സ്ഥാനത്ത് പറമ്പു നോക്കുന്ന കാവൽക്കാരന് അന്തിയുറങ്ങാൻ തീർത്ത ചെറിയ കെട്ടിടം. കാവിൽ ഉഗ്രനാഗങ്ങളെപ്പോലെ കെട്ടുപിണഞ്ഞുതൂങ്ങിയ പാമ്പിൻവള്ളികൾ ഒരു സ്മൃതിപേടകത്തിന്റെ ഗർഭഗൃഹത്തിലാഴ്ന്നുപോയിരിക്കുന്നു. ഗ്രാമം കണ്ടതിൽ വച്ചേറ്റവും സുന്ദരിയായ നവവധുവായി അടിവച്ചു കയറിവന്ന അമ്മൂമ്മയുടെ സ്മരണപേറി ചെന്തെങ്ങ് കുലച്ചുനിൽക്കുന്നു.

നിലാവിന്റെ കീറുപോലെ അതിസുന്ദരിയായിരുന്നു എന്റെ അമ്മൂമ്മ. എഴുപതിന്റെ പടവുകൾ താണ്ടിയിട്ടും തന്റെ ചുണ്ടുകൾ വെറ്റിലക്കറയാൽ ചുവപ്പിച്ചല്ലാതെ, നെറ്റിയിൽ സിന്ദൂരപ്പൊട്ടും അതിനുമേൽ നേർത്ത ചന്ദനക്കുറിയുമിട്ടല്ലാതെ, അമ്മൂമ്മ രാവിലെ സ്വന്തം മുറിയിൽനിന്നു പുറത്തു വന്നിരുന്നില്ല.

എന്റെ അമ്മൂമ്മയുടെ രൂപമോ? അജയൻ ചോദിച്ചു. ഓ, ഞാനത്ര ശ്രദ്ധിച്ചിട്ടില്ല. ഷി വാസ് ഹെൽത്തി. അതിൽ കൂടുതൽ ഒന്നും എനിക്കോർക്കാനാവുന്നില്ല. കണ്ണും മൂക്കും ചുണ്ടുമെല്ലാം മറ്റുള്ളവരുടേതുപോലെതന്നെ.

ഞാനിടയ്ക്കിടെ ഊളിയിട്ടിറങ്ങുന്ന സ്മൃതിമണ്ഡലങ്ങൾ അജയനു തീരെ താൽപര്യമില്ലാത്തവയായിരുന്നു.

അമ്മൂമ്മയുടെ ഓരോ ചലനവും ഇന്നുമെന്റെ സ്മൃതിയിൽ സജീവം. ഗ്രാമമുത്തശ്ശിയും അമ്മൂമ്മയും പ്രിയസഖികളായിരുന്നു. ഏതാണ്ടു രണ്ടു മണിക്കൂർ നീണ്ടുനിൽക്കുന്ന അവരുടെ സ്നാനസമയത്ത് താളിപ്പത പുരണ്ട് കല്ലിൽ ഒരു കവിതയും മൂളി ഞാനിരിക്കും. അമ്മൂമ്മയുടെ പുറത്തുനിന്ന് മഞ്ഞളിന്റെ നിറം ഇഞ്ചത്തേച്ചിളക്കുമ്പോൾ ഗ്രാമമുത്തശ്ശി പല തവണ എന്നോടു പറഞ്ഞിട്ടുണ്ട്:

നിനക്കീ പാട്ടേയുള്ളാ മോളേ പാടാൻ? സ്വപ്നവും കൂട്ടുകാരനും. അതിന്റെ പ്രായമായിട്ടില്ലല്ലോ നിനക്ക് !

അവളെ വിട്ടേക്ക് ലക്ഷ്മീ, അമ്മൂമ്മ പറയും. അവളൊരു പ്രത്യേക ഇനമാ. ഒരു സ്വപ്നജീവി.

9th Malayalam_Combine.indb 60 25-03-2019 12:04:06

സംസാരത്തിനിടയിൽഡ്രൈവിങ്ങിനിടയിൽ, പാചകത്തിനിടയിൽ, വായനയ്ക്കിടയിൽ ഏതോ ലോകത്തേക്ക് അറിയാതെ വഴുതിവീണുപോകുന്ന എന്നെ നോക്കി ഇന്നെന്റെ മക്കൾ കൈകൊട്ടിയാർക്കുന്നു:

സ്വപ്നജീവി!

അഞ്ച്

ഇങ്ങനെ തനിയേയിരുന്നു ചിരിക്കുകയും സംസാരിക്കുകയും ചെയ്യുന്നത് സ്കിസോഫ്രേനിയയുടെ ലക്ഷണമാണ്, അജയൻ പറഞ്ഞു. ദൈവമേ, കാത്തുകാത്തിരുന്നു ഞാൻ വിവാഹം ചെയ്തത് ഒരു മനോരോഗിയെയായിപ്പോയല്ലോ.

മനോരോഗിക്കു പകരം അല്പംകൂടി ശക്തമായ വാക്ക് ഉപയോഗിക്കാമായിരുന്നു അജയന് എന്നു ഞാനോർത്തു. പക്ഷേ, അജയനതു ചെയ്യാനാവില്ല. കാരണം, ഞാനീ ഗ്രാമത്തിന്റെ സന്തതിയാണ്. ഗ്രാമം അറപ്പുരയിലെ പത്തായങ്ങളിൽ സ്വർണ്ണനെന്മണികൾ നിറച്ചുതരുന്നു. കൽപവൃക്ഷക്കുല കളിലൂടെ എണ്ണയായും പണമായും പതഞ്ഞുവരുന്നു. ഇല്ല, മനോരോഗി എന്ന വാക്കുപോലും കളിയായിട്ടല്ലാതെ ഉച്ചരിക്കാൻ അജയനാവില്ല.

അജയനെ ഞാൻ ഭർത്താവായി സ്വീകരിക്കുമ്പോൾ അമ്മൂമ്മയുടെ ചിതയ്ക്ക് ഒരുവയസ്സ്. കുരുത്തോലകൾ വീശാൻ തുടങ്ങുന്ന ചുടലത്തെങ്ങിനരികിൽ അജയന്റെ കൈപിടിച്ചു ഞാൻ നിന്നു. ഇതാ എന്റെ ഭർത്താവ്. ഞങ്ങളെ അനുഗ്രഹിക്കുക: ഞങ്ങൾക്കു പിറക്കുന്ന കുട്ടികൾക്ക് അഴകും ആരോഗ്യവും അറിവും ബുദ്ധിശക്തിയും സ്നേഹവുമുണ്ടാകാൻ, ഞങ്ങളുടെ പാതയിൽ ഒരു കരടുപോലും ഇടറാതിരിക്കുവാൻ, ഏതു നഗരമധ്യത്തിലും ഉൾത്തണുപ്പായി ഗ്രാമം എന്റെ മനസ്സിലുണർന്നിരിക്കുവാൻ ....

അവളെ എന്തിനാ വിളിക്കണേ? അവളെപ്പൊഴേ വേറേ ജനിച്ചു കാണും! അത് ഗ്രാമമുത്തശ്ശിയുടെ ശബ്ദമായിരുന്നു. ആകസ്മികമായി ആവിർഭവിച്ചതുപോലെ അവർ ഞങ്ങൾക്കു മുന്നിൽ ചിരിച്ചുനിന്നു.

ജനിച്ചുന്ന് ഒറപ്പാണോ? അജയൻ തമാശ പറഞ്ഞു. സായൂജ്യം നൽകി ഫയലുക്ലോസുചെയ്ത കേസാണെങ്കിലോ?

കുഞ്ഞ, വിരക്തി കിട്ടിയവർക്കേ സായൂജ്യമുണ്ടാവുള്ളൂ. അമ്മുവിന് അതു കിട്ടിയിട്ടില്ല, മരിക്കോളം. അതോണ്ടാ ഞാൻ തീർച്ച പറേണേ... അവൾ ജനിച്ചുകാണുംന്ന്, എവിടെയോ... ഏതു രൂപത്തിലോ....

തെങ്ങോലത്തുഞ്ചത്ത് ഒരു കണ്ണാടിത്തുമ്പി ഭ്രാന്തമായി ചിറകുക ളിളക്കി.

ചിലപ്പോ ഈ തുമ്പിയും ആകാം, അല്ലേ?

ആയിക്കൂടെന്നില്ല.

9th Malayalam_Combine.indb 61 25-03-2019 12:04:06

തുമ്പിയമ്മൂമ്മേ, കാത്തുരക്ഷിക്കണേ! അജയൻ കണ്ണുകളടച്ച് കൈകൂപ്പിയപ്പോൾ ഞാൻ ദേഷ്യപ്പെട്ട് സംസാരിച്ചു:

അജയൻ, കളിയായിട്ടുപോലും അങ്ങനെ പറയരുത്, എന്റെയമ്മൂമ്മയെ.

ഗ്രാമമുത്തശ്ശി ഉറക്കെച്ചിരിച്ചു എവിടെ നിന്റെയമ്മൂമ്മ? ആരാ നിന്റെ അമ്മൂമ്മ? എന്റെ കുട്ടീ, 'ഒക്കേമായിട്ട് ഒന്നേയുള്ളൂ ദേവി. നമ്മടെയമ്മ.

അവർ കൈകൂപ്പി: അമ്മേ മഹാമായേ, എന്റെ ഗ്രാമത്തെ അനുഗ്രഹി ക്കണേ!

ഏതാണീ കഥാപാത്രം? കായൽത്തീരത്തേക്കു നടക്കുമ്പോൾ അജയൻ തിരക്കി.

ഗ്രാമമുത്തശ്ശി. എത്രവയസ്സായെന്ന് ആർക്കുമറിയില്ല. ദേവിയുടെ അംശമുള്ളവൾ. പരലോകം കണ്ടു മടങ്ങി വന്നവൾ. ഗ്രാമത്തിന്റെ നന്മയ്ക്കുവേണ്ടി മാത്രം ദേവിയോടു യാചിക്കുന്നവൾ.

എന്റെ സുന്ദരിക്കുട്ടീ, അജയൻ ഉറക്കെച്ചിരിച്ചു. എന്തൊരു വിഡ്ഢി യാണു നീ!

ആറ്

നഗരത്തിലെ ശീതോഷ്ണങ്ങൾ ക്രമീകരിച്ച മുറികളിൽ മൊണോപ്പൊളിയും സ്ക്രാബ്ളും മറ്റും കളിച്ചുവളരുന്ന കുട്ടികളിൽ ദേവിഗ്രാമത്തിന്റെ അംശം നഷ്ടപ്പെടാതെ ഞാൻ ശ്രദ്ധിക്കുന്നതും വിഡ്ഢിത്തമെന്ന് അജയനു തോന്നുന്നുണ്ടാവാം. ഗ്രാമത്തിൽ പോകാനായി അവർ നീണ്ട അവധിക്കാലങ്ങൾക്കു കാത്തു.

ഗ്രാമമുത്തശ്ശിയെ അവർക്കേറെ ഇഷ്ടം. ശുദ്ധമായ കായൽമണ്ണുവിരിച്ച ആ വീട്ടുമുറ്റത്ത് അപ്പുവിന് ഓടിക്കളിക്കണം. അവിടേക്ക് വർണ്ണത്തുമ്പികളാ ർക്കുന്ന വയൽപ്പാതയിലൂടെ നടന്നുപോകുന്നതും അവനേറെ പ്രിയംകരം. അമ്മുവിനിഷ്ടം, അവളുടെ കവിളുകൾ പോലെ മിനുങ്ങുന്ന വരാന്തയിൽ ക്കിടന്ന് മുത്തശ്ശിയുടെ കഥകൾ കേൾക്കുവാൻ.

ഒരിക്കൽ മുത്തശ്ശി അവരെ തന്റെ വീട്ടുകിണറ്റിന്റെ കരയിൽ പൂർണ്ണ നഗ്നരാക്കി നിറുത്തി കിണറ്റിലെ തണുത്ത ജലം കോരിയൊഴിച്ചു കുളിപ്പിച്ചു. യന്ത്രക്കുഴലുകളിലൂടെ കറങ്ങി ചൂടാവാഹിച്ചു വരുന്ന വെള്ളം ശിരസ്സിലൊഴിച്ചു ധൃതിക്കുളി കുളിച്ചിരുന്ന കുട്ടികൾ ആദ്യമായി ശുദ്ധജലത്തിന്റെ കുളിർമയറിഞ്ഞു. അവർ തുള്ളിച്ചാടി ബഹളം കൂട്ടുകയും മുത്തശ്ശി വീണ്ടും വീണ്ടും വെള്ളം കോരിയൊഴിച്ചുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. വീട്ടിൽ തിരിച്ചെത്തിയ കുട്ടികളിൽ ഞാനൊരിക്കലും കണ്ടിട്ടില്ലാത്ത ഉന്മേഷം തുടിച്ചുനിന്നു.

പക്ഷേ, അജയൻ കുപിതനായി.

ഇനി ഈ വീടുവിട്ടു പുറത്തിറങ്ങരുത്. കിണറ്റുവെള്ളം എത്ര ഇംപ്യൂ വറാണെന്നറിയോ നിങ്ങൾക്ക്? അതു കുടിക്കാനും നന്നല്ല, കുളിക്കാനും നന്നല്ല. ന്യൂമോണിയ പിടിക്കും, പറഞ്ഞേക്കാം. .

9th Malayalam_Combine.indb 62 25-03-2019 12:04:06

ഇന്നുച്ചയ്ക്കും അമ്മ കിണറ്റുവെള്ളം കുടിച്ചു, അപ്പു പറഞ്ഞു. അമ്മക്ക് ന്യൂമോണിയ വന്നില്ലല്ലോ? അമ്മ കായലിൽ കുളിക്കുകേം ചെയ്യും. അമ്മ എന്തു ചെയ്താലും അച്ഛൻ ദേഷ്യപ്പെടില്ല, മകൾ പരിഭവിച്ചു.

അമ്മ കുട്ടിക്കാലത്തേ ശീലിച്ചതാണതൊക്കെ. അമ്മയ്ക്ക് റസിസ്റ്റൻസുണ്ട്. നിങ്ങൾക്കില്ല. നിങ്ങൾ തെരുവുകുട്ടികളെ കണ്ടിട്ടില്ലേ, ഡർട്ടി സ്ട്രീറ്റ് കിഡ്സ്? അവർ വീപ്പയിലെ എച്ചിലില പെറുക്കി അതിലെ അവശിഷ്ടങ്ങൾ തിന്നും. അവർക്കു ഡയറിയ വരില്ല. കാരണം, ശീലമായതുകൊണ്ടവർക്ക് റസിസ്റ്റൻസുണ്ട്. നിങ്ങൾക്കങ്ങനെ തിന്നാൻ പറ്റുമോ?

അജയനുപയോഗിച്ച ഉപമയുടെ കൂർത്ത വാക്ക് എന്നിൽ തുളഞ്ഞു കയറി.
എച്ചിലില നക്കുന്ന തെരുവുതെണ്ടിയെപ്പോലെ ഞാനും എന്റെ ഗ്രാമവും.

അജയൻ എനിക്കുനേരേ തിരിഞ്ഞു. നിങ്ങളൊക്കെ ആ കിളവിക്ക് ദിവ്യത്വം കൽപിച്ചു പൂജിക്കുന്നതുകൊണ്ടോ അവരീ അഹങ്കാരം കാണിക്കു ന്നത്. എന്റെ കുട്ടികളോടു ദുഃസ്വാതന്ത്ര്യം കാണിച്ചാൽ അവരുടെ എല്ലു ഞാനൊടിക്കും.

ഒന്നും മിണ്ടാതെ ഞാനകത്തേക്കു വന്നു. അവിടെ എന്റെ അമ്മ ആകെ വിഷമിച്ചു നിൽക്കുന്നുണ്ടായിരുന്നു. അജയനെന്തിനാ ഇങ്ങനെ ദേഷ്യ പ്പെടണേ? അത്രയ്ക്കൊന്നും അവരു ചെയ്തില്ലല്ലോ. ദേവീടെ അംശമുള്ളവരാ. അവരോടു കളിക്കണതു നന്നല്ല.

പിന്നെ അപ്പുവും അമ്മുവും ഗ്രാമമുത്തശ്ശിയുടെ വീട്ടിൽ പോയില്ല. കായൽക്കരയിൽ വച്ചു യാദൃച്ഛികമായി കണ്ടപ്പോൾ മുത്തശ്ശി ചോദിച്ചു:

എന്താ പിന്നെ കുളിക്കാൻ വരാത്തേ? അച്ഛൻ വഴക്കു പറഞ്ഞോ? കുട്ടികൾ എന്നെ നോക്കി. മുത്തശ്ശിയെ നോവിക്കാത്ത ഒരുത്തരത്തിന് ഞാൻ തപ്പിത്തടയുമ്പോൾ അവർ സൗമ്യമായി ചിരിച്ചു.

'നൊണ പറയാനിത്തിരി പാടാ അല്ലേ? മോളേ, കുട്ട്യോളെ ഗ്രാമത്തി ലെത്തിയാലെങ്കിലും തൊറന്നു വിടണം. ശ്വാസത്തിലൂടെ വരെ ഗ്രാമം അവരില് കേറട്ടെ. അമ്മേടെ മുടി വിളയാടണ സ്ഥലമാ ഇതെന്നു മറക്കണ്ടാ. കുട്ട്യോള് സ്വതന്ത്രരായിട്ട് ആ ജടയില് ഓടിക്കളിച്ചോട്ടെ. മക്കൾക്ക് കായലിൽ കുളിക്കണംന്നുണ്ടോ? : ഉണ്ട്! ഉണ്ട്!

കണ്ണടച്ച് അരനിമിഷം ധ്യാനിച്ച് മുത്തശ്ശി പറഞ്ഞു: വരുന്ന ബുധനാഴ്ച മുത്തശ്ശി കൊണ്ടോവാം. അമ്മയും പോന്നോട്ടെ, ന്താ?

കുട്ടികൾ തുള്ളിയാർത്തപ്പോൾ അജയന്റെ ചുളിയുന്ന പുരികക്കൊടി കളെയോർത്തു ഞാൻ നടുങ്ങി.

വേണ്ട മുത്തശ്ശീ. അജയൻ സമ്മതിക്കില്ല.

അജയനുണ്ടാവില്ല അന്ന്.

പിടയുന്ന നെഞ്ചുമായി ഞാൻ മടങ്ങി വന്നു. രണ്ടാഴ്ച മുഴുവൻ ഗ്രാമ ത്തിൽ താമസിക്കാനെത്തിയ അജയൻ ബുധനാഴ്ച എവിടെ പോകാനാണ്?

അനിയന്ത്രിതമായി മനസ്സുതുടികൊട്ടിക്കൊണ്ടിരുന്നു.

9th Malayalam_Combine.indb 63 25-03-2019 12:04:06

ചൊവ്വാഴ്ച ഉച്ചയ്ക്ക് ഓഫീസിൽനിന്നു ലഭിച്ച സന്ദേശത്തെത്തുടർന്ന് ധൃതിയിൽ ടിക്കറ്റു ശരിപ്പെടുത്തി അജയൻ ബാംഗ്ളൂർക്കു പറന്നു. ബുധനാഴ്ചയും പിന്നീടുള്ള രണ്ടു ദിവസങ്ങളിലും എന്റെ കുട്ടികൾ കായലിൽ തുടിച്ചു കുളിച്ചു. അവർക്കു ന്യൂമോണിയ വന്നില്ല.

ഏഴ്

നോക്കൂ, ഇപ്പോഴെന്റെ മകളുടെ ദേഹം മുഴുവൻ കുരുക്കളാണ്. മണൽ വാരി വിതറിയതുപോലെ. അവളുടെ പനിച്ചൂട് വല്ലാത്തൊരു ഗന്ധം കലർന്ന ആവിയായി മുറിയിൽ തങ്ങിനിന്നു. തുറന്നിട്ട ജനലിലൂടെ വന്ന ശുദ്ധവായുവിനെപ്പോലും അതു മലിനമാക്കി. കുരുക്കൾ പൊഴിഞ്ഞ് പനി പൊറുത്ത മകൻ അസ്വസ്ഥനായി വീട്ടിൽ ചുറ്റി നടന്നു. മരുന്നും ചികിത്സയുമേൽക്കാതെ മകൾ ദിനംപ്രതി അവശയായി വരുമ്പോൾ ഊണും ഉറക്കവും ശരിയാവാതെ അജയനും ക്ഷീണിച്ചു. ദിനവും വന്നു പോയ കുടുംബസുഹൃത്തായ ഡോക്ടർ നിരാശത പ്രകടിപ്പിച്ചു.

രണ്ടാഴ്ചയിലേറെ മീസിൽസിങ്ങനെ നീണ്ടുനിൽക്കാറില്ല. ഇതെന്താണെന്നു പിടികിട്ടുന്നില്ല. ഒരു കാര്യം ചെയ്യാം. നാളെ രാവിലെ ഹോസ്പിറ്റലിലേക്കു മാറ്റാം. ഇന്നത്തേക്ക് ഗ്ളൂക്കോസ് കലക്കിക്കൊടുക്കുക.

പകുതി അബോധാവസ്ഥയിൽ അവളുടെ മൂത്രം വീണ് കിടക്കവിരി നനഞ്ഞു. ഗ്ളൂക്കോസിനെ അവളുടെ ശരീരം നിരാകരിച്ചു. ശ്വാസത്തിന് ദുർഗന്ധമേറി.

ആ സന്ധ്യയ്ക്ക് ഗ്രാമമുത്തശ്ശി വീണ്ടും വന്നു. എന്റെ അമ്മ തേങ്ങിക്കരഞ്ഞു.

കൈകൂപ്പി: എന്തിനാ ഞങ്ങളെ ഇങ്ങനെ പരീക്ഷിക്കണേ? ഈ തറവാടു നിലനിൽക്കാനുള്ള ഒരേയൊരു കണ്ണിയാ. ദേവി കൈവിടുന്നു... ഗ്രാമമുത്തശ്ശിയുടെ കണ്ണുകൾ കത്തി.

അവർ എന്റെ മകളെ തുറിച്ചുനോക്കിനിന്നു. അവരുടെ ശരീരം നോക്കി നിൽക്കെ വിയർത്തുവന്നു. മനസ്സുകൊണ്ട് ഒരു വടംവലി നടത്തുന്നതു പോലെ ഒരു ബലപരാക്രമം നടത്തുന്ന മട്ടിൽ അവരുടെ മുഖം വികൃതമായി.

തളർന്ന കണ്ണുകളുയർത്തി മകൾ അവരെ നോക്കിക്കിടന്നു.

പെട്ടെന്ന് മുത്തശ്ശി തിരിഞ്ഞുനടന്ന് വരാന്തയിലെ നിലവിളക്കിനരികിലെത്തി. കത്തിനിന്ന ഏഴുതിരികളും ഒന്നൊന്നായി കൈവിരലുകൾകൊണ്ട് ചേർത്തുപിടിച്ചു കെടുത്തി. പൊള്ളിയ വിരലിൽ പുരണ്ട കരിയുമായി വന്ന് മകളുടെ നെറ്റിമേൽ തിലകം ചാർത്തി.

ധൂമാവതിയാണ്, ഗ്രാമമുത്തശ്ശി പറഞ്ഞു. ഒക്കെ മാറും. അമ്മ വളയ്ക്കയേുള്ളൂ. ഒടിക്കില്ല. നാളേക്ക് ഇറക്കമായി. അമ്മയ്ക്കു മധുപൂജ നടത്തിക്കോളൂ. ദേവീ, എന്റെ ഗ്രാമത്തെ രക്ഷിക്കേണമേ മഹാമായേ...

കുരുക്കൾ താഴ്ന്ന് ചൂടുവറ്റിയ ശരീരത്തോടെ പിറ്റേന്നു രാവിലെ മകൾ എന്നോടു പറഞ്ഞു അമ്മേ, ഇന്നലെ മുത്തശ്ശി പൊട്ടുതൊടീച്ചപ്പോ ദേഹത്താകെ കാറ്റു വീശണപോലെ തോന്നി.

അവളുടെ മുടി തലോടിക്കൊണ്ടിരുന്ന അജയൻ പെട്ടെന്നെഴുന്നേറ്റ് പുറത്തേക്കുപോയി.

9th Malayalam_Combine.indb 64 25-03-2019 12:04:06

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞടുത്തെഴുതുക

1. ദേവിഗ്രാമം ഏത് സമാഹാരത്തിലുൾപ്പെട്ട കഥയാണ്?

   അ) നിവേദ്യം

   ആ) ഇനിയൊരു നിറകൺചിരി

   ഇ) ദേവിഗ്രാമം

   ഈ) കല്ലുവച്ച നുണകൾ

2. ഗ്രാമമുത്തശ്ശി ഏത് കഥയിലെ കഥാപാത്രമാണ്?

   അ) ദേവിഗ്രാമം

   ആ) അജ്ഞൻ

   ഇ) പുഴ

   ഈ) മണ്ണ്

3. മുത്തശ്ശിയെ ചീഫ് മെഡിക്കൽ ഓഫീസറാക്കിയാലോ? എന്ന് ചോദിച്ചതാര്?

   അ) അമ്മ

   ആ) മുത്തശ്ശി

   ഇ) അജയൻ

   ഈ) കുട്ടി

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

ദേവിഗ്രാമം എന്ന കഥയിലെ ഇതിവൃത്തം ചുരുക്കിയെഴുതുക

9th Malayalam_Combine.indb 65 25-03-2019 12:04:06

ഭാഗം 5

ഭാഷയുടെ സർഗചാരുതയിലേക്ക്





പഠനലക്ഷ്യങ്ങൾ

- സർഗവൈഭവങ്ങൾ പ്രകടമാകുന്ന കവിതകൾ പരിചയപ്പെടൽ.
- 'പ്രാദേശിക ഭാഷാഭേദങ്ങളെകുറിച്ച് സാമാന്യധാരണ നേടൽ.
- ദൈനംദിനജീവിതത്തിൽ പ്രയോഗിക്കുന്ന ശൈലികൾക്കു പിന്നിലെ കഥകൾ മനസ്സിലാക്കൽ.

പാഠഭാഗങ്ങൾ

കവിത	:	പുതിയ കാഴ്ചപ്പാട്	വൈലോപ്പിള്ളി ശ്രീധരമേനോൻ.
ഗദ്യം	:	ഭാഷയും ഭാഷാഭേദവും	ഡോ.പി. സോമശേഖരൻ നായർ
ഉപപാഠം	:	ഭഗീരഥപ്രയത്നം	വി.പി മരയ്ക്കാർ

9th Malayalam_Combine.indb 66 25-03-2019 12:04:15

കവിത

പുതിയ കാഴ്ചപ്പാട്

– വൈലോപ്പിള്ളി ശ്രീധരമേനോൻ



വൈലോപ്പിള്ളി ശ്രീധരമേനോൻ [1911 – 1985]; കാല്പനികതയിൽ നിന്ന് വ്യത്യസ്തമായി ഒരു ഭാവുകത്വപരിവർത്തനം സൃഷ്ടിച്ച കവിയാണ് വൈലോപ്പിള്ളി. മാനവസമത്വത്തെ സപ്നം കണ്ട ഈ കവി എല്ലാ ദുരിതങ്ങളെയും അതിജീവിച്ച് മനുഷ്യജീവിതം മുന്നോട്ടുപോവുമെന്ന പ്രത്യാശ വെച്ചുപുലർത്തിയിരുന്നു. 'കാച്ചിക്കുറുക്കിയ കവിത' എന്ന് അദ്ദേഹത്തിന്റെ കവിത വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ അവാർഡ് തുടങ്ങിയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. മാമ്പഴം, സഹ്യന്റെമകൻ, കയ്പ്പവല്ലരി, വിട, കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, ശ്രീരേഖ, ഓണപ്പാട്ടുകാർ, തുടങ്ങിയവയാണ് പ്രധാന കവിതാസമാഹാരങ്ങൾ. കടൽകാക്കകൾ എന്ന കവിതാസമാഹാരത്തിലെ കവിതയാണ് പുതിയ കാഴ്ചപ്പാട്.

കൊച്ചുകൊച്ചനുഭവ-
ചിത്രരേഖകൾ വാക്കാൽ
തയ്ച്ചുതയ്ച്ചിരുവ-
രിന്നലെയോളം ഞങ്ങൾ.
ഒരു കാമുകൻ ചെയ്യു-
മാലാപവിലാപങ്ങൾ,
ഒരു വഞ്ചന,യൊരു
ധീരമാം ജീവത്യാഗം,
ചിരിക്കും പ്രകൃതിയും,
നക്ഷത്രമധു കിട്ടാൻ
ചിറകിട്ടടിക്കുന്ന
മനുഷ്യാത്മാവിൽ നോവും
നെയ്തു നെയ്തെത്തി ജന്മ-
ഭൂമി തൻ മുക്തിക്കു പോർ-
ചെയ്തു മുന്നേറ്റം ജന-
സാഹസത്തോളം ഞങ്ങൾ.

9th Malayalam_Combine.indb 67 25-03-2019 12:04:15



വ്യക്തിയിൽനിന്നും വളർ-
ന്നാസേതു ഹിമാചല-
മർത്ത്യവാഞ്ഛയാൽ ചായ-
മിട്ടു ഞങ്ങടെ നൂൽകൾ
ചേർത്തു പുൽകുന്നുണ്ടിന്നു
ദക്ഷിണോത്തരധ്രുവ-
ദീപ്തികളുടെ പൂങ്കാ-
വാർന്ന പാരിനെയെല്ലാം.
അര നൂറ്റാണ്ടായ് ഞങ്ങൾ
പണ്ടെങ്ങും കാണാത്തപോൽ
-അരിയ വേദാന്തക്കൈ-
ത്തിരി വെട്ടത്താലല്ല-
സൗഹൃദ നിലാവിനാൽ,
സമരത്തീയാൽ,പാരി-
താകവേ പരന്നൊരു
തറവാടായിക്കണ്ടോർ.
തുടുവള്ളാമ്പൽപ്പൊയ്ക-

9th Malayalam_Combine.indb 68 25-03-2019 12:04:16

യല്ല,ജീവിതത്തിന്റെ
കടലേ കവിതയ്ക്കു
ഞങ്ങൾക്കു മഷിപ്പാത്രം.
ചന്തമായ് സംസ്കാരങ്ങൾ
കൈമാറാൻ,ചിരദാസ്യ-
ച്ചങ്ങലയുടയ്ക്കുവാൻ,
ദുഷ്പ്രകൃതിയെ വെൽവാൻ,
സംഗരാണുവെ നിരോ-
ധിക്കുവാൻ, സമാധാന-
പ്പൊൻകതിർ കൃഷിചെയ്വാൻ
വായുവും വെളിച്ചവും-
പോലനായാസം ശുഭ-
ജീവിത വിടർച്ചയ്ക്കു
പോരുവതെല്ലാം ലഭി-
ച്ചീടുവാൻ, ജനതകൾ
എവിടെസ്സമ്മേളിപ്പൂ,
യത്നിപ്പൂ,പുതുകാല-
കവിതക്കിളിതത്ര
പറന്നു പാറിടുന്നു.
കൺമിഴികളാൽ ഭാവി-
ഭാസുരോദയകാന്തി
ചുംബനം ചെയ്താക്കിളി
പുകഴ്ന്നു പാടും പാട്ടിൽ
മാനശീലയാം പുരോ-
ഗതിയെക്കാമിക്കുന്ന
മാനവ സമൂഹത്തിൻ
ഹൃദയസ്പന്ദം കേൾപ്പൂ.
വ്യക്തഭംഗികൾ കാണാ-
താകിലും,കലയുയർ-
ന്നത്രമേലുകൾക്കൊൾവതി-
ലഭിമാനിപ്പൂ ഞങ്ങൾ!

9th Malayalam_Combine.indb 69 25-03-2019 12:04:16

അഭ്യാസം.

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. പുതിയ കാഴ്ചപ്പാട് ഏതു സമാഹാരത്തിലെ കവിതയാണ്?

   അ) കടൽകാക്കകൾ

   ആ) കന്നിക്കൊയ്ത്ത്

   ഇ) മകരക്കൊയ്ത്ത്

   ഈ) ശ്രീരേഖ

2. ആരുടെ മുക്തിക്കുവേണ്ടിയാണ് പോർ ചെയ്തത്?

   അ) ജന്മഭൂമിയുടെ

   ആ) ദുഃഖിതരുടെ

   ഇ) അടിമകളുടെ

   ഈ) തടവുകാരുടെ

II. ഉത്തരമെഴുതുക

1. ചിരിക്കും പ്രകൃതിയും

   നക്ഷത്ര മധു കിട്ടാൻ

   ചിറകിട്ടടിക്കുന്ന

   മനുഷ്യാത്മാവിൽ നോവും

   അ) ഏത് കവിതയിലെ വരികളാണിത് ?

   ആ) ഇതെഴുതിയ കവി ആരാണ്?

2. മാനശീലയാം പുരോ-

   ഗതിയെക്കാമിക്കുന്ന

   മാനവ സമൂഹത്തിൻ

   ഹൃദയസ്പന്ദം കേൾപ്പൂ.

   അ) ഏത് കവിതയിലെ വരികളാണിത് ?

   ആ) ഇതെഴുതിയ കവി ആരാണ്?

9th Malayalam_Combine.indb 70 25-03-2019 12:04:16

III. ഉത്തരം ചുരുക്കിയെഴുതുക

1. പാരിനെ തറവാടായി കണ്ടവരാര്?എങ്ങനെ?
2. കിളിയുടെ പാട്ടിൽ കേട്ടതെന്ത്?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. പുതിയ കാഴ്ചപ്പാട് എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
2. കവിതക്കിളി പറന്നു പാടീടുന്നതെവിടെയെല്ലാം?

9th Malayalam_Combine.indb 71 25-03-2019 12:04:16

ഗദ്യം

ഭാഷയും ഭാഷാഭേദവും

– ഡോ. പി. സോമശേഖരൻ നായർ



ഡോ. പി. സോമശേഖരൻ നായർ [1937 – 2000]: കേരള സർവ്വകലാശാലാ ഭാഷാശാസ്ത്ര വിഭാഗം പ്രൊഫസർ, മലയാളം ലക്സിക്കണിന്റെ എഡിറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാഷാഭേദവിജ്ഞാനം, നിഘണ്ടു വിജ്ഞാനം എന്നിവ പ്രധാനകൃതികളാണ്. ഭാഷാഭേദവിജ്ഞാനം എന്ന കൃതിയിലെ ഒരു ലേഖനമാണ് ഭാഷയും ഭാഷാഭേദവും.

പരസ്പരം ആശയങ്ങൾ കൈമാറുന്നതിനുള്ള ഉപാധിയാണു ഭാഷ. ഈ ഉപാധി പല തരത്തിലാകാം. ആംഗ്യങ്ങളും ഭാവപ്രകടനങ്ങളും അർഥ വാഹിനികളാണ്. കൈമുദ്രകളും മുഖത്തെ ഭാവഭേദങ്ങളും കൊണ്ട് മൗനമായി, വാചാലമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്ന കഥകളി നമുക്കു പരിചിതമാണല്ലോ. ആശയം ഏതെങ്കിലുമൊരടയാളത്തിലൂടെ കൈമാറാം. പ്രതിഷേധത്തിന്റെയും ദുഃഖത്തിന്റെ യും അടയാളമല്ലേ കറുപ്പു കൊടി? മനുഷ്യർക്കു മാത്രമല്ല ഭാഷയുള്ളത് , മൃഗങ്ങൾക്കും പക്ഷികൾക്കുമുണ്ട്. അവയും പരസ്പരം 'സംസാരിക്കുന്നു'. ഈ വിശാലമായ ക്യാൻവാസിലല്ല നാം ഭാഷയെ നിർവചിക്കുന്നത്. ഇവിടെ ഭാഷയെന്നാൽ മനുഷ്യർ പരസ്പരം ആശയങ്ങൾ കൈമാറാൻ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളുടെ ആകത്തുകയാണ്. ഇത് ഒരു സാമൂഹികപ്രതിഭാസവുമാണ്.

ഭാഷാഭേദത്തിന്റെ നിർവചനത്തിലെത്തുന്നതിനുമുമ്പ് ഭാഷയ്ക്കുള്ളിൽ വരുന്ന വ്യത്യാസങ്ങളിലൂടെ ഒന്നു സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഭാഷയ്ക്കകത്തുതന്നെ പലതരത്തിലുള്ള ഭേദങ്ങളുണ്ടെന്നുള്ള കാര്യത്തിൽ അധികമാളുകളും ബോധവാന്മാരാണ്. ഉച്ചാരണത്തിലും വ്യാകരണത്തിലും വാക്കുകളിലും അർഥങ്ങളിലുമായി അവ പരന്നുകിടക്കുന്നു. തെക്ക് 'മഴ' പെയ്യുമ്പോൾ വടക്ക് ചിലയിടങ്ങളിൽ "മയ' പെയ്യുന്നു. ആരെങ്കിലും പോയിക്കഴിഞ്ഞാൽ കന്യാകുമാരി ജില്ലയിലുള്ളവർ പറയും "അവൻ പെയ്യായി'. തിരുവനന്തപുരം' തൊട്ടുള്ളവർ 'അവൻ പോയി' എന്നു തിരുത്തും. കണ്ണൂർക്കാരന് മറ്റൊന്നാണ് പറയുവാനുള്ളത് : "ഓൻ പോയിനി'. തിരുവനന്തപുരത്തുകാരി 'തൊറപ്പ്' കൊണ്ടു മുറ്റം തൂക്കുമ്പോൾ കണ്ണൂർക്കാരി "മാച്ചി' കൊണ്ടു മുറ്റമടിക്കുന്നു. തിരുവനന്തപുരത്തെ ഇരുമ്പുപണിക്കാരനായ കൊല്ലൻ തൃശൂരു കടക്കുമ്പോൾ ചെരിപ്പുപണിക്കാരനാകും. തെക്കുനിന്നു തിരിക്കുന്ന (ആൺ) പട്ടി വടക്കോട്ടു പോകുമ്പോൾ പെണ്ണായിമാറും. ഇങ്ങനെയുണ്ടാകുന്ന വ്യത്യാസങ്ങളുടെ കാരണങ്ങൾ പലതാകാം.

9th Malayalam_Combine.indb 72 25-03-2019 12:04:16

രാജ്യത്തിന്റെ അതിർത്തികൾ, കടക്കാൻ പ്രയാസമായ പുഴ, പർവതം, മരുഭൂമി ഇവ ആളുകൾ തമ്മിലുള്ള സമ്പർക്കത്തിനു വിഘാതമാകാം. പഴയ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നുള്ള വിഭജനം ഈ പ്രദേശങ്ങളും തമ്മിലുള്ള സമ്പർക്കത്തെ ബാധിച്ചു. ലക്ഷദ്വീപിനെ കേരളത്തിൽ നിന്നൊറ്റപ്പെടുത്തുന്ന കടൽ, 'ലക്ഷദ്വീപു മലയാള'ത്തിനു കാരണമാണ്. ആളുകൾ തമ്മിലുള്ള "ഭൂമിശാസ്ത്രപരമായ അടുപ്പം' കുറഞ്ഞപ്പോൾ ഭാഷകൾ തമ്മിലുള്ള അകലം വർധിച്ചു. ഓരോന്നും അതാതിന്റെ വ്യക്തിത്വം പുലർത്തിക്കൊണ്ടു വളർന്നു.

മതപരമായ ചടങ്ങുകൾ കുറിക്കുന്ന പദങ്ങൾ, ബന്ധസൂചീപദങ്ങൾ എന്നീ മേഖലകളിൽ ഇത്തരം വ്യത്യാസങ്ങൾ വ്യക്തമായിക്കാണാം. ക്രിസ്ത്യാനികളുടെയും പാലക്കാട്ടെ ചില ഭാഗങ്ങളിലുള്ള ഈഴവരുടെയും 'അപ്പ'നും മുസ്ലീങ്ങളുടെ 'ബാപ്പ'യും മറ്റുള്ളവരുടെ "അച്ഛ'നും ഒന്നു തന്നെ.

പുൽപ്പള്ളിയിലെ ഒരു ഗിരിവർഗമായ ഊരാളിക്കുറുമർ അച്ഛനെ "അമ്മൻ' എന്നും അമ്മയെ 'അപ്പ' എന്നും വിളിക്കുന്നു. ബന്ധസൂചീപദങ്ങളുടെ സമഗ്രമായ പഠനം ജാതിഭാഷകളുടെ വ്യത്യാസങ്ങളെ വെളിച്ചത്തു കൊണ്ടുവരും. ഒരേ സ്ഥലത്തു തന്നെ പല ജാതിക്കാർക്കും പല തരത്തിലുള്ള ഭാഷകളുണ്ടെന്നുള്ളതു വാസ്തവം. പക്ഷേ, ഒരേ ജാതിക്കാർ എല്ലാ സ്ഥലത്തും ഒരു പോലെയല്ല സംസാരിക്കുന്നത്. അതുകൊണ്ട് ജാതിവ്യത്യാസത്തെക്കാൾ പ്രാദേശികമായ വ്യത്യാസമാണ് പ്രധാനം.

സ്ത്രീക്കും പുരുഷനും പ്രത്യേകഭാഷയോ? ആദ്യം നമ്മൾ അതിശയിച്ചേക്കാം. സംസ്കൃതനാടകങ്ങളിൽ നായകൻ സംസ്കൃതവും നായിക പ്രാകൃതവുമല്ലേ സംസാരിക്കുന്നത്. കരീബു വർഗക്കാർക്കിടയിൽ പുരുഷനും സ്ത്രീക്കും പ്രത്യേക ഭാഷയുണ്ട്. ഈ വ്യത്യാസം പരസ്പരം മനസ്സിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നില്ല. ആണും പെണ്ണും 'ആൺഭാഷ'യിലും 'പെൺഭാഷ' യിലും സംസാരിച്ചുകൊള്ളും. ജർമനിയിലെ ജൂതന്മാർക്കിടയിൽ അഭിവാദനങ്ങൾക്ക് പുരുഷന്മാർ ഹീബ്രുവും സ്ത്രീകൾ ജർമനും ഉപയോഗിക്കുന്നു. ചില സ്ഥലങ്ങളിൽ സ്ത്രീകൾ ഭർത്താവിന്റെ പേരു പറയുകയില്ലെന്നു മാത്രമല്ല, ആ പേരിലുള്ള ശബ്ദങ്ങൾ മറ്റു വാക്കുകളിൽപ്പോലും ഉപയോഗിക്കുകയില്ലത്രേ. ഭർത്താവിന്റെ പേരു വാസുദേവനായതുകൊണ്ട് 'പങ്കജാക്ഷൻ കടൽവർണൻ വാസുദേവൻ ജഗന്നാഥൻ' എന്ന വരികൾ തിരുത്തി, "പങ്കജാക്ഷൻ കടൽവർണൻ കുഞ്ഞിൻറച്ഛൻ ജഗന്നാഥൻ' എന്നു പാടിക്കളിച്ച മലയാളിമങ്കയെ നമുക്കു പരിചയമുണ്ടല്ലോ. മലയാളത്തിൽ "ആങ്ങള' എന്ന പദം സ്ത്രീകൾ മാത്രവും 'പെങ്ങൾ' എന്ന പദം പുരുഷന്മാർ മാത്രവും ഉപയോഗിക്കുന്നു. ഇവിടെ ആങ്ങളയ്ക്ക് ആങ്ങളയില്ല, പെങ്ങൾക്ക് പെങ്ങളുമില്ല. മൂത്ത സഹോദരിയെ സംബോധന ചെയ്യാനുപയോഗിക്കുന്ന 'ഓപ്പോള്' പുരുഷന്മാർക്കു മാത്രം. 'ഓപ്പ' ആണിനും പെണ്ണിനുമുണ്ട്. ആണിന് ഇതു മൂത്ത സഹോദരിയും പെണ്ണിന് മൂത്ത സഹോദരനുമാണ്.

ശാരീരികമായ പ്രത്യേകതകൾ, കാലാവസ്ഥ തുടങ്ങിയവയും ഭാഷയ്ക്കുള്ളിലെ വ്യത്യാസങ്ങൾക്ക് കാരണങ്ങളാകുമെന്ന ഒരഭിപായമുണ്ട്. പ്രായഭേദം മറ്റൊരു കാരണമാണ്. ജപ്പാനിലെ' ഐനു വർഗക്കാർക്കിടയിൽ ചെറുപ്പക്കാരുടെയും പ്രായംചെന്നവരുടെയും ഭാഷകൾക്കു വ്യത്യാസമുണ്ട്. പ്രാദേശികമായ വ്യത്യാസം മാത്രമല്ല മറ്റു പല കാരണങ്ങൾ

9th Malayalam_Combine.indb 73 25-03-2019 12:04:16

കൊണ്ടു വരുന്ന വ്യത്യാസങ്ങളും ഭാഷാഭേദം ഉൾക്കൊള്ളുന്നുവെന്നസത്യം മറക്കരുത്. പ്രാദേശിക വ്യത്യാസം ഭാഷാഭേദ ത്തിൻെറ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു.

ഭാഷയെയും ഭാഷാഭേദത്തെയും വേർതിരിക്കുന്നതിനുള്ള കൃത്യമായ അളവുകോലുകൾ ഏതൊക്കെയാണെന്ന് ആരും ഇതുവരെ പറഞ്ഞിട്ടില്ല. പഴയ ചില കൃതികളിൽ പരസ്പര ബന്ധമുള്ള ഭാഷകൾ, പ്രത്യേകിച്ചും അവയിൽ ചിലത് അധികം അറിയപ്പെടാത്തതാണെങ്കിൽ, ഭാഷാഭേദമെന്ന് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഭാഷാഭേദത്തെക്കുറിച്ച് സർവസാധാരണമായ അഭിപ്രായം ദുഷിച്ച ഭാഷയെന്നാണ്. വിദ്യാഭ്യാസമില്ലാത്തവർ സംസാരിച്ചു വഷളാക്കിയതാണു ഭാഷാഭേദങ്ങൾ എന്നുള്ള അഭിപ്രായത്തിൻെറ അടിത്തറ, ഭാഷയെ ശാസ്ത്രീയമായി നോക്കിക്കാണാൻ തുടങ്ങിയപ്പോഴേ തകർന്നു കഴിഞ്ഞു. ഏതു മലയാളമാണു നല്ലത്? പലപ്പോഴും പലരും ചോദിക്കുന്ന ഒരു സാധാരണ ചോദ്യം. എല്ലായിടത്തെ മലയാളവും എല്ലാപേരുടെ മലയാളവും ഒന്നുപോലെതന്നെ. ഒന്നും മറ്റൊന്നിനെക്കാൾ ഉയരെയല്ല, താഴെയുമല്ല. ഒന്നും തെറ്റല്ല, വ്യത്യാസങ്ങൾ മാത്രമേയുള്ളു. സമൂഹം അംഗീകരിക്കുന്നോ, അതു മാത്രം നോക്കിയാൽ മതി.

ഭാഷയെന്ന പ്രതിഭാസത്തെ, വ്യക്തിഭാഷ (idiolect) , ഭാഷാഭേദം (dialect), ഭാഷ (language) എന്നു മൂന്നായി തിരിച്ചിട്ടുണ്ട്. ഒരേയൊരാളിൻെറ ഭാഷയാണു വ്യക്തിഭാഷ, രണ്ടു വ്യക്തിഭാഷകൾക്കു തമ്മിൽ ചെറിയ ചില വ്യത്യാസങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞാലും പ്രായോഗിക ബുദ്ധി അവയെ കണക്കിലെടുക്കാറില്ല. പ്രത്യേക പ്രദേശത്തു നടപ്പുള്ളതോ പ്രത്യേക സമൂഹത്തിൽ സംസാരിക്കുന്നതോ ആയ ഭാഷയാണ് ഭാഷാഭേദം. ഇതെല്ലാം ചേർന്നതു ഭാഷയും. ഒരു മാതിരിയുള്ള വ്യക്തിഭാഷകൾ ചേർന്നാണ് ഭാഷാഭേദമുണ്ടാകുന്നത്. ഭാഷാഭേദങ്ങളുടെ സമാഹാരമാണ് ഭാഷ.

9th Malayalam_Combine.indb 74 25-03-2019 12:04:16

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഭാഷയും ഭാഷാഭേദവും എന്ന ലേഖനം ഏതു കൃതിയിൽ ഉൾപ്പെട്ടതാണ്?

   അ) പണിയഭാഷ ആ) നിഘണ്ടുവിജ്ഞാനം

   ഇ) ഭാഷാഭേദവിജ്ഞാനം ഈ) മൊഴിയും പൊരുളും

2. ആശയവിനിമയത്തിനുള്ള ഉപാധി എന്താണ്?

   അ) ഭാഷ ആ) സംസ്കാരം

   ഇ) ഉപകരണം ഈ) ആചാരം

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക

1. എന്താണ് ഭാഷ?

2. ആളുകൾ തമ്മിലുള്ള സമ്പർക്കത്തിനു വിഘാതമാകാവുന്ന ഘടകങ്ങൾ ഏവ?

III. ഉത്തരം ചുരുക്കിയെഴുതുക

1. ഭാഷയിൽ വരുന്ന പ്രാദേശിക വ്യത്യാസങ്ങളെ ഉദാഹരണത്തിലൂടെ വ്യക്തമാക്കുക.

2. മതബന്ധ സൂചീപദങ്ങൾക്ക് ഉദാഹരണങ്ങളെഴുതുക?

3. സ്ത്രീക്കും പുരുഷനും പ്രത്യേക ഭാഷകൾ ഉണ്ട് എന്ന് തെളിയിക്കുന്ന ചില ഉദാഹരണങ്ങൾ എഴുതുക.

4. ശാരീരികമായ പ്രത്യേകതകൾ ഭാഷയെ എങ്ങനെ വ്യത്യാസപ്പെടുത്തുന്നു?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. ഭാഷഭേദത്തിനിടയാക്കുന്ന ഘടകങ്ങൾ ഏവ?

2. ഭാഷാഭേദത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ എന്തെല്ലാം?

9th Malayalam_Combine.indb 75 25-03-2019 12:04:16

ഭഗീരഥപ്രയത്നം

വി.പി.മരക്കാർ



വി.പി.മരയ്ക്കാർ [1933 – 1997]: അഭിഭാഷകൻ, രാഷ്ട്രീയപ്രവർത്തകൻ, സാഹിത്യകാരൻ എന്നീ നിലകളിൽ പ്രസിദ്ധനാണ് വി.പി. മരയ്ക്കാർ. രാവണന്റെ രാജ്യത്ത്, ഇറാക്കിലൂടെ, ഒരു ജർമൻയാത്ര തുടങ്ങിയ യത്രാവിവരണഗ്രന്ഥങ്ങൾ, ശൈലികൾക്കു പിന്നിലെ കഥകൾ എന്നിവ ഇദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികളാണ്. ശൈലികൾക്ക് പിന്നിലെ കഥകൾ എന്ന ലേഖന സമാഹാരത്തിലെ ഒരു ലേഖനമാണ് ഭഗീരഥ പ്രയത്നം.

പ്രത്യക്ഷത്തിൽ ദുഷ്പ്രാപ്യമായ ഒരു കാര്യം നിരന്തരമായ കഠിനാദ്ധ്വാനത്തിലൂടെ നേടിയെടുക്കുക എന്നത് അമിതമായ ക്ഷമാശീലവും പരിശ്രമസന്നദ്ധതയുമുള്ളവർക്കേ സാധിക്കൂ. നിരന്തരവും കഠിനവുമായ അത്തരം പ്രയത്നത്തെ ദ്യോതിപ്പിക്കുന്നതിനായിട്ടാണ് ഭഗീരഥപ്രയത്നം എന്ന പ്രയോഗം നിലവിൽ വന്നിട്ടുള്ളത്. ഭഗീരഥൻ എന്നൊരു രാജാവ് സ്വർഗ്ഗലോകത്തുനിന്നും ഗംഗാനദിയെ ഭൂമിയിലേക്കും തുടർന്ന് അതിനെ പാതാളലോകത്തേക്കും ആനയിച്ചതിന്റെ പിന്നിലെ സ്ഥിരോത്സാഹത്തിന്റെ കഥയാണ് ഈ പ്രയോഗത്തിന്റെ പിന്നിലുള്ളത്.

സൂര്യവംശത്തിലെ ഒരു രാജാവാണ് ഭഗീരഥൻ. അച്ഛൻ അംശുമാനാണെന്നും ദിലീപനാണെന്നും രണ്ടു പക്ഷമുണ്ട്. ഭഗീരഥൻ ഒരു അന്തർമുഖനായിരുന്നു. ഭൗതികകാര്യങ്ങളിലോ ഐഹികമായ സുഖഭോഗങ്ങളിലോ വലിയ താത്പര്യമില്ലായിരുന്നു. ക്രമേണ അദ്ദേഹത്തിന്റെ മനസ്സിൽ ആദ്ധ്യാത്മികചിന്തകൾക്കു മാത്രമേ ഇടമുള്ളു എന്നായി. അദ്ദേഹം തന്റെ കുലഗുരുവായ ത്രിതുലനോട് സംസാരദുഃഖത്തിൽ നിന്നും മോചനം കിട്ടാൻ എന്തു ചെയ്യണമെന്നാലോചിച്ചു. ഗുരുവിന്റെ ഉപദേശപ്രകാരം സർവസ്വവും സന്ത്യജിച്ചു രാജഭരണം ശത്രുക്കളെ ഏല്പിച്ചിട്ട് ഭിക്ഷയെടുക്കാൻ പുറപ്പെട്ടു ഭഗീരഥൻ. രാജാധികാരം ഇട്ടെറിഞ്ഞിട്ടുപോയ ഭഗീരഥനോട് പുരവാസികൾക്ക് മതിപ്പു വർദ്ധിക്കുകയാണുണ്ടായത്. പക്ഷേ, അദ്ദേഹത്തിന്റെ ആ ത്യാഗം ജനങ്ങൾക്കു വലിയ ആപത്തു വരുത്തിവച്ചു. പുതിയതായി രാജ്യഭാരം ഏറ്റ രാജാവ് ക്രൂരനും മർദ്ദകനുമായിരുന്നു. രാജാവിന്റെ മരണംവരെ ജനങ്ങൾ പൊറുതിമുട്ടി കഴിയുകയായിരുന്നു. അതിനുശേഷം മന്ത്രിമാരും നാട്ടുപ്രമാണികളും കൂടി ഭഗീരഥനെ തേടിപ്പിടിച്ചു വീണ്ടും രാജസിംഹാസനത്തിലവരോധിച്ചു.

ജനങ്ങളെ തൃപ്തിപ്പെടുത്താനായി രാജാധികാരമേറ്റെങ്കിലും ഭഗീരഥന്റെ മനസ്സ് കൂടുതലും ആദ്ധ്യാത്മികകാര്യങ്ങളിലാണ് വ്യാപരിച്ചത്. അതുകൊണ്ട് ഭരണം ഏറെക്കുറെ നടത്തിക്കൊണ്ടുപോന്നത് മന്ത്രിമാർ തന്നെയായിരുന്നു. തന്നെയുമല്ല പൂർവ്വികന്മാരാൽ ചെയ്യപ്പെടേണ്ടിയിരുന്ന ചില ആദ്ധ്യാത്മിക കാര്യങ്ങൾ ചെയ്തുതീർക്കേണ്ട ചുമതലയും ഭഗീരഥന്റെ ചുമലിലായി. ഭഗീരഥന്റെ പൂർവ്വപിതാവായ സഗരന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. കേശിനിയും സുമതിയും. കേശിനിക്ക് അസമഞ്ജസ് എന്ന ഒരു പുത്രനെ ഉണ്ടായിരുന്നുള്ളു. സുമതിക്കാകട്ടേ, അറുപതിനായിരം പുത്രന്മാരും! സഗരൻ ഒരിക്കൽ ഒരു അശ്വമേധയാഗം നടത്തി. അസമഞ്ജസിന്റെ പുത്രനായ അംശുമാനാണ് യാഗാശ്വത്തെ നയിച്ചിരുന്നത്. യാഗാശ്വത്തെയും നയിച്ചുകൊണ്ട് അംശുമാൻ ഒരു പർവ്വതത്തിന്റെ മുകളിൽ എത്തിയപ്പോൾ ദേവേന്ദ്രൻ ഒരു രാക്ഷസന്റെ രൂപത്തിൽ

9th Malayalam_Combine.indb 76 25-03-2019 12:04:17

പ്രത്യക്ഷപ്പെട്ട് യാഗാശ്വത്തെ തട്ടിയെടുത്തുകൊണ്ട് പാതാളലോകത്തേക്കു പോയി. അവിടെ തപസ്സു ചെയ്തിരുന്ന കപിലൻ എന്ന മഹർഷിയുടെ സമീപത്ത് യാഗാശ്വത്തെ തളച്ചിട്ടിട്ട് ഇന്ദ്രൻ ദേവലോകത്തേക്കു മടങ്ങിപ്പോയി.

യാഗാശ്വത്തെ തിരിച്ചുപിടിക്കുന്നതിനായി പിന്നത്തെ ശ്രമം. അതിന് മുന്നിട്ടിറങ്ങിയത് സുമതിയുടെ മക്കളാണ്. അവർ അറുപതിനായിരം പേരും കൂടി ഭൂമി തുരന്നുതുരന്നു പാതാള ലോകത്തെത്തി. അവസാനം യാഗാശ്വത്തെ കണ്ടുമുട്ടിയപ്പോൾ അറുപതിനായിരം പേരും ആഹ്ലാദം കൊണ്ട് ആർപ്പുവിളിച്ചു. അവർ ഉണ്ടാക്കിയ ഒച്ചപ്പാടും ബഹളവും മൂലം മഹർഷിയുടെ തപസ്സിനു ഭംഗം വന്നു. തപ സ്സിനു ഭംഗം വന്ന കോപത്തോടെ കപിലമഹർഷി കണ്ണുതുറന്നു. ആ മഹർഷിവര്യന്റെ കണ്ണുകളിൽനിന്നും പുറപ്പെട്ട കോപാഗ്നിയിൽ സുമതിയുടെ അറുപതിനായിരം മക്കളും ദഹിച്ചു ചാമ്പലായിപ്പോയി. പാതാളത്തിൽ വച്ചു മരിച്ചു ചാരമായിക്കിടക്കുന്ന തന്റെ മക്കൾക്ക് ഉദകക്രിയപോലും ചെയ്യാൻ സഗരനു കഴിഞ്ഞില്ല. സഗരൻ മരിച്ചപ്പോൾ ആ ചുമതല അസമഞ്ജസിനെ ഏല്പിച്ചു. ആ ചുമതല അംശുമാനെ ഏല്പി ച്ചുകൊണ്ട് അസമഞ്ജസും മരിച്ചു. അംശുമാനും തന്റെ ജീവിതകാലത്ത് ആ ചുമതല നിർവ്വഹിക്കാൻ കഴിഞ്ഞില്ല. അംശുമാൻ മരിച്ചപ്പോൾ ആ ചുമതല ഭഗീരഥന്റെ ചുമലിൽ വന്നുപെട്ടു. ഭഗീരഥൻ ആ ചുമതല എത്ര ത്യാഗം സഹിച്ചാലും നിർവ്വഹിക്കണമെന്നുതന്നെ തീരുമാനിച്ചു.

സംവത്സരങ്ങൾ നീണ്ടുനിന്ന സുദീർഘവും ദുഷ്കരവുമായ ഒരു തപസ്സിലൂടെ അദ്ദേഹം ഗംഗാദേവിയെ പ്രത്യക്ഷപ്പെടുത്തി. എന്തു വരം വേണമെന്നു ചോദിച്ച ഗംഗാദേവിയോട് ഭഗീരഥൻ ആവശ്യപ്പെട്ടത് പാതാളലോകത്തിൽ കത്തിച്ചാമ്പലായിക്കിടക്കുന്ന സഗരപുത്രന്മാരുടെ മേലിൽ ഗംഗാജലം വർഷിച്ച് അവരുടെ ഉദകക്രിയ നടത്തണമെന്നാണ്. ഗംഗാ ദേവി വിഷമത്തിലായി. താൻ സ്വർഗ്ഗലോകത്തുനിന്നും ഭൂമിയിലേക്കു പതിച്ചാൽ ആ അത്യുഗ്രമായ വെള്ളപ്പാച്ചിലിൽ ഭൂമി ലയിച്ചുപോകുമെന്നും അതിനാൽ തനിക്ക് താഴോട്ടു പതിക്കാൻ പറ്റിയ ഒരിടം ഉണ്ടാക്കി ത്തരണമെന്നും ഗംഗാദേവി ആവശ്യപ്പെട്ടു. അതിനു സൗകര്യമായ സ്ഥാനവും ദേവിതന്നെ നിർദ്ദേശിച്ചു. പരമശിവന്റെ തലയിലെ ജട. അക്കാര്യത്തിൽ പരമശിവന്റെ സമ്മതം വാങ്ങാൻ നിർദ്ദേശിച്ചിട്ടു ഗംഗാദേവി അപ്രത്യക്ഷയായി.

ഭഗീരഥൻ വീണ്ടും ആരംഭിച്ചു മറ്റൊരു തപസ്സ്. കൈലാസത്തിനരുകിൽ ആയിരം വർഷം നീണ്ടുനിന്ന ഉഗ്രമായ തപസ്സിനു ശേഷമാണ് പരമശിവൻ കനിഞ്ഞു പ്രത്യക്ഷനായത്. ഭഗീരഥൻ തന്റെ അപേക്ഷ ശിവന്റെ മുൻപിൽ അവതരിപ്പിച്ചു. ഗംഗാപ്രവാഹത്തെ തന്റെ ജടയിൽ വഹിച്ചുകൊള്ളാമെന്നു ശിവൻ സമ്മതം മൂളിയപ്പോൾ ഭഗീരഥനു സമാധാനമായി. വിവരമറിഞ്ഞ ഗംഗാദേവി വാക്കു പാലിക്കാൻ സസന്തോഷം തയ്യാറായി. ഗംഗാപ്രവാഹം ശിവന്റെ ശിരസ്സിലേക്ക് കുതിച്ചിറങ്ങിത്തുടങ്ങി. പക്ഷേ, ഒരിറ്റുവെള്ളം പോലും ജടയിൽനിന്നും പുറത്തേക്കു വന്നില്ല; ഒഴുകിവീഴുന്ന വെള്ളം മുഴുവൻ ശിവന്റെ ജടയിൽ തടുത്തു നിർത്തപ്പെട്ടു. പുറത്തേക്കുള്ള വഴികാണാതെ അനേക വർഷക്കാലം ഗംഗാനദി ശിവന്റെ തലയിലൂടെ ചുറ്റിത്തിരിഞ്ഞു. ഭഗീരഥന് വേവലാതിയായി. ജലം ഭൂമിയിൽ വീണിട്ടുവേണമല്ലോ പാതാളലോകത്തിലേക്കെത്തിക്കാൻ. അദ്ദേഹം വീണ്ടും ഒരു തപസ്സുകൂടി ചെയ്തതിനു ശേഷമാണ് പരമശിവൻ പ്രസാദിച്ചു തന്റെ ജട അൽപ്പമൊന്നു കുടഞ്ഞ് ഒരുതുള്ളി വെള്ളം ഭൂമിയിൽ വീഴ്ത്തിയത്. ആ വെള്ളം ഏഴ് കൈവഴികളായി തിരിഞ്ഞ് മൂന്നെണ്ണം കിഴക്കോട്ടും മൂന്നെണ്ണം പടിഞ്ഞാറോട്ടും ഒഴുകി. ഒരെണ്ണം ഭഗീരഥന്റെ പിന്നാലെയും. ഭഗീരഥന്റെ പുറകേപോയ ശാഖയ്ക്കാണ് ഭാഗീരഥി എന്ന പേരുണ്ടായത്. ആ കൈവഴി നേരെ പാതാളത്തിലേക്കൊഴുകി അവിടെ ചാരമായി കിടന്നിരുന്ന അറുപതിനായിരം സഗരപുത്രന്മാരെയും തഴുകി ശുദ്ധരാക്കി അവരെ മോക്ഷമാർഗ്ഗത്തിലേക്ക് കടത്തിവിട്ടു. ഭഗീരഥൻ തികച്ചും കൃതാർത്ഥനായി.

9th Malayalam_Combine.indb 77 25-03-2019 12:04:17

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞടുത്തെഴുതുക

1. ഭഗീരഥൻ ഏത് വംശത്തിലെ രാജാവാണ്

   അ) സൂര്യവംശം

   ആ) രഘുവംശം

   ഇ) ചന്ദ്രവംശം

   ഈ) യാദവവംശം

2. സഗരന്റെ യാഗാശ്വത്തെ തട്ടിയെടുത്തത് ആര്?

   അ) ദേവേന്ദ്രൻ

   ആ) ഭഗീരഥൻ

   ഇ) കപിലൻ

   ഈ) ദിലീപൻ

3. ആകാശഗംഗയെ ജടയിൽ വഹിച്ചത് ആരാണ്?

   അ) ശിവൻ

   ആ) ദിലീപൻ

   ഇ) കപിലൻ

   ഈ) ഭഗീരഥൻ

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

ഭഗീരഥപ്രയത്നം എന്ന ശൈലിക്കു പിന്നിലെ കഥ സംഗ്രഹിക്കുക

9th Malayalam_Combine.indb 78 25-03-2019 12:04:17

ഭാഗം 6

കാവ്യലാവണ്യവും സംസ്കാരശേഷിപ്പുകളും





പഠനലക്ഷ്യങ്ങൾ

- ഗ്രാമീണജീവിത സ്പന്ദനങ്ങൾ തിരിച്ചറിയൽ
- മണ്ണിന്റെ ഹൃദയത്തിൽ അലിയൽ
- പ്രകൃതി പ്രതിഭാസങ്ങളെ മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	കാരണം വിനാകാര്യം	- പ്രഭാവർമ്മ
ഗദ്യം	:	കോന്തല	- കൽപ്പറ്റ നാരായണൻ
കഥ	:	മണ്ണ്	- മലയാറ്റൂർ രാമകൃഷ്ണൻ

9th Malayalam_Combine.indb 79 25-03-2019 12:04:18

കവിത: കാരണം വിനാകാര്യം

– പ്രഭാവർമ്മ



പ്രഭാവർമ്മ 1957 - ൽ ജനിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം, നിയമത്തിൽ ബിരുദം, സൗപർണ്ണിക, അർക്കപൂർണ്ണിമ, ചന്ദനനാഴി, കാലപ്രയാഗ, ആർദ്രം എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, മഹാകവി പി.പുരസ്കാരം, ചങ്ങമ്പുഴ അവാർഡ്, അങ്കണം അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. കേരളീയ കാവ്യപാരമ്പര്യത്തോട് ഉറ്റബന്ധം പുലർത്തുന്നതാണ് പ്രഭാവർമ്മക്കവിതയുടെ വഴി. 'കവിത കണ്ണീരാണ് ഉറവപൊട്ടിയാൽ രണ്ടും തടയാനാവില്ല' എന്നുപറഞ്ഞ കവിയുടെ ആർദ്രം എന്ന കവിതാസമാഹാരത്തിലെ കവിതയാണ് കാരണം വിനാകാര്യം.

കാരണമൊന്നുമില്ലാതെയും പ്രകൃതിയിൽ ചില കാര്യങ്ങൾ സംഭവിക്കുന്നുവെന്ന് സമർത്ഥിക്കുന്നതാണ് പ്രഭാവർമ്മയുടെ ഈ കവിത.

ഒരു പൂവിതൾ ഞെട്ടുലയാതെൻ
വിരലുകളാൽ ഞാൻ തഴുകുമ്പോൾ
ഒരു കാരണവും കണ്ടീല
വെറുതേയതു വാടുകയല്ലോ!



ഒരു താമരയിലയിലുലാവും
ഹിമബിന്ദുവെ ഞാനൊരു ശംഖിൽ
പകരാമെന്നൊന്നു നിനയ്ക്കേ,
ചെളിമണ്ണിലതടിയുകയല്ലോ!

നിറനിദ്രയിലൊരു പൊൽക്കനവിൻ
തിരയിൽ പൂവിതളു കണക്കേ,
മനമറിയാതൊഴുകുന്നേരം
തെളിനീർപ്പുഴ വരളുകയല്ലോ!



പുതുമഴനീർതുള്ളിയെടുത്തെൻ
കരതലമിതിലിറ്റിച്ചതു ഞാൻ

9th Malayalam_Combine.indb 80 25-03-2019 12:04:19

ഉരുകുതുകമൊടിന്നെരിമണലിൽ
ചൊരിയുമ്പോളെരിയുകയല്ലോ!

ഒരു മഴവിൽകൊടിയകലത്താ-
യെഴുനിറമൊടു പീലിവിരിച്ചെ-
ന്നറികെച്ചെന്നതു ഞാൻ നോക്കീ:
കരിമേഘം മായ്ക്കുകയല്ലോ!

ഒരു ചന്ദന ശീതള സന്ധ്യാ-
നിറദീപം കണ്ടുകുളിർക്കാൻ,
മിഴി തുളസിത്തറ തിരയുമ്പോൾ
തുടുനാളമിതണയുകയല്ലോ!

ശ്രുതിശുദ്ധിയൊടൊരു കുയിലിരവി-
ന്നുതിയിലൊരു ഗാനം പെയ്കേ
തൊടികളിൽ ഞാനതിനെത്തേടീ
കുയിലകലേയ്ക്കകലുകയല്ലോ!

കൊടുവേനലിലൊരു ചെറുതണലാ-
യൊരുമുഖമെൻ നിനവിലുദിക്കെ,
ഒരു കാരണവും കണ്ടീല,
മറവിയതും മായ്ക്കുകയല്ലോ!

കടലലതൻ നിറനീലിമമേ-
ലുതിരും കുങ്കുമമതു നോക്കി-
ക്കടലോരത്തിളവേല്ക്കുമ്പോൾ
ഇരുളെന്നെച്ചൂഴുകയല്ലോ!

കാരണമൊന്നില്ലാതേറെ-
ക്കാര്യങ്ങൾ ഭവിക്കുകയല്ലോ!
ജീവിതമെന്തെന്നറിയുമ്പോൾ
ജീവൻ പോയ്മറയുകയല്ലോ!

9th Malayalam_Combine.indb 81 25-03-2019 12:04:19

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ചെളിമണ്ണിൽ അടിയുന്നതെന്താണ്?

   അ) ഹിമബിന്ദു ആ) തേൻതുള്ളി

   ഇ) താമര ഈ) ശംഖ്

2. കവി നിറദീപം തിരയുന്നതെവിടെയാണ്?

   അ) പൂജാമുറി ആ) തുളസിത്തറ

   ഇ) സർപ്പക്കാവ് ഈ) ശ്രീകോവിൽ

II. ഉത്തരമെഴുതുക

1. ജീവിതമെന്തെന്നറിയുമ്പോൾ

   ജീവൻ പോയ്മറയുകയല്ലോ!

   അ) ഏത് കവിതയിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

III. ഉത്തരം ചുരുക്കി എഴുതുക

1. തെളിനീർപ്പുഴ വരളുന്നതെപ്പോൾ?
2. കണ്ടു കൺകുളിർക്കാൻ കവി തിരഞ്ഞതെന്ത്?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. 'കാരണം വിനാകാര്യം' എന്ന കവിതയ്ക്ക് ആസ്വാദനം എഴുതുക?

9th Malayalam_Combine.indb 82 25-03-2019 12:04:19

ഗദ്യം

കോന്തല (ഓർമ്മക്കുറിപ്പ്)

– കൽപ്പറ്റ നാരായണൻ



കൽപ്പറ്റ നാരായണൻ 1952-ൽ വയനാട്ടിൽ ജനിച്ചു. കവിയും ഉപന്യാസകാരനും സാംസ്കാരികവിമർശകനുമാണ്. ഈ കണ്ണടയൊന്നു വച്ചു നോക്കൂ, അവർ കണ്ണുകൊണ്ട് കേൾക്കുന്നു(സാംസ്കാരിക വിമർശനം) ഒഴിഞ്ഞ വൃക്ഷഛായയിൽ (കവിതകൾ) ഏതിലയും മധുരിക്കുന്ന കാടുകളിൽ (സാഹിത്യവിമർശനം) കോന്തല(സ്മരണകൾ) എന്നീ കൃതികളുടെ രചയിതാവുമാണ്.

കാടും പടലും കുടന്തുടിയും ചേർന്ന മണ്ണിന്റെ പലതരം തിണർപ്പുകളും മനുഷ്യരുടെ അനശ്വരമായ ജീവിതക്കയറ്റിറക്കങ്ങളും ഒരു മാത്ര ഒന്നിച്ചു മുഴങ്ങുന്ന വയനാടിന്റെ ഏറ്റവും രഹസ്യാത്മകമായ ജീവിത വിവരണമാണ് കോന്തല എന്ന ഗദ്യഭാഗം.

ഒറീസ്സയിലെ പുരിയിൽനിന്ന് ചില്ക്കയിലേക്കുള്ള ബസ്സ് വഴിമാറി പഴയ വയനാട്ടിലൂടെയാണ് പോയ്ക്കൊണ്ടിരിക്കുന്നതെന്ന് നൊടിനേരം ഞാൻ ഭ്രമിച്ചു. ഇറ താഴ്ന്ന കോലായിൽ പലകക്കട്ടിലുകളിട്ട, അതേ പുൽപ്പുരകൾ. ആളുയരത്തിൽ വൈക്കോൽക്കൂനകളുള്ള, അതിലെത്താത്ത വിധത്തിൽ കുറുക്കിക്കെട്ടിയ പൈക്കിടാങ്ങളുള്ള, ചാണകംമെഴുകിയ മുറ്റങ്ങൾ. വീട്ടിലേക്കു കയറാറാവുമ്പോൾ വലുതാവുന്ന നടവരമ്പ്, ചുറ്റുംകൊയ്ത്തു കഴിഞ്ഞ പാടങ്ങൾ. കുത്തിയൊഴുകുന്ന ചെറുതോടുകൾ, അടുത്ത ചെളിക്കണ്ടത്തിലേക്കു കയറുന്ന താറാവിൻ പറ്റങ്ങൾ, അങ്ങിങ്ങായികെട്ടിയിട്ട മെലിഞ്ഞ നാടൻ പശുക്കൾ, തിന്നാതെ തലയുയർത്തി ആരെയോ വെല്ലുവിളിച്ച് മുക്രയിടുന്ന ക്ഷീണിച്ച വയസ്സൻകാള, പാടത്തിൽനിന്ന് പറമ്പിൽ കയറിനിൽക്കുന്ന വീടുകൾ. ഞാൻ വരുന്നുണ്ടോ എന്ന് എന്റെ അമ്മ അതിലൊരു വീട്ടിലിരുന്ന് നോക്കുന്നുണ്ടാവുമോ?



ഞാൻ പിറന്നു വളർന്ന വയനാടിന്റെ വിദൂരച്ഛായയേ ഇന്നത്തെ വയനാട്ടിലുള്ളൂ. കടലെടുക്കുന്നതുപോലെ കാലമെടുത്തു ഈ നാടിനെ. പുൽപ്പുരകൾ കാണാനേ ഇല്ല. തൊഴുത്തുകൾ പോലും വാർപ്പോ ഓടോ ആണ്. ചുരം കയറിയപാടെ നമ്മെ പൊതിയുന്ന ആ കുളിരുള്ള കാറ്റൊഴിച്ചാൽ വയനാട് പാടെ മാറി. നെൽപ്പാടങ്ങളില്ല, പകരം വാഴത്തോട്ടങ്ങൾ. അയൽപക്കവും നടവഴിയും കുറുക്കുവഴിയും

9th Malayalam_Combine.indb 83 25-03-2019 12:04:19

വയലും പുഴയുമൊക്കെ വാഴത്തോട്ടമായി. പഴയ തലമുറയിലെ കാരണവന്മാർ ഉഴപ്പിനടക്കുന്ന മക്കളെ നോക്കി, നിന്നെയൊക്കെയുണ്ടാക്കിയ നേരത്ത് നാലു വാഴവെച്ചിരുന്നെങ്കിൽ ഇന്നിപ്പോൾ ഇങ്ങനെ ഇരക്കേണ്ടിവരുമായിരുന്നില്ല എന്ന് പറഞ്ഞിരുന്നു. കൂടുതൽ പ്രായോഗികമതികളായ മക്കൾ വയനാട്ടിലുടനീളം വാഴവച്ചിരിക്കുന്നു. നേരത്തെ നെല്ലായിരുന്നതും വെള്ളരിയായിരുന്നതും സ്നേഹമായിരുന്നതും കോപമായിരുന്നതും സ്പർദ്ധയായിരുന്നതും ഇന്ന് വാഴയായിരിക്കുന്നു. അടിയിൽ പല്ലിറുമ്മി പരസ്പരം വലിച്ചൂറ്റിക്കുടിക്കുമ്പോഴും മുകളിൽ ലീലാവിലാസേന നിൽക്കുന്ന വാഴകൾ.

വയനാട് അവിടെയുള്ള മലയാളികളിൽ ഭൂരിപക്ഷത്തിന്റെയും നാടല്ല. നാട് ചുരത്തിന് താഴെയാണ്. 'താഴെ രാജ്യം' എന്നാണ് പറയുക. പരസ്പരം കണ്ടുമുട്ടുമ്പോൾ 'താഴെ എവിടെയാണ്' എന്നാണ് ചോദിക്കുക. രണ്ടോമൂന്നോ തലമുറയ്ക്കപ്പുറം കാതോർത്താൽ പാലായിലോ വടകരയിലോ അത്യാവശ്യവീട്ടുസാധനങ്ങൾ പെറുക്കിയെടുക്കുന്നതിന്റെയോ കരയുന്നതിന്റെയോ ശപിക്കുന്നതിന്റെയോ ഒച്ച കേൾക്കാം. മലമ്പനിയേക്കാൾ, കുത്തിപ്പറിക്കുന്ന തണുപ്പിനേക്കാൾ പള്ളിക്കൂടമോ, ആശുപത്രിയോ പോസ്റ്റോഫീസോ നിരത്തോ ഇല്ലാത്ത ഈ കാട്ടു പ്രദേശത്തെക്കാൾ കഠിനമായ ചിലത് അവരെ ഇവിടെ എത്തിച്ചു. ചില വേദനകൾ ഓർക്കാപ്പുറത്ത് കുത്തിയൊലിച്ചു വരാത്തവരായി, ഉണങ്ങാത്ത ചില വ്രണങ്ങളില്ലാത്തവരായി, വെറുതെയധികനേരം തനിച്ചിരിക്കാൻ കഴിയുന്നവരായി ഒന്നാം തലമുറയിൽ അധികമാരുമില്ല. അതുകൊണ്ടാവാം കുഴിച്ചിടലും കുഴിച്ചെടുക്കലും വയനാട്ടിൽ ഒരുജീവിതശൈലിയാണ്. എപ്പോൾ നോക്കിയാലും ആളുകൾ മണ്ണ് നീക്കി എന്തോ മാന്തിയെടുക്കുകയാണ്, എന്തെങ്കിലും കുഴിച്ചിടുകാണ്. വൃശ്ചികമാസത്തിലെ വയനാട്ടിലെ പ്രധാന പണികുഴിച്ചു മൂടലാണ്. 'കുത്തിപ്പറി' വയനാട്ടുകാരന്റെ ഇഷ്ടപ്രയോഗങ്ങളിലൊന്നാണ്. കുത്തിപ്പറിയും കടച്ചിലും ആണ് വയനാട്ടിലെ വലിയ വേദനകൾ.

അച്ഛനും അമ്മയും നാട്ടിലേത് വിറ്റു പെറുക്കി, മൂത്ത ഏടത്തിയെ കൈപിടിച്ചും ഏട്ടനെ എടുത്തും നടന്ന് ചുരം കയറിയാണ് വയനാട്ടിലേക്കു വന്നത്.വാഹനസൗകര്യമില്ലാത്ത മഴക്കാലത്ത് പുഴവെള്ളം പടിക്കലെത്തുന്ന വയനാട്ടിലെ ഏറ്റവും ഇരുണ്ട മൂലകളിലൊന്നിൽ അവർ വന്നുചേർന്നു. നഷ്ടക്കച്ചവടമായിരുന്നു എന്നും അവരുടേത്. എന്തെല്ലാമോ നഷ്ടപ്പെടുത്തിവന്നതിന്റെ സങ്കടം അമ്മയുടെ തുടങ്ങിയാൽ നിയന്ത്രിക്കാനാവാത്ത ശകാരത്തിലും അച്ഛന്റെ നിശ്ശബ്ദതയിലുമുണ്ടായിരുന്നു.



9th Malayalam_Combine.indb 84 25-03-2019 12:04:20

അച്ഛന്റെ ഏകാന്തത ഓട ചീന്തി ചിന്തേരിട്ടു മെടഞ്ഞ ചെറിയകൊട്ടകളിലും വെല്ലം പൊതിഞ്ഞു വരുന്ന കൈതോല നിവർത്തിയുണ്ടാക്കിയ പായകളിലും വരമ്പിന്റെ മിനുസത്തിലും കണ്ടിട്ടുണ്ട്. ചിരട്ടക്കയിലുകൊണ്ട് അമർത്തിയതിന്റെ പാടുകളുള്ള കുടുവൻ കിണ്ണത്തിലെ ചോറ് കൃത്യമായി പകുതിവച്ചു മുറിച്ചാണ് അച്ഛൻ ഉണ്ടെണീക്കുക. ഉണ്ണാത്ത പാതിയിൽ ഉണ്ടതിന്റെ ഒരുപാടുമുണ്ടാവില്ല. ബാക്കി ഉച്ഛിഷ്ടമാക്കാതെ അച്ഛൻ എണീറ്റു. എഴുതുന്ന വരി ഒരൽപ്പം വളഞ്ഞാൽ അച്ഛൻ എന്റെ രക്തത്തിലിരുന്ന് വിമ്മിട്ടപ്പെടുന്നത് ഞാനറിയാറുണ്ട്. അച്ഛൻ നടാൻ പാകമാക്കിയ കണ്ടത്തിലിറങ്ങി നടാൻ തോന്നില്ലെന്ന് പണിച്ചി കറപ്പി പറയാറുണ്ട്. അത്ര, സങ്കടം തോന്നിക്കുന്ന പരിപൂർണത, മറ്റാരുടെ പ്രവൃത്തിയിലും ഞാൻ കണ്ടിട്ടില്ല. വിശേഷദിവസങ്ങളിൽ അമ്മ കോലായിലും മുറ്റത്തും നടുവകത്തും കോലങ്ങൾ വരച്ചുകൊണ്ട് അയൽപക്കത്തെ സ്ത്രീകളിൽ നിന്ന് തനിക്കുള്ള വ്യത്യാസം ആവിഷ്കരിച്ചു. അമ്മ പാട്ടിൽ പഴയ പഴയ സങ്കടങ്ങൾ കേട്ടു. 'വീര വിരാട' എന്നു തുടങ്ങുന്ന കൈകൊട്ടിക്കളിപ്പാട്ടിൽ അമ്മ പാടുമ്പോൾ സങ്കടം ഇരമ്പി. ഓർമ്മകൾ വാതുക്കൽവന്നു നിൽക്കും, വഴുക്കിവീണും ആത്തിക്കണ്ടത്തിൽ അരവരെ താണും വീട്ടിൽ നനഞ്ഞൊലിച്ചെത്തിയ നാട്ടിലെ പഴയ ബന്ധുക്കളെ വീട്ടിലെത്തിയപാടെ സൽക്കരിക്കാൻ അമ്മ കാണിക്കുന്ന ഉത്സാഹത്തിലും അധികംവൈകാതെ കാണിച്ചു തുടങ്ങുന്ന അസഹ്യതയിലും ഓർമകളുടെ സമ്മർദ്ദങ്ങൾ ഉണ്ടായിരിക്കണം. കിട്ടുന്നത് കിട്ടുന്നത് ആഘോഷമായി ചെലവഴിക്കാനും നൊടിനേരംകൊണ്ടു പട്ടിണിക്കാരായി മാറാനുമുള്ള പ്രതിഭ അമ്മയ്ക്കു ജന്മസഹജമായി കിട്ടിയിരുന്നു. എനിക്കത് അമ്മ വീതിച്ചു തന്നു. കടംവാങ്ങാത്ത ഒറ്റമാസവും ഇന്നോളം എന്റെ ജീവിതത്തിലുണ്ടായിട്ടില്ല.



9th Malayalam_Combine.indb 85 25-03-2019 12:04:20

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. 'കോന്തല' ആരുടെ കൃതിയാണ്?

   അ) ആഷാമേനോൻ ആ) എം.പി. വീരേന്ദ്രകുമാർ

   ഇ) കൽപ്പറ്റ നാരായണൻ ഈ) എം.പി നാരായണപിള്ള

2. വയനാടൻ ചുരത്തിന് താഴെയുള്ള പ്രദേശങ്ങളെ എങ്ങനെയാണ് പറഞ്ഞിരുന്നത്

   അ) അടിവാരം ആ) താഴെരാജ്യം

   ഇ) താഴ്വാരം ഈ) കീഴെരാജ്യം

3. വയനാട്ടുകാരന്റെ ഇഷ്ടപ്രയോഗങ്ങളിലൊന്നാണ്?

   അ) പയണ്ടേറ്റ് ആ) കുത്തിപ്പറി

   ഇ) കോന്തല ഈ) വീര, വീരാട

II. ഉത്തരം ചുരുക്കി എഴുതുക

1. ലേഖകന്റെ വയനാട് യാത്രയെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക?
2. വയനാട്ടിലെ ഒന്നാം തലമുറ മനുഷ്യരെക്കുറിച്ച് കൽപ്പറ്റ പങ്കുവയ്ക്കുന്നതെന്ത്?

III. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. വയനാട്ടിലെ ജീവിതശൈലി ലേഖകൻ വരച്ചു കാണിക്കുന്നതെങ്ങനെ?

9th Malayalam_Combine.indb 86 25-03-2019 12:04:20

ഉപപാഠം

മണ്ണ് (കഥ)

മലയാറ്റൂർ രാമകൃഷ്ണൻ



മലയാറ്റൂർ രാമകൃഷ്ണൻ [1927 - 1997] പാലക്കാട് കൽപ്പാത്തിയിൽ ജനിച്ചു. ഐ.എ.എസ് നേടിയ മലയാറ്റൂർ; കലക്ടർ, ഗവൺമെന്റ് സെക്രട്ടറി, ലളിതകലാ അക്കാദമി ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചു. വേരുകൾ എന്ന നോവലിന് കേരള സാഹിത്യഅക്കാദമി അവാർഡും യന്ത്രം എന്ന നോവലിന് വയലാർ അവാർഡും ലഭിച്ചു. നെട്ടൂർ മഠം, യക്ഷി, അമൃതം തേടി, ദ്വന്ദ്വയുദ്ധം, കലക്ടർ (കഥാസമാഹാരം) എന്നിവയാണ് മറ്റു പ്രധാന കൃതികൾ. കലക്ടർ എന്ന കഥാസമാഹാരത്തിലെ കഥയാണ് 'മണ്ണ്'

മദ്ധ്യവയസ്സായപ്പോൾ അയാൾക്ക് ഒരു മോഹമുണ്ടായി. -പണ്ടേ യാത്ര പറഞ്ഞു പിരിഞ്ഞ മണ്ണിലേക്കു മടങ്ങണമെന്ന്. എല്ലാ മണ്ണിലും വേരോടുമെന്നും മനുഷ്യ പ്രയത്നം കൊണ്ട് ഏതു മണ്ണും സ്വർണ്ണം നൽകുമെന്നും അയാൾ വിശ്വസിച്ചിരുന്നു. മദ്ധ്യവയസ്സായപ്പോൾ, വിശ്വാസം വികാരമായി മാറി. കുട്ടിക്കാലത്തു ചാടിക്കളിച്ച മുറ്റവും, കളവും, തൊടിയും അയാൾക്ക് ഓർമ്മവന്നു. പങ്കകറങ്ങുന്ന ഓഫീസ് മുറിയുടെ മൂലയിലെ ടോയിലറ്റ് മുറിയുടെ ദുർഗന്ധത്തേക്കാൾ അയാൾക്കു മണക്കാൻ തോന്നിയത് പടിപ്പുര മാവിന്റെ നാടൻ മാമ്പഴത്തിന്റെ സുഗന്ധമായിരുന്നു.



9th Malayalam_Combine.indb 87 25-03-2019 12:04:21

കുട്ടിക്കാലം തുടരെ ഓർമ്മിച്ചപ്പോൾ പിൽക്കാലവും നിവർത്തിയിട്ട പായ്പോലെ അയാളുടെ മുമ്പിൽ പരന്നു കിടന്നു. അവിടെ പല മണങ്ങൾ ഉയർന്നു. എരുമയുടെ മണം, പാലിന്റെ മണം, വെണ്ണയുടെ മണം, പുളിച്ച മോരിന്റെ നാറ്റം. അപ്പൂപ്പൻ നട്ട കൊന്നത്തെങ്ങുകൾ, അളിയൻ പച്ചപിടിപ്പിച്ച പുതിയ പറമ്പുകൾ, തന്നെ പഠിപ്പിച്ചു വലുതാക്കിയ മൂത്ത സഹോദരിയുടെ മുഖം ..... ഇവയെല്ലാം തെളിഞ്ഞും മറഞ്ഞും മനസ്സിന്റെ പാളികളിൽ കടന്നുവന്നപ്പോൾ അയാൾ ഒരാഴ്ച അവധി എടുത്തു നാട്ടിലെത്തി.

ആദ്യ ദിവസം മൂത്ത സഹോദരിയുടെ പേരക്കിടാങ്ങളായ അനുവിനോടും അബ്രുവിനോടും അയാൾ തമാശ പറഞ്ഞു. രണ്ടാം ദിവസം സഹോദരിയുടെ പറമ്പിൽ തഴച്ചുവളരുന്ന ജാതിയും, ഗ്രാമ്പുവും അയാൾ മണത്തു നടന്നു. മൂന്നാം ദിവസം അയാൾ മഴക്കാലത്തെ ചെളിനിറം പൂണ്ട പെരിയാറിൽ മുങ്ങിക്കുളിച്ചു. നാലാം ദിവസം ഒരു മണൽക്കൂമ്പാരത്തിൽ പള്ളിക്കൂടം കുട്ടികളെപ്പോലെ നിരന്നുനിന്ന തെങ്ങിൻതൈകളെ നോക്കി അയാൾ നെടുവീർപ്പിട്ടു.

അന്ന് സഹോദരിയുടെ വീട്ടിലെത്തിയ എഴുപതുവയസ്സായ പഴയ കുട്ടിച്ചോത്തിയോട് അയാൾ ലോഹ്യം പറഞ്ഞു. അവൾക്കു രണ്ടുറുപ്പിക സമ്മാനവും നൽകി. അഞ്ചാം ദിവസം അച്ഛനും അപ്പൂപ്പനും മൂത്ത അളിയനും സംസ്കരിക്കപ്പെട്ട മണൽപ്പുറത്തിലൂടെ അയാൾ നടന്നു. വികാരത്തിനു മൂർച്ചയേറി. പഴയ കാലത്തു (പണ്ടീ മണ്ണിന്റെ ഉടമയായിരുന്ന കാലത്ത്) അയാളുടെ സിൽബന്ധിയായിരുന്ന കൊച്ചുരാമൻ പൊതിഞ്ഞുകൊണ്ടുവന്ന 'റാക്ക്' പുഴവെള്ളം ചേർത്ത് അയാൾ കുടിച്ചു.

അന്നു പൗർണമി ആയിരുന്നു. നനഞ്ഞ തോർത്തു മാത്രമുടുത്ത അയാൾ മണൽപ്പുറത്തു മലർന്നുകിടന്നു. ആകാശത്തിൽ നിരന്നിരുന്ന നക്ഷത്രപ്പൊട്ടുകളെ ഉറ്റുനോക്കുമ്പോൾ, ചന്ദ്രന്റെയും തന്റെയും, വൃദ്ധിക്ഷയങ്ങളെ പറ്റി അയാൾ ഓർത്തു പോയി. അടുത്ത ദിവസം -ആറാം ദിവസം -അയാൾ ഓർമ്മിച്ചു. ദൈവം ആറാം നാളിൽ മനുഷ്യനടക്കമുള്ള ചരാചരങ്ങളെ സൃഷ്ടിച്ചു. അപ്പോൾ ഇന്നു തന്നെ സഹോദരിയോട് എന്തുകൊണ്ട് അല്പം ഭൂമി ചോദിച്ചു കൂടാ?

അയാൾ ചോദിച്ചു. സഹോദരി സമ്മതിച്ചു. വസ്തുവിനു വില നൽകാൻ അയാൾ തയ്യാറായിരുന്നു. കണക്കു കണക്കായിരിക്കണമെന്ന്, അനന്തിരവന്മാർ ശഠിച്ചു. ശബ്ദങ്ങൾ ഉയർന്നു. കൊച്ചുവെളുപ്പാൻകാലത്ത് ആരെങ്കിലും രംഗം കണ്ടിരുന്നുവെങ്കിൽ കുടുംബത്തിൽ ഒരു വഴക്കു നടക്കുകയാണെന്നു കരുതിയേനെ, പക്ഷേ അതു വഴക്കായിരുന്നില്ല. അയാളുടേയും സഹോദരിയുടേയും എഞ്ചുവടി കുറേ നേരത്തേക്കു മുടന്തിപ്പോയെന്നു മാത്രം.

രണ്ടാമത്തെ അനന്തിരവൻ ജനാധിപത്യ മര്യാദകളെപ്പറ്റി സംസാരിച്ചു. അപ്പോൾ അയാൾ പറഞ്ഞു: സമ്മതം! പക്ഷേ, നമ്മുടെ കുടുംബ ഡെമോക്രസിയിൽ നിങ്ങളുടെ തലവീതം വില ഒരു രൂപ മാത്രം. എന്റെ വില ഒരു രൂപ ഒരു പൈസ!

ഇതിനകം നേരം വെളുത്തിരുന്നു. അയാളെത്തേടി സ്ഥലം തഹസീൽദാരും, കലക്ടറും സ്റ്റേറ്റ് കാറിൽ എത്തി. പല്ലുതേയ്ക്കാത്ത അയാൾ കളസം ധരിച്ചു കാറിൽ കയറി; യാത്രയായി, അപ്പോഴും മണ്ണിന്റെ മണം അയാളിൽ തങ്ങിനിന്നു. ജാതിയുടെയും ഗ്രാമ്പുവിന്റെയും മണംവഹിച്ച കാറ്റ്, അയാളുടെ മുഖം

9th Malayalam_Combine.indb 88 25-03-2019 12:04:21

തഴുകിയപ്പോൾ കണ്ണുകൾ നനഞ്ഞു. ഇടവഴി കടന്ന് അമ്പലമുറ്റത്തെത്തിയപ്പോൾ അയാൾ പരദേവതയെ തൊഴുതു- കാറിൽ ഇരുന്നു കൊണ്ടു തന്നെ.

വേണ്ടിയിരുന്നില്ല. കണക്കും വയ്യാവേലിയും പറഞ്ഞു മൂത്ത സഹോദരിയോടു പിണങ്ങേണ്ടിയിരുന്നില്ല.

തിരുവനന്തപുരത്തു പങ്ക കറങ്ങുന്ന ഓഫീസിൽ ഡഫേദാർ തപാൽ കൊണ്ടുവന്നു. അതിൽ ഒരു കത്ത് സഹോദരി അയച്ചതായിരുന്നു. അവളെഴുതിയിരുന്നു. നീ വരണം. ഈ മണ്ണ് നിനക്കുമുള്ളതാണ്.

അയാൾക്കു ഗദ്ഗദം ഉണ്ടായി. അയാൾ ഡഫേദാരോടു പറഞ്ഞു: "കുട്ടൻപിള്ളേ, പൊയ്ക്കോളൂ!"

ഡഫേദാർ പോയി. അയാൾ പൊട്ടിക്കരഞ്ഞു. അപ്പോഴും ടോയ്ലറ്റ് മുറിയിലെ നാറ്റത്തേക്കാൾ മണ്ണിന്റെ ഗന്ധം മുന്തിനിന്നു.

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. മലയാറ്റൂരിന്റെ കഥയാണ് ?

   അ) മണ്ണ് ആ) ഗൗരി

   ഇ) നിള ഈ) കാറ്റ്

2. എന്തിന്റെ സുഗന്ധമാണ് കഥാകൃത്തിനെ തേടിയെത്തിയത്?

   അ) മണ്ണിന്റെ മണം ആ) മാമ്പഴം

   ഇ) ചക്കപ്പഴം ഈ) പാലിന്റെ മണം

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. മണ്ണിന്റെ മണം തേടിയുള്ള യാത്രയാണ് 'മണ്ണ്' എന്ന കഥ വിശദീകരിക്കുക?

9th Malayalam_Combine.indb 89 25-03-2019 12:04:21

ഭാഗം 7

നാട്ടുജീവിതത്തിന്റെ സാസ്കാരിക മുദ്രകൾ





പഠനലക്ഷ്യങ്ങൾ

- പൂക്കളുടെ വർണ്ണസങ്കരഭംഗി നൽകുന്ന പുത്തൻ പ്രതീക്ഷയെക്കുറിച്ചറിയൽ
- പ്രധാന കലാരൂപങ്ങളും അവയുടെ ഉത്ഭവകാരണങ്ങളും മനസ്സിലാക്കൽ
- പുഴ നൽകുന്ന വൈകാരിക അവസ്ഥകൾ പരിചയപ്പെടൽ

പാഠഭാഗങ്ങൾ

കവിത	:	മലനാട്ടിന്റെ പൊന്നോണം	-കടത്തനാട്ട് മാധവിയമ്മ
ഗദ്യം	:	നാടൻകലകളിലെ കേരളീയത	-എം.വി.വിഷ്ണുനമ്പൂതിരി
ഉപപാഠം	:	പുഴ	-സി. രാധാകൃഷ്ണൻ

9th Malayalam_Combine.indb 90 25-03-2019 12:04:23

കവിത: മലനാട്ടിന്റെ പൊന്നോണം

– കടത്തനാട്ട് മാധവിയമ്മ



കടത്തനാട്ട് മാധവിയമ്മ [1909 – 1999] കൗമാര പ്രായത്തിൽ തന്നെ കവിതകൾ രചിച്ചു. കാവ്യോപഹാരം, കണിക്കൊന്ന, ജീവിത തന്തുക്കൾ, തച്ചോളി ഒതേനൻ, മുത്തച്ഛന്റെ കണ്ണുനീർ, ഗ്രാമശ്രീകൾ എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. മാലതി എന്ന തൂലികാനാമത്തിലും ഇവർ കവിതകൾ എഴുതിയിരുന്നു.

സമഗ്ര സംഭാവനയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്.



എന്റെയുമ്മറത്തെന്തൊരാശ്ചര്യ –
വർണ്ണസങ്കര ഭംഗികൾ!
കൺകറുത്തതാം കാക്കപ്പൂ നോക്കി
പുഞ്ചിരിക്കുന്ന തുമ്പപ്പൂ
ചോരക്കണ്ണിൽ മുറുമുറുപ്പുമായ്
നൂറരിപ്പൂ നിരക്കവേ
പൊന്നിതൾക്കൺ വിടർത്തിനോക്കുന്ന
കുഞ്ഞു മുക്കുറ്റിപ്പൂവുകൾ
കൊള്ളിമീൻ പള്ളയ്ക്കു പറ്റി നിൽക്കുന്ന
ചെല്ല'ച്ചീവോതി'ക്കയ്യുകൾ

9th Malayalam_Combine.indb 91 25-03-2019 12:04:23

കാട്ടലരികൾ നാട്ടലരികൾ
പൂത്തമുല്ലക്കുടന്നകൾ
എന്റെയുമ്മറത്തെന്തൊരാശ്ചര്യ-
വർണ്ണ സങ്കരഭംഗികൾ!
ഭാവവൈരുദ്ധ്യം, വർണ്ണവൈരുദ്ധ്യം
വാസനാശത വൈരുദ്ധ്യം
എങ്കിലുമിവരൊത്തു കൂടുന്നു
എന്റെയങ്കണ വേദിയിൽ
വാർന്നു വീഴുമൊരാശയത്തിനായ്
ഭാവന തൻ ചിറകിനായ്
നല്ല നാളെതൻ നിർമ്മിതിക്കായി
ഏണും കോണുമിണങ്ങി വൈവിദ്ധ്യ-
ചാരുവാം വർണ്ണരാജികൾ
ഓണനാളിന്റെ നിത്യനൂതന
പ്രാണവായുവായ്ത്തീരട്ടെ!
കള്ളമില്ലാത്ത, കാവലില്ലാത്ത
നല്ല നാളയെത്തീർക്കട്ടെ
മേലാളില്ലാത്ത, കീഴാളില്ലാത്ത
നാളെതൻകൊടിയേറ്റെ!
ഓണത്തപ്പനുടുത്തൊരുങ്ങിയ
കേരളം കണികാണട്ടെ !



9th Malayalam_Combine.indb 92 25-03-2019 12:04:24

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞടുത്തെഴുതുക

1. കാക്കപ്പൂ നോക്കി പുഞ്ചിരിക്കുന്നതാരാണ് ?

   അ) മുല്ല ആ) തുമ്പപ്പൂ

   ഇ) ചെമ്പരത്തി ഈ) ചെമ്പകം

2. കള്ളമില്ലാത്ത, കാവലില്ലാത്ത നല്ല നാളെ പ്രതീക്ഷിക്കുന്നത് ആരാണ് ?

   അ) മഹാബലി ആ) വാമനൻ

   ഇ) കവയത്രി ഈ) തോഴൻ

3. ആര് ഉടുത്തൊരുങ്ങിയ കേരളം കണികാണാനാണ് കവയത്രി ആഗ്രഹിക്കുന്നത് ?

   അ) ഓണത്തപ്പൻ ആ) ഓണവില്ല്

   ഇ) സോദരി ഈ) അനുകൻ

II. ഉത്തരമെഴുതുക

1. എങ്കിലുമിവരൊത്തുകൂടുന്നു

   എന്റെയങ്കണവേദിയിൽ

   അ) ഏത് കവിതയിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

2. മേലാളില്ലാത്ത, കീഴാളില്ലാത്ത

   നാളെതൻ കൊടിയേറട്ടെ!

   അ) ഏത് കവിതയിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

III. ഉത്തരം ചുരുക്കിയെഴുതുക

1. വൈരുദ്ധ്യങ്ങളെപ്പറ്റി കവി പറയുന്നതെന്ത് ?

2. കവിയിൽ ആശ്ചര്യം ജനിപ്പിച്ച വർണ്ണസങ്കരഭംഗികളെക്കുറിച്ചെഴുതുക?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. മലനാട്ടിന്റെ പൊന്നോണത്തെ കവയിത്രി വർണ്ണിക്കുന്നതിന്റെ മനോഹാരിതയെക്കുറിച്ച് ആസ്വാദനം തയ്യാറാക്കുക?

9th Malayalam_Combine.indb 93 25-03-2019 12:04:24

ഗദ്യം

നാടൻകലകളിലെ കേരളീയത

– ഡോ.എം.വി. വിഷ്ണുനമ്പൂതിരി



ഡോ.എം.വി വിഷ്ണുനമ്പൂതിരി [1939 - 2019] കണ്ണൂർ ജില്ലയിൽ ജനിച്ചു. അരനൂറ്റാണ്ടായി ഫോക്‌ലോർ രംഗത്ത് സജീവം. അറുപതിൽ പരം കൃതികൾ എഴുതിയിട്ടുണ്ട്. കേരള ഫോക്‌ലോർ അക്കാദമിയുടെ പ്രഥമ അവാർഡ്, കേരള സംഗീത നാടക അക്കാദമി അവാർഡ്, അബുദാബി ശക്തി അവാർഡ് എന്നിവ നേടിയിട്ടുണ്ട്. വടക്കൻപാട്ടുകഥകൾ ഒരു പഠനം, തെയ്യവും തിറയും, നാടോടിവിജ്ഞാനീയം, കേരളത്തിലെ നാടൻസംഗീതം എന്നിവയാണ് പ്രധാന കൃതികൾ.

ഫോക്‌ലോർ ചിന്തകൾ എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് നാടൻകലകളിലെ കേരളീയത.

ഓരോ പ്രദേശത്തിനും തനതായ സംസ്കാരമുണ്ട്. ആ സംസ്കാരത്തിന് ചില കാര്യങ്ങളിൽ മറ്റൊരു പ്രാദേശിക സംസ്കാരത്തോട് സാമ്യമുണ്ടാകും. എന്നാൽ പല കാര്യങ്ങളിലും വൈജാത്യമാണ് കാണപ്പെടുന്നത്. കലകളും ഗാനങ്ങളുമൊക്കെ സംസ്കാരത്തിന്റെ ഭാഗമാണ്. നാടൻ കലകൾ ലോകത്തെവിടെയുമുണ്ട്. എന്നിരുന്നാലും, കേരളത്തിലെ നാടൻകലകൾക്ക് അന്യദേശങ്ങളിലെ നാടൻകലകളിൽ കാണാത്ത സവിശേഷതകൾ ഏറെയുണ്ട്. അവതരണശൈലിയിലും അംഗചലനങ്ങളിലും നിറക്കൂട്ടുകളിലും താളപ്രയോഗങ്ങളിലും ഈണങ്ങളിലും മറ്റും അന്യാദൃശമായ സവിശേഷതകൾ ദർശിക്കുവാൻ കഴിയും.



ഒരു പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും പ്രാകൃതികവും കാലാവസ്ഥാപരവുമായ സവിശേഷതകൾ ആ പ്രദേശത്തെ കലകളുടെ തനിമയ്ക്ക് കാരണമായിത്തീരാറുണ്ട്. സുലഭമായി ഇവിടെ ലഭിക്കുന്ന പ്രകൃതി വസ്തുക്കൾ കേരളത്തിലെ നാടൻകലകളിൽ ഉപയോഗിക്കുന്നുണ്ട്. കുരുത്തോലയും കവുങ്ങിൻ പൂക്കുലയും നാളികേരവും പഴുക്കയും ചെക്കിപ്പൂവും ഉപയോഗിക്കാത്ത നാടൻകലകൾ കുറവാണ്. നെല്ലും അരിയും പല കലകളുടെയും അനുഷ്ഠാനചടങ്ങുകൾക്ക് ആവശ്യമാണല്ലോ.

നാടൻകലകളിൽ പലതിനും ഉപയോഗിക്കുന്ന മുടികളും ഉടയാടകളും പരിശോധിച്ചാൽ അതതു പ്രദേശത്തെ വസ്തുക്കളുടെ ഉപയോഗം കൂടുതൽ ഉണ്ടെന്ന് മനസ്സിലാകും.

9th Malayalam_Combine.indb 94 25-03-2019 12:04:24

മുരിക്ക്, കുമിഴ് തുടങ്ങിയ കനം കുറഞ്ഞ മരങ്ങൾകൊണ്ടാണ് മുടികൾ, കടകങ്ങൾ തുടങ്ങിയവ രൂപപ്പെടുത്തിയെടുക്കുന്നത്. ചില മുടികളുടെ ചട്ടക്കൂട് കവുങ്ങിൻതടി ചീന്തിയെടുത്ത അലകുകൾകൊണ്ടാണ് കെട്ടിയുണ്ടാക്കുന്നത്. കുരുത്തോലകൊണ്ടുള്ള മുടിയും മറ്റ് ആഭരണങ്ങളും കുരുത്തോല ഉടുപ്പും തെയ്യം തിറകളിലും കോതാമ്മൂരിയാട്ടത്തിലും മറ്റനേകം കലകളിലും കാണുവാൻ കഴിയും. നാടൻകലകൾക്ക് ഉപയോഗിക്കുന്ന മുടികൾ വലിയമുടി, കൊണ്ടൽമുടി, പുറത്തട്ട്, ചട്ടമുടി, വട്ടമുടി, പീലിമുടി, കുതച്ചമുടി എന്നിങ്ങനെ പ്രാദേശികമായ പേരുകളിലാണ് വ്യവഹരിക്കപ്പെടുന്നത്. ഓലമുടികളും പാളമുടികളും ഇല മുടികളും കാണുവാൻ കഴിയും.

നാടൻ കലകളിൽ പലതിലും മുഖത്തെഴുത്തിന്റെ കാര്യത്തിൽ തനിമ പുലർത്തുന്നുണ്ട്. പ്രാകൃതിക വസ്തുക്കളുടെ ഉപയോഗം ഇതിലും കാണാം. മഞ്ഞൾ, അരിച്ചാന്ത്, മഞ്ഞളും ചുണ്ണാമ്പും കലർത്തിയ ചുവപ്പു മഷി തുടങ്ങിയവ ഇന്നും ഉപയോഗിക്കുന്നുണ്ട്. ചായില്യം, മനയോലം എന്നിവയുടെ ഉപയോഗവും കാണാം. നാടൻകലകളിലെ മുഖത്തെഴുത്തും കോലെഴുത്തും പ്രത്യേകം ശ്രദ്ധേയമാണ്. ദേവതകളുടെ സങ്കൽപം വെളിപ്പെടുത്തും വിധത്തിലുള്ളവയാണ് മുഖത്തെഴുത്തുകൾ. തെയ്യം - തിറകളുടെ മുഖത്തെഴുത്തുകൾ പ്രാക്കെഴുത്ത്, വൈരിദളം, വട്ടക്കണ്ണിട്ടെഴുത്ത്, ഹനുമാൻ കണ്ണിട്ടെഴുത്ത്, മാൻകണ്ണിട്ടെഴുത്ത് മാൻകണ്ണും കുറ്റിശംഖും എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്നു.

മുടിയേറ്റ്, കാളിത്തീയാട്ട് തുടങ്ങിയവയിൽ ഭദ്രകാളിയുടെ മുഖത്തെഴുത്ത് പ്രത്യേകം ശ്രദ്ധേയമാണ്. കറുപ്പുതേച്ച് അരിമാവ് കൊണ്ടുള്ള ഉയർന്ന പാടുകളാണ് കാളിയുടെ മുഖത്തെ അലങ്കരണം. ഇത് കാളീ- ദാരിക മിത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. കാളീ-ദാരിക യുദ്ധം നടക്കുമ്പോൾ ഭർത്താവിന് നാശമുണ്ടാകാതിരിക്കാൻ ഭാര്യയായ മനോദരി ശിവനെ സമീപിച്ചു. നർത്തനം ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ശിവൻ തന്റെ വിയർപ്പ് ഒരു പാത്രത്തിൽ തുടച്ചാക്കി, മനോദരിക്ക് നൽകി. അത് ആരുടെ നേർക്ക് തളിക്കുന്നുവോ അവർക്കു അനർത്ഥമുണ്ടാകുമെന്നു പറഞ്ഞു. മനോദരി അനുഗ്രഹം വാങ്ങി മടങ്ങവെ, കാളിദാരികന്റെ തലയറുത്ത് തലയുമായി മടങ്ങുകയാണ്. ശിവൻ നൽകിയ വിയർപ്പ് മനോദരി കാളിയുടെ ശരീരത്തിൽ കുടഞ്ഞു. അതോടെ കാളിക്ക് വസൂരി പിടിപെട്ടു. അത് ഇല്ലാതാക്കുവാനാണ് ശിവൻ കണ്ഠാകർണ്ണനെ സൃഷ്ടിച്ചത്. കണ്ഠാകർണ്ണൻ കാളിയുടെ ശരീരത്തിലെ വസൂരിക്കുരുക്കളെല്ലാം



9th Malayalam_Combine.indb 95 25-03-2019 12:04:25

നക്കിയെടുത്തുവെങ്കിലും മുഖത്തു മാത്രം നക്കിയില്ല.ഈ പുരാസങ്കൽപത്തിന്റെ പ്രതിഫലനമാണ് കാളിയുടെ മുഖത്തെഴുത്ത്.

കേരളത്തിലെ നാടൻകലകളിൽ മിക്കതും കാലാവസ്ഥയ്ക്കനുഗുണമായുള്ളവയാണ്. മഴക്കാലത്ത് പ്രായേണ കലയുടെ ആവിഷ്കാരം കുറവത്രെ. തെയ്യാട്ടം തുടങ്ങിയ അനുഷ്ഠാനകലകൾ തുലാപ്പത്തിന് തുടങ്ങി മേടമാസാന്ത്യത്തോടെ സമാപിക്കും.

തെയ്യം, തിറ, പടയണി, മുടിയേറ്റ്, കാളിയൂട്ട്, തീയാട്ട് തുടങ്ങി കലാനിർവ്വഹണങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ദേവതകളുടെ സങ്കൽപങ്ങൾ കേരളത്തനിമയെ വിളിച്ചറിയിക്കുന്നു. തെയ്യം-തിറകളിലാണ് ഏറ്റവും കൂടുതൽ വൈവിദ്ധ്യവും വൈചിത്ര്യവുമാർന്ന ദേവതകൾ പ്രത്യക്ഷപ്പെടുന്നത്. ഈ ദേവതകളുടെ പുരാസങ്കൽപങ്ങൾ മറ്റെങ്ങും കാണുവാൻ പ്രയാസമാണ്. ഇത്തരം മിത്തുകളും കലകളുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. പുരാസങ്കൽപങ്ങളുടെ കലാസുഭഗമായ ആവിഷ്കാരമാണ് കലാനിർവ്വഹണങ്ങളിൽ കാണുന്നത്.

കാളി, ഭദ്രകാളി, ക്ഷേത്രപാലൻ, വൈരജാതൻ, ചീറുമ്പ തുടങ്ങിയ ദേവതകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾ കേരളത്തിനു പുറത്തും ഉണ്ടെന്നത് സത്യമാണ്. പക്ഷേ കേരളത്തിന്റെ അന്തരീക്ഷത്തിൽ ഈ ദേവതകൾക്ക് പ്രത്യേക വ്യക്തിത്വവും സങ്കൽപവിശേഷവും കൈവന്നിട്ടുണ്ട്. കേരളത്തിലെ ഭദ്രകാളി മരക്കാരുടെ മരക്കലത്തിലേറി വിളയാടിയ വീരനായികയാണ്. ഇവിടെ കാളി ദാരികാന്തകിയാണ്. കേരളത്തിലെ നാടൻകലകളിൽ കാണുന്ന മിക്ക ദേവതകൾക്കും പ്രാദേശികമായ പുരാസങ്കൽപങ്ങൾ ഉണ്ടെന്നത് ശ്രദ്ധേയമാണ്.



9th Malayalam_Combine.indb 96 25-03-2019 12:04:26

തെയ്യാട്ടം,തിറയാട്ടം എന്നിവയിൽ ദേവതകളിൽ നല്ലൊരു ഭാഗം അതതു പ്രദേശത്തിന്റെ സാമൂഹിക- സാംസ്കാരിക ചരിത്രവുമായി ബന്ധപ്പെട്ടവയത്രെ. മാക്കത്തെപ്പോലുള്ള പതിവ്രതാരത്നങ്ങളും മുച്ചിലോട്ടു ഭഗവതിയെപ്പോലുള്ള കന്യകമാരും കതുവനൂർവീരനെപോലുള്ള വീരന്മാരും ഈ നാടിന്റെ സാമൂഹികച രിത്രവുമായി ബന്ധപ്പെടുന്നു. കതുവനൂർ വീരൻതോറ്റത്തിൽ കാണുന്നതുപോലുള്ള ഒരു വീരപുരാവൃത്തം ലോകത്തെങ്ങും കാണുമെന്നു തോന്നുന്നില്ല. മരിച്ച കാര ണവന്മാരും സാംസ്കാരികനായകന്മാരും നാടൻകലകളിലൂടെ പ്രത്യക്ഷപ്പെടുന്നു. കേരളത്തിലെ വിവിധ ജാതി-വർഗ്ഗങ്ങളുടെ കൂട്ടായ്മ നാടൻകലകളുടെ പ്രകടന ങ്ങൾക്ക് ആവശ്യമായിവരുന്നു. നാടൻ കലകൾ കേരളത്തിലെ വിവിധ സമുദായങ്ങ ളുടെ വംശീയ പാരമ്പര്യങ്ങളാണ്. തെയ്യാട്ടത്തിലും തിറയാട്ടത്തിലും പൂരക്കളിയിലും ഇവിടത്തെ വിഭിന്ന സമുദായങ്ങളിൽപ്പെട്ടവരാണ് ഏർപ്പെടുന്നത്.കോലംതുള്ളൽ ഗണകന്മാരുടെയും, പാക്കനാർതുള്ളൽ പറയരുടെയും, കോതാമ്മൂരിയാട്ടം മലയരുടെയും, സർപ്പംതുള്ളൽ പുള്ളുവരുടെയും വംശീയ പാരമ്പര്യങ്ങളാണ്.



9th Malayalam_Combine.indb 97 25-03-2019 12:04:26

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. നാടൻകലകൾക്ക് ഏത് സംസ്കാരത്തോടാണ് കൂടുതൽ സാമ്യം?

   അ) പ്രാദേശികസംസ്കാരം ആ) ദേശീയത

   ഇ) ലോകസംസ്കാരം ഈ) സാംസ്കാരിക ചരിത്രം

2. തെയ്യവും തിറയും ആരുടെ കൃതിയാണ്?

   അ) എം.വി.വിഷ്ണു നമ്പൂതിരി ആ) അക്കിത്തം

   ഇ) വാമദേവൻ നമ്പൂതിരി ഈ) പാലൂർ

3. വൈവിദ്ധ്യവും വൈചിത്യവുമാർന്ന ദേവതകൾ പ്രത്യക്ഷപ്പെടുന്ന കലയാണ്?

   അ) മുടിയേറ്റ് ആ) തെയ്യം-തിറ

   ഇ) പടയണി ഈ) കാളിത്തീയാട്ട്

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക

1. കേരളത്തിലെ നാടൻകലകളുടെ സവിശേഷതയെന്ത്?
2. നാടൻകലകളിൽ കാണുന്ന ദേവതകൾ ആരൊക്കെ?

III. ഉത്തരം ചുരുക്കിയെഴുതുക

1. പ്രാദേശികമായ പേരുകളിലറിയപ്പെടുന്ന മുടികളേവ?
2. നാടൻകലകളിലെ വേഷാലങ്കാരരീതിയെക്കുറിച്ച് കുറിപ്പെഴുതുക?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. നാടൻ കലകളിൽ കേരളത്തിലെ സമുദായങ്ങളുടെ വംശീയപാരമ്പര്യം ദൃശ്യമാണ്. വിശദീകരിക്കുക.?
2. നാടൻകലകളിലെ മുഖത്തെഴുത്തിന്റെ പ്രത്യേകതകളെക്കുറിച്ച് ലഘുവിവരണം നൽകുക?
3. കാളി-ദാരിക മിത്തിനെക്കുറിച്ചെഴുതുക?

9th Malayalam_Combine.indb 98 25-03-2019 12:04:26

ഉപപാഠം

പുഴ (കഥ)

സി രാധാകൃഷ്ണൻ



സി.രാധാകൃഷ്ണൻ 1939 -ൽ എറണാകുളം ചമ്രവട്ടത്ത് ജനിച്ചു. സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ പ്രസിഡന്റ്, ഭാഷാപോഷിണി, മാധ്യമം എന്നിവയുടെ എഡിറ്റർ, എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പുഴ മുതൽ പുഴ വരെ, സ്പന്ദമാപിനികളേ നന്ദി, മുൻപേ പറക്കുന്ന പക്ഷികൾ, പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും, തീക്കടൽ കടഞ്ഞ് തിരുമധുരം എന്നിവ പ്രധാന കൃതികൾ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് എന്നിവ നേടി.

മനുഷ്യന്റെ കേവലമായ വാഴ്വിനെക്കുറിച്ചുള്ള വേവലാതികൾ പങ്കുവെയ്ക്കുന്ന 'സി രാധാകൃഷ്ണന്റെ കഥകൾ' എന്ന കഥാസമാഹാരത്തിൽ ഉൾപ്പെട്ട കഥയാണ് 'പുഴ'.

കുട്ടി, മുത്തച്ഛന്റെ വിരലിൽ തൂങ്ങി നടന്നു.

പുഴയുടെ അത്ര അരികിലേക്ക് അന്നേവരെ പോയിരുന്നില്ല.

മഴയൊന്നു ശമിച്ചിരുന്നുവെങ്കിലും മാനം മൂടിക്കെട്ടിനിന്നു. നിറഞ്ഞു കിടക്കുന്ന കായലിനു നടുവിലൂടെയുള്ള നിരത്ത്. കായലിൽ കലക്കു വെള്ളം. പുഴ ഇരുകരയും കവിഞ്ഞ് കായലിൽ പരന്നിരിക്കുന്നു.

മലവെള്ളം

"എവിടുന്നാ ഇത്ര വെള്ളം മുത്തശ്ശാ?" കുട്ടി ചോദിച്ചു.

മലേന്ന് മുത്തച്ഛൻ പറഞ്ഞു.

"അതു മലേന്ന് ?"

"ആന മലേന്ന്"

"അവിടെ മഴ പെയ്തതാ അല്ലേ ?"

"അതെ"

"അതെവിട്യാ?"

"കെഴക്ക്"

"എങ്ങട്ടാ ഈ വെള്ളം പോണത്?"

"കടലിലേക്ക്"

9th Malayalam_Combine.indb 99 25-03-2019 12:04:26



പടിയിറങ്ങുമ്പോൾ അമ്മ പറഞ്ഞിരുന്നു. "പൊഴ നെറഞ്ഞിരിക്കയാണ്. കുട്ട്യേ കൊണ്ടോണ്ട!"

പുഴ നിറഞ്ഞാൽ മുത്തച്ഛൻ എന്നും പുഴയരികിൽ പോവും. "ഞാനുമുണ്ടെ"ന്ന് കുട്ടി പറയും. മുത്തച്ഛൻകൊണ്ടു പോവാനൊരുങ്ങും. അമ്മ തടയും.

ഇന്ന് മുത്തച്ഛൻ പറഞ്ഞു. "അവനും കാണട്ടെ"

"നിറഞ്ഞ പൊഴ കാണുമ്പോൾ അച്ഛനു പലതും തോന്നും!. ഇവനാണെങ്കിൽ എട്ടിലെ പൊട്ടനുമാണ്".

"എട്ടും എട്ടും പതിനാറും എട്ടും ഇരുപത്തിനാല്".മുത്തച്ഛൻ വിരലിൽ കണക്കു കൂട്ടി. എന്നിട്ട് ഉറക്കെപ്പറഞ്ഞു. "പതിനാറിലാണ് ഞാൻ ആദ്യം പൊഴ നീന്തീത്".....

"അതാണ് ഞാനും പറേണത്". അമ്മ പറഞ്ഞു. "അത്തും പുത്തും ആയ കാലാണ്. എനിക്കതാണ് പേടീം...."

"നിയ്യ് പേടിക്കണ്ട.ഞാൻ വന്ന വഴിയേ പോണ്ടോനാ .ഇവനും അതെ". "എങ്ങനെ പേടിക്കാതിരിക്കും ഞാൻ.? ഒരാള് പോയിട്ട്....."

അച്ഛനെപ്പറ്റിയാണെന്നു കുട്ടിക്ക് മനസ്സിലായി. "പോയവർ" എന്ന് അമ്മ പറയുന്നത് അച്ഛനെ ഉദ്ദശിച്ചാണ്.....

9th Malayalam_Combine.indb 100 25-03-2019 12:04:27

"അവനെ കാണണെങ്കിൽ നീയും പോരെ".മുത്തച്ഛൻ ക്ഷണിച്ചു. "കണ്ട തൊക്കെ കണ്ടു". അമ്മ വിതുമ്പി. "ഇനി ഒന്നും കാണണ്ടാ.!". മുത്തച്ഛൻ പല്ലില്ലാതെ ചിരിച്ചു. "വേണ്ടെങ്കിൽ വേണ്ട."

ചിരിക്കുമ്പോൾ മുത്തച്ഛന്റെ കവിളിൽ ചാലുകൾ വീഴും, നരച്ച മുടി ചായും. ചിരി മാറിയാൽ മുടിക്കുറ്റികൾ നിവരും.

ദൂരെ നിന്നുതന്നെ പുഴയുടെ ഇരമ്പം കേട്ടു. പുഴക്കരയിൽ അഞ്ചാറാളുകൾ നിൽക്കുന്നു. കണ്ണുകളെല്ലാം പുഴയിൽ.

പടിഞ്ഞാറേ മാനം കറുത്തു വരുന്നു. നായും നരിയും ചത്തുപൊന്തി ഒലിച്ചു പോകുന്നു. കട പുഴങ്ങിയ വൻ വൃക്ഷങ്ങളും.

"പേരക്കിടാവിനെ പൊഴകാണിക്കാൻ വന്നതാവും. അല്ലേ?" ആരോ ചോദിച്ചു.

മുത്തച്ഛന്റെ കണ്ണുകൾ വീതിയേറിയ പുഴയിൽ പരതിനടന്നു. മുത്തച്ഛൻ മറുപടി പറഞ്ഞില്ല.

പുഴയുടെ ഘോരഭാവം കണ്ട് കുട്ടിക്ക് ഉൾക്കിടിലമുണ്ടായി. ഒരു ചുവട് പിൻവാങ്ങി നിന്നു.

മുത്തച്ഛൻ ചോദിച്ചു. "പേടീണ്ടോ?"

"ഇല്ല" എന്ന് കുട്ടി ഉൾവിറയോടെ പറഞ്ഞു.

"വെറും വെള്ളം!" മുത്തച്ഛൻ ചിരിച്ചു. "പേടിക്കാനൊന്നൂല്ല്യ..."

പുഴ ശ്രുതി മീട്ടി നീട്ടി മൂളി. വെല്ലുവിളി പോലെ.തണുത്ത കാറ്റ് വീശിത്തുടങ്ങി.

മുത്തച്ഛന്റെ മോണകൾ കൂട്ടിയിടിച്ചു.

തോർത്തു നിവർത്തി പുതച്ച് മുത്തച്ഛൻ ചോദിച്ചു. "നെണക്കു കഴിയ്യോ ഇപ്പൊ അക്കരയ്ക്കു നീന്താൻ.?"

"കഴീല്യ"

"എന്നെങ്കിലും ?"

അങ്ങനെ ആലോചിച്ചപ്പോൾ കുട്ടിക്കു തോന്നി നീന്തണമെന്ന്. ഒരു വെല്ലുവിളി മനസ്സിൽ ഉയിർത്തു.എന്നെങ്കിലും നീന്തണം.!

"ഇന്ന് ഒരു തോണീം ഇറങ്ങീട്ടില്ല്യ". ആരോ പറഞ്ഞു "അക്കരെക്കാക്ക അക്കരെ. ഇക്കരെക്കാക്ക ഇക്കരെ!" സന്തോഷത്തോടെയാണ് പറഞ്ഞത്.

പുഴ മുറിച്ചു കടക്കാൻ കാക്കകൾ പോലും ധൈര്യപ്പെടാത്ത ഒരു കർക്കിടക ദിവസം.

9th Malayalam_Combine.indb 101 25-03-2019 12:04:27

“ഇന്ന് അമ്പലം മുങ്ങും!” അത്ര നേരവും മൂകനായി നിന്ന ഒരാൾ ഉത്സാഹത്തോടെ പറഞ്ഞു. “പിന്നെ കരകളും വീടുകളും മുങ്ങും!”

“ഇരുപത്തിയേഴിലെ വെള്ളപ്പൊക്കം നീങ്ങൾക്കാർക്കും ഓർമ്മയുണ്ടാവില്ല”. മറ്റൊരാൾ പറഞ്ഞു. “അതൊരു കാഴ്ച തന്നെയായിരുന്നു!. പതിനെട്ടിലെ കുന്നുമൂടിയാണൊഴുകിയത്.!”

കാണാൻ ഭാഗ്യമുണ്ടായിട്ടില്ലാത്തവർ ദുഖിച്ചു.

“കണാരൻ മാസ്റ്റർ പുഴ നീന്തിയത് ഇങ്ങനെ നിൽക്കുമ്പോഴായിരുന്നു”. കൂട്ടത്തിലൊരാൾ ഉറക്കെ ഓർമ്മിച്ചു.

“ശ്ശ്ശ്!” മറ്റൊരാൾ ചുണ്ടത്തു വിരൽ വെച്ചു. “കണാരന്റെ അച്ഛൻ”. “നിന്റച്ഛൻ,” മുത്തച്ഛൻ കുട്ടിയോടു പറഞ്ഞു”. “പുഴ നീന്തി ജയിച്ചില്ല”. കുട്ടി നിശ്ശബ്ദം കേട്ടു. മനസ്സിൽ വിചാരിച്ചു. ഈ പുഴ എനിക്കു നീന്തണം.

“കണ്ടോ” നാട്ടുകാരിലൊരാൾ സന്തോഷത്തോടെ ചൂണ്ടിക്കാണിച്ചു. “ഞാൻ വരുമ്പോൾ ആ ചെങ്ങണത്തണ്ട് പകുതിയും വെള്ളത്തിനു മുകളിലായിരുന്നു.! ഇപ്പൊ അതും മൂടാറായി”.

ചരൽ വാരിയെറിയുന്ന മഴ ആഞ്ഞടിച്ചപ്പോൾ എല്ലാവരും പുഴക്കരയിലെ ചായക്കടയിൽ കയറി. കുറ്റിത്താടി കൂട്ടിത്തിരുമ്മി ചായക്കടക്കാരൻ പുകയിലക്കറ പിടിച്ച പല്ലുകൾ കാണിച്ചു. “പാലില്ല.കട്ടനെടുക്കട്ടെ കൂട്ടരേ”?

മൗനംസമ്മതം

കവിടി പോയ ബസ്സിയിൽ വലിയൊരു പഴം ചായക്കടക്കാരൻ കുട്ടിയുടെ മുന്നിൽ വെച്ചു. “കണാരൻ മാസ്റ്ററിന്റെ മോൻ തിന്നാട്ടെ”

പഴമെടുത്തു തോലുരിച്ചു കുട്ടി ഒരു തുണ്ടു തിന്നു.നല്ല മധുരം. ചൂടുചായ മൊത്തിക്കുടിക്കുതിനിടയിൽ ഒരാൾ മറ്റൊരാളോടു ചോദിക്കുന്നുണ്ടായിരിന്നു. പതിഞ്ഞ ഒച്ചയിൽ “എന്തിനേ അയാൾ നിറഞ്ഞ പുഴ നീന്തിയത്?”

“ജയിക്കാൻ തന്നെ”,മറ്റേയാൾ പറഞ്ഞു. “തോൽപിക്കാൻ തന്നെ”!
“വിവരക്കേട്.”....!

രണ്ടാമൻ തല തിരിച്ച് ആ വിവരം കെട്ടവനെ നോക്കി. “നിങ്ങൾ ഇവിടുത്തുകാരനല്ല. അല്ലെ?”

“അല്ല”

“അതുശരി!”

“എന്തേ?”

“ഒന്നുമല്ല.അങ്ങനെ തോന്നി.”

ചായ കുടിച്ചു കഴിഞ്ഞ മുത്തച്ഛൻ മുണ്ടു തറ്റുടുത്ത് തോർത്ത് അതിൻമീതേ അരയിൽ കെട്ടുന്നത് കുട്ടി കാണുന്നുണ്ടായിരുന്നു.

9th Malayalam_Combine.indb 102 25-03-2019 12:04:27

പുഴയിൽ പുഷ്പവൃഷ്ടിപോലെ മഴ.

“ഞാനൊന്നു നോക്കട്ടെ, കൂട്ടരേ!” മുത്തച്ഛൻ മഴയിലിറങ്ങി നടന്നു. “കുട്ടിയെ പിടിച്ചോളണേ!”

“നിങ്ങളെന്തിനാ പൊറപ്പാട്, കാരണവരെ?” ചായക്കടക്കാരനും നാട്ടുകാരനും മുത്തച്ഛനെ വട്ടമിട്ടു.

മുത്തച്ഛൻ ചിരിച്ചു. “നിങ്ങക്ക് പേടി അല്ലേ?” എനിക്കെന്തായാലും പോകാറായി. അവസാനമായി ഒന്നുകൂടി നോക്കിക്കളയാം.!”

“ഈപ്രായത്തിലോ?” ചായക്കടക്കാരൻ തടഞ്ഞു. “അരുത്!”

“അല്ല കൃഷ്ണാ,” മുത്തച്ഛൻ മോണകൾ കാട്ടി ചിരിച്ചു. “നീയും ഇന്നാട്ടുകാരനല്ലെ?”

പിന്നെ ആരും തടഞ്ഞില്ല.മുത്തച്ഛൻ പുഴയിലിറങ്ങി മാറോളം വെള്ളമായപ്പോൾ ഒരു കുതി കുതിച്ച് നീന്തിത്തുടങ്ങി.

കുട്ടിയുടെ കൈയ്യും പിടിച്ചു ചായക്കടക്കാരനും നാട്ടുകാർ വേറെയും മഴ വകവെക്കാതെ പുഴക്കരയിൽ നിന്നു.

ചുഴികൾക്കിടയിലൂടെ നീന്തി മുത്തച്ഛന്റെ നരച്ച ശിരസ്സു മുന്നേറുന്നതു കുട്ടി കണ്ടു.

കണ്ണെത്താവുന്നിടത്തോളം .....

മുത്തച്ഛൻ മടങ്ങി വരുമെന്നു കുട്ടി വിചാരിച്ചു.

ആണുങ്ങളെയെല്ലാം ആകർഷിച്ചു വിഴുങ്ങുന്ന നശിച്ച രാക്ഷസിയായ പുഴയെപ്പറ്റി ആവലാതിയോടെ അമ്മ അന്ന് രാത്രിയിൽ ശാപവാക്കുകൾ ഉതിർക്കുമ്പോഴും മുത്തച്ഛൻ മടങ്ങിവരുമെന്നുതന്നെ കുട്ടി കരുതി.

രാത്രിയുടെ ഏകാന്തതയിൽ പുഴയുടെ ഇരമ്പം ശക്തിയായി.

അമ്മ കുട്ടിയുടെ മുഖത്തും പിന്നെ പുഴയുടെ ദിശയിലും നോക്കി പറഞ്ഞു. “അപ്പൂതി വേണ്ട. നടുക്കഷ്ണം തരില്ലെടീ, നെണക്കു ഞാൻ.! കരഞ്ഞലച്ചു നടക്ക് അസത്തേ!”

കാലവർഷപ്പുഴ എന്നെങ്കിലും കുറുകെ നീന്തണമെന്ന് കുട്ടി ഉറപ്പിച്ചു കഴിഞ്ഞിരുന്നു.

9th Malayalam_Combine.indb 103 25-03-2019 12:04:27

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞടുത്തെഴുതുക

1. ഇരുകരയും കവിഞ്ഞ് കായലിൽ പരന്ന വെള്ളം എവിടെനിന്ന് ഒഴുകിയെത്തിയതാണ്?

   അ) ആനമലയിൽനിന്ന് ആ) വേളിമലയിൽനിന്ന്

   ഇ) തോട്ടിൽനിന്ന് ഈ) അണക്കെട്ടിൽനിന്ന്

2. എങ്ങനെ പേടിക്കാതിരിക്കും ഞാൻ? ഒരാള് പോയിട്ട്... ആരാണ് പോയത്?

   അ) മുത്തച്ഛൻ ആ) അമ്മ

   ഇ) കുട്ടി ഈ) അച്ഛൻ

3. പുഴ മുതൽ പുഴ വരെ എന്ന കൃതി ആരുടേതാണ്?

   അ) എം.ടി വാസുദേവൻ നായർ ആ) എം മുകുന്ദൻ

   ഇ) സേതു ഈ) സി.രാധാകൃഷ്ണൻ

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. മനുഷ്യ ജീവിതത്തിന്റെ ഇമ്പവും ഇരമ്പവും പുഴ എന്ന കഥയിൽ ദൃശ്യമാണ്. വിശദീകരിക്കുക?

9th Malayalam_Combine.indb 104 25-03-2019 12:04:27

ഭാഗം 8 പുതിയ എഴുത്തുകാർ പുതിയ ലോകം





പഠനലക്ഷ്യങ്ങൾ

- യന്ത്രസമാനമായ ആധുനികജീവിത സങ്കീർണ്ണതകൾ പരിചയപ്പെടൽ
- കാര്യക്ഷമതയോടെയുള്ള പ്രവർത്തനശൈലി മനസ്സിലാക്കൽ
- സൗഹൃദത്തിന്റെ അനിതരസാധാരണമായ അടുപ്പം തിരിച്ചറിയൽ

പാഠഭാഗങ്ങൾ

കവിത	:	യന്ത്രബന്ധനം	-റഫീക്ക് അഹമ്മദ്
ഗദ്യം	:	ഭരണസിരാകേന്ദ്രങ്ങൾ	-എം. പി. വീരേന്ദ്രകുമാർ
ഉപപാഠം	:	ആതിഥേയൻ	-അക്ബർ കക്കട്ടിൽ

9th Malayalam_Combine.indb 105 25-03-2019 12:04:28

കവിത: യന്ത്രബന്ധനം

– റഫീക്ക് അഹമ്മദ്



റഫീക്ക് അഹമ്മദ് 1961 -ൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്ത് അക്കിക്കാവിൽ ജനിച്ചു. കവിയെന്ന നിലയിലും ചലച്ചിത്രഗാനരചയിതാവെന്നനിലയിലും പ്രശസ്തൻ. സ്വപ്നവാങ്മൂലം, പാറയിൽ പണിഞ്ഞത്, ആൾമറ, ചീട്ടുകളിക്കാർ, ശിവകാമി, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, തോരാമഴ ഇവയാണ് പ്രധാന കൃതികൾ.

കേരള സാഹിത്യ അക്കാദമി അവാർഡ്, വൈലോപ്പിള്ളി അവാർഡ്, ഇടപ്പള്ളി അവാർഡ്, ഓടക്കുഴൽ പുരസ്കാരം, മികച്ച ചലച്ചിത്രഗാനരചയിതാവിനുള്ള പുരസ്കാരം തുടങ്ങിയവ നേടിയിട്ടുണ്ട്.

തീർത്തും വ്യതിരിക്തമായ ഒരു കാവ്യവഴിയിലൂടെ നടന്നുകൊണ്ടേയിരിക്കുന്ന കവിയാണ് റഫീക്ക് അഹമ്മദ്. ആധുനിക ജീവിതവും അതിന്റെ ദുരന്ത സങ്കീർണ്ണതകളുമാണ് റഫീക്കിന്റെ കവിതകൾക്കു വിഷയം. റഫീക്ക് അഹമ്മദിന്റെ കവിതകൾ എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്തതാണ് 'യന്ത്രബന്ധനം' എന്ന കവിത.

എത്രമേൽ സങ്കീർണ്ണമാം യന്ത്രങ്ങളെനിക്കിവ
മിത്രമേ പരിചിതമാക്കുവാൻ യത്നിപ്പു നീ
നന്ദി, നീ തിരക്കുന്നതെന്റെ വിസ്മയം,പക്ഷേ
പിന്തിരിയുവാനുള്ളിൽ ധൃതി കൂട്ടുന്നു മന്ത്ര-
മാരണക്കളത്തിലെ പഴയ പേടിക്കാരൻ

സ്വപ്നങ്ങളാർദ്രങ്ങളാം ഭാവങ്ങൾ കുറച്ചതിൽ
കൃത്യത മാത്രം ചേർത്ത മസ്തിഷ്ക മഹായന്ത്രം.
നനവും തിളക്കവുമില്ലാതെ കാഴ്ചയ്ക്കുമേൽ
ചുറയും കുഴൽക്കണ്ണിൻ ക്രൂരദർശിനീയന്ത്രം
ജീവതാളങ്ങൾ വായിച്ചെടുത്തു തൻ നെറ്റിയിൽ
ഭാവഹീനമായ് കുറിച്ചാർത്തുകൾ കാട്ടും യന്ത്രം.
നാമരൂപങ്ങൾ തേടും കേവലസാന്നിധ്യമായ്
പിളരും പരമാണുതന്നകപ്പൊരുൾപോലു-
മളവിൽ കുറിക്കുന്ന യന്ത്രങ്ങൾ സങ്കീർണ്ണങ്ങൾ.



9th Malayalam_Combine.indb 106 25-03-2019 12:04:29

ഭീതിദം,അന്യം, വിട്ടുപോകുന്നു ഞാനിന്നെന്റെ
ചേതന പുരാതനം വിസ്മയഹീനം, മൂഢം.
ഞാനിന്നുമജ്ഞൻ ,വിദ്യാലയമെത്താതെ ,പൊടി-
മീനുകൾ നീന്തും പുഴക്കരയിലിരിപ്പവൻ.
തരുശാഖകൾ തീർത്ത ലിപികൾ ചിത്രച്ചേമ്പിൻ
തിരുരേഖകൾ വായിച്ചറിയാൻ കൊതിപ്പവൻ.

വിസ്മയമടങ്ങിയിട്ടില്ലെനിക്കിന്നും പ്രാത-
സുസ്മിതം പൂവായ് വിടരുന്നതിൽ ; കൊടും വേനൽ
ഉച്ചമാകുമ്പോളേതോ വിളികേട്ടപോൽ വർഷം
കാൽച്ചിലമ്പണിവതിൽ , ഭൂഭ്രമണത്തിൽ തോഴാ.

വെയിലത്തൊറ്റക്കാലിൽ നില്പിലും വാഴക്കൂമ്പിൻ
മയവും കുളിർമയുമൊഴിയാതിരിപ്പതും
മഴയിൽ കുതിർന്നൊരീ മണ്ണിലെപ്പാഴ്വിത്തുകൾ
വെയിലിൻ വിരൽത്തുമ്പു തൊട്ടുയിർത്തെണീപ്പതും
ജലവും വെളിച്ചവും വായുവും ഹരിതമായ്
വിലയം കൊൾകെ തളിരിലയായ് തുടിപ്പതും

വിസ്മയമിവയൊക്കെയിപ്പൊഴും വിട തരൂ
സസ്നേഹമെനിക്കു നീ യന്ത്രബന്ധത്തിൽനിന്നും.



9th Malayalam_Combine.indb 107 25-03-2019 12:04:29

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. റഫീക്ക് അഹമ്മദിന്റെ കൃതിയാണ്?

   അ) നങ്ങേലി ആ) വിട

   ഇ) ഹിമസമാധി ഈ) ആൾമറ

2. കൃത്യത മാത്രം ചേർത്ത മഹായന്ത്രം എന്താണ് ?

   അ) മസ്തിഷ്കം ആ) ഹൃദയം

   ഇ) കരൾ ഈ) കണ്ണ്

3. കവി സസ്നേഹം വിട ചോദിക്കുന്നത് ആരിൽനിന്ന് ?

   അ) രക്തബന്ധത്തിൽ നിന്ന് ആ) കിനാവിൽനിന്ന്

   ഇ) യന്ത്രബന്ധത്തിൽ നിന്ന് ഈ) ജീവിതത്തിൽനിന്ന്

4. യന്ത്രബന്ധനം എന്ന കവിത ഏത് കൃതിയിൽനിന്ന് എടുത്തിട്ടുള്ളതാണ്.?

   അ) റഫീക്ക് അഹമ്മദിന്റെ കവിതകൾ ആ) ചീട്ടുകളിക്കാർ

   ഇ) ശിവകാമി ഈ) തോരാമഴ

II. ഉത്തരമെഴുതുക

1. മഴയിൽ കുതിർന്നൊരീ മണ്ണിലെപ്പാഴ്വിത്തുകൾ

   വെയിലിൻ വിരൽത്തുമ്പു തൊട്ടുയിർത്തെണീപ്പതും

   അ) ഈ വരികൾ ആരുടേതാണ്?

   ആ) ഏത് കവിതയിൽ നിന്നെടുത്തതാണ് ?

2. ജീവതാളങ്ങൾ വായിച്ചെടുത്തു തൻ നെറ്റിയിൽ

   ഭാവഹീനമായ് കുറിച്ചാർത്തുകൾ കാട്ടും യന്ത്രം

   അ) ഏത് കവിതയിലെ വരികളാണിത്?

   ആ) ഇതെഴുതിയ കവി ആരാണ്?

III. ഉത്തരം ചുരുക്കിയെഴുതുക

1. യന്ത്രങ്ങൾ സങ്കീർണ്ണമെന്ന് കവി കല്പിക്കാൻ കാരണമെന്ത്?
2. കവിയെ വിസ്മയപ്പെടുത്തുന്ന കാഴ്ചകളേവ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. യന്ത്രബന്ധനം കവിയുടെ മനസ്സിലുണർത്തുന്ന വികാര വിചാരങ്ങൾ കുറിക്കുക?

9th Malayalam_Combine.indb 108 25-03-2019 12:04:29

ഗദ്യം

ഭരണസിരാകേന്ദ്രങ്ങൾ

– എം.പി.വീരേന്ദ്രകുമാർ



എം.പി.വീരേന്ദ്രകുമാർ 1936 –ൽ വയനാട്ടിലെ കല്പറ്റയിൽ ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ സോഷ്യലിസ്റ്റ് ആദർശം വെച്ചുപുലർത്തിയ അദ്ദേഹം ദേശീയ രാഷ്ട്രീയത്തിൽ ശ്രദ്ധേയനാണ്. മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിങ് കമ്പനിയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമാണ്. സാഹിത്യ, സാംസ്കാരിക വിഷയങ്ങളെ അടിസ്ഥാനമാക്കി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 'ബുദ്ധന്റെ ചിരി', 'രാമന്റെ ദു:ഖം', 'ചങ്ങമ്പുഴ-വിധിയുടെ വേട്ടമൃഗം', 'ഹൈമവതഭൂവിൽ' എന്നിവ പ്രധാനപ്പെട്ട കൃതികളാണ്. കെ.വി.ദാനിയൽ അവാർഡ്,രാജീവ്ഗാന്ധി അവാർഡ്,നാലപ്പാടൻ പുരസ്കാരം,കേരള സാഹിത്യ അക്കാദമി അവാർഡ് തുടങ്ങി അമ്പതിലേറെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

ഇന്ത്യൻ പാർലമെന്റ് മന്ദിരവും അനുബന്ധ സ്ഥാപനങ്ങളും നിർമ്മിച്ചതിനു പിന്നിലുള്ള ഇച്ഛാശക്തിയും കാഴ്ചപ്പാടും വെളിപ്പെടുത്തുന്ന ഈ ലേഖനം ഹൈമവതഭൂവിൽ എന്ന യാത്രാവിവരണഗ്രന്ഥത്തിൽ നിന്നെടുത്തതാണ്.

1927 ൽ അന്നത്തെ വൈസ്രോയ് ഇർവിൻ പ്രഭു ഉദ്ഘാടനം ചെയ്ത കൗൺസിൽ ഹൗസ് രൂപകൽപന ചെയ്തതും നിർമ്മിച്ചതും ഹെർബർട്ട് ബേക്കർ ആയിരുന്നു. ആഫ്രിക്കയിലും ഏഷ്യയിലുമായി 35 വർഷത്തിലേറെക്കാലം ദീർഘിച്ചതായിരുന്നു ബേക്കറിന്റെ കെട്ടിടനിർമ്മാണ സപര്യ. അതീനിയൻസിനെക്കുറിച്ച് പെരിക്ലീസ് വാഴ്ത്തിയതുപോലെ ബേക്കർ ഒരു സൗന്ദര്യരാധകനായിരുന്നുവെങ്കിലും ലളിതമായ അഭിരുചികളുള്ള വാസ്തുശില്പവിദഗ്ദ്ധനായിരുന്നു. സൗന്ദര്യവും ഊർജ്ജസ്വലതയും പൗരുഷവും അദ്ദേഹം നിർമ്മിച്ച കൗൺസിൽ ഹൗസ് അടക്കമുള്ള നിരവധി കെട്ടിടങ്ങളുടെ മുഖമുദ്രയായി കരുതപ്പെടുന്നു.

ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയാ റെയിൽവേ സ്റ്റേഷനും പ്രധാനപ്പെട്ട സർക്കാർ കെട്ടിടങ്ങളും രൂപകൽപന ചെയ്തതും നിർമ്മിച്ചതും ബേക്കറാണ്. പൂർവ്വ-പശ്ചിമ സ്റ്റൈലുകളുടെ ഒരു കൊളാഷ് ആയിരുന്നു, അദ്ദേഹം ഡൽഹിയിൽ പ്രാവർത്തികമാക്കിയ വാസ്തുശില്പരീതി. റെയ്സിനാഹില്ലിലെ ഭൂപ്രകൃതിക്കനുയോജ്യമായ, ലളിതസുന്ദരമായ രീതിയാണ് അദ്ദേഹം കെട്ടിടനിർമ്മാണത്തിന് സ്വീകരിച്ചത്.

ബേക്കർതന്നെയാണ് രണ്ടു വിശാലമായ സെക്രട്ടേറിയറ്റ് കെട്ടിടങ്ങൾ വൈസ്രോയസ് പാലസിന്റെ അടുത്തായി പണിതത്. കാൽമൈൽ നീളമുണ്ട്, മൂന്നു നിലകളുള്ള ഈ കെട്ടിടങ്ങൾക്ക്. റെയ്സിനാഹില്ലിന്റെ ഒത്ത മുകളിൽ പണിത ഈ ഭരണസിരാകേന്ദ്രം, ഇന്ത്യയിലെ ചക്രവർത്തിമാരും രാജാക്കന്മാരും പണിത കൊട്ടാരങ്ങളുടെയും പള്ളികളുടെയുമൊക്കെ ആത്മസത്ത ഉൾക്കൊണ്ടിട്ടുണ്ട്. ഓരോ കെട്ടിടവും

9th Malayalam_Combine.indb 109 25-03-2019 12:04:29

ബ്രിട്ടീഷ് പാർലമെന്റിന്റെയത്രയും വലുതാണ്. നോർത്ത് ബ്ലോക്ക്, സൗത്ത് ബ്ലോക്ക് എന്നീ പേരുകളിലാണ് അവ അറിയപ്പെടുന്നത്.

ഇപ്പോൾ സൗത്ത് ബ്ലോക്കിലും നോർത്ത് ബ്ലോക്കിലും സുപ്രധാന മന്ത്രാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രധാന മന്ത്രിയുടെ ഓഫീസ് സൗത്ത്ബ്ലോക്കിലാണ്. കൂടാതെ വിദേശകാര്യം, പ്രതിരോധം എന്നിവയുടെ മന്ത്രാലയങ്ങളും അവിടെത്തന്നെയാണ് പ്രവർത്തിക്കുന്നത്. നോർത്ത് ബ്ലോക്കിൽ ധനകാര്യ - ആഭ്യന്തര മന്ത്രാലയങ്ങൾ പ്രവർത്തിക്കുന്നു.

ഞാൻ കുറച്ചുകാലം കേന്ദ്രത്തിൽ ധനകാര്യവകുപ്പ് സഹമന്ത്രിയായിരുന്നപ്പോൾ ബേക്കർ നിർമ്മിച്ച കെട്ടിടത്തിലാണ് ജോലി ചെയ്തത് എന്നു കൂടി ഇവിടെ അനുസ്മരിക്കട്ടെ. അവിടത്തെ സംവിധാനങ്ങൾ വളരെ മികച്ചതായി എനിക്കനുഭവപ്പെട്ടു. ഓഫീസുമുറികൾക്കുപുറമെ ഈ കെട്ടിടസമുച്ചയങ്ങളിൽ ഭംഗിയായി അലങ്കരിച്ച സ്വീകരണമുറികളും മനോഹരമായി സംവിധാനം ചെയ്ത ഗ്രന്ഥാലയങ്ങളുമുണ്ട്. ജലധാരായന്ത്രങ്ങളും കമനീയമായ കമാനങ്ങളും ഈ കെട്ടിടങ്ങൾക്ക് സൗന്ദര്യവും ഗാംഭീര്യവും പകരുന്നു. തദ്ദേശീയരായ കലാകാരന്മാരുടെ സൃഷ്ടികൾ ചുവരുകളെ അലങ്കരിക്കുന്നു.

നോർത്ത്- സൗത്ത് ബ്ലോക്കുകളിലെ കെട്ടിടങ്ങളിലുള്ള ഗോപുരങ്ങളിലും മനോഹരമായ കൊത്തുവേലകൾ ചെയ്തിട്ടുണ്ട്. ബോംബെക്കാരനായ ജി.എച്ച് നഗർക്കറുടെ ചുവർചിത്രങ്ങൾ പേഴ്സി ബ്രൗൺ ഉൾപ്പടെയുള്ള ലോക പ്രശസ്ത കലാകാരന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്. ആര്യന്മാരുടെ ജീവിതരീതികൾ വ്യക്തമാക്കുന്നവയാണവ. സെക്രട്ടേറിയറ്റ് കെട്ടിടങ്ങളിലേക്കുള്ള മുഖ്യകവാടങ്ങൾ ഏറെ ശ്രദ്ധേയമാണ്. ഹുമയൂണിന്റെ ശവകുടീരത്തിന്റെ പ്രവേശനകവാടങ്ങളാണ് ഇവയുടെ നിർമിതിക്ക് ബേക്കർ മാതൃകയാക്കിയത്.

അർഥവത്തായ വചനങ്ങൾ സെക്രട്ടേറിയറ്റിന്റെ ചുവരുകളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. അത്തരമൊരു ഉദ്ധരണിയുടെ ഏകദേശ വിവർത്തനം ഇങ്ങനെ :



9th Malayalam_Combine.indb 110 25-03-2019 12:04:30

"സ്വാതന്ത്ര്യം ജനങ്ങളിലേക്കിറങ്ങി വരികയില്ല. ജനങ്ങൾ അതിലേക്ക് ഉയരുകയാണ് വേണ്ടത്. സ്വാതന്ത്ര്യം ഒരനുഗ്രഹമാണ്, ആസ്വദിക്കുന്നതിനുമുൻപ് അത് നേടിയെടുക്കേണ്ടതുമാണ്." ഈ വാക്കുകൾ ബ്രിട്ടീഷുകാർക്ക് അറംപറ്റുന്നവയായി. മറ്റൊരിടത്ത് വിക്ടോറിയ രാജ്ഞിയുടെ 1858 ലെ വിളംബരത്തിൽ നിന്നെടുത്ത ഒരുദ്ധരണി രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ (ഇന്ത്യക്കാരുടെ) ഐശ്വര്യത്തിലാണ് നമ്മുടെ ശക്തി. അവരുടെ സംതൃപ്തിയിലാണ് നമ്മുടെ സുരക്ഷ. അവരുടെ കൃതജ്ഞതയാണ് നമ്മുടെ ഏറ്റവും വലിയ പ്രതിഫലം. (ഏതായാലും ഇന്ത്യക്കാർ സംതൃപ്തരും കൃതജ്ഞരുമല്ലെന്ന് ബ്രിട്ടീഷ് ഭരണകൂടത്തിന് ഏറെ താമസിയാതെ ബോധ്യമായി). 1926-27 കാലത്താണ് താത്കാലിക ആസ്ഥാനങ്ങളിൽനിന്ന് സർക്കാർ ഡിപ്പാർട്ടുമെന്റുകൾ നോർത്ത്-സൗത്ത് ബ്ലോക്കുകളിലേക്ക് മാറ്റിയത്.

1919 ലെ മെണ്ടെഗു -ചെംസ്ഫോർഡ് ഭരണപരിഷ്കാരത്തിന്റെ ഭാഗമായി കുറേക്കൂടി വിപുലമായ ഒരു നിയമസഭ ശുപാർശ ചെയ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് പുതിയ 'കൗൺസിൽ ഹൗസ്' പണിയേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നത്. നോർത്ത്- സൗത്ത് ബ്ലോക്കുകളുടെ വടക്കു കിഴക്കു ഭാഗത്തായാണ് നിയമസഭാ മന്ദിരം പണിയാൻ തീരുമാനിച്ചത്. അതിനകം ല്യൂട്യൻസും ബേക്കറും തമ്മിലുള്ള ബന്ധം വളരെ വഷളായിരുന്നു. ബേക്കർ സമർപ്പിച്ച പ്ലാൻ ഏറെ സങ്കീർണ്ണമാണെന്നതിന്റെ പേരിൽ ല്യൂട്യൻസ് വാദകോലാഹലങ്ങളുണ്ടാക്കി. അവസാനം ന്യൂകാപ്പിറ്റൽ കമ്മിറ്റിയുടെ ഒരു യോഗം വിളിക്കേണ്ടി വന്നു.ഈ രണ്ടു വാസ്തുശില്പികളുടെ ഭിന്നാഭിപ്രായങ്ങൾ പറഞ്ഞുതീർക്കാൻ.

ബേക്കറിന്റെ പ്ലാൻ അനുസരിച്ച് മൈക്കലാഞ്ചലോവല്ല,ദൈവം തമ്പുരാൻ തന്നെ വിചാരിച്ചാലും നല്ലൊരു കെട്ടിടം ഉണ്ടാക്കാൻ ആവില്ല എന്നായിരുന്നു ല്യൂട്യൻസിന്റെ വാദം. അവസാനം ബേക്കറിന് ഭേദഗതികൾ അംഗീകരിക്കേണ്ടതായി



9th Malayalam_Combine.indb 111 25-03-2019 12:04:30

തന്നെ വന്നു. എന്നിട്ടും തർക്കം പൂർണ്ണമായും തീർന്നില്ല. നടവഴിക്ക് അരമൈൽ നീളമുള്ളതിനാൽ കൗൺസിൽ ഹൗസിനുള്ളിൽ ഒരു ട്രാംവേ വേണ്ടിവരുമെന്നു വരെ വിമർശകർ പറഞ്ഞു. വൃത്താകൃതിയിൽ പണിയാനുദ്ദേശിച്ചതുകൊണ്ട്, ഇത് കാളപ്പോരിന് ഏറ്റവും അനുയോജ്യമാണെന്നും ചില ദോഷൈകദൃക്കുകൾ അഭിപ്രായപ്പെടാതിരുന്നില്ല.!

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പ്രതീകവത്കരണമാണ് വൃത്താകൃതിയിലുള്ള കൗൺസിൽ എന്നൊരു കൂട്ടർ കരുതിയപ്പോൾ, ഇന്ത്യാചരിത്രത്തിലെ ഗതിവിഗതികളെ ഇപ്രകാരമല്ലാതെ സമന്വയിപ്പിക്കാനാവില്ലെന്ന് മറ്റൊരു വിഭാഗം വിശ്വസിച്ചു. ല്യൂട്യൻസും ബേക്കറും തമ്മിലുണ്ടായിരുന്ന സ്പർധയാണ് ഈ കെട്ടിടത്തിനു വ്യവസ്ഥാപിതമായ ആകൃതി നഷ്ടപ്പെടാൻ കാരണമായതെന്ന മറ്റൊരഭിപ്രായവും അക്കാലത്തുണ്ടായിരുന്നു.

ല്യൂട്യൻസിന്റെ പ്ലാനനുസരിച്ച് വികാസം പ്രാപിച്ച ഡൽഹി നഗരത്തിന്റെ അളവുകളുമായി സമരസപ്പെട്ടുപോകുന്നതിനാണ് ബേക്കർ, കൗൺസിൽ ഹൗസ് വൃത്താകൃതിയിൽ രൂപകൽപന ചെയ്തത്. കൂടുതൽ സ്ഥലസൗകര്യം ലഭിക്കുമെന്ന കാര്യവും അദ്ദേഹം പരിഗണിച്ചിരുന്നു.അഭിപ്രായഭിന്നതകൾ മാറ്റിവെച്ചുകൊണ്ട് വൃത്താകൃതിയിലുള്ള കൗൺസിൽ ഹൗസിന്റെ പ്ലാൻ ല്യൂട്യൻസും അംഗീകരിച്ചു.

ഉപരിസഭ, രാജകുമാരന്മാരുടെ ചേംബർ, നിയമസഭ എന്നീ മൂന്നു വിഭാഗങ്ങളെ ഉൾക്കൊള്ളുന്നതായിരുന്നു കൗൺസിൽ ഹൗസ്. പ്രൗഢഗംഭീരമായ ഈ കെട്ടിടത്തിന്റെ നടുത്തളം ഏകീകൃത ഇന്ത്യയുടെ അടയാളമായി കരുതപ്പെട്ടു. മൂന്നു ചേംബറുകൾ ഉൾക്കൊള്ളുന്ന മൂന്നു ബ്ലോക്കുകൾ, അനുബന്ധ ലോബികൾ, ഗ്യാലറികൾ എന്നിവയാണ് കൗൺസിൽ ഹൗസിന്റെ മുഖ്യ ഘടകങ്ങൾ. ഉദ്യാനങ്ങൾ, പച്ചപ്പുൽത്തകിടികൾ, ജലധാരകൾ തുടങ്ങിയവ ഈ സൗധത്തിന് അനുപമമായ ദൃശ്യചാരുത പ്രദാനം ചെയ്തു.



9th Malayalam_Combine.indb 112 25-03-2019 12:04:31

1927 ജനുവരിയിലെ തെളിഞ്ഞൊരു പ്രഭാതത്തിൽ, ശില്പി ബേക്കർ പ്രത്യേക താലത്തിൽവെച്ചു നൽകിയൊരു സ്വർണത്താക്കോലുപയോഗിച്ച് വൈസ്രോയ് ഇർവിൻ പ്രഭു കൗൺസിൽ ഹൗസ് തുറന്നു. ബ്രിട്ടീഷ് -ഇന്ത്യൻ ചരിത്രത്തിലെ ഒരു നിർണ്ണായക മുഹൂർത്തമായിരുന്നു അത്. ഇന്ത്യൻ രാജാക്കന്മാരും ഉന്നത ബ്രിട്ടീഷ് -ഇന്ത്യൻ ഉദ്യോഗസ്ഥന്മാരുമടക്കം 2000-ത്തിലേറെപേർ വർണപ്പകിട്ടാർന്ന ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചു. ആയിരക്കണക്കിനു പുരുഷന്മാരും സ്ത്രീകളും കൗൺസിൽ ഹൗസിന്റെ നിർമ്മാണത്തിൽ ഭാഗഭാക്കുകളായിരുന്നു. അവരുടെ കഠിനാധ്വാനത്തിന്റെ ഫലമാണ് ഈ മനോഹരസൗധം.

"ഇന്ത്യയിൽ ഉത്തരവാദിത്വമുള്ളൊരു ഗവൺമെന്റുണ്ടാവുക എന്ന ബ്രിട്ടീഷ് ജനതയുടെ ആത്മാർത്ഥമായ ആഗ്രഹത്തിന്റെ പ്രകടനം" എന്നാണ് ഇർവിൻ പ്രഭു കൗൺസിൽ ഹൗസിനെ വിശേഷിപ്പിച്ചത്. നിരവധി സാമാജികർക്കിരിക്കാവുന്ന നിയമസഭാവേദികൾ, വിശാലമായ വരാന്തകൾ മനോഹരമായ സ്തൂപങ്ങൾ, കമാനങ്ങൾ, കോൺഫറൻസ് ഹാളുകൾ, ഗ്രന്ഥശാല, കാന്റീൻ തുടങ്ങിയവയ്ക്കുള്ള പ്രത്യേക സംവിധാനങ്ങൾ ഈ കെട്ടിടസമുച്ചയത്തിൽ ഒരുക്കപ്പെട്ടിരുന്നു. ഭാരതീയ സംസ്കാരത്തിന്റെ മുഖമുദ്രയുള്ള മനോഹരങ്ങളായ പെയിന്റിങ്ങുകൾ ചുവരുകളെ അലങ്കരിച്ചു.

പുതിയ കൗൺസിൽ ഹൗസിന്റെ പണി പൂർത്തിയായപ്പോൾ അത് ഏവരുടെയും പ്രശംസ പിടിച്ചുപറ്റി. പ്രൗഢിയുടെയും ഗാംഭീര്യതയുടെയും കാര്യത്തിൽ മറ്റേതു രാജ്യത്തിന്റെയും നിയമനിർമ്മാണസഭാ സമുച്ചയവുമായി മാറ്റുരയ്ക്കാനുള്ള യോഗ്യത, ഇപ്പോൾ ഭാരതത്തിന്റെ പാർലമെന്റുമന്ദിരമായ, കൗൺസിൽ ഹൗസിനുണ്ട്.





9th Malayalam_Combine.indb 113 25-03-2019 12:04:32

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഭരണസിരാകേന്ദ്രങ്ങൾ എന്ന പാഠഭാഗം ഏതു കൃതിയിൽനിന്ന് എടുത്തിട്ടുള്ളതാണ്?

   അ) രാമന്റെ ദുഖം ആ) ഹൈമവതഭൂവിൽ

   ഇ) ബുദ്ധന്റെ ചിരി. ഈ) സമന്വയത്തിന്റെ വസന്തം

2. എം പി വീരേന്ദ്രകുമാർ കേന്ദ്രമന്ത്രിസഭയിൽ കൈകാര്യം ചെയ്തിരുന്ന വകുപ്പ് ഏത്?

   അ) വിദ്യാഭ്യാസം ആ) ധനകാര്യം

   ഇ) സാംസ്കാരികം ഈ) വിനോദം

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക

1. ഡൽഹിയിലെ സെക്രട്ടേറിയറ്റ് കെട്ടിടങ്ങൾ രൂപകൽപന ചെയ്തത് ആര്?
2. കൗൺസിൽ ഹൗസിനെക്കുറിച്ച് ഇർവിൻ പ്രഭു പറഞ്ഞതെന്ത്?
3. സെക്രട്ടേറിയറ്റിന്റെ ചുവരുകളിൽ ആലേഖനംചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു ഉദ്ധരണി എഴുതുക?

III. ഉത്തരം ചുരുക്കിയെഴുതുക

1. കൗൺസിൽ ഹൗസിനെക്കുറിച്ച് കുറിപ്പെഴുതുക?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. ഡൽഹിയിലെ പാർലമെന്റ് സമുച്ചയത്തെക്കുറിച്ച് വിവരിക്കുക?

9th Malayalam_Combine.indb 114 25-03-2019 12:04:32

ഉപപാഠം

ആതിഥേയൻ (കഥ)

അക്ബർ കക്കട്ടിൽ



അക്ബർ കക്കട്ടിൽ [1956-2016] കോഴിക്കോട് ജില്ലയിലെ കക്കട്ടിൽ ജനിച്ചു. നവീന കഥാസരണിയിൽ ജീവിത വിഹ്വലതകളുടെ സർഗ്ഗാവിഷ്കാരങ്ങളുമായി എത്തിയ എഴുത്തുകാരനാണ് അക്ബർ കക്കട്ടിൽ. തനിക്ക് പരിചിതമായ നാടൻ മനുഷ്യരാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ.

പരുക്കരെങ്കിലും അവരുടെ സൗന്ദര്യവിശുദ്ധമായ ജീവിതം അതേ ശൈലിയിൽ ആവിഷ്കരിക്കാൻ സമർത്ഥനാണ് കക്കട്ടിൽ. വായനക്കാരുടെ മനസ്സിൽ അനുഭൂതിയുടെ ചിറ്റോളങ്ങൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ കഥകൾക്ക് കഴിവുണ്ട്. ഒരു പ്രത്യേക ദിശാബോധം അക്ബറിന്റെ കഥകളിൽ ദർശിക്കാം. അദ്ധ്യാപകനായ അദ്ദേഹം രസകരവും അനുഭവതീക്ഷ്ണവുമായ അദ്ധ്യാപകകഥകളും രചിച്ചിട്ടുണ്ട്. മൃത്യുയോഗം (നോവൽ), ഈ വഴിവന്നവർ, മേധാശ്വം, അദ്ധ്യാപക കഥകൾ (കഥകൾ), പ്രാർത്ഥനയും പെരുന്നാളും, സ്കൂൾ ഡയറി(ഉപന്യാസങ്ങൾ) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികൾ.

കൃഷ്ണൻകുട്ടി മാഷ് അന്ന് പതിവിലും ഉന്മേഷവാനായിരുന്നു. അയാൾ പ്രത്യേകിച്ചൊന്നും പറയാതെതന്നെ എനിക്കു കാര്യം മനസ്സിലായി, രാമചന്ദ്രനും കുടുംബവും ഇന്നലെ അതിഥികളായി അയാളുടെ വീട്ടിലെത്തിയിട്ടുണ്ട്.

കൃഷണൻകുട്ടി മാഷ് നാവെടുത്താൽ പത്തുവട്ടം പറയുന്ന പേരാണ് 'രാമചന്ദ്രൻ'. 'ഒരേ കളിത്തൊട്ടിലൊരേ കളിപ്പാട്ട'മെന്ന മട്ടിൽ വളർന്നവരാണവർ. ഒരേ കാലത്ത് ഒരേ സ്കൂളിലും ഒരേ കോളേജിലും പഠിച്ചു. ഒരേ ഹോസ്റ്റലിൽ ഒറ്റ മുറിയിൽ താമസിച്ചു. പക്ഷേ, ഡിഗ്രി കഴിഞ്ഞപ്പോൾ രണ്ടുപേരും രണ്ടു വഴിക്കായി. രാമചന്ദ്രൻ എൻജിനീയറിങ്ങിനുപോയി. കൃഷ്ണൻകുട്ടി ബി.എഡ്ഡിനും രണ്ടുപേരും രണ്ടു വഴിക്കായെങ്കിലും അടുപ്പത്തിനു ഒരു പോറലുമുണ്ടായില്ല. രാമചന്ദ്രൻ വിവാഹിതനാകുമ്പോഴും ഒരു കുട്ടിയുടെ പിതാവാകുമ്പോഴുമൊക്കെ കൃഷ്ണൻകുട്ടിയുടെ മുഖഭാവം കണ്ടാൽ വിവാഹിതനാകുന്നതും പിതാവാകുന്നതുമെല്ലാം അയാളാണെന്നു തോന്നുമായിരുന്നു.പിതാവായപ്പോഴുമൊക്കെ രാമചന്ദ്രനും അതേ മുഖഭാവമായിരിക്കണം. രാമചന്ദ്രന്റെ കത്തു വരുന്ന ദിവസം കൃഷ്ണൻകുട്ടിക്ക് ഉത്സവമാണ്.

കഴിഞ്ഞയാഴ്ചയാണ് ഒരു ഇൻലന്റ് കൈയിൽവച്ച് കൃഷ്ണൻകുട്ടി ആ വിവരം സ്റ്റാഫ്റൂമിൽവച്ച് എന്നോടു പ്രസ്താവിച്ചത്.

"എടോ രാമചന്ദ്രന്റെ വൈഫ് ഡെലിവെറിക്കു വരുന്നു.ഒരു സേഫ്റ്റിക്കു വേണ്ടി കുറച്ചുനേരത്തേ ഇങ്ങോട്ടു പോരാ."

24-നേ ഹോസ്പിറ്റലിൽ റൂം ശരിയാവൂ. അതുവരേ ഇവിടെങ്ങാൻ താമസിക്കാൻ അറേഞ്ച് ചെയ്യണമെന്ന്. തല്ലിപ്പൊളി.....

പ്രസ്താവനയുടെ അവസാനത്തെ സൂചന എനിക്കു പിടി കിട്ടിയില്ല.

9th Malayalam_Combine.indb 115 25-03-2019 12:04:32

എടോ ഞാൻ സകുടുംബം ഇവിടെ താമസിക്കുമ്പോൾ അവൻ ലോഡ്ജിൽ മുറിയെടുക്കണോ? വേറെ വീട് വാടകയ്ക്കെടുക്കണോ? അവന്റെയൊരു വിനയം. തല്ലിപ്പൊളി.....

കൃഷ്ണൻകുട്ടിയുടെ പരമാവധി ചീത്ത തല്ലിപ്പൊളി എന്നാണ്.അതിലപ്പുറം അയാൾ ആരുടെ നേരെയും ഒരു അധിക്ഷേപപദമുപയോഗിക്കുന്നത് കേട്ടിട്ടില്ല. സ്നേഹം കൂടുമ്പോഴും ഇത് തന്നെയാണ് പ്രയോഗിക്കുക.

കൃഷ്ണൻകുട്ടി താമസിക്കുന്ന വീട്ടിൽ സൗകര്യമുള്ളപ്പോൾ രാമചന്ദ്രൻ അങ്ങനെ ചിന്തിച്ചത് ഒന്നുകിൽ സൗകര്യങ്ങളെക്കുറിച്ചറിയാഞ്ഞായിരിക്കും. അല്ലെങ്കിൽ കുടുംബസമേതമാകുമ്പോഴുള്ള ബുദ്ധിമുട്ടാലോചിച്ചായിരിക്കും എന്ന് പറഞ്ഞ് ഞാനൊന്ന് അയാളെ സമാധാനിപ്പിക്കാൻ നോക്കി. ആളുണ്ടോ വിടുന്നു?

'നല്ല കഥയായി. അങ്ങനെയോ മറ്റോ സംഭവിച്ചാൽപ്പിന്നെന്തു ബന്ധമാണെടോ ഞങ്ങൾ തമ്മിൽ?. നീയെന്താ ഇപ്പറയുന്നത്? പ്രസീതയെ നോക്കുന്ന ഡോക്ടർ ഇങ്ങോട്ടു സ്ഥലം മാറിയതുകൊണ്ടല്ലേ അവരിങ്ങോട്ടു വരുന്നേ.....അല്ലേല് പൊടി കാണായിരുന്നോ....ഇവിടെ വന്നാൽ പിന്നെ എന്റെ അതിഥിയായി എന്റെ ചെലവിൽ ഉള്ള സൗകര്യങ്ങളിൽ അടങ്ങിയൊതുങ്ങി കഴിഞ്ഞോളണം. ഒരു മൊട്ടുസൂചിവരെ വാങ്ങാനവനധികാരമില്ല. ഞങ്ങടെ ബന്ധത്തെപ്പറ്റി നീയെന്താ മനസ്സിലാക്ക്യേ?'

അയാൾ ആവേശഭരിതനായി.

കൃഷ്ണൻകുട്ടിയുടേത് വളരെ അടുക്കും ചിട്ടയുമുള്ള ഒരു ജീവിതമാണ്. ഭാര്യയും അദ്ധ്യാപികതന്നെ. കുറച്ചപ്പുറത്തുള്ള യു.പി സ്കൂളിൽ. ഇവിടെ രണ്ടുപേരും ഒരു വാടക വീട്ടിലാണ് താമസം. കൂടെ മോനും. ശമ്പളംമാത്രം വരുമാനം.

ശമ്പളം മാത്രമാശ്രയിക്കുന്ന മാഷ്ക്ക് സ്വപ്നം കാണാവുന്നതിനപ്പുറമാണ് കൃഷ്ണൻകുട്ടിയുടെ വാടകവീട്ടിലെ സൗകര്യങ്ങൾ. എല്ലാം ആ ദമ്പതികൾ തന്നെ നേടിയതാണ്. 'ടൈംടേബിൾ' ജീവിതവും 'ബഡ്ജറ്റി'ലൊതുങ്ങുന്ന വരവുചെലവുകളുമല്ലേ? അതുകൊണ്ടുതന്നെയാണ് ഫ്രിഡ്ജും ഗ്രൈന്ററും വാഷിംഗ്മെഷീനും ബ്ലാക്ക് ആൻഡ് വൈറ്റ് ടിവിയുമെല്ലാം അവരുടെ വാടക വീടിനെ അലങ്കരിക്കുന്നത്. ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിലാണ് ഇവ പലതും അവർ സ്വന്തമാക്കിയത്. ഒരു സ്കൂട്ടറുമുണ്ട് കൃഷ്ണൻകുട്ടിക്ക്. രാവിലെ അതിൽ ഭാര്യയെയും മോനെയും അവരുടെ സ്കൂളിൽ കൊണ്ടുവിടും. പിന്നെ നേരെ ഇങ്ങോട്ടേക്ക്. വൈകുന്നേരം ഭാര്യയെയും മോനെയുംകൂട്ടി തിരിച്ചു വീട്ടിലെത്തും. അതിലുപരി ആ സ്കൂട്ടർ ആരും ഒരിക്കലും റോഡിൽ കണ്ടിട്ടില്ല. സ്കൂൾ വിട്ട് വീട്ടിലെത്തിയാൽ പുറത്തിറങ്ങുന്ന ശീലവുമില്ല.

കൃഷ്ണൻകുട്ടി രാമചന്ദ്രനെയും കുടുംബത്തെയും സ്വീകരിക്കാൻ ഈ ചട്ടക്കൂട്ടിനുള്ളിൽനിന്നുകൊണ്ട് എന്തെല്ലാം ചെയ്യ്തിട്ടുണ്ടാവോ?

''ഞങ്ങൾ കണ്ടിട്ട് കുറച്ചായല്ലോ. പുള്ളി തടിച്ചുകൊഴുത്തിട്ടുണ്ട് കേട്ടോ?''. കൃഷ്ണൻകുട്ടി തുടങ്ങി. തല്ലിപ്പൊളി നല്ലോണം കൈക്കൂലി വാങ്ങു

9th Malayalam_Combine.indb 116 25-03-2019 12:04:32

ന്നുണ്ടെന്നാ കരുതേണ്ടത്. ഞാൻ ചോദിച്ചൊന്നൂല്ല്യാ. നാട്ടിലെ ഏർപ്പാടുകളെക്കുറിച്ചൊക്കെ കേട്ടപ്പോ എനിക്കങ്ങനൃാ തോന്നണേ...അയാൾ വാചാലനാവുകയാണ്. അലസനായി നടന്നോനാ... "ഇപ്പഴെന്താ പരിഷ്കാരം. സൂട്കേയ്സ് തുറന്നപ്പോ ഞാനമ്പരന്നു പോയി. കുർത്തയും പൈജാമയും ആസിഡ് വാഷ് ജീൻസും ബാഗിഷേട്ടും..... ഹൊ, പ്രസീദയുടെയും രമ്യമോളുടെയും കാര്യം പിന്നെപ്പറയണ്ട."

വിശേഷങ്ങൾ കേൾക്കാൻ ചില സഹപ്രവർത്തകരും വട്ടംകൂടിയിരുന്നു.

അടുത്ത ദിവസം കൃഷ്ണൻകുട്ടി പറഞ്ഞു.

രമ്യമോള് ചോദിക്കാ .... 'ഈ അങ്കിളിന് ഒരു കളർ ടി.വി വാങ്ങിച്ചൂടേന്ന്....ബ്ലാക്ക് ആൻഡ് വൈറ്റിൽ കാണാൻ ഒരു സുഖോല്ലാത്രെ.'

കൃഷ്ണൻകുട്ടിയുടെ വാക്കുകളിലൊന്നും പരിഭവമോ പരാതിയോ ഇല്ലായിരുന്നു. അഭിമാനം, എന്തോ ഒരു സംതൃപ്തി.....

അയാൾ പത്രമെടുത്തു വായിക്കാൻ തുടങ്ങിയതു കണ്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. തലേന്നും ഒന്നോടിച്ചു നോക്കുന്നതു ശ്രദ്ധയിൽപ്പെട്ടിരുന്നു. രാവിലെ പത്രത്തിന്റെ പേരു തൊട്ട് പ്രിന്ററുടെയും പബ്ലിഷറുടെയും പേരുവരെ വായിച്ചുവരുന്ന ആൾക്കെന്തുപറ്റി ? എന്നും സ്റ്റാഫ് റൂമിൽ കേറിയപാടെ അന്നയാളെ ആകർഷിച്ച ഒരു വാർത്തയുടെ തണലിലാണ് സംഭാഷണമാരംഭിക്കുക. പത്രം വായിച്ചുവരാത്ത ഒരു കൃഷ്ണൻകുട്ടിയെ ഞങ്ങൾക്കു സങ്കൽപിക്കാനാവില്ല.

ബെല്ലടിച്ചു.

എനിക്ക് ഫസ്റ്റ് പീരൃഡ് ക്ലാസ്സില്ല. കൃഷ്ണൻകുട്ടിക്ക് ക്ലാസ്സുള്ളതാണ്. ക്ലാസ്സ് ചാർജുമുണ്ട്.

പുള്ളി പത്രപാരായണത്തിൽതന്നെയാണ്. സമയം ഇഴഞ്ഞു നീങ്ങുന്നു. 'അല്ലാ കേക്കേ, ക്ലാസ്സിൽ പോണില്ലേ'.?

ദിവാകരൻമാഷ് വിളിച്ചു. 'ശരിയാണല്ലോ' എന്നോർമ്മിച്ചുകൊണ്ട് കൃഷ്ണൻകുട്ടി എണീറ്റു.

പത്രം മുഴുവൻ വായിച്ചില്ലെങ്കിൽ ഒന്നും ശരിയാവില്ല. അയാൾ ചിരിച്ചു.

'ങും എന്തുപറ്റി ?

കൃഷ്ണൻകുട്ടി അതിനും ഒന്നു ചിരിക്കുക മാത്രം ചെയ്തു. പിന്നെ അറ്റന്റൻസ് രജിസ്റ്ററുമെടുത്ത് ക്ലാസ്സിലേക്കു പോയി.

പത്രം സമയത്തെത്താഞ്ഞതോ രാമചന്ദ്രനുമായി സംസാരിച്ചിരുന്ന നേരം പോയതോ ആവും വായന സ്കൂളിലാകാൻ കാരണമെന്ന് ഞാൻ ഊഹിച്ചു.

9th Malayalam_Combine.indb 117 25-03-2019 12:04:32

തൊട്ടടുത്ത നാളുകളിലും ഇതാവർത്തിച്ചു. പോരാത്തതിനു കൃത്യസമയത്തിനു മുമ്പെത്തിയിരുന്ന അയാൾ വൈകി വരാനും തുടങ്ങി. 'എന്താ കേക്കേ ചിട്ടകളൊക്കെ തെറ്റുന്നല്ലോ'.ഞാൻ കളിയാക്കി.

'ഒന്നു പറേണ്ടിഷ്ടാ. രാവിലെ പത്രവുമായി രാമചന്ദ്രൻ ബാത്ത്റൂമിൽ കയറും. പിന്നെ ഒരു മണിക്കൂറാ. പണ്ടവനിങ്ങനെയൊന്നുമായിരുന്നില്ല. അതു പോട്ടേന്നു വെയ്ക്കാം. അവനിറങ്ങിക്കഴിഞ്ഞാലുടനെ പ്രസീദയുടെ ഊഴമാണ്. പത്രം കൈയ്യിൽ തന്നെ. ബാത്റൂം ഒന്നല്ലേയുള്ളൂ.? ഓരോ ശീലങ്ങള്. ഒന്നിച്ചിരുന്നു ബ്രേക്ക്ഫാസ്റ്റ് കഴിഞ്ഞിറങ്ങുമ്പോഴേക്കും.....'

സന്ധ്യയ്ക്ക് ടൗണിലൂടെ കൃഷ്ണൻകുട്ടി തനിയെ സ്കൂട്ടറോടിച്ചു പോകുന്നത് ഞാൻ കാണാനിടയായി. അവൻ എന്നെ കണ്ടിരുന്നില്ല. അപൂർവ്വമായ ഈ കാഴ്ച എന്നിൽ കൗതുകം ഉണർത്തി.

പിറ്റേന്നു മൂന്നാമത്തെ പീരിയഡ് ഞങ്ങൾ രണ്ടുപേർക്കും ഫ്രീയാണ്.സംസാരിച്ചുകൊണ്ടിരിക്കെ ഞാൻ ആ വിഷയമെടുത്തിട്ടു. കെ കെ പറഞ്ഞു.

'കുട്ട്യോളു ഓരോന്നാവശ്യപ്പെട്ടാല് നമുക്കത് വാങ്ങിക്കൊടുക്കാതിരിക്കാൻ പറ്റ്വോ? രമ്യമോള് വാശി പിടിച്ചപ്പോ ഞാൻ വണ്ടിയെടുത്തിറങ്ങിയതാ. ഫ്രൂട്ടിക്കും ചോക്കളേറ്റിനുമൊക്കെ എന്താ വില? കുട്ട്യോക്ക് ഇത് വല്ലതുമറിയാമോ? ഞാൻ ഇത് വരെ എന്റെ മോന് ഇതൊന്നും വാങ്ങിക്കൊടുത്തിട്ടില്ല'.

വിശദീകരിക്കാതെതന്നെ കൃഷ്ണൻകുട്ടിയുടെ മനസ്സ് എനിക്കു വായിക്കാനായി. ഞാനൊന്നും മിണ്ടിയില്ല.

സ്കൂട്ടറില്ലാതെയാണ് കൃഷ്ണൻകുട്ടി അന്ന് സ്കൂളിൽ വന്നത്. എന്തു പറ്റി? ആവോ? വണ്ടിക്കു വല്ല തകരാറും?.

ലഞ്ച് കാര്യർ തട്ടിൻപുറത്തുവച്ച് അയാൾ പറഞ്ഞു.

രാമചന്ദ്രനു ഇന്നു ആരെയൊക്കെയോ കാണാനുണ്ടെന്നു പറഞ്ഞു. അവൻ കൊണ്ടുപോയിരിക്ക്യാ.

ഓരോ ദിവസം കഴിയുന്തോറും എന്തോ ഒരു വല്ലായ്മ കൃഷ്ണൻകുട്ടിയിൽ പടരുന്നതു ഞാൻ കാണുകയായിരുന്നു. എവിടെയൊക്കെയോ എന്തൊക്കെയോ താളക്കേട്. അങ്ങനെയൊന്നുമില്ലെന്ന സ്വയം വിശ്വസിപ്പിക്കാനുള്ള ശ്രമം. അതിൽ വിജയിക്കുന്നുമില്ല. സംസാരങ്ങൾക്കിടയിൽ പലതും വെളിവായിപ്പോവുകയും ചെയ്യുന്നു.

അധികം വൈകാതെ ആ അസ്വാസ്ഥ്യം കൂടുതൽ പ്രകടമായി.

ആ നേരത്ത് കൃഷ്ണൻകുട്ടിയുടെ മുഖം വളരെ മ്ലാനമായിരുന്നു. ഒരു എത്തും പിടിയും കിട്ടിയില്ല എനിക്ക്. അതിഥികൾ കാരണം പുതിയ വല്ല പ്രശ്നങ്ങളും.?

അയാൾ എന്നോട് സ്വകാര്യം ചോദിച്ചു.

എ.കെ. യുടെ കൈയ്യിൽ അഞ്ഞൂറു രൂപ എടുക്കാനുണ്ടാവ്വോ? പേ കിട്ടിയിട്ടങ്ങെടുക്കാം.

9th Malayalam_Combine.indb 118 25-03-2019 12:04:32

കൃഷ്ണൻകുട്ടി കടം ചോദിക്കുന്നത് ആദ്യമായിട്ടാണ്. ആദ്യമായി പണം കടം വാങ്ങുന്നവന്റെ എല്ലാ ഭാവചലനങ്ങളും അയാളിലുണ്ടായിരുന്നു.

ഞാൻ പറഞ്ഞു. കൈയിലില്ല. നമുക്ക് സംഘടിപ്പിക്കാം.

സെബാസ്റ്റ്യന്റെ കൈയിൽ സ്റ്റോറിലേ കാശോ തോമസ്കുട്ടിയുടെ കൈയിൽ കുട്ടികളുടെ എക്സ്കർഷന്റെ കാശോ കാണുമെന്ന് എനിക്കു പ്രതീക്ഷയുണ്ടാ യിരുന്നു. തൽക്കാലം അഡ്ജസ്റ്റ് ചെയ്യാൻ കഴിഞ്ഞേക്കും.

സെബാസ്റ്റ്യൻ അഞ്ഞൂറ് രൂപ തന്നു.

'സ്കൂട്ടർ ഇന്നലെ അവൻ എവിടെയോ കൊണ്ടുപോയിടിപ്പിച്ചു. മഡ്ഗാർഡാകെ പോയി. വർക്ക്ഷോപ്പിലാ. കാശു വാങ്ങുന്നതിനിടയിൽ അയാൾ പറഞ്ഞു. ങാ ഞാനിനി അധികം നിൽക്കുന്നില്ല. ബസ് തെറ്റും. ഇന്ന് രാത്രി ഭക്ഷണം ഹോ ട്ടലിൽ നിന്നാവാമെന്നാ അവൻ പറയുന്നത്. അതു കഴിഞ്ഞ് ഒരു സിനിമയും. ഓരോ ശീലങ്ങള്. എന്റെ അതിഥികളായി കഴിയുന്നിടത്തോളം അവനെക്കൊണ്ട് ചെലവു ചെയ്യിക്കുന്നതു ശരിയല്ലല്ലോ.

അയാൾ കാശ് പോക്കറ്റിലിട്ടു.

ഹോട്ടൽ ഭക്ഷണം സിനിമ- എനിക്കു ചിരിയും വരുന്നുണ്ടായിരുന്നു. ഹോട്ടൽ ഭക്ഷണം എന്നു കേട്ടാൽ ക്ഷീയിളകുന്ന പാർട്ടിയാണ് കൃഷ്ണൻകുട്ടി. മാത്രമല്ല, അയാളുടെ ഇയർ പ്ലാനിൽ മൂന്നോ നാലോ സിനിമകളേയുള്ളൂ. രാമചന്ദ്രൻ വന്നശേഷം ഇത് ആറാമത്തെ സിനിമയാണ്. നല്ല തമാശതന്നെ. കൃഷ്ണൻകുട്ടി യാകെ തകിടംമറിയുന്നത് ഞാനറിഞ്ഞു. ഒരു വല്ലാത്ത തകിടംമറിച്ചിൽ.

ഇന്നു രാവിലെ അയാൾ എത്തിയത് ഒരു പുതിയ വിശേഷവുമായാണ്.

'എടോ എന്റെ ഭാര്യയുടെ അമ്മയ്ക്ക് വീണ്ടും ആസ്ത്മ ഇളകിയിരിക്കുന്നു. വൈകിട്ടു ഞാനും ഭാര്യയും മോനെയും കൂട്ടി അങ്ങോട്ട് പൂവ്വാ. ഒരാഴ്ച ലീവെ ടുക്കുവ്വാ.'

കൃഷ്ണൻകുട്ടി അറിയിച്ചു. ഒരു ജാള്യമുണ്ട് ആ സംസാരത്തിൽ. അയാ ളുടെ അമ്മായിയമ്മയ്ക്ക് ഇടയ്ക്കിടെ സൂക്കേട് വരാറുള്ളതാണ്. അന്നൊന്നും അയാൾ പോയിട്ടില്ല.

അപ്പോഴാണ് പത്താം ക്ലാസ്സിലെ പയ്യൻ വന്നു കയറിയത്.

'സർ പത്തു ബീല് ഇപ്പ മലയാളാ.'

കൃഷ്ണൻകുട്ടി ക്ഷുഭിതനായി:

അതു നീ വന്നു പറയണോ,? എനിക്കറിഞ്ഞൂടെ?. പോടാ. ഒരു ഇൻഫർമേഷൻ ഓഫീസർ വന്നിരിക്കുന്നു.

കുട്ടി ആദ്യം ഒന്നന്തംവിട്ടു. പിന്നെ കൃഷ്ണൻകുട്ടിയുടെ മുഖത്തേക്ക് നോക്കി. രംഗം പന്തിയല്ലെന്ന് കണ്ട് ക്ലാസ്സിലേക്കു നടന്നു. കുട്ടികളുടെ നേർക്ക് ഒന്ന് നെറ്റി ചുളിച്ചുപോലും നോക്കാത്ത മാഷാണ് കൃഷ്ണൻകുട്ടി.

9th Malayalam_Combine.indb 119 25-03-2019 12:04:32

കൃഷ്ണൻകുട്ടി വീണ്ടും എന്റെ നേരെ തിരിഞ്ഞു.

“നിനക്കു വിഷമം തോന്നരുത്. ഒരു ഫൈവ് ഹണ്ട്രഡ് മണീസ് കൂടി ഒന്ന് ശരിപ്പെടുത്തണം”.

ഇനി എക്സ്കർഷൻ ഫണ്ടുതന്നെ ശരണം. തോമസ് കുട്ടിയെ കണ്ടപ്പോൾ രക്ഷയില്ല. തൊട്ടുമുൻപ് മാധവൻമാഷ് വാങ്ങിപ്പോയിരിക്കുന്നു.

സ്കൂളിൽ ജോയിൻ ചെയ്തതിനുശേഷം ആദ്യമായി തെല്ലു ജാള്യത യോടെ ഞാൻ ഹെഡ്മാഷോട് അഞ്ഞൂറുരൂപ കടംവാങ്ങി. കൃഷ്ണൻകുട്ടിയുടെ കാര്യം നടക്കട്ടെ.

“അപ്പൊ നിന്റെ അതിഥികളെ എന്ത് ചെയ്യുന്നു”. കാശ് കൊടുക്കുമ്പോൾ ഞാൻ ചോദിച്ചു.

“അവര് അടുത്താഴ്ച ഹോസ്പിറ്റലിലേക്ക് മാറ്വല്ലേ...അതുവരെ എന്റെ വീട്ടിൽ തന്നെ താമസിക്കട്ടെ. കീ അവരെ ഏല്പ്പിക്കാണ് എന്റെ വീടിവിടെ ഉള്ളപ്പോൾ അവര് പുറത്തു താമസിക്കുന്നത് ശരിയാണോ?

കൃഷ്ണൻകുട്ടി അത് പറയുമ്പോൾ ആ മുഖത്താകെ ഒരു ചമ്മലായിരുന്നു.



9th Malayalam_Combine.indb 120 25-03-2019 12:04:33

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞടുത്തെഴുതുക

1. കൃഷ്ണൻകുട്ടി മാഷിന്റെ കൂട്ടുകാരന്റെ പേരെന്ത്?

   അ) രവിചന്ദ്രൻ ആ) കൃഷ്ണചന്ദ്രൻ

   ഇ) ഹേമചന്ദ്രൻ ഈ) രാമചന്ദ്രൻ

2. സ്കൂൾ ഡയറി ആരുടെ കൃതിയാണ്?

   അ) കാരൂർ ആ) ഉറൂബ്

   ഇ) അക്ബർ കക്കട്ടിൽ ഈ) ബി. എം. സുഹറ

3. അദ്ധ്യാപകകഥകളെഴുതിയ അദ്ധ്യാപകനാണ്?

   അ) ഇബ്രാഹീം വേങ്ങര ആ) അക്ബർ കക്കട്ടിൽ

   ഇ) അശോകൻ ചരുവിൽ ഈ) സേതു

4. "നല്ല കഥയായി, അങ്ങനെയോ മറ്റോ സംഭവിച്ചാൽ പിന്നെന്തു ബന്ധമാണെടോ ഞങ്ങൾ തമ്മിൽ? നീയെന്താ ഇപ്പറയുന്നത്?" ആരാണിങ്ങനെ പറഞ്ഞത്?

   അ) കൃഷ്ണൻകുട്ടി ആ) രാമചന്ദ്രൻ

   ഇ) പ്രസീത ഈ) കഥാകൃത്ത്

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

സൗഹൃദനിലാവിനാൽ ശോഭിതമാണ് 'ആതിഥേയൻ' എന്ന കഥ സമർത്ഥിക്കുക?

9th Malayalam_Combine.indb 121 25-03-2019 12:04:33

ഭാഗം 9

മാനവജീവിതത്തിന്റെ സവിശേഷതകളിലൂടെ





പഠനലക്ഷ്യങ്ങൾ

- മനുഷ്യരിലും പ്രകൃതിയിലും ഋതുഭേദങ്ങൾ ഉണ്ടാക്കുന്ന വൃദ്ധിക്ഷയഭാവങ്ങൾ പരിചയപ്പെടൽ
- വ്യക്തിത്വ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- സിനിമയുടെ സാഹിത്യ പരികല്പനകൾ മനസ്സിലാക്കൽ.

പാഠഭാഗങ്ങൾ

കവിത	:	പ്രായം	- പി.ഭാസകരൻ
ഗദ്യം	:	നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു	- കെ.പി. കേശവമേനോൻ
ഉപപാഠം	:	ഒരുചെറുപുഞ്ചിരി (തിരക്കഥ)	- എം.ടി. വാസുദേവൻ നായർ

9th Malayalam_Combine.indb 122 25-03-2019 12:04:34

കവിത: പ്രായം

- പി. ഭാസ്കരൻ



പി. ഭാസ്ക്കരൻ [1924-2007] കൊടുങ്ങല്ലൂരിൽ ജനിച്ചു. കവി,ഗാനരചയിതാവ്, ചലച്ചിത്ര സംവിധായകൻ, ദേശാഭിമാനി, ജയകേരളം എന്നിവയിൽ പത്രാധിപർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. മുഖത്തോട് മുഖം, ഓർക്കുക വല്ലപ്പോഴും, വയലാർ ഗർജ്ജിക്കുന്നു, ഒറ്റക്കമ്പിയുള്ള തംബുരു, പി.ഭാസ്ക്കരന്റെ തെരഞ്ഞെടുത്ത കവിതകൾ എന്നിവയാണ് പ്രധാന കൃതികൾ. 295-ഓളം സിനിമകൾക്ക് ഗാനരചന നിർവ്വഹിച്ചു. ഓടക്കുഴൽ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, രാഷ്ട്രപതിയുടെ വെള്ളിമെഡൽ, ജെ.സി. ഡാനിയൽ പുരസ്കാരം എന്നീ ബഹുമതികൾ നേടിയിട്ടുണ്ട്.

പി. ഭാസ്കരന്റെ കവിതകൾ എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് പ്രായം എന്ന കവിത.

മനുഷ്യജീവിതത്തിലെന്നപോലെ വിശ്വവിശാലമായ പ്രപഞ്ചത്തിനുമുണ്ട് ശൈശവവും യൗവ്വനവും വാർധക്യവും. പ്രകൃതിയുടെ നിയതമായ ഈ ധർമ്മചക്രം പ്രത്യാവർത്തിച്ചു കൊണ്ടേയിരിക്കുന്നു.

ഇലകൾ പഴുക്കുന്നു,പലതും പതിക്കുന്നു
തലയിലെ, യുണക്കില കൂടുകളിലോർമയുടെ
കിളി,അറിയാതൊരു ചെറുമുട്ടയിട്ടു
ഇരുളിലേക്കെങ്ങോ പറന്നകലുന്നു,
ഒരു മോഹമോ, മുക്തിദാഹമോ, സ്വപ്നമോ,
വെറുതെ പൂത്തും വിരിഞ്ഞും കൊഴിഞ്ഞും
മറവിയിൽ വിലയിച്ച മലർകളിൽനിന്നൊരു
സ്മരണയോ നരജന്മവാസനയായിട്ടു
ചിറകനക്കിക്കൊണ്ടു മുട്ടതൻ ജഠരത്തിൽ
വെറുതേ വെറുതേ ത്രസിപ്പൂ!

അതു പൂമരത്തിൻ തലച്ചോറിൽനിന്നൊരു
ശലഭമായ് വീണ്ടുമുയരുന്നൂ.

9th Malayalam_Combine.indb 123 25-03-2019 12:04:34

കൊമ്പുകളുമിലകളും കാറ്റുമീ വൃദ്ധന്റെ
വൻപുകൾ വിളംബരം ചെയ്യും
മംഗളപത്രം, പരുക്കൻ സ്വരങ്ങളിൽ
തുംഗപദമാർന്നു വായിക്കേ,
മകരത്തിൻ മഞ്ഞിൽ കണ്ണു നനഞ്ഞും
മേടത്തിൻ ചൂടിൽ പനിച്ചും വിയർത്തും
ഇടവക്കാറ്റിൽ ശുഷ്ക്കിച്ച കൈകളാൽ
ഇരുളിൽ നിഗൂഢമായ് നെഞ്ചിലിടിച്ചും
വീഴാൻ പോകുന്ന വൃദ്ധൻ വൃക്ഷം
പാഴായ് ശ്രമിപ്പൂ പിടിച്ചുനിൽക്കാൻ!
എല്ലും കോലുമാം ശാഖകൾ വ്യർത്ഥമായ്
അള്ളിപ്പിടിക്കുന്നിതാകാശത്തിൽ.
വേരുകൾ-വേരുകൾ-സർവംസഹ,തന്റെ
ചോരയും നീരും മരത്തിനു നൽകിയ
പൊക്കിൾക്കൊടികൾ-വെറുതേ വെറുതേ
വൃദ്ധാംഗുലികളായ് നീളുന്നു വീണ്ടും
മർത്ത്യജന്മത്തിൽ പിടിച്ചു നിൽക്കാൻ



9th Malayalam_Combine.indb 124 25-03-2019 12:04:34

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഒറ്റക്കമ്പിയുള്ള തംബുരു ആരുടെ കൃതിയാണ്?

   അ) വയലാർ ആ) ഒ.എൻ.വി ഇ) പി. ഭാസ്കരൻ ഈ) ഇടശ്ശേരി

2. പ്രായം എന്ന കവിത ഏത് കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ്?

   അ) വയലാർ ഗർജ്ജിക്കുന്നു ആ) ഓർക്കുക വല്ലപ്പോഴും

   ഇ) മുഖത്തോട് മുഖം ഈ) പി. ഭാസ്കരന്റെ കവിതകൾ

3. ഇരുളിലേക്കെങ്ങോ പറന്നകലുന്നതെന്താണ്?

   അ) കിളി ആ) തത്ത ഇ) മയിൽ ഈ) മൈന

4. ചോരയും നീരും മരത്തിനു നൽകിയ സർവംസഹ എന്നു കവി ആരെയാണ് പറയുന്നത്?

   അ) ശാഖകളെ ആ) വേരുകളെ ഇ) ഭൂമിയെ ഈ) ആകാശത്തെ

II. ഉത്തരമെഴുതുക

1. എല്ലും കോലുമാം ശാഖകൾ മാത്രമായ്

   അള്ളിപ്പിടിക്കുന്നിതാകാശത്തിൽ.

   അ) ആരെഴുതിയതാണീ വരികൾ?

   ആ) ഏത് കവിതയിലെ വരികളാണിവ?

2. ചിറകനക്കിക്കൊണ്ടു മുട്ടതൻ ജഠരത്തിൽ

   വെറുതേ വെറുതേ ത്രസിപ്പൂ!

   അ) ഏത് കവിതയിലെ വരികളാണിവ?

   ആ) ഇതെഴുതിയ കവി ആരാണ്?

III. ഉത്തരം ചുരുക്കിയെഴുതുക

1. പിടിച്ചു നിൽക്കാൻ ശ്രമിക്കുന്ന വൃക്ഷത്തെ കവി അവതരിപ്പിക്കുന്നതെങ്ങനെ?

2. പൊക്കിൾക്കൊടികൾ എന്നു കവി വിശേഷിപ്പിക്കുന്നത് ഏതിനെ? എന്തുകൊണ്ട്?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. ശൈശവ -യൗവന- വാർധക്യാവസ്ഥകൾ മനുഷ്യനെപോലെ പ്രപഞ്ചത്തിനു മുണ്ട്. പ്രായം എന്ന കവിതയിൽ ഈ ആശയം എത്രത്തോളമുണ്ട്?

V. മന:പ്പാഠമാക്കേണ്ട വരികൾ

ഇലകൾ പഴുക്കുന്നു,.....വീണ്ടുമുയരുന്നൂ (12 വരികൾ)

9th Malayalam_Combine.indb 125 25-03-2019 12:04:34

ഗദ്യം

നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു

– കെ.പി. കേശവമേനോൻ



കെ.പി. കേശവമേനോൻ [1886–1987] പാലക്കാട്ടെ തരൂരിൽ ജനിച്ചു. സ്വാതന്ത്ര്യ സമരസേനാനി. സത്യാഗ്രഹത്തിന്റെയും നിസ്സഹകരണപ്രസ്ഥാനത്തിന്റെയും കേരളത്തിലെ വക്താവ്. അക്ഷരങ്ങളെ സ്നേഹിക്കുകയും അവയെ സമരത്തിന്റെ പടവാളാക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്ത വ്യക്തി. ബിലാത്തി വിശേഷം(യാത്രാവിവരണം) കഴിഞ്ഞകാലം (ആത്മകഥ) എന്നിവ പ്രധാന കൃതികളാണ്. നാം മുന്നോട്ട്, ഭൂതവും ഭാവിയും, നവഭാരത ശില്പികൾ, ജീവിത ചിന്തകൾ, രാഷ്ട്രപിതാവ് ഇവ മറ്റു കൃതികൾ. പദ്മവിഭൂഷൺ (വിവിധ രംഗത്തെ സംഭാവനകൾ) കേരള സാഹിത്യഅക്കാദമി പുരസ്കാരം എന്നീ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.

ജീവിത ചിന്തകൾ എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു എന്ന ലേഖനം.

നാം പാർക്കുന്ന ലോകവും ജീവിക്കുന്ന ലോകവും തമ്മിൽ വലിയ അന്തരമുണ്ട്. ഒരേ നഗരത്തിൽ ഒരേ തെരുവിൽ പാർക്കുന്ന രണ്ടു വ്യക്തികൾ രണ്ടു വ്യത്യസ്തലോകങ്ങളിൽ ജീവിക്കുന്നതായി കാണാം. എവിടെ നാം പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ അതാണ് നമ്മുടെ ലോകം. പരിസരങ്ങളും പാരമ്പര്യങ്ങളുമാണ് ഈ ലോകത്തെ രൂപപ്പെടുത്തുന്നതെന്നാണ് ഇതുവരെ ശാസ്ത്രജ്ഞന്മാർ വാദിച്ചിരുന്നത്. എന്നാൽ ആധുനിക മനഃശാസ്ത്രം പുതിയൊരു വാദം പുറപ്പെടുവിച്ചിരിക്കുന്നു. പരിസരങ്ങളോ, പാരമ്പര്യങ്ങളോ അല്ല, മനസ്സിന്റെ സ്ഥിതിയും, പ്രവർത്തനഗതിയുമാണ് ഓരോ മനുഷ്യന്റെയും ലോകത്തെ സൃഷ്ടിക്കുന്നതെന്നു അവർ വാദിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവരവരുടെ ജീവിത താൽപ്പര്യങ്ങളാണ് ഓരോരുത്തരുടെയും ലോകത്തെ വാർത്തെടുക്കുന്നത്. നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകം സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു.



തന്റേതെന്നു പറയുവാൻ യാതൊന്നുമില്ലാത്ത ലോകരംഗത്തിൽ പ്രവേശിക്കുന്ന ഒരു വ്യക്തിക്കുപോലും അവന്റെ മനോവ്യാപാരങ്ങൾ ശരിയായി നിയന്ത്രിക്കുന്നതായാൽ,

9th Malayalam_Combine.indb 126 25-03-2019 12:04:35





സുഖമായി ജീവിക്കുന്നതിനുള്ള ലോകം സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. മനസ്സിനു വികാസവും വിശാലതയും കൂടുന്നതിന നുസരിച്ച്, താൻ ജീവിക്കുന്ന ലോകത്തെ വികസിപ്പിക്കുവാനും പ്രബുദ്ധമാക്കുവാനും അയാൾക്കു കഴിയും. ലോക നേതാക്കന്മാരുടയേും ലോകാചാര്യന്മാരുടേയും പ്രവാ ചകന്മാരുടേയും ചരിത്രം പരിശോധിച്ചു നോക്കുക. അവരിൽ പലരും തങ്ങൾ ജനിച്ച ലോകത്തിൽനിന്നു ഭിന്നമായ ഒരു ലോകത്തിൽ ജീവിച്ചവരാണ്. തങ്ങളുടെ പരിസ രങ്ങളെ അവഗണിച്ചു പാരമ്പര്യവും അന്ധവിശ്വാസവും ഉറപ്പിച്ച മതിൽക്കെട്ടുകളെ തട്ടിത്തകർത്തു പുതിയൊരു ലോകം കെട്ടിപ്പടുത്തവരാണവർ.

ഒരു പ്രത്യേക പരിതഃസ്ഥിതിയിൽ നാം പാർക്കേണ്ടിവന്നതിനുള്ള ഉത്തരവാ ദിത്വം നമുക്കില്ല. എങ്ങിനേയോ നാം അവിടെ ജനിച്ചു. അതിന് യാതൊരാളോടും സമാധാനം പറയേണ്ടതില്ല. എന്നാൽ നമ്മുടെ ലക്ഷ്യത്തേയും, യാത്രയേയും സംബ ന്ധിച്ചിടത്തോളം പൂർണ്ണമായ ഉത്തരവാദിത്തം നമുക്കുണ്ട്. നാം ജനിച്ചു വളർന്ന പരിതസ്ഥിതിയല്ല പ്രാധാന്യമർഹിക്കുന്നത്. ജീവിതത്തിൽ നമ്മുടെ പ്രവർത്തന രംഗമായി നാം തന്നെ സജ്ജീകരിക്കുന്ന പരിതഃസ്ഥിതിയാണ്.

ഒരാളുടെ ജീവിതത്തെ വ്രണപ്പെടുത്തിയ സംഭവങ്ങൾ മറ്റൊരാളുടെ ജീവിത ത്തിന് ഒരു പുതിയ ഉദ്ദേശമുണ്ടാക്കിയെന്നുവരാം.

ഈ ഗ്രന്ഥകാരന് പരിചിതരായിരുന്ന രണ്ടാളുകളുടെ അനുഭവങ്ങൾ ഈ സന്ദർഭത്തിൽ ഓർമ്മവരുന്നു. എത്രയും പ്രിയപ്പെട്ട ഭാര്യ മരിച്ചപ്പോൾ, ഇനി തനിക്കു ജീവിതത്തിൽ ഒന്നും ആവശ്യമില്ലെന്ന വിചാരത്തോടെ അവരിൽ ഒരാൾ കേവലം വിടനായിത്തീർന്നു. എങ്ങനെയെങ്കിലും ദിവസം കഴിക്കണം എന്നു മാത്രമായി അയാ ളുടെ വിചാരം. അതേ തരത്തിലുള്ള ആപത്തുതന്നെ മറ്റൊരാളിൽ നേരേ വിപരീ തമായ ഫലമാണുണ്ടാക്കിയത്. അത് ആത്മീയവിഷയങ്ങളിലേക്ക് അദ്ദേഹത്തിന്റെ മനസ്സിനെ തിരിച്ചു, ഒരു പുതിയ ലോകത്തേക്ക് അദ്ദേഹത്തെ നയിച്ചു.

9th Malayalam_Combine.indb 127 25-03-2019 12:04:38

നാമോരോരുത്തരും നമ്മുടെ സ്വന്തം ലോകത്തിന് ആകൃതി കൊടുക്കുന്നു. രചനാത്മകമായ ശക്തി എത്രയെങ്കിലും നമ്മിൽ കിടക്കുന്നു. നമ്മുടെ ലോകം നിർമ്മിക്കുന്നതിനുള്ള അസംസ്കൃത പദാർത്ഥങ്ങളാണ് നമ്മുടെ ചിന്തകൾ. എന്നാൽ ഏത് തിരഞ്ഞെടുക്കണമെന്ന് നാം തന്നെ നിശ്ചയിക്കണം. വാനോളം ഉയരുവാനോ പാതാളത്തോളം, താഴുവാനോ നമുക്ക് പ്രയാസമില്ല. സമുദായത്തെ നിങ്ങൾ കുറ്റപ്പെടുത്തേണ്ടതില്ല ഭാഗ്യത്തേയോ ,ഈശ്വരനേയോ നിങ്ങൾ ശപിക്കേണ്ടതുമില്ല. നിങ്ങളുടെ ഭാഗ്യത്തിന്റെ കർത്താവ് നിങ്ങളാണ്, നിങ്ങളുടെ ജീവിതത്തിന്റെ കപ്പിത്താൻ നിങ്ങൾ തന്നെ. ജീവിതത്തിൽ ഈ അടിസ്ഥാനതത്വം മഹാകവി ഉള്ളൂർ സമർത്ഥിക്കുന്നത് ഇങ്ങനെയാണ്.

"നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടീടാം,

നമുക്കു നാമേ പണിവതുനാകം നരകവുമതു പോലെ".

കുരുടനും ബധിരനും ഒരേ വീട്ടിൽ പാർക്കുന്നു. അവർ കിടക്കുന്നതും ഭക്ഷണം കഴിക്കുന്നതും എല്ലാം അവിടെ തന്നെ. എന്നാൽ അവർ ജീവിക്കുന്ന ലോകം ഒന്നല്ല. അവിടെയുള്ള ഉദ്യാനത്തിലെ പുഷ്പങ്ങളും ആകാശത്തിലെ നക്ഷത്രങ്ങളും കണ്ട് ആനന്ദം കൊള്ളുന്നതിനു കുരുടനു സാധിക്കുന്നില്ല. ആ നിർഭാഗ്യവാൻ ജീവിക്കുന്ന ലോകത്തിൽ അങ്ങിനെയുള്ള ഒരനുഭവം സാധ്യമല്ല. ബധിരന് അതിന് സൗകര്യമുണ്ട്. എന്നാൽ പക്ഷികളുടെ കളകളശബ്ദവും കുട്ടികളുടെ കൊഞ്ചിക്കുഴഞ്ഞുള്ള വാക്കുകളും, മധുര ഗാനങ്ങളും ആസ്വദിക്കുന്നതിനു ബധിരന് കഴിയുകയില്ല. ശബ്ദസുഖം അനുഭവിക്കുവാൻ സൗകര്യമില്ലാത്ത തരത്തിലാണല്ലോ ബധിരന്റെ ജീവിതം, രണ്ടു പേരും ഒരേ സ്ഥലത്തു പാർക്കുന്നു. എങ്കിലും അവർ ജീവിക്കുന്നത് വ്യത്യസ്തമായ രണ്ടു ലോകത്തിലാണ്. ഇങ്ങിനെ ഓരോരുത്തരും അവരവരുടെ പ്രാപ്തിക്കും താല്പര്യങ്ങൾക്കുമനുസരിച്ച് ഓരോ പ്രത്യേക ലോകത്തിൽ ജീവിച്ചു വരികയാണ്.

ഒരാൾക്കു ക്രിക്കറ്റിൽ വലിയ ഭ്രമമായിരിക്കും. ഏതു രാജ്യത്തു കളി നടന്നാലും അവിടത്തെ പ്രസിദ്ധന്മാരായ കളിക്കാരെപ്പറ്റിയും അവരുടെ ഓരോരുത്തരുടെ പ്രത്യേകഗുണങ്ങളെക്കുറിച്ചും അയാൾക്കു നിശ്ചയമുണ്ടാകും. അയാൾ



9th Malayalam_Combine.indb 128 25-03-2019 12:04:39

ജീവിക്കുന്നതുതന്നെ ക്രിക്കറ്റുകളികളിലെ ജയാപജയങ്ങളറിയുവാൻ മാത്രമാണെന്നു തോന്നിപ്പോകും. മറ്റൊരാൾക്ക് സിനിമാതാരങ്ങളെക്കുറിച്ചും അതുപോലെ അറിവുണ്ടായിരിക്കും. ക്രിക്കറ്റുകളിയിൽ അയാൾക്കു യാതൊരു താൽപ്പര്യവുമുണ്ടാവില്ല. മൂന്നാമതൊരാൾക്കു കുതിരപന്തയത്തിലായിരിക്കും ഭ്രമം. എത്ര ആളുകൾ അതിനായി മറ്റെല്ലാം ത്യജിക്കുന്നു. സ്നേഹിതന്മാരെയും കുടുംബത്തെയും ജോലിയേയും അഭിമാനത്തേയും! അവർ ജീവിക്കുന്ന ലോകം വേറെ ഒന്നുതന്നെ.

ഓരോരുത്തരുടെ കഴിവുകളും, താൽപര്യങ്ങളും മാത്രമല്ല, അവരുടെ പ്രത്യേകലോകത്തെ സൃഷ്ടിക്കുന്നത്. അവരുടെ പരിചയക്കാരും സ്നേഹിതന്മാരും ബന്ധുക്കളും മിത്രങ്ങളും ആ പ്രത്യേക ലോകം സൃഷ്ടിക്കുന്നതിൽ അവരെ സഹായിക്കുന്നതായി കാണാം. ചിലരെ വളരെ ആളുകൾ അറിയും. മറ്റു ചിലരെ ചുരുക്കം ചിലർ മാത്രമേ അറിയുകയുള്ളൂ. ചിലരെ ഒരു സ്ഥലത്തുള്ളവർ കേട്ടിരിക്കും. മറ്റു ചിലരെ വേറെ സ്ഥലത്തുള്ളവർ അറിയുമായിരിക്കും. ലോകത്തിലെ ജനങ്ങളെല്ലാവരും കേട്ടിട്ടുള്ള ആളുകൾ എത്രയും ചുരുക്കമാണെന്നു തന്നെ പറയാം.ലോകാപവാദമെന്നും, ലോകരുടെ പ്രീതി എന്നും മറ്റും ഒരാൾ പറയുമ്പോൾ അത് അയാളുടെ പ്രത്യേക ലോകത്തെപ്പറ്റി മാത്രമേ ആകുവാൻ തരമുള്ളൂ. മദിരാശിയിൽ ഇരിയ്ക്കുന്ന ഒരാൾ ലോകർ തന്നെപ്പറ്റി എന്തു വിചാരിക്കും എന്ന നിരൂപണം ചെയ്യുമ്പോൾ അയാൾ മദിരാശിയിലും, അതിന്നടുത്തും പാർക്കുന്ന ജനങ്ങൾ അടങ്ങിയ ലോകത്തെപ്പറ്റിയാണ് വിചാരിക്കുന്നത്. മഞ്ചൂക്കോവിലെ ജനങ്ങളെപ്പറ്റി അയാൾ ഓർക്കുന്നില്ല. അയാളെ സംബന്ധിച്ചിടത്തോളം മഞ്ചുക്കോവിൽ ജനങ്ങൾ ഉള്ളതും ഇല്ലാത്തതും ഒരുപോലെയാണ്.

ഇങ്ങിനെ നോക്കുന്നതായാൽ നാം ഓരോരുത്തരും ജീവിക്കുന്ന ലോകം ഓരോ പ്രത്യേക ലോകമാണെന്നു മനസ്സിലാകും. നമ്മുടെ വികാരങ്ങളും വിചാരങ്ങളും, ഇഷ്ടങ്ങളും താൽപര്യങ്ങളുമാണ് നമ്മുടെ ലോകത്തെ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കെടുക്കുന്നത്. അങ്ങിനെയാണെങ്കിൽ നമ്മുടെ ഓരോരുത്തരുടെയും ലോകത്തെ വലുതാക്കുവാനും ചെറുതാക്കുവാനും അതിനുവിസ്തീർണ്ണം കൂട്ടുവാനും കുറയ്ക്കുവാനും നമുക്ക് സാധിയ്ക്കും.



9th Malayalam_Combine.indb 129 25-03-2019 12:04:39

അമേരിക്കയിലെ ഒരു വലിയ പണക്കാരിയുടെ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ? കോടിക്കണക്കായി പണം ആ സ്ത്രീ ബാങ്കിൽ ഇട്ടിട്ടുണ്ടായിരുന്നു. എങ്കിലും ഒരു പിച്ചക്കാരിയുടെ ജീവിതമാണ് ആ സ്ത്രീ നയിച്ചിരുന്നത്. അടിക്കാതെയും വൃത്തിയാക്കാതെയും കിടന്നിരുന്ന ഒരു മുറിയിലാണ് ആ സ്ത്രീ പാർത്തുവന്നത്. ബാങ്കിലെ പണത്തിലല്ലാതെ മറ്റൊന്നിലും ആ സ്ത്രീയ്ക്ക് താൽപ്പര്യമുണ്ടായിരുന്നില്ല. ആ സ്ത്രീ മരിച്ചപ്പോൾ വളരെയധികം ആളുകൾ അവളുടെ സ്വത്തിനു അവകാശികളാണെന്നു വാദിച്ചു. ഒടുവിൽ ഏതോ ഒരാൾക്ക് ആ പണമെല്ലാം കിട്ടി. എന്തു പ്രയോജനമാണ് ആ സ്ത്രീക്ക് പണം കൊണ്ടുണ്ടായത്!.

തനിക്കും മറ്റുള്ളവർക്കും ഗുണപ്രദമായി എന്തെല്ലാം വിധത്തിൽ ആ പണം ഉപയോഗപ്പെടുത്താമായിരുന്നു. അതൊന്നും ചെയ്യാതെ ആ പണം എണ്ണിക്കൊണ്ട് അവൾ ജീവകാലം കഴിച്ചു. അവൾ ജീവിച്ചിരുന്ന ലോകം അവൾ പാർത്തിരുന്ന മുറി പോലെ തന്നെ അത്രയും ഇടുങ്ങിയതും വൃത്തികെട്ടതുമായിരുന്നു.

നേരെമറിച്ച് ബുദ്ധനെപ്പോലെയുള്ള ഒരു മഹാമനുഷ്യന്റെ കഥ ആലോചിച്ചു നോക്കുക. അദ്ദേഹത്തിന്റെ അനുകമ്പക്ക് പാത്രമാകാത്ത ഒരു ജീവിയുമില്ല. അരിയ്ക്കുന്ന ഉറുമ്പിനും ഭരിക്കുന്ന രാജാവിനും ഒരു പോലെ ആ മഹാഹൃദയത്തിൽ സ്ഥാനമുണ്ടായിരുന്നു. ലോകരുടെ ദുഖം, തന്റെ ദുഖം, അവരുടെ ഭാരം, തന്റെ ഭാരം. കരുണാനിധിയായ ആ അവതാരപുരുഷൻ മനുഷ്യനു എത്രമേൽ ഉയരാമെന്നു നമ്മെ പഠിപ്പിക്കുന്നു. അദ്ദേഹം ജീവിച്ചിരുന്ന ലോകം അതിരില്ലാത്തതായിരുന്നു.അതിന്റെ വിസ്താരം അളവറ്റതായിരുന്നു.

ഈ രണ്ടു ലോകവും അവർ ഓരോരുത്തരായി സൃഷ്ടിച്ചതാണ്. അവർക്കുവേണ്ടി മറ്റാരും ഉണ്ടാക്കിയതല്ല. അതുപോലെ നമ്മുടെ ലോകവും നമുക്കു സൃഷ്ടിക്കാം. ജീവിതത്തെ ഉയർത്താനോ താഴ്ത്താനോ ഉപയോഗമുള്ളതാക്കി തീർക്കാനോ പാഴാക്കിക്കളയാനോ നമുക്കു കഴിയും. എന്താണ് ചെയ്യേണ്ടതെന്ന് തീർച്ചപ്പെടുത്തേണ്ടത് നാം തന്നെയാണ്. അതിനു പണം വേണ്ട, പദവി വേണ്ട, അധികാരം വേണ്ട, അതിനായി ഉറച്ചു പുറപ്പെടുവാനുള്ള ഒരുക്കം മാത്രമാണാവശ്യം. വിധിയെ പഴിക്കേണ്ട, സമുദായത്തെ ശപിക്കേണ്ട, മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും വേണ്ട. കഷ്ടത നിറഞ്ഞ ഈ ലോകത്തിൽ നിസ്വാർത്ഥമായ സേവനത്തിന് എത്രയോ അവസരങ്ങളുണ്ട്. അതു ചെയ്യുന്നതിന് ആരും നിങ്ങളെ തടസ്സപ്പെടുത്തുകയില്ല. അതിനു പുറപ്പെടുമ്പോൾ നിങ്ങളെ സ്വാഗതം ചെയ്യുകയേ ഉള്ളൂ. അതിൽ ഏർപ്പെടുമ്പോൾ നിങ്ങൾ ജീവിക്കുന്ന ലോകത്തിനു വിസ്താരം കൂടിവരും. നല്ല പുസ്തകങ്ങൾ വായിക്കുന്നതിലും ലോകോദ്ധാരണത്തിനായി ജീവിക്കുന്നതിലും മഹാന്മാരുടെ ആശയങ്ങളും ആദർശങ്ങളും അറിയുന്നതിലും ആരെങ്കിലും വിരോധം പറയുമോ?



9th Malayalam_Combine.indb 130 25-03-2019 12:04:39

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1 നമ്മുടെ ലോകം സൃഷ്ടിക്കുന്നതിനുള്ള അസംസ്കൃത പദാർത്ഥമാണ്?

അ) ചിന്തകൾ ആ) സ്വപ്നങ്ങൾ

ഇ) ആശയങ്ങൾ ഈ) സാഹചര്യങ്ങൾ

2. കെ.പി. കേശവമേനോന്റെ കൃതിയാണ്?

അ) ചാവുനിലം ആ) നാം മുന്നോട്ട്

ഇ) സാഹിത്യഭൂഷണം ഈ) പാവങ്ങൾ

3. അരിക്കുന്ന ഉറുമ്പിനും ഭരിക്കുന്ന രാജാവിനും ഒരു പോലെ സ്ഥാനം നൽകിയ വ്യക്തി?

അ) യേശുദേവൻ ആ) ലെനിൻ

ഇ) ബുദ്ധൻ ഈ) അശോകൻ

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക

1. നമ്മുടെ ലോകം സൃഷ്ടിക്കുന്നതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഏവ?

III. ഉത്തരം ചുരുക്കി എഴുതുക

1 ബധിരനും കുരുടനും ജീവിച്ചുതീർക്കുന്ന ജീവിതം എങ്ങനെയുള്ളതാണ്?

2. അമേരിക്കയിലെ പണക്കാരിയുടെ ദുരന്തജീവിതത്തെക്കുറിച്ച് എഴുതുക?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. നമ്മുടെ ജീവിതത്തെ നമുക്ക് എങ്ങനെ പുതുക്കിപണിയാം?

2. നമ്മുടെ ഈ ലോകം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന പ്രധാന ഘടകങ്ങൾ ഏവ?

9th Malayalam_Combine.indb 131 25-03-2019 12:04:39

ഉപപാഠം

ഒരു ചെറുപുഞ്ചിരി (തിരക്കഥ)

എം.ടി. വാസുദേവൻ നായർ



എം.ടി. വാസുദേവൻ നായർ 1933-ൽ കോഴിക്കോട് കൂടല്ലൂരിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ സാഹിത്യരചന തുടങ്ങി. രക്തം പുരണ്ട മൺതരികൾ ആദ്യത്തെ കഥാസമാഹാരം. മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, രണ്ടാമൂഴം,പാതിരാവും പകൽവെളിച്ചവും (നോവലുകൾ) ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, കുട്ട്യേടത്തി, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്രസ്ഥം, നിന്റെ ഓർമ്മക്ക്, (കഥകൾ) മുറപ്പെണ്ണ്, ആൾക്കൂട്ടത്തിൽ തനിയെ, ഒരു വടക്കൻ വീരഗാഥ, പെരുന്തച്ചൻ, തീർത്ഥാടനം, ഒരു ചെറുപുഞ്ചിരി (സിനിമകൾ)ഗോപുര നടയിൽ,(നാടകം)ഇവ പ്രധാന കൃതികൾ. ജ്ഞാനപീഠം, പദ്മഭൂഷൺ, കേന്ദ്ര -കേരള സാഹിത്യഅക്കാദമി അവാർഡ്, തിരക്കഥയ്ക്കുള്ള ദേശീയ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, ജെ.സി. ഡാനിയൽ പുരസ്കാരം, ദേശാഭിമാനി സാഹിത്യ പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.

ഒരു ചെറുപുഞ്ചിരി എന്ന തിരക്കഥയിൽ നിന്നെടുത്തതാണ് പാഠഭാഗം.



9th Malayalam_Combine.indb 132 25-03-2019 12:04:40

സീൻ 50 എ

പകൽ

ഗ്രാമപാത

അമ്മാളു, കുറുപ്പ്

അവർ തനിയെ നടക്കുന്നു.

അമ്മാളു : (കൈ നീട്ടി) ബാഗ് ഇങ്ങട്ട് തന്നേക്കൂ. കനം ണ്ട്.

കുറുപ്പ് : ഓറഞ്ചും മുന്തിരിങ്ങേം ആണ്. നിന്റേല് എന്താ?

അമ്മാളു : ഒരു സെറ്റ്മുണ്ട് അത് ഞാൻ പിടിക്കാം. കനൊള്ളതല്ലേ?

കുറുപ്പ് : (വാശിയിൽ) ഇതെനിക്ക് തന്നതാ അവൻ! അത്ര ദുര വേണ്ട ഞാൻ പിടിച്ചോളാം.

അവർ നടക്കുമ്പോൾ

കുറുപ്പ് : നീയ് മാലതിക്കെന്തോ കൊടുക്ക്ണത് കണ്ടല്ലോ.

അമ്മാളു : അതൊക്കെ ഞാൻ കൊടുത്തു.

കുറുപ്പ് : കണക്കറിയണല്ലോ എനിക്ക്? എന്താ കൊടുത്തത്?

അമ്മാളു : (സംശയിച്ച്) ഒരു കുതിരപ്പവൻ.

കുറുപ്പ് : (ആലോചിച്ച്) അപ്പോൾ ഇനി നാലെണ്ണം ബാക്കി ണ്ട്. അല്ലേ?

അമ്മാളു : ഉം.

കുറുപ്പ് : ബീനേം ഭർത്താവും കൂടി വരുമ്പോൾ ഒന്നവൾക്ക്. പിന്നേം മൂന്ന്ണ്ടാവും. ഉം. നാൽപ്പത് നാൽപ്പത്തിരണ്ടുറുപ്പിക പവനു വെലളള കാലത്ത് വാങ്ങീതാ അതൊക്കെ!

അമ്മാളു : കല്യാണച്ചെലവിന് ജാനൂന് ഒന്നും കൊടുത്തില്ലേ?

കുറുപ്പ് : (ഗൗരവത്തിൽ) ഉം. എന്നെ നാട്ടുമര്യാദ പഠിപ്പിക്കണ്ട!

അമ്മാളു : എത്ര?

കുറുപ്പ് : (ഗൗരവത്തിൽ) അത് നീയറിയണ്ട. ഇവിടെ വരവ്ചെലവ് കണക്ക് വയ്ക്കണത് ഞാനാ!

നടക്കുന്നു. സന്ധ്യയുടെ പശ്ചാത്തലത്തിൽ അവർ പതുക്കെപ്പതുക്കെ ഗ്രാമപ്രകൃതിയിലൂടെ നടക്കുന്നു,അപ്പോ കല്ല്യാണവീട്ടിൽനിന്ന് മൈക്ക് ടെസ്റ്റിങ്..... പിന്നെ സംഗീതം.

കുറുപ്പ്: ഓ, മൈക്കൊക്കെ വെച്ച് കേമാക്ക്ണ്ണ്ടല്ലോ ജാനു!

അമ്മാളു: ഓർമണ്ടോ? കല്യാണത്തിന് ഞങ്ങടെ വീട്ടിലും റിക്കാർഡ് വെച്ചിരുന്നു അഞ്ഞൂറാൾക്കായിരുന്നു സദ്യ. നിരത്തുമ്പ്ന്ന് തൊട്ട്

9th Malayalam_Combine.indb 133 25-03-2019 12:04:40

ഏഴു ദിക്കില് ഈന്തിൻപട്ടടെ കമാനം. എം.എസ് സുബ്ബലക്ഷ്മീടെ റിക്കാർഡായിരുന്നു അധികോം. അസ്സലോർമണ്ട്.

പശ്ചാത്തലത്തിൽ കല്യാണവീട്ടിൽനിന്ന് സംഗീതം.ഭൂതകാലസ്മരണകളിൽ നിമഗ്നരായി അവർ നടക്കുന്നു.

അമ്മാളു: ശുണ്ഠിക്കാരനാന്നാ എല്ലാരും പറഞ്ഞത്. എനിക്കും അതോണ്ട് പേടിയായിരുന്നു. മാലട്മ്പോ ഒന്നു നോക്കി. അപ്പഴും വലിയ ഗൗരവം.

കുറുപ്പ്: ചിരിച്ച് പരിഭ്രമം.ആകെ പരിഭ്രമായിരുന്നു.പിന്നെപ്പഴാ പേടിമാറീത്?

അമ്മാളു: ബസ്സില് പോയില്ലേ? വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടോവുമ്പോ. അടുത്തടുത്തിരുന്നപ്പോ കൂടി ഒന്ന് നോക്ക്ണില്ല.മുഖത്ത് ശുണ്ഠിതന്നെ.

കുറുപ്പ് ചിരിയും ഗൗരവവും കലർന്ന ഭാവത്തിൽ കേൾക്കുന്നു.

അമ്മാളു: ബസ്സിന്റെ മണം തട്ടിയപ്പോൾ വല്ലാതെ ഛർദിക്കാൻ വന്നു. അപ്പോൾ അതിലേറെ പേടി. അപ്പോ ആരും കാണാണ്ടെ ഒരു ചെറു നാരങ്ങ കൈയിൽ തന്ന് പറഞ്ഞില്ലേ മണപ്പിച്ചോളൂ. ഛർദ്ദി വരില്ല.നോക്കുമ്പോൾ ഒരു ചിരി! ചെറ്യേ ഒരു പുഞ്ചിരി.

കുറുപ്പ്: (കുറച്ച് പതുക്കെ ചിരിക്കുന്നു) വല്ലാത്തൊരോർമ!

അമ്മാളു: (അൽപം ഗൗരവത്തിൽ) ആ ചിരി എന്നും ഞാൻ മറക്കില്ല. പേടിക്കണ്ട ഒരാളല്ല ഒരു ചങ്ങാതി തന്നെയാണ്ന്ന് തോന്നിയത്, ആ ചെറ്യേ ചിരി ചിരിച്ച നേരം തൊട്ടാണ്.

കുറുപ്പ് തുറന്നു ചിരിക്കുന്നു അവർ വീണ്ടും നടക്കുന്നു.



9th Malayalam_Combine.indb 134 25-03-2019 12:04:40

സീൻ 51

അടുത്ത പകൽ

വീട്

അമ്മാളു, കുറുപ്പ്

മേശപ്പുറത്ത് പകർച്ച വന്ന വിഭവങ്ങൾ. ഊണ് കഴിയാറായിരിക്കുന്നു. പായസം കഴിക്കുന്ന കുറുപ്പിനോട്

അമ്മാളു: മതി. ഇനി പരിപ്പുപായസോം ണ്ട്.

കുറുപ്പ്: പാലട നന്നായി. ജാനു ഒക്കെ കേമായിട്ടുതന്നെയാണ്. എമ്പ്രാന്തിരിടെ ദേഹണ്ണം ഒട്ടും മോശല്യ.

അമ്മാളു: (പരിപ്പുപായസം വിളമ്പുമ്പോൾ) കുറച്ചു മതി. ഉം, മതി.

അപ്പോൾ ഫോൺ കോൾ.

അമ്മാളു: ഞാൻ നോക്കാം.

കാരണവർ വിസ്തരിച്ച് പായസം കഴിക്കുന്നു.അമ്മാളു ഫോണിൽ പറയുന്ന ശബ്ദം കേൾക്കാം. എനിക്ക്സുഖല്യാന്ന് കേട്ട് വെറുതെ വന്നതാണ്... ആ ബീനമോളും ണ്ടായിരുന്നു. ... അച്ഛൻ ഊണു കഴിക്കാ....ആ ഞാൻ പറയാം... ഓ, അയ്യോ കഷ്ടായി.

ഊണു കഴിഞ്ഞ് എഴുന്നേറ്റ് കൈ കഴുകുമ്പോൾ അമ്മാളു വന്ന്:

രാധയാണ്. കേശു വന്നതറിഞ്ഞിട്ടുണ്ട്. ബീനേടെ കാര്യം എന്തോ അറിഞ്ഞിട്ടുണ്ട്ന്ന് തോന്ന്ണു. ഞാനൊന്നും പറഞ്ഞില്ല.

കുറുപ്പ് കൈ കഴുകി തോർത്തിൽ തുടച്ച്:

ഊണ് കുറച്ച് ജാസ്ത്യായി.

അമ്മാളു: ആ ചിന്നമണിയമ്മല്യേ. അത് കുളിമുറിയിൽ വീണു. അരക്കെട്ടൊടിഞ്ഞു.ആശുപത്രിയിലാണത്രേ.

കുറുപ്പ്: അവരെയൊക്കെ ഈശ്വരൻ വേഗം അങ്ങട്ട് വിളിക്യാ. അതൊരനുഗ്രഹാവും. എങ്ങനെ കഴിഞ്ഞതാണ്! മനുഷ്യാവസ്ഥയെപ്പറ്റി നമുക്കൊന്നും പറയാൻ പറ്റില്ല.

കുറുപ്പ് കിടപ്പ് മുറിയിലേക്ക്.

സീൻ 52

പകൽ

വീട്

കിടപ്പുമുറിയിൽ വിശ്രമിക്കാനായി കിടക്കുന്ന കുറുപ്പ്. അമ്മാളു വന്ന് പുതപ്പ് കാൽക്കലേക്ക് കയറ്റിയിട്ട് ഒരു വശത്ത് കിടക്കുന്നു.

അമ്മാളു: ഞാനേയ് കുറച്ചീസായി പറേണം ന്ന് വിചാരിച്ചിട്ട് ആലൂര്ന്ന് വന്ന ആലോചനേടെ കാര്യം.

9th Malayalam_Combine.indb 135 25-03-2019 12:04:41

കുറുപ്പ്: (ഗൗരവത്തിൽ) ഇനി അത് വിസ്തരിച്ചിട്ടെന്താ കാര്യം? എന്റെ കൂടെ കഴിയാനായിരുന്നു തലേലെഴുത്ത്! തീർന്നില്ലേ?

അമ്മാളു: (ചിരിച്ച്) ആലൂർത്തേയ് ഞാൻ വെറുതെ പറഞ്ഞതാ. ഒരാലോചനേം വന്നില്ല.ആദ്യായിട്ട് എനിക്ക് വന്ന ആലോചന ഇതന്നായിരുന്നു. അത് നടക്കൂം ചെയ്തു.

കുറുപ്പ്: (ചിരിച്ച്) അത് ഏകദേശം ഞാനൂഹിച്ചിരുന്നു. ഇല്ലാത്ത ഒരാലോചനടെ കേമത്തം പറേണേല് ഒരു രസം ണ്ടല്ലോ. അത് കളയണ്ടാച്ചിട്ട് ഞാൻ തർക്കിക്കാണ്ടിരുന്നതല്ലേ ഇതു വരെ. നീയ് കെട്ടിച്ചമച്ച് ഓരോന്ന് പറയുമ്പോ മുഖം നോക്ക്യാൽ എനിക്കറിയില്ലേ.

രണ്ടാളും പൊട്ടിച്ചിരിക്കുന്നു. അയാൾ ഗ്യാസ്ട്രബിൾകൊണ്ട് ഒന്നസ്വസ്ഥനാവുന്നു.പിന്നെ ഉറക്കെ ശ്വാസം വിടുന്നു. അയാൾ ഒരു ദീർഘശ്വാസത്തോടെ മന്ദഹസിച്ച് കിടക്കുന്നു.

അമ്മാളു: ഊണ് കുറച്ചധികായി. രാത്രി പൊടിയരിടെ കഞ്ഞി മാത്രം ഇത്തിരി കഴിച്ചാൽ മതി.

അയാൾ മിണ്ടുന്നില്ല. മയങ്ങാൻ തുടങ്ങുന്നു.

ആലോചനയ്ക്കുശേഷം

ബീനമോൾടെ കാര്യം കൊഴപ്പൊന്നും കൂടാതെ കഴിഞ്ഞുകൂടിയാൽ മതിയായിരുന്നു. നമുക്ക് അങ്ങോട്ടൊന്ന് വിളിക്കാം. ഇന്ന് രാത്രീല്-

ശബ്ദമൊന്നും കേൾക്കാത്തപ്പോൾ:

ഒറങ്ങി, അല്ലേ?

അവർ നോക്കുമ്പോൾ ഒരുപന്തികേട്. മന്ദഹാസത്തോടെ കാരണവർ കിടക്കുന്നു. പക്ഷേ നിശ്ചലം. നെഞ്ചത്ത് കൈവച്ചപ്പോൾ ഒരു നടുക്കം. അവസാനിച്ചു എന്ന നിശ്ശബ്ദമായ ആഘാതം മുഖത്തു പടരുന്നു.

സീൻ 53

പകൽ

കുറുപ്പിന്റെ വീട്

പൂമുഖത്ത് കുറച്ചാളുകൾ കൂടിനിൽക്കുന്നു.ചെറിയൊരു മനുഷ്യന്റെ മരണമാണ്.

മരിച്ചുകിടത്തിയ കുറുപ്പിന്റെ കാൽക്കലേക്ക് വന്ന് കണ്ണൻ നമസ്കരിക്കുന്നു. മുറ്റത്തും വരാന്തയിലുമൊക്കെ ആൾക്കാർ. തലയ്ക്കൽ മക്കൾ, പേരക്കുട്ടികൾ, കേശുവിന്റെ ഭാര്യ, പരിസരത്തിൽ കേശു.

(രാമൻകുട്ടി ഫോണിൽ അന്വേഷണങ്ങൾക്കു മറുപടി പറയുന്നു)

കണ്ണൻ നമസ്ക്കരിച്ച് തിരികെ വരുമ്പോൾ പശ്ചാത്തലത്തിൽ വന്നുകൂടിയ ചുരുക്കം പേരെ കാണാം.

9th Malayalam_Combine.indb 136 25-03-2019 12:04:41

സീൻ 53 എ

രാത്രി

വീട്

വീട്ടുപരിസരത്തിൽ ഏകാകിയായി നിൽക്കുന്ന കണ്ണൻ . അകലെ പറമ്പിന്റെ അതിർത്തിയിൽ ദഹിപ്പിച്ചേടത്തുനിന്നുള്ള പുക ഉയരുന്നു. നേർത്ത ഇരുട്ട്. ഇരുട്ടിന്റെ ഒരു കീറു പോലെ കണ്ണനും.

സീൻ 54

സന്ധ്യ

വീട്

ശവസംസ്കാരവും മറ്റും കഴിഞ്ഞ ശേഷം ഒരു സന്ധ്യ. വീടിന്റെ പൂമുഖത്ത് രാധ, രവി, കേശു, ജയൻ, കേശുവിന്റെ ഭാര്യ, എന്നിവർ പലേടത്തായി ഇരിക്കുന്നു.

അമ്മാളു ചുവർ ചാരിയിരിക്കുന്നു.അവരുടെ മുഖത്ത് കണ്ണീരില്ല.

വിഷാദം അകമേ ഉണ്ടെങ്കിലും ശാന്തമാണ് ഭാവം.

രവി : അവിടെ കുറച്ചു ദിവസം നിൽക്കാ.പിന്നെ ഒരു മാറ്റംവേണമെന്നു തോന്നിയാൽ കേശ്വേട്ടന്റെ അടുത്തേക്കു പോകാം.

ജയൻ: അമ്മയ്ക്ക് കുവൈറ്റിലേക്കും വരാം.പുതിയ സ്ഥലം.നാട്ടന്ന് കുറച്ചു വിട്ടുനിന്നാൽതന്നെ മനസ്സിന് സുഖംതോന്നും. ഇപ്പോൾ കൊച്ചീന്ന് നേരിട്ട് ഫ്ളൈറ്റുണ്ടല്ലോ.യാത്രയ്ക്ക് ഒരു ബുദ്ധി മുട്ടുല്യ.

കേശു: പറമ്പും വീടും ഒക്കെ ആ രാമൻകുട്ടി നോക്കിക്കോളും. നല്ല വെല കിട്ടിയാൽ പിന്നെ കൊടുക്കൂം ചെയ്യാം. ഇവിടെ ഇത്തിരി കൃഷി ചെയ്തിട്ട് എന്താ കാര്യം?

രാധ: എവിടെ നിൽക്കാനാ ഇഷ്ട്ന്ന് അമ്മയാണ് നിശ്ചയിക്കേണ്ടത്.

സുഭദ്ര: ഞാൻ പറയ്യാച്ചാൽ, മാറി മാറി മൂന്നു സ്ഥലത്തും നിൽക്കാം. ഇടയ്ക്കിടയ്ക്ക് ഒരുചെയ്ഞ്ച് വന്നാൽ അമ്മയ്ക്ക് ഒരു മടുപ്പും തോന്നില്ല അല്ലേ, അമ്മേ?

അമ്മ മുഖമുയർത്തി അവരെ നോക്കുന്നു.

അമ്മാളു: ഞാനെവടയ്ക്കും ല്ല കുട്ടികളേ!

(അവർക്കരുതം)

ജയൻ: അമ്മ ഇവിടെ ഒറ്റയ്ക്ക് എങ്ങനെ?

അമ്മാളു: (തലകുനിച്ച് ആത്മഗതംപോലെ) ഞാനൊറ്റയ്ക്കല്ല. അച്ഛൻ ഈ ചുറ്റുവട്ടത്ത് എപ്പഴും ഉണ്ടാവും. എനിക്കൊരു ബുദ്ധിമുട്ടും വരില്ല കുട്ടീകളേ.

കൂടുതൽ ആരുംവാദിക്കണ്ട എന്നറിയിക്കും പോലെ അമ്മ അകത്തേക്ക്.

9th Malayalam_Combine.indb 137 25-03-2019 12:04:41

സീൻ 55

പകൽ

കുറുപ്പിന്റെ വീട്

മക്കൾ മടങ്ങിപ്പോയിരിക്കുന്നു.

വീട്ടിൽ അമ്മ തനിയെ.

മാലതിയും ഭാസ്കരനും കൂടി വരുന്നു.

അമ്മാളു കോലായിൽതൂണിനടുത്തായി നിൽക്കുന്നു.

യാത്രയ്ക്കുള്ള വേഷത്തിലാണ് മാലതിയും ഭാസ്കരനും.

ഭാസ്കരൻ: ഞങ്ങൾ പോവ്വാ. രണ്ടാഴ്ച കഴിഞ്ഞാൽ ഒന്നു വരും.ബന്ധുവീടുകളിലൊക്കെ കേറിക്കഴിഞ്ഞില്ല.

അമ്മാളു മന്ദഹസിച്ച് ശരിവയ്ക്കുന്നു.ഭാസ്കരൻ പുറത്തേക്ക്.മാലതി പിന്നെയും വലിയമ്മയുടെ സമീപം നിൽക്കുന്നു.അവൾക്കും വല്ലാത്തൊരു വിഷാദമുണ്ട്. ചോറ്റുപാത്രംകൊണ്ട് കണ്ണൻ അകത്തേക്ക്.

അമ്മാളു: (ശാന്തഭാവത്തിൽ) ബുദ്ധിമുട്ടാതെ പോയി വലിയച്ഛൻ.എന്റെ ആഗ്രഹം പോലെതന്നെ.

മാലതി: അമ്മയോട് ഞാൻ പ്രത്യേകം പറഞ്ഞിട്ടുണ്ട്, ഇവിടത്തെ കാര്യം നോക്കാൻ.

അമ്മാളു: (അത് ശ്രദ്ധിക്കാതെ) എല്ലാ സ്ത്രീകൾക്കും ആഗ്രഹം ഭർത്താവിരിക്കുമ്പോൾ മരിച്ചുപോണേന്നാണ്. മംഗല്യത്തോടെ മരിക്കുക. എന്റമ്മയൊക്കെ പറേണത് കേട്ടിട്ടുണ്ട്. അതറിയോ മാലതിക്ക്?

കണ്ണൻ വന്ന് അമ്മാളുവിന്റെ സമീപം നിൽക്കുന്നു.

എന്റെ പ്രാർഥന മറിച്ചായിരുന്നു.ഞാനുള്ളപ്പോൾ കഷ്ടപ്പെടാതെ വല്യച്ഛൻ പോണേ എന്ന്. അതീശ്വരൻ കേട്ടു!

മാലതിക്ക് മനസ്സിലാവുന്നില്ല.

(മാലതിയോടായി) കുട്ടിക്ക് അത് മനസ്സിലാവില്ല. രാത്രി പാതിരയ്ക്കാവും വയറ്റിൽക്കാളല്. അപ്പോ മോര് വേണം. രാസ്നാദിപ്പൊടിയിട്ടില്ലെങ്കിൽ കുളിച്ചാൽ നീരിളക്കം. തണുപ്പുവിട്ട വെള്ളത്തിലേ കുളിക്കാവൂ. ആഹാരം ചിലതൊക്കെ വയറ്റിന് തീരെ പിടിക്കില്ല. ഞാനില്ലാത്തപ്പോൾ ഇതൊക്കെ ആരാ അറിഞ്ഞു ചെയ്യാ?

മാലതി നോക്കുന്നു.

ശീലങ്ങളൊക്കെ എനിക്കറിയ്ണ മാതിരി വേറാർക്കെങ്കിലും നിശ്ചയണ്ടാവ്വോ?

9th Malayalam_Combine.indb 138 25-03-2019 12:04:41

ഒട്ടും കഷ്ടപ്പെടാതെ പോയത് ഭാഗ്യം!

അവർ എഴുന്നേറ്റ് തൂണിനടുത്തു വന്ന് പറമ്പിലേക്കു നോക്കി നിൽക്കുന്നു.

കുറച്ചടികൾ നടന്ന് മാലതി തിരിഞ്ഞുനോക്കുന്നു. അപ്പോൾ വലിയമ്മ തൂണുപിടിച്ചുനിന്ന് തേങ്ങിക്കരയുകയാണ്.

പുറത്തേക്കിറങ്ങുന്ന മാലതിയോട്-

കണ്ണൻ: നേരത്തേ മരിച്ചത് ഭാഗ്യായീന്നല്ലേ വല്യമ്മ പറഞ്ഞത്?

മാലതി: ഉം

കണ്ണൻ: പിന്നെന്തിനാ വല്യമ്മ കരേണ്?

മാലതി: അത്...അത് നിന്ക്ക് മനസ്സിലാവില്ല കണ്ണാ...

മാലതി വീട്ടിലേക്ക്. കണ്ണൻ അകലെ നിൽക്കുന്ന വലിയമ്മയെ നോക്കുന്നു. അമ്മാളു തൂണിനടുത്തുനിന്ന് മുറ്റത്തിറങ്ങി. പതുക്കെപ്പതുക്കെ തോട്ടത്തിലേക്ക്. അവർ തോട്ടത്തിൽ. അപ്പോൾ വീശിയ കാറ്റിൽ തോട്ടത്തിലെ ഇലകളും വള്ളികളും അവരുടെ സാമീപ്യം മനസ്സിലാവും പോലെ ചലിക്കുന്നു. പന്തലിൽ പടർത്തിയ ചില വള്ളികൾ അവരെ ആശ്ലേഷിക്കുന്നു. ഞാൻ തനിച്ചല്ല എന്ന ആശ്വാസത്താൽ ദുഃഖച്ഛായ മാഞ്ഞ് ആ മുഖം ശാന്തമാവുന്നു. ചെടികളുടെ ആഹ്ലാദം.



9th Malayalam_Combine.indb 139 25-03-2019 12:04:42

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. തീർത്ഥാടനം ആരുടെ സിനിമയാണ്?

   അ) പത്മരാജൻ　　ആ) ടി.വി.ചന്ദ്രൻ

   ഇ) എം.ടി വാസുദേവൻനായർ　　ഈ) അടൂർ ഗോപലകൃഷ്ണൻ

2. ജ്ഞാനപീഠപുരസ്കാരം നേടിയ എഴുത്തുകാരനാണ്?

   അ) എം.മുകുന്ദൻ　　ആ) സി.വി.ബാലകൃഷ്ണൻ

   ഇ) എം.സുകുമാരൻ　　ഈ) എം.ടി.വാസുദേവൻനായർ

3. എം.ടിയ്ക്ക് കേന്ദ്ര സാഹിത്യഅക്കാദമി അവാർഡ് നേടിക്കൊടുത്ത നോവലാണ്?

   അ) കാലം　　ആ) രണ്ടാമൂഴം

   ഇ) മഞ്ഞ്　　ഈ) നാലുകെട്ട്

4. 'എന്നെ നാട്ടുമര്യാദ പഠിപ്പിക്കണ്ട' ആരാണിത് പറഞ്ഞത്?

   അ) അമ്മാളു　　ആ) കണ്ണൻ

   ഇ) കുറുപ്പ്　　ഈ) കാര്യസ്ഥൻ

5. 'എല്ലാസ്ത്രീകൾക്കും ആഗ്രഹം ഭർത്താവിരിക്കുമ്പോൾ മരിച്ചുപോണേന്നാണ്. എന്റെ പ്രാർഥന മറിച്ചായിരുന്നു'. ഇങ്ങനെ പറഞ്ഞത് ആരാണ്?

   അ) സുഭദ്ര　　ആ) മാലതി

   ഇ) രാധ　　ഈ) അമ്മാളു

II. ആസ്വാദനമെഴുതുക

'ഒരുചെറുപുഞ്ചിരി' എന്ന തിരക്കഥയിൽനിന്നു ജീവിതത്തെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകൾ തെളിഞ്ഞുവരുന്നത് വിശദമാക്കുക?

9th Malayalam_Combine.indb 140　　25-03-2019 12:04:42

ഭാഗം 10

ആധുനിക മലയാളത്തിൽ സ്ത്രീസർഗ്ഗാത്മകത





പഠനലക്ഷ്യങ്ങൾ

- സ്ത്രീപുരുഷ സമത്വം ജീവിതത്തിൽ പരിപാലിക്കാൻ പഠിക്കൽ.
- സാഹിത്യത്തിലൂടെ പ്രകൃതിയുടെ പ്രതിഭാസം, മാഹാത്മ്യം, ഉപയോഗം എന്നിവ മനസ്സിലാക്കൽ.
- മനസ്സിന്റെ ലാവണ്യം സർഗ്ഗാത്മകതയിലൂടെ തിരിച്ചറിയൽ.

പാഠഭാഗങ്ങൾ

കവിത	:	ആർദ്രത	- വിജയലക്ഷ്മി
ഗദ്യം	:	സാഹിത്യത്തിലെ സ്ത്രീ	- ജോസഫ് മുണ്ടശ്ശേരി
ഉപപാഠം	:	ഉണ്ണി എന്ന കുട്ടി	- സക്കറിയ

9th Malayalam_Combine.indb 141 25-03-2019 12:04:42

കവിത: ആർദ്രത

- വിജയലക്ഷ്മി



വിജയലക്ഷ്മി 1960-ൽ എറണാകുളത്തെ, മുളന്തുരുത്തിയിൽ ജനിച്ചു. 17 വയസ്സുമുതൽ ആനുകാലികങ്ങളിൽ കവിതകൾ എഴുതുന്നു. തച്ചന്റെ മകൾ, കവിത, ഹിമസമാധി, അന്ത്യപ്രലോഭനം, മൃഗശിക്ഷകൻ ഇവയാണ് പ്രധാന കൃതികൾ. കവിതയ്ക്കുള്ള കേരള സാഹിത്യഅക്കാദമിയുടെ പുരസ്കാരവും പി.കുഞ്ഞിരാമൻ നായർ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. അന്ത്യപ്രലോഭനം എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്തതാണ് ആർദ്രത എന്ന കവിത.

വറ്റിയ പുഴപോലെ ,
വരണ്ട മേഘംപോലെ ,
പച്ചകളെല്ലാം പട്ടു-
പോയ ഭൂമിയെപ്പോലെ ,
നക്ഷത്രഹീനം ശൂന്യ-
ശൂന്യമാകാശംപോലെ ,
ഒറ്റ സ്വപ്നവും ശേഷി-
ക്കാത്ത നിദ്രയെപ്പോലെ-



9th Malayalam_Combine.indb 142 25-03-2019 12:04:43

നെഞ്ചുകീറിയാൽക്കാണാ-
കുന്നതു നേരിൻ യന്ത്രം,
നിർവികാരമാം
അതിജീവനം ,
അതുമാത്രം.

ഒടുവിൽ വന്നെത്തിയ
ദേശസഞ്ചാരിക്കിളി
ചിറകും കുടഞ്ഞിതാ
കാടകം വെടിയുന്നു.
മലിനം തടാകത്തിൻ
തീരഭൂവിലായ്ക്കാണാം
വെടിയേറ്റൊടുങ്ങിയ
തൂവലും കാലും മാത്രം.

ഉൽസവമേളം വിട്ടു
മടങ്ങുന്നല്ലോ നെറ്റി-
പ്പട്ടവും ചമയവും
അഴിച്ചൊരൊറ്റക്കൊമ്പൻ.
മസ്തകത്തിലും നടപ്പാടിലും
മാറാവ്രണം,
ദുഃഖദീപ്തമാം കുഞ്ഞി-
ക്കണ്ണുകൾ നീരാഴികൾ.
മൃത്യുവും വാർധക്യവും
രോഗവുമെത്തുന്നതോ
ചത്തുജീവിപ്പോർ വാഴും
പ്രേതഭൂവിലേയ്ക്കല്ലോ.
ഭിക്ഷ തേടിയ കൈകൾ
തിളച്ച വെള്ളം വീണു
ഞെട്ടിമാറിടും കൊടും
ക്രൂരതയിലേക്കല്ലോ.

9th Malayalam_Combine.indb 143 25-03-2019 12:04:44



ആർദ്രത, വെറും പേര്,
നിസ്സഹായമാണത് ,
നേർത്തു നേർത്തില്ലാതായ
പ്രാണവായുവെപ്പോലെ-
വറ്റിയ പുഴപോലെ ,
വരണ്ട മേഘംപോലെ ,
പച്ചകളെല്ലാം വെട്ടി-
പ്പോയ ഭൂമിയെപ്പോലെ
നക്ഷത്രഹീനം ശൂന്യ-
ശൂന്യമാകാശംപോലെ ,
ഒറ്റസ്വപ്നവും ശേഷി-
ക്കാത്ത നിദ്രയെപ്പോലെ.

9th Malayalam_Combine.indb 144 25-03-2019 12:04:44

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. മൃഗശിക്ഷകൻ ആരുടെ കവിതയാണ്?

   അ) അഷിത　　ആ) കെ.ആർ ടോണി

   ഇ) വിജയലക്ഷ്മി　　ഈ) സൂര്യഗോപി

2. ആർദ്രത ഏത് സമാഹാരത്തിലുൾപ്പെട്ട കവിതയാണ്?

   അ) അന്ത്യപ്രലോഭനം　　ആ) ചെങ്കതിരുകൾ

   ഇ) സൂര്യകാന്തി　　ഈ) ശ്യാമമാധവം

3. കാടകം വെടിയുന്നത് ആരാണ്?

   അ) ചക്രവാകപ്പക്ഷി　　ആ) ദേശസഞ്ചാരിക്കിളി

   ഇ) പൂങ്കുയിൽ　　ഈ) പഞ്ചവർണ്ണതത്ത

II. ഉത്തരമെഴുതുക

1. വറ്റിയ പുഴപോലെ,

   വരണ്ട മേഘംപോലെ

   പച്ചകളെല്ലാം വെട്ടി-

   പ്പോയ ഭൂമിയെപ്പോലെ

   അ) ഈ വരികൾ ആരുടെതാണ്?

   ആ) ഏത് കവിതയിലെ വരികളാണിത്?

III. ഉത്തരം ചുരുക്കി എഴുതുക

1. ദേശസഞ്ചാരക്കിളി കാടകം വെടിയാൻ കാരണമെന്ത്?

2. ഒറ്റക്കൊമ്പന്റെ ദീനത കവയിത്രി വരച്ചുകാണിക്കുന്നതെങ്ങനെ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. ഒറ്റ സ്വപ്നവും ശേഷിക്കാത്ത നിദ്രയെപ്പോലെ ആർദ്രത നഷ്ടപ്പെട്ട പ്രകൃതിയെ കവി അടയാളപ്പെടുത്തുന്നതെങ്ങനെ?

9th Malayalam_Combine.indb 145　　25-03-2019 12:04:44

ഗദ്യം

സാഹിത്യത്തിലെ സ്ത്രീ

– ജോസഫ് മുണ്ടശ്ശേരി



ജോസഫ് മുണ്ടശ്ശേരി [1903 – 1977] കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി. സാഹിത്യത്തെ സാമൂഹിക ജീവിതാനുഭവങ്ങളുടെ ഉരകല്ലിൽ പരിശോധിച്ച് വിലയിരുത്തുന്ന നിരൂപണ സമ്പ്രദായം സ്വീകരിച്ച നിരൂപകൻ. മാറ്റൊലി, അന്തരീക്ഷം, കാവ്യപീഠിക, പ്രയാണം, കരിന്തിരി, നാടകാന്തം കവിത്വം, മാനദണ്ഡം, ഒറ്റനോട്ടത്തിൽ, പാശ്ചാത്യ സാഹിത്യ സമീക്ഷ, വായനശാലയിൽ, കൊഴിഞ്ഞഇലകൾ ഇവയാണ് പ്രധാന കൃതികൾ. കൊച്ചിരാജാവ് മുണ്ടശ്ശേരിക്ക് സാഹിത്യകുശലൻ എന്ന ബഹുമതി നൽകി ആദരിച്ചിട്ടുണ്ട്. 1974ൽ സോവിയറ്റ്‌ലാന്റ് നെഹ്റു അവാർഡും ഇദ്ദേഹം നേടി. കാലത്തിന്റെ കണ്ണാടി എന്ന കൃതിയിൽ നിന്നെടുത്തതാണ് സാഹിത്യത്തിലെ സ്ത്രീ എന്ന പാഠം

ഇന്ത്യയിൽ ആർഷസംസ്കാരത്തിന്റെ അങ്ങേത്തലതൊട്ട് ഇങ്ങേത്തലയോളം പരിശോധിച്ചാൽ കാണാം; സ്ത്രീക്ക് പുരുഷനിരപേക്ഷമായ ഒരു സ്വതന്ത്ര നില ഒരിക്കലും വിധിക്കപ്പെട്ടിട്ടില്ലെന്ന്. ഏറെക്കുറെ പുരുഷനൊപ്പം സ്വതന്ത്രതയവകാശപ്പെടാൻ സ്ത്രീകൾക്കു സാധിച്ചിട്ടുണ്ടെങ്കിൽ അതു വൃക്ഷലതാദികളുടെയും ജന്തുജാലങ്ങളുടെയുമൊക്കെ തൊട്ടയൽപക്കക്കാരെന്നു വിചാരിക്കാവുന്ന പണിയാളർക്കിടയിൽ മാത്രമാണ്. വേട്ടുവസ്ത്രീക്കും പുലയസ്ത്രീക്കും ഉള്ള തന്റേടം മറ്റുള്ള സ്ത്രീകൾക്കു കൈവന്നിട്ടില്ല. ചുരുക്കത്തിൽ ഒന്നേ പറയാനുള്ളൂ. മാനവസംസ്കാരത്തിന്റെ മേഖലയിൽ വന്നുവീണിട്ടുള്ള എല്ലാ ജനസമുദായങ്ങൾക്കുമിടയിൽ കുടുംബംതൊട്ടു രാഷ്ട്രംവരെയുള്ള എല്ലാ സംഘടിത സ്ഥാപനങ്ങളിലും പുരുഷന്റെ കോയ്മയാണ് നിലനിന്നിട്ടുള്ളത്. സ്ത്രീക്ക് പുരുഷനുമായി ഒത്തുനിന്ന് അവന്റെ വരുതിക്ക് കീഴിൽ പ്രസവിച്ചും കുട്ടികളെ വളർത്തിയും വേറെ പല ജോലികൾ ചെയ്തും ജീവിതത്തെ ഉന്തിത്തള്ളി നീക്കി അന്തരിച്ചുപോകുവാനേ ജാതകമുള്ളൂ. പുരുഷൻ ഭർത്താവാകുമ്പോൾ ഭാര്യയാണ് സ്ത്രീ. ആ ശബ്ദങ്ങൾ തന്നെ ജീവിതത്തിൽ അവരുടെ സ്ഥാനങ്ങളെ നിർണ്ണയിച്ചിട്ടുണ്ട്. ഭർത്രിയെന്നും ഭാര്യനെന്നും പദങ്ങൾ മറിച്ചിടുവാൻ പുരുഷൻ ഇന്നു വരെ സമ്മതിച്ചിട്ടില്ല. സ്ത്രീ പതിവ്രതയായിരിക്കണമെന്നും സിദ്ധാന്തമുണ്ട്. എന്നല്ല പുരുഷൻ മരിച്ചാൽ സഹധർമിണിയായ സ്ത്രീ ചിതയിൽ ചാടി കൂടെ മരിക്കണമെന്നായിരുന്നു നിയമം. ഈ ഉത്തരവാദിത്തങ്ങൾ പുരുഷപക്ഷത്തേക്കും വിധിക്കുവാൻ സ്മൃതികാരന്മാർ തയ്യാറായില്ല.

മേൽപ്പറഞ്ഞ വസ്തുതകൾ വച്ചുകൊണ്ട് നമുക്ക് ലോകോത്തരങ്ങളായ സാഹിത്യകൃതികൾ പരിശോധിക്കാം. മിക്ക കഥകളിലും കഷ്ടപ്പാടനുഭവിക്കുന്നത് സ്ത്രീയാണ്. കുടുംബജീവിതത്തിലെയും സാമൂഹ്യജീവിതത്തിലെയും നടപടിപ്പി

9th Malayalam_Combine.indb 146 25-03-2019 12:04:44



ഴകളുടെ പ്രത്യാഘാതങ്ങൾ ചെന്നടിക്കുന്നത് സ്ത്രീയുടെ തലയ്ക്കാണ്. പുരുഷ പക്ഷത്തിലുണ്ടാകുന്ന ദുർവൃത്തികളുടെയും ദുഷ്പ്രവണതകളുടെയും എല്ലാം ഫലം അനുഭവിക്കേണ്ടത് സ്ത്രീയാണ്. എന്തു കഷ്ടപ്പാടുണ്ടായാലും ക്ഷമാപൂർവ്വം സഹിക്കുന്നവളാണ് ഉത്തമസ്ത്രീ. അപ്പോഴെന്തു വരുന്നു? ക്ഷമാപൂർവ്വം ജീവിതക്ലേശങ്ങൾ തുടരത്തുടരെ അനുഭവിക്കുന്ന സ്ത്രീകളെല്ലാം ത്യാഗശാലിനികളായിത്തീരുന്നു. അർഹിക്കാത്ത കഷ്ടപ്പാടിനൊക്കെത്തന്നെയും ഉത്തരവാദികൾ തങ്ങളാണെന്നുള്ള വസ്തുതയെ മറച്ചുവച്ച് പുരുഷന്മാർ അവരെ 'ത്യാഗിനികൾ' 'ത്യാഗിനികൾ' എന്നു കൊട്ടിയറിയിക്കുകയാണ്. പുരുഷന്റെ യാതൊരു കൈച്ചെലവുമില്ലാത്ത സർട്ടിഫിക്കറ്റിൽ സ്ത്രീകൾ മയങ്ങിപ്പോകുന്നു. പുരുഷനെ ചോദ്യംചെയ്യുവാൻ സ്ത്രീ ധൈര്യപ്പെട്ടിട്ടില്ല. എങ്ങനെ ധൈര്യപ്പെടാനാണ്? ആത്മാവില്ലാത്ത സ്ത്രീ ആത്മാവിന്റെ കുത്തകക്കാരനായ പുരുഷനെ ചോദ്യം ചെയ്യുകയോ?അതൊരിക്കലും പാടില്ല. ഇത്തരത്തിൽ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും അട്ടിപ്പേറവകാശിനികളായി, അങ്ങേയറ്റത്തെ ത്യാഗശാലിനികളായി എല്ലാ പ്രസിദ്ധകഥകളിലും സ്ത്രീകൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ദുഃഖഭാക്കുകളായ കഥാപാത്രങ്ങളുടെ പേരിൽ മനുഷ്യത്വമുള്ള വായനക്കാർക്ക് കൂടുതൽ ഹൃദയസംവാദമുണ്ടാകും;കൂടുതൽ സഹാനുഭൂതി ജനിക്കും ഗജവിക്രമന്മാരായ പുരുഷന്മാരെ എന്തു ചായപ്പകിട്ടുകൾ ഉപയോഗിച്ചു ചിത്രീകരിച്ചാലും അവരുടെ പേരിൽ അത്രതന്നെ വായനക്കാർക്ക് മനോലയമുണ്ടാകുന്നില്ല.ഇതു മിക്കവാറും ഒരു പൊതുനിയമമാണ്. ഭൂരിപക്ഷം വായനക്കാർക്കും

9th Malayalam_Combine.indb 147 25-03-2019 12:04:44



സഹാനുഭൂതിയുളവാകുന്നത് സ്ത്രീപാത്രങ്ങളുടെ പേരിലാണെങ്കിൽ കാവ്യങ്ങളും നാടകങ്ങളും നോവലുകളും വിജയിക്കുന്നത് സ്ത്രീകളെക്കൊണ്ടാണെന്ന് വന്നുപോവുക സ്വാഭാവികമാണ്. ഇക്കാര്യത്തിൽ കവികളുടെ സ്വതസ്സിദ്ധമായ രചനാകൗശലം സ്ത്രീപക്ഷപാതിയായിപ്പോയി എന്നതിന്നൊരു കാരണം തേടേണ്ടതില്ല. ഭുവനപ്രശസ്തരായ എല്ലാ എഴുത്തുകാരുടെയും നിർമ്മാണചാതുരി സ്ത്രീയുടെ ഭാഗത്തേക്കു ചാഞ്ഞുപോകേണ്ട കാര്യമില്ലല്ലോ?. വിവേകധനനായ ഒരെഴുത്തുകാരനുവേണമെങ്കിൽ തന്റെ പ്രതിഭയുടെ മുൻതൂക്കം ആ ഭാഗത്തേക്കാകാതെ സൂക്ഷിക്കാൻ കഴിയും. വാസ്തവത്തിൽ കവികളുടെ പിൻപിൽ അറിഞ്ഞോ അറിയാതെയോ പ്രവർത്തിച്ചുകൊണ്ടിരുന്നത് ഇത്രയും കാലമായി ചോദ്യം ചെയ്യപ്പെടാതെ നിലനിന്നുപോന്ന സാമൂഹ്യനീതിയാണ്. വാല്മീകിരാമായണത്തിൽ രാമനെക്കാളേറെ സീത നമ്മുടെ സഹാനുഭൂതിയെ അർഹിക്കുന്നു. നൈഷധത്തിൽ നളനെക്കാളധികം ദമയന്തിയാണ് നമ്മുടെ ഹൃദയത്തെ വികാരതരളിതമാക്കുന്നത്. സത്യവാനെ അനുഗമിച്ച സാവിത്രിയും തഥൈവ. കാളിദാസനെ നാം ഓർക്കുന്നത് ദുഷ്ഷന്തന്റെ പേരിലല്ല ശകുന്തളയുടെ പേരിലാണ്. അവളോ? പരമാവധി ദുഃഖഭാഗിനിയും.

കുമാരനാശാന്റെ കഥാപാത്രങ്ങളിൽ സ്ത്രീകൾക്ക് നല്ലൊരു സ്ഥാനമുണ്ട്. 'വീണപൂവി'ലും, 'നളിനി'യിലും അദ്ദേഹത്തിന്റെ നായികമാർ സ്നേഹമയികളാണെങ്കിലും ഏറെക്കുറെ പഴയനീതിയുടെ സന്താനങ്ങൾ തന്നെയാണ്. പക്ഷേ കായിക്കര കായൽത്തീരത്തുള്ള കുന്നിന്റെ ശിഖരത്തിൽനിന്നും പതുക്കെ താഴെ

9th Malayalam_Combine.indb 148 25-03-2019 12:04:44

യിറങ്ങി സമനിരപ്പായ ഭൂമിയിൽ സാധാരണക്കാരുമായിടപെട്ടതിനുശേഷം ആശാന്റെ മൂശയിൽ വാർന്നുവീണ നായികമാർ കുറേക്കൂടി തന്റേടം കാട്ടുന്നവരായിട്ടുണ്ട്. ആ ലീലയെ നോക്കുക. അവൾ പഴഞ്ചൻ സമ്പ്രദായത്തിന്റെ ബലിസത്വമായിപ്പോയി. എന്നാലും അവൾ ആ പാരമ്പര്യത്തിന്റെ നേരെ പല്ലിറുമ്മിക്കൊണ്ടിരിക്കുന്നു.

'യുവജനഹൃദയം സ്വതന്ത്രമാ –

ണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ'

എന്ന സിദ്ധാന്തം ആശാൻ ലീലയിലൂടെ പ്രഘോഷിക്കുകയും ചെയ്തു. 'സീത' യിലെത്തുമ്പോൾ ആശാൻ കുറേക്കൂടി സ്ത്രീക്കു കരുത്തും ആത്മാഭിമാനവും കൊടുക്കുന്നുണ്ട്. എത്രയോ ശതാബ്ദങ്ങളായി രാമന്റെ കർമ്മത്തെ നൂറുശതമാനവും സാധൂകരിച്ച സീതയെ ഒട്ടൊക്കെ രാമനീതിയെ വിമർശിക്കുന്ന സീതയായി മാറ്റുവാൻ ആശാൻ ധൈര്യപ്പെട്ടു. കാളിദാസന്റെയും മറ്റും ദിങ്മാത്രസൂചനകൾ അദ്ദേഹത്തിനു വഴികാട്ടിയായിരിക്കാം. എന്നാലും തന്റെ സീതയ്ക്ക് അവളുടേതായൊരു വ്യക്തിത്വം സംഭാവന ചെയ്യുവാൻ ആശാന്റെ കലാകൗശലം ഉപകരിച്ചിട്ടുണ്ടെന്നു സമ്മതിക്കാം.

9th Malayalam_Combine.indb 149 25-03-2019 12:04:44

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. 'കൊഴിഞ്ഞ ഇലകൾ' ആരുടെ ആത്മകഥയാണ്?

   അ) വി.ടി ഭട്ടതിരിപ്പാട് ആ) കേസരി ബാലകൃഷ്ണപിള്ള

   ഇ) ജോസഫ് മുണ്ടശ്ശേരി ഈ) എം.പി പോൾ

2. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആരാണ്?

   അ) ജോസഫ് മുണ്ടശ്ശേരി ആ) വി.ആർ കൃഷ്ണയ്യർ

   ഇ) എം.ആർ നായർ ഈ) ഗൗരിയമ്മ

3. 'യുവജനഹൃദയം സ്വതന്ത്രമാണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ' ഇതെഴുതിയ കവി ആരാണ്?

   അ) വള്ളത്തോൾ ആ) ഉള്ളൂർ

   ഇ) കേരളവർമ്മ ഈ) ആശാൻ

II. ഉത്തരം ചുരുക്കിയെഴുതുക

1. കുമാരനാശാന്റെ കഥാപാത്രങ്ങളിൽ സ്ത്രീയെ അവതരിപ്പിക്കുന്നതെങ്ങനെ?

2. സാഹിത്യത്തിലെ കഥാപാത്രസൃഷ്ടികളെക്കുറിച്ച് ലേഖകന്റെ അഭിപ്രായമെന്ത്?

III. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. പുരുഷകോയ്മയാണ് സമൂഹത്തിൽ നിലനിൽക്കുന്നതെന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ?

2. സാഹിത്യത്തിൽ സ്ത്രീകഥാപാത്രങ്ങൾ എത്രത്തോളം സ്വതന്ത്രരാണ്. ലേഖനത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക?

9th Malayalam_Combine.indb 150 25-03-2019 12:04:44

ഉപപാഠം

ഉണ്ണി എന്ന കുട്ടി (കഥ)

സക്കറിയ



സക്കറിയ 1945- ൽ കോട്ടയം ജില്ലയിലെ ഉരുളികുന്നത്ത് ജനിച്ചു. നാൽപതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസാധന-മാധ്യമരംഗത്ത് സജീവം.മലയാള സാഹിത്യത്തിന്റെ സമ്പന്നമായ ചെറുകഥാശാഖയെ പരിപോഷിപ്പിച്ച കഥാകൃത്താണ് സക്കറിയ. കേവലം ഭാവന മാത്രമല്ല സക്കറിയയ്ക്ക് കഥ. സമകാലീന ജീവിതത്തിന്റെ ദുരന്തങ്ങളും ഉത്കണ്ഠകളും ആലംബഹീനത്വങ്ങളും ഒക്കെ ചൂണ്ടിക്കാട്ടി സാമൂഹികജീവിതത്തിൽ ഇടപെടുന്ന കഥാകാരനാണ്ം ഭാസ്കരപട്ടേലരും എന്റെ ജീവിതവും, ഇഷ്ടികയും ആശാരിയും, പ്രെയ്സ് ദി ലോർഡ്, (നോവൽ) ഒരിടത്ത്, ആർക്കറിയാം, സക്കറിയയുടെ കഥകൾ, എന്റെ പ്രിയപ്പെട്ട കഥകൾ, സലാം അമേരിക്ക(കഥകൾ) ഒരു ആഫ്രിക്കൻ യാത്ര(യാത്രാവിവരണം) തുടങ്ങിയവ പ്രധാന കൃതികളാണ്.

സക്കറിയയുടെ ആദ്യ കഥയാണ് 'ഉണ്ണി എന്ന കുട്ടി' 'സക്കറിയയുടെ കഥകൾ' എന്ന കൃതിയിൽ നിന്നെടുത്തതാണ് ഈ കഥ.

ഒന്നുമുടുത്തിട്ടില്ലല്ലോ!അയ്യോ,എന്തൊരു നാണക്കേട്! കഷ്ടമായി! ഉണ്ണി നിരത്തിനു നടുവിൽ നിന്നു. കടകളിലെല്ലാം ആളുകൾ നിന്നുനോക്കുന്നുണ്ട്. ചിരിക്കുന്നുണ്ട്; ഓടിപ്പോകണം ഇവിടെനിന്ന്. പക്ഷേ കാലുകളനങ്ങുന്നില്ല. മനസ്സ് സങ്കടവും കഠിനമായ കുറച്ചിലും കൊണ്ടു നിറഞ്ഞു. ഹൃദയം പൊട്ടുന്നതുപോലെ. കരച്ചിൽ പൊട്ടിപ്പൊട്ടിവന്നു. പക്ഷേ, ഒച്ച പുറത്തുവന്നില്ല. കരച്ചിലിനെ എന്തോ പിടിച്ചു നിർത്തിയതുപോലെ!

പെട്ടെന്ന് ഉറക്കം തെളിഞ്ഞു. മനസ്സിലേക്കു സന്തോഷം കുതിച്ചോടിവന്നു. ആശ്വാസം ഊറിയിറങ്ങി. ഓ,സ്വപ്നമായിരുന്നു! സ്വപ്നം!

ഉണ്ണി പുതപ്പു നന്നായി വലിച്ചു പുതച്ചിട്ട് തിരിഞ്ഞു കിടന്നു. ഹാ വെറും സ്വപ്നമായിരുന്നു! ഉണ്ണിയുടെ മനസ്സിലൂടെ ആ ചിത്രം വീണ്ടും കടന്നുപോയി. സ്വപ്നമായിരുന്നു സ്വപ്നമായിരുന്നു - വീണ്ടും വീണ്ടും ഉണ്ണി ഓർത്തു. ആശ്വാസം എന്തോ ഒന്നു തരുന്നതുപോലെ. ആ വിശ്വാസം അലകളടിച്ച് ഉണ്ണിയുടെ മനസ്സിനു മീതെ കയറിയിറങ്ങി.

അടുക്കളയിൽനിന്നു പുതിയ വിറകു കത്തുന്നതിന്റെ മണം ഊറി വന്നു. വിറകുവെട്ടുകാരൻ കുഞ്ഞാപ്പു എന്തു ചെയ്യുകയായിരിക്കും?രാവിലെ എണീറ്റ് താഴെ തോട്ടിലുള്ള കല്ലിൽ കോടാലി ഉരച്ച് മൂർച്ചകൂട്ടുകയായിരിക്കും. കുഞ്ഞാപ്പു വരാന്തയിലാണത്രേ കിടക്കുന്നത്. എന്തു രസമായിരിക്കും രാത്രിയിൽ കണ്ണുതുറക്കുമ്പോഴെല്ലാം നക്ഷത്രങ്ങളെ കാണാമല്ലോ. ചന്ദ്രനേയും കാണാമായിരിക്കും. ഇല്ല, നക്ഷത്രങ്ങളുള്ളപ്പോൾ ചന്ദ്രനുണ്ടോ?ഇല്ല, ഉണ്ട്, ഇല്ലായിരിക്കും.

ഉണ്ടല്ലോ? ഇതാ ചന്ദ്രൻ ആകാശത്തിലൂടെ അങ്ങനെ ഓടിപ്പോകുന്നു. കുഞ്ഞാപ്പുവിന്റെ വീടിന്റെ തിണ്ണയിൽ കിടന്നാൽ എല്ലാം കാണാം. ഉണ്ണി

9th Malayalam_Combine.indb 151 25-03-2019 12:04:45



തിണ്ണയിൽ മലർന്നു കിടന്ന് ചന്ദ്രനെ നോക്കി. ഇളം നിലാവ് രാത്രിയുടെമേൽ നിവർന്നു കിടക്കുന്നു. ചുറ്റുപാടും നക്ഷത്രങ്ങളുമുണ്ട്. ചന്ദ്രനിതാ ആകാശത്തിലൂടെ ഓടുന്നു. നക്ഷത്രങ്ങളിതാ പായുന്നു. ചന്ദ്രൻ വീഴുകയാണോ? വീഴില്ലെന്ന് അച്ഛൻ പറഞ്ഞതോ? ഇതാ താണുതാണു വരുന്നു. പുരയ്ക്കു മീതെയായല്ലോ. എങ്ങോട്ടോടും? ഓടാൻ ശ്രമിച്ചു ശരീരം അനങ്ങിയില്ല. ഉറക്കെ കരയാൻ ശ്രമിച്ചു. തൊണ്ടയിൽനിന്ന് പ്രയാസമേറിയ ഒരു ഞെരക്കം മാത്രം പുറത്തുവന്നു.

ഉണ്ണി വീണ്ടും ഉണർന്നു. നെഞ്ചിടിക്കുന്നുണ്ടായിരുന്നു. കുറച്ചു നേരത്തേക്ക് കിടന്ന കിടപ്പിൽ കിടന്നു. കാണാത്ത മനസ്സിലാവാത്ത കണ്ണുകൾ കൊണ്ട് വെളിച്ചം അരിച്ചരിച്ചു വീണുകൊണ്ടിരുന്ന മുറിക്കു ചുറ്റും നോക്കി. പെട്ടെന്ന് ഉണ്ണിക്ക് മനസ്സിലായി, സ്വപ്നമായിരുന്നു. ആശ്വാസം വീണ്ടും ഒരു കമ്പിളിപ്പുതപ്പുപോലെ ഉണ്ണിയുടെമേൽ ഊർന്നിറങ്ങി, സ്വപ്നമായിരുന്നു ഉണ്ണി ചിരിച്ചു. തലയണകളുടെയും പുതപ്പുകളുടെയും ഇളം ചൂടു നിറഞ്ഞ അറകളിലേക്ക് ഉണ്ണി വീണ്ടും ഊളിയിട്ടു.

ജനലിന്റെ കർട്ടന്റെ വിടവിലൂടെ, അടുക്കളയിൽനിന്ന് വെളിച്ചത്തിന്റെ നീണ്ട ഒരു പാട് ഭിത്തിയിൽ പതിച്ചു. ആളിക്കൊണ്ടിരുന്ന തീനാളങ്ങളോടൊപ്പം അതു ജ്വലിക്കുകയും മങ്ങുകയും ഇളകുകയും ചെയ്തു. കാണാൻ രസമുണ്ട് ഉണ്ണി കരുതി. ഇപ്പോൾ അടുപ്പിനരികിൽ പോയി തീയിലേക്കു നോക്കിയിരിക്കണം. അല്ല, തീ കത്തിക്കുന്നതിനു മുമ്പ് പോകണം. ഇന്നലത്തെ ചാരം അടുപ്പിൽനിന്ന് മാറ്റും. അപ്പോൾ അടുപ്പിന്റെ ഇരുണ്ട ചെറിയ കോണുകളിൽ എന്തോ ഒന്നുള്ളതുപോലെ.ഉണ്ണിക്ക് ആ കോണുകളിൽ പോയി ഇരിക്കാൻ തോന്നും. ഒരെറുമ്പിനെപ്പോലെ കുഞ്ഞായിട്ട് ആ കോണുകളുടേയും

9th Malayalam_Combine.indb 152 25-03-2019 12:04:45

കോണിൽപ്പോയിരിക്കണം. അടുപ്പിലെ ആ ഇരുണ്ട രഹസ്യം നിറഞ്ഞ ആ കോണുകൾ എനിക്കറിയാം. നന്നായിട്ടറിയാം എന്റെ ആ മനസ്സിൽ കോണുകളും മൂലകളും ഉള്ളതുപോലെ!അവിടെ പോയിരിക്കാൻ പറ്റുന്നില്ല.

അത്തരം കോണുകളെവിടെല്ലാമുണ്ട്?. ഉണ്ണി ഓർത്തു മുറ്റത്ത് വിറകുകൾ അടുക്കിവെയ്ക്കുന്ന പഴയ പുരയിലുണ്ട് അത്തരം കോണുകൾ. തണുപ്പുള്ള പൊടിഞ്ഞ മണ്ണും ഏകാന്തതയുമാണ് ഉള്ളിൽ. തൂണുകളിൽ വെച്ചിരിക്കുന്ന വിറകുകളുടെയടിയിൽ കുനിഞ്ഞിരിക്കണം. കുഴിയാനകൾ മണ്ണിൽ നിരക്കേ കുഴിയാക്കിയിട്ടുണ്ട്. അവയുടെയെല്ലാം ഇടയ്ക്ക്. ആ കുളിർമ്മയുള്ള മണ്ണിൽ. കല്ലുകളുടെ കോണിൽ കുഴിയാനയോടൊപ്പം കുഞ്ഞായിട്ടിരിക്കണം. എന്തു സുഖമായിരിക്കും!.

ഉണ്ണി വീണ്ടും ഉറങ്ങിപ്പോയി. അടുക്കളയിൽനിന്നു പാത്രങ്ങൾ ഉറക്കെ കിലുങ്ങിയപ്പോൾ ഉറക്കം തെളിഞ്ഞു. നേരം ഇനിയും വെളുത്തിട്ടില്ല. വെളുത്തുവരുമ്പോൾ മുറ്റത്തിറങ്ങി നിൽക്കാൻ രസമാണ്. ദൂരെ മലകളുടെയിടയ്ക്ക് മേഘങ്ങളുടെ മദ്ധ്യത്തിൽ വെളുത്ത വിടവുകൾ കാണാം. സൂര്യൻ ഉദിക്കുന്നതാണത്. മലകളെപ്പോലെ നീണ്ട മേഘങ്ങളുണ്ട്. ഇളം മഞ്ഞിലൂടെ എത്ര നോക്കി നിന്നാലും മലയേത്, മേഘമേത് എന്നു തിരിച്ചറിയില്ല. എന്തു മേഘമാണത്? രാവിലെ ആകാശത്തിൽ കാറ്റില്ലേ?ഇല്ലായിരിക്കും.കുഞ്ഞാപ്പുവിനോടു ചോദിക്കാം.

കുഞ്ഞാപ്പു എന്തൊരാളാണ്!കുഞ്ഞാപ്പുവിനെല്ലാം അറിയാം. ആകാശത്തിലേക്ക് നോക്കിയിട്ടു പറയും "ങ്ഹം, മഴവരുന്നുണ്ട്". മഴു വെറുതെയങ്ങ് തോളിലേക്കിട്ടിട്ട് എന്തുവേഗമാണ് നടക്കുന്നത്!ഇപ്പോൾ താഴെപ്പോകും,' പോകും എന്നു തോന്നും. പോയാൽ? അയ്യ സുഖമാണ്. പുറം കീറും, കാൽ മുറിയും, രക്തം വരും. കുഞ്ഞാപ്പു കരയുമോ? കരയുമായിരിക്കും.

അമ്മ കരയും അച്ഛന്റെയടുത്ത് അമ്മ കരയുന്നത് എത്ര തവണ കണ്ടിട്ടുണ്ട്.! ഉടനെ അച്ഛന്റെ ദേഷ്യം പമ്പ കടക്കും. അമ്മയുടെ തോളിൽ പിടിച്ചു



9th Malayalam_Combine.indb 153 25-03-2019 12:04:45

ചേർത്തുനിർത്തിയിട്ട് എന്തെല്ലാമോ പറയും, അമ്മ കരച്ചിൽ നിർത്തി ചിരിക്കും. അച്ഛനും ചിരിക്കും. എല്ലാ തവണയും ഒരു കാര്യംതന്നെയാണോ അച്ഛൻ പറയുന്നത്? അല്ലായിരിക്കും. അച്ഛന്നറിഞ്ഞു കൂടാത്തകാര്യങ്ങളില്ല. തീവണ്ടി എത്ര മണിക്കാണ് വരുന്നത്, പോകുന്നത്, എന്നെല്ലാം എന്തു നിശ്ചയമാണ്! കാറിന്റെ മൂടി തുറന്നിട്ട് അതിൽ ചെയ്യുന്ന പണികളോ!

ഉണ്ണി വീണ്ടും ഉറങ്ങി. കാറിൽ കയറി തോട്ടിനരികിലുള്ള ഇടവഴിയിലേക്കുപോകുന്നതായി സ്വപ്നം കണ്ടു. പെട്ടെന്നു കാർ പോവാതായി. ഉണ്ണി പുതപ്പു മാറ്റി എണീറ്റുനിന്നു. കുളിരുകോരിയിടുന്നു. നിക്കർ ഒരു കൈകൊണ്ടു താങ്ങിപ്പിടിച്ചുകൊണ്ട്, വേച്ചു വേച്ച് അടുക്കളയിലേക്കു ചെന്ന് കുത്തിയിരുന്നു ഒരിടത്ത്.

"ആഹാ, ഉണ്ണി ഇന്ന് അതിരാവിലെ എണീറ്റല്ലോ!" അമ്മ പറഞ്ഞു, ഉണ്ണിക്ക് അരിശമാണ് വന്നത്. ഞാനെന്നും രാവിലെതന്നെയാണ് എണീക്കുന്നത്. അമ്മ എന്തിനിത്ര ചിരിക്കാൻ? ഉണ്ണി അടുപ്പിനരികിലേക്കടുത്തിരുന്നു. "വേണ്ട വേണ്ട അത്ര തണുപ്പൊന്നുമില്ല." അമ്മ മാറ്റി നിർത്തി ഉണ്ണിയുടെ ദേഷ്യം വർദ്ധിച്ചു. മാറ്റി നിർത്തുന്നു! ഇനി അമ്മ കരയുമ്പോൾ പറയാനുള്ളത് അച്ഛൻ മറന്നുപോകട്ടെ, അപ്പോൾ കാണാം അമ്മയുടെ മിടുക്ക്.

ഉണ്ണി വീണ്ടും അടുപ്പിനരികിലേക്കടുത്തുനിന്നു. തീയിന്റെ വെളിച്ചത്തിൽ ഇരുട്ടുനിറഞ്ഞ കോണുകളെല്ലാം അപ്രത്യക്ഷമായിരുന്നു. 'ഉണ്ണിയിന്നു കാലത്തേ ഇടത്തൂടാണല്ലോ!' അമ്മ ചിരിച്ചു. കോണിൽ കൂട്ടിയിരിക്കുന്ന വിറകുകൾക്കിടയിലിതാ കുറച്ചിരുട്ട്. ഉണ്ണി അങ്ങോട്ടേക്കടുത്തു. ആ ചെറിയ ഇരുണ്ട സ്ഥലത്തേക്ക് കണ്ണുംനട്ടിരുന്നു. വിറകിനടിയിൽ ചിതലുണ്ടാകുമോ? കാണും. ഇല്ല. കാണുകയില്ല. പുതിയ വിറകല്ലെ? ചിലപ്പോൾ കാണുകയില്ല, ആർക്കറിയാം? ഉണ്ടാവും. ഏത് മാവാണ് വെട്ടിയത്? ഉണ്ണി ആലോചിച്ചു.

പറമ്പിന്റെ കോണിൽ നിൽക്കുന്ന ആ മാങ്ങായുണ്ടാവാത്ത മാവല്ലേ? അതെ. മാവു നിറച്ചു നീറിൻകൂടുകളുണ്ടായിരുന്നു. മാങ്ങാകളാണെന്നു തോന്നും കുഞ്ഞുനീറിൻകൂടുകൾ. അവയുടെ ഉള്ളിൽ കയറിയിരിക്കണം. നീറിനെപ്പോലെ കുഞ്ഞായി. രസമായിരിക്കും. നീറെല്ലാം ഇപ്പോൾ നിലത്തുവീണ് കരിയിലകൾക്കിടയിലൂടെ ഓടുകയായിരിക്കും. ഹ! പോയി നോക്കണം.

ഉണ്ണി എണീറ്റ് നിക്കർ താങ്ങിപ്പിടിച്ചുകൊണ്ട് സാവധാനം മാവിൻ ചുവട്ടിലേക്കു നടന്നു. മഞ്ഞു വീണ പുല്ലിൻ പുറത്ത് ചവിട്ടിയപ്പോൾ രസം തോന്നി. ഉണ്ണി തിരിഞ്ഞുനോക്കി. പിറകിൽ തന്റെ കാലടികൾ നീണ്ടു കിടക്കുന്നു. രസം പിടിച്ച് കാലുകൾ നീട്ടി നീട്ടിവെച്ച് ഉണ്ണി നടന്നു പോയി. മാവ് ഇപ്പോൾ കണ്ടാൽ തിരിച്ചറിയില്ല. നിലത്തു വീണപ്പോൾ കുഞ്ഞായതുപോലെ. പൊക്കം കുറഞ്ഞതുപോലെ, കുറഞ്ഞിട്ടുണ്ടാവും.

ഈ തെങ്ങും വെട്ടണം-ഉണ്ണി ആലോചിച്ചു. ടക്, ടക്, ടക്, ടക്, കുഞ്ഞാപ്പു വെട്ടും. കുഞ്ഞാപ്പുവിന്റെ പുറത്തെ മസിലുകൾ വിയർപ്പിനടിയിലൂടെ ഉരുളുകയും താഴുകയും ചെയ്യും. വെട്ടി, വെട്ടി വീഴാറാവും. ക്രിക്, ക്രിക് ചെറിയ ശബ്ദം കേൾക്കും. തെങ്ങു കുലുങ്ങും. എന്നിട്ടു കരഞ്ഞുകൊണ്ട് ചെരിയും. പിന്നെ പെട്ടെന്ന് നിലത്തേക്ക് വീഴും: ഥക്. വീഴുമ്പോൾ ഞാൻ അടിയിൽ

9th Malayalam_Combine.indb 154 25-03-2019 12:04:45

നിന്നാൽ എന്തു പറ്റും? മരിച്ചു പോവുമായിരിക്കും. എന്താണു മരിച്ചുപോവുക എന്നാൽ? കുഞ്ഞാപ്പുവിനോടു ചോദിക്കണം.

തെങ്ങിനുമുകളിലുണ്ട് അടുപ്പിലുള്ളമാതിരി കോണുകൾ. ഉണ്ണിക്കറിയാം അത്. തെങ്ങിൻ പോളകളുടേയും പൂക്കുലകളുടേയും കൊതുമ്പുകളുടേയും തേങ്ങകളുടേയും ഇടയ്ക്ക് ഒരു സ്ഥലമുണ്ട്. ഇരുണ്ടു ചെറുതായി ഒരു സ്ഥലം. അവിടെപ്പോയി ഇരിക്കണം. കുഞ്ഞാപ്പു തേങ്ങ പിരിച്ചിട്ട് ഇറങ്ങിവരുമ്പോൾ ഒരു മണമുണ്ട്. ആ മണവുമുണ്ടാവും അവിടെ. അവിടെ ഇരിക്കണം. എന്തു രസം!

ഉണ്ണി വീട്ടിലേക്കു നടന്നു. അച്ഛൻ പോകാനൊരുങ്ങിയല്ലോ!

"രാവിലത്തെ പര്യടനം കഴിഞ്ഞ് ഉണ്ണി വന്നു." അച്ഛൻ പറഞ്ഞു. ഉണ്ണി കാറിലേക്കു തുറിച്ചു നോക്കി ആലോചിച്ചു. കാർ ചിരിക്കുന്നുണ്ടോ? ഉണ്ടുണ്ട്. വല്ലവരേയും മുട്ടുമ്പോൾ കാർ ചിരിക്കുമോ? ചിരിക്കുമായിരിക്കും.

"ഉണ്ണി വലിയ മൗനിയാണല്ലോ ഇന്ന്!" അച്ഛൻ ചിരിച്ചു. എന്താണ് ഈ മൗനി? മുനിയാണോ? മുനിയായിരിക്കും; മുനി. മുനിയെപ്പോലെ താടിയെല്ലാം വളർത്തി, കാടിന്റെ നടുക്ക് ആരു കാണാത്തിടത്ത്, ചെടികൾക്കെല്ലാം ഇടയ്ക്കു മറഞ്ഞുപോയിരിക്കണം. ചുറ്റും തണുത്ത കരിയിലകൾ കിടക്കും, കരിയിലകൾ പൊക്കിയാൽ തണുത്ത മണ്ണ്. കരിയിലകൾക്കിടയിൽ കയറിയിരിക്കാൻ എന്തു രസമായിരിക്കും! ഉണ്ണി ആലോചിച്ചു.

കുഞ്ഞുങ്ങൾ മുലകുടിക്കുമ്പോൾ ലിസ്സിക്കു വേദനയെടുക്കുമോ? ഉണ്ണി ഒരു പട്ടികുട്ടിയെ പൊക്കിയെടുത്തു. അത് കരഞ്ഞു. തിരികെ വിട്ടിട്ട് ലിസ്സിയുടെ അടുത്തിരുന്നു.

വൈകുന്നേരം കുഞ്ഞാപ്പുവിന്റെയൊപ്പം തോട്ടിൽ പോവണം. കല്ലിൽ കയറിയിരിക്കണം. വെള്ളത്തിലേക്കു നോക്കിയിരിക്കാം. ഒട്ടലും പുല്ലാന്നിയും



9th Malayalam_Combine.indb 155 25-03-2019 12:04:46

വീണു കിടക്കുന്ന ആ കോണിൽ ഒരു സ്ഥലമുണ്ടായിരിക്കും. പായലും പുല്ലും നിറഞ്ഞ ഒരു സ്ഥലം. ഇരുണ്ട് പച്ചനിറത്തിൽ ഒട്ടലുകളുടെയിടയിൽ. പായലിനിടയിലൂടെ വെളുത്ത മീൻ തെന്നിനടക്കും. അഴുകിയ ഇലകളും മീൻ കുഞ്ഞുങ്ങളുമുണ്ടാവും. വെള്ളത്തിലേക്കിറങ്ങി! മീനിനെപ്പോലെ കുഞ്ഞാവണം.... എന്നിട്ട്.....

ഉണ്ണി തൂണിൽ ചാരിയിരുന്നുറങ്ങി. സ്വപ്നം കണ്ടു.

ഉണ്ണി വെള്ളത്തിലേക്കിറങ്ങി. വെള്ളത്തിനടിയിൽ പായൽ പിടിച്ച കരിയിലകളുടെ മീതെകൂടി മീൻകുഞ്ഞുങ്ങളെ മുട്ടിയുരുമ്മിനടന്നു. പഞ്ഞിപോലെ മൃദുവായ ഇലകൾ. ആ കോണിലേക്കു നടന്നു. മുകളിലേക്കു നോക്കിയാൽ പച്ചനിറം മാത്രം. ചുറ്റുപാടും പച്ച നിറം. പായലുകൾക്കിടയിലൂടെ നടന്ന് അവസാനം ആ കോണിലെത്തി. ഇരുണ്ടു ചെറുതായി. കുളിർമ്മയുള്ള ഈ ലോകത്തിലേതല്ലാത്തതായ ആ കോണ്. ഒട്ടലിലകൾ മുകളിൽ പടർന്നുകിടന്നു. ഒരു ചെറിയ കല്ലുണ്ടായിരുന്നു. അതിൽ കയറിയിരുന്ന് ചുറ്റും നോക്കി...ഉറക്കത്തിൽ ഉണ്ണി ചിരിച്ചു. എന്തു രസം! ആരും കാണില്ല. ആരും അറിയില്ല. ഞാനെന്നും ഇവിടിരിക്കും. ശബ്ദവും അനക്കവുമില്ലാത്ത, ശാന്തതയും സന്തോഷവും നിറഞ്ഞ, ഇരുണ്ട ജലപ്പരപ്പ് ഉണ്ണിക്കു ചുറ്റും കിടന്നു....ഉണ്ണിയുടെ ചുണ്ടുകളിലേക്ക് ഒരു പുഞ്ചിരി വീണ്ടും ഇറങ്ങിവന്നു.

അമ്മ വന്ന് ആ പുഞ്ചിരിക്കുന്ന ചുണ്ടുകളിൽ ഒരുമ്മവച്ചു, ഉണ്ണിയെ എടുത്തുകൊണ്ടുപോയി ചൂടുള്ള ദോശയുടെ മുന്നിൽ ബഞ്ചിലിരുത്തി. ഉണ്ണി ഞെട്ടിയുണർന്നു ചുറ്റും നോക്കി. അമ്മ പുഞ്ചിരിച്ചു.

ഉണ്ണി വിചാരിക്കാൻ തുടങ്ങി: ദോശയ്ക്ക് മാവരച്ചത് ആര്?

9th Malayalam_Combine.indb 156 25-03-2019 12:04:46

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. 'ഉണ്ണി എന്ന കുട്ടി' എന്ന കഥ ഏത് കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ്?

   അ) സലാം അമേരിക്ക
   ആ) കന്യാകുമാരി
   ഇ) ആർക്കറിയാം
   ഈ) സക്കറിയയുടെ കഥകൾ

2. ഉണ്ണിയുടെ സംശയങ്ങൾക്കുള്ള ഉത്തരം അയാളായിരുന്നു. ആരാണയാൾ?

   അ) കുഞ്ഞാപ്പു
   ആ) റപ്പായി
   ഇ) അപ്പു
   ഈ) മോനായി

3. ആ പുഞ്ചിരിക്കുന്ന ചുണ്ടിൽ ഒരുമ്മവച്ചു. ആരാണ് ഉമ്മ വച്ചത്?

   അ) അച്ഛൻ
   ആ) അമ്മ
   ഇ) കുഞ്ഞാപ്പു
   ഈ) മുത്തശ്ശി

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. ഉണ്ണിയുടെ വിചാരങ്ങൾ 'ഉണ്ണി എന്ന കുട്ടി' യിൽ സക്കറിയ അവതരിപ്പിക്കുന്നതെങ്ങനെ?

9th Malayalam_Combine.indb 157 25-03-2019 12:04:46

അനുബന്ധം

അലങ്കാരം, വൃത്തം, കടംകഥ, പഴഞ്ചൊല്ല്, ആശയവിപുലനം, പരാവർത്തനം, ഖണ്ഡികയും ചോദ്യോത്തരങ്ങളും, ഒറ്റപ്പദമാക്കൽ, പിരിച്ചെഴുത്ത്, വാക്യദോഷം പരിഹരിക്കൽ, വാക്യത്തിൽപ്രയോഗം, കത്ത്, അനുഭവക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, കാലരൂപങ്ങൾ, എതിർലിംഗം തുടങ്ങി പ്രായോഗിക ഗദ്യരചനയിലൂടെയുള്ള ഭാഷാനൈപുണി പരിശോധിക്കുന്ന പൊതു ചോദ്യങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമാണ്

അലങ്കാരം: ഉപമ, ഉൽപ്രേക്ഷ, രൂപകം, ദീപകം, ഉല്ലേഖം, കാവ്യലിംഗം, വിഷമം, വിരോധാഭാസം, യമകം, അനുപ്രാസം

വൃത്തം: കാകളി, മഞ്ജരി, കേക, കളകാഞ്ചി, തരംഗിണി, ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര ഉപജാതി, വസന്തതിലകം, രഥോദ്ധത

അലങ്കാരവും വൃത്തവും

അലങ്കാരം: ഉപമ

ലക്ഷണം: ഒന്നിനൊന്നോടു സാദൃശ്യം
ചൊന്നാലുപമയാമത്

ഉദാഹരണം: മന്നവേന്ദ്രാ! വിളങ്ങുന്നു
ചന്ദ്രനെപോലെ നിൻമുഖം

വൃത്തം: കേക

ലക്ഷണം: മൂന്നും രണ്ടും രണ്ടും മൂന്നും
രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറുഗണം
പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം
മാറാതോരോ ഗണത്തിലും
നടുക്കുയതി പാദാദി
പൊരുത്തമിതു കേകയാം

ഉദാഹരണം: ചന്ദ്രശേഖരനുടെ പള്ളിവിൽ കണ്ടു രാമ –
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ

വൃത്തം: കാകളി

ലക്ഷണം: മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരുഗണങ്ങളെ
എട്ടു ചേർത്തുള്ളീരടിക്കു ചൊല്ലാം കാകളിയെന്നുപേർ.

ഉദാ: ശാരികപ്പൈതലേ ചാരുശീലേ വരി–
കാരോമലേ കഥാശേഷവും ചൊല്ലുനീ.

വൃത്തം: ഇന്ദ്രവജ്ര

കേളിന്ദ്രവജ്രയ്ക്കു തതംജഗംഗം

ഉദാഹരണം: ആർത്തസ്വരം കേട്ടൊരു കാതു കാതു

9th Malayalam_Combine.indb 158 25-03-2019 12:04:46

കാരുണ്യമാർന്നീടിന ദൃഷ്ടി ദൃഷ്ടി ;
സാന്ത്വോക്തിയോതീടിന ജിഹ്വ ജിഹ്വ ;
സാധുക്കളെത്താങ്ങിന ബാഹു ബാഹു.

വൃത്തം: ഉപേന്ദ്രവജ്ര

ഉദാഹരണം: ഉപേന്ദ്രവജ്രയ്ക്കു ജതം ജഗംഗം
ഇറുപ്പവന്നും മലർ ഗന്ധമേകും ;
വെട്ടുന്നവനും തരു ചൂടകറ്റും ;
ഹനിപ്പവനും കിളി പാട്ടുപാടും ;
പരോപകാരപ്രവണം പ്രപഞ്ചം.

അലങ്കാരം: രൂപകം

ഉദാഹരണം: അവർണ്യത്തോടു വർണ്യത്തി-
ന്നഭേദം ചൊൽക രൂപകം
സംസാരമാം സാഗരത്തി -
ലംസാന്തം മുങ്ങൊലാ സഖേ !

അലങ്കാരം: ഉൽപ്രേക്ഷ

മറ്റൊന്നിൻ ധർമ്മയോഗത്താ-
ലതുതാനല്ലയോയിത്
എന്നു വർണ്ണ്യത്തിലാശങ്ക
ഉൽപ്രേക്ഷാഖ്യായലംകൃതി

ഉദാഹരണം: കോകസ്ത്രീ വിരഹത്തീയിൻ
പുകയല്ലോ തമസ്സിത്

അലങ്കാരം: ദീപകം

ലക്ഷണം: അനേകമേകധർമ്മത്തി -
ലന്വയിപ്പതു ദീപകം

ഉദാഹരണം: മദം കൊണ്ടാനശോഭിക്കു -
മൗദാര്യംകൊണ്ടു ഭൂപതി

വൃത്തം: വസന്തതിലകം

ലക്ഷണം: ചൊല്ലാം വസന്തതിലകം തഭജം ജഗം ഗം

ഉദാഹരണം: ക്ഷിപ്രപ്രസാദി ഭഗവാൻ ഗണനായകോ മേ
വിഘ്നങ്ങൾ തീർത്തു വിളയാടുക സർവ്വകാലം

അലങ്കാരം ഉല്ലേഖം

ലക്ഷണം: ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിനയ്ക്കുകിൽ

ഉദാഹരണം: കാമനെന്നിവനെ സ്ത്രീകൾ
കാലനെന്നോർത്തു വൈരികൾ.

9th Malayalam_Combine.indb 159 25-03-2019 12:04:46

Malayalam – Class XI
List of Authors and Reviewer

Reviewer

Dr. P.M. GIRISH
Head (i/c) Department of Malayalam,
University of Madras, Chennai

Authors

K.VIJAYA KUMAR
P.G. Asst. in Malayalam
P.P.M.H.S.S. Anducode
Kanya kumari District

M.R SHAJI
P.G. Asst. in Malayalam
St. Thomas H.S.S,
K.K.Pudur
Coimbatore

K GOPA KUMAR
P.G. Asst. in Malayalam
G.H.S.S Kollemcode
Kanya kumari District

Dr. SUHASINI AMBALI CHOLAYIL
P.G. Asst. in Malayalam
Kerala Vidyalayam H.S.S
Chennai

K.THULASIDHARAN
P.G. Asst. in Malayalam
G.H.S.S. Ezhudesapattu
Kanya kumari District

Co-ordinator

K.CHANDRASEKARAN
Lecturer, DIET, Chennai

Art and Design Team

Typing

A.Sajina, Chennai

Layout

M.Asker Ali, Chennai

Co-ordinators

Ramesh Munuswamy

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at:

9th Malayalam_Combine.indb 160 25-03-2019 12:04:46